## നിയമനിർമ്മാണം

### 1. സബ്ജക്ക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിവിധ തസ്തികകളിലേയ്ക്ക് നിയമനങ്ങൾ നടത്തിവന്നിരുന്നത് 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമം അനുസരിച്ചും മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തസ്തികകളിലേയ്ക്ക്

നിയമനങ്ങൾ നടത്തിവന്നിരുന്നത് 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എന്റോവ്മെന്റ് നിയമം അനുസരിച്ചും ഗുരുവായൂർ ദേവസ്വം ബോർഡിലേത് 1978-ലെ ഗുരുവായൂർ ദേവസ്വം നിയമം അനുസരിച്ചും കൂടൽമാണിക്യം ദേവസ്വം ബോർഡിലേത് 2005-ലെ കൂടൽമാണിക്യം ദേവസ്വം നിയമം അനുസരിച്ചുമായിരുന്നു. മുൻ സർക്കാരിന്റെ കാലത്ത് തിരുവിതാംകൂർ-കൊച്ചി ആക്ടിലും മദ്രാസ് ഹിന്ദുമത ധർമ്മ എന്റോവ്മെന്റ് ആക്ടിലും വരുത്തിയ ഭേദഗതികൾ അനുസരിച്ച് ദേവസ്വം ബോർഡിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് തീരുമാനിച്ചു. എന്നാൽ 2007-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിയമിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വംബോർഡുകൾക്ക് വേണ്ടി പൊതുവായ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. അന്നത്തെ സർക്കാരും ദേവസ്വംബോർഡും ഈ ശിപാർശ അംഗീകരിക്കുകയും ഹൈക്കോടതി അത് രേഖപ്പെടുത്തി ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ മുൻസർക്കാർ അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചില്ല. പകരം തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊടുക്കുന്നതിനാണ് തീരുമാനിച്ചത്. എന്നാൽ അത്

നടപ്പിലാക്കുന്നതിനാവശ്യമായ തുടർനടപടികൾ പൂർത്തീകരിച്ചില്ല. ഹൈന്ദവ സ്ഥാപനമായ ദേവസ്വംബോർഡുകളിലെ നിയമനം മതേതര സ്ഥാപനമായ പി.എസ്.സി.ക്ക് വിട്ടതിലുള്ള അനൗചിത്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നിവേദനങ്ങൾ സർക്കാരിന് ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത ഭേദഗതി റദ്ദ് ചെയ്യുകയും കമ്മീഷൻ റിപ്പോർട്ടിൽ നിർദ്ദേശിച്ചതുപോലെ സംസ്ഥാനത്ത് ദേവസ്വംബോർഡ് നിയമനങ്ങൾക്ക് വേണ്ടി ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാനും സർക്കാർ തീരുമാനിച്ചു. പരമ്പരാഗത കാരായ്മ തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ മിനിസ്റ്റീരിയൽ ജീവനക്കാർ, ക്ഷേത്ര ജീവനക്കാരായ ശാന്തി, കഴകം, തളി, വാച്ചർ തുടങ്ങിയ വിവിധ തസ്തികകളിലേയ്ക്കുള്ള എല്ലാ നിയമനങ്ങൾക്കുംവേണ്ടി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് സ്വയംഭരണാവകാശത്തോടുകൂടിയുള്ള ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനും 2014 മാർച്ച് 1-ന് ഒരു ഓർഡിനൻസ് വിളംബരപ്പെടുത്തി. ഈ ഓർഡിനൻസ് പിന്നീട് 2014 ജൂലൈ 20-നും 2015 ജനുവരി 9-നും ഏപ്രിൽ 10-നും പുനഃവിളംബരപ്പെടുത്തുകയും ചെയ്തു. 2015 ഏപ്രിൽ 10-ലെ ഓർഡിനൻസിന് പകരം ഒരു ആക്ട് കൊണ്ടുവരുന്നതിനാണ് ഉദ്ദേശിച്ചാണ് ഇപ്പോഴത്തെ ബിൽ. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലാണ് സഭയുടെ പരിഗണനയിലുള്ളത്.

ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, കേരളത്തിലെ ദേവസ്വം ബോർഡുകളുടെ ചരിത്രം ഇൻഡ്യയുടെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടതാണ്. ദേവസ്വം ബോർഡുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ബിൽ ചർച്ച ചെയ്യുമ്പോൾ അതിന്റെ ഓരോ ഭാഗവും വളരെ ശ്രദ്ധിച്ച് പോകേണ്ടതാണ്. ഇന്ന് ഇൻഡ്യയിൽ നടക്കുന്ന പല സംഭവ വികാസങ്ങളുടെയും പശ്ചാത്തലത്തിൽത്തന്നെ ഇവ വിലയിരുത്താൻ സാധിക്കും. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം കൊടുത്തുകൊണ്ട് ഗാന്ധിജി പറഞ്ഞത്, ഇൻഡ്യയിലെ ഭൂരിഭാഗം ജനങ്ങളെയും അടിമകളാക്കിയത് ബ്രിട്ടീഷുകാരല്ല, ഇൻഡ്യയിൽ നിലനിൽക്കുന്ന ജാതിവ്യവസ്ഥയാണെന്നും ഇൻഡ്യാക്കാർക്ക് സ്വാതന്ത്ര്യം നേടാൻ സാധിക്കണമെങ്കിൽ ജാതീയമായ അടിമത്വത്തിൽനിന്ന് അവരെ സ്വതന്ത്രരാക്കാനുള്ള പോരാട്ടം നടക്കണമെന്നുമാണ്. ആ പോരാട്ടത്തിന്റെ ഭാഗമായി അവിഭക്ത ഇൻഡ്യയിലുടനീളം, ഇന്നത്തെ പാകിസ്ഥാനിലും ബംഗ്ലാദേശിലുമടക്കം ഹിന്ദുക്കളുള്ള പ്രദേശങ്ങളിൽ ജാതീയമായ അടിമത്വത്തിൽനിന്ന് മോചനം ലഭിക്കാനാവശ്യമായ പോരാട്ടം നടത്തി. മൊറാർജി ദേശായി മന്ത്രിസഭയിലെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന രാജ് നാരായൺ, പട്ടികജാതി, പിന്നോക്ക

വിഭാഗത്തിലെ ആളുകൾക്ക് കാശിയിലെ വിശ്വനാഥ ക്ഷേത്രത്തിൽ കടന്ന് പ്രാർത്ഥിക്കാൻ അനുവാദം വേണമെന്ന് പറഞ്ഞ് പ്രക്ഷോഭം നടത്തിയപ്പോൾ, അതിനെ എതിർത്തവർ അദ്ദേഹത്തെയും സഹപ്രവർത്തകരെയും പിടിച്ച് ഗംഗാ നദിയിൽ എറിഞ്ഞ ചരിത്രമുണ്ട്. അതുപോലെ ഇൻഡ്യയിലുടനീളം എല്ലാ സംസ്ഥാനങ്ങളിലും അത്തരം ചരിത്രമുണ്ട്. കേരളത്തിൽ കെ. കേളപ്പൻ, എ.കെ.ജി., പി. കൃഷ്ണപിള്ള, സി. കെ. ഗോവിന്ദൻ നായർ, കെ. കുഞ്ഞിരാമ കുറുപ്പ് അങ്ങനെ അനേകമാളുകളുടെ നേതൃത്വത്തിൽ നടന്ന ഗുരുവായൂർ സത്യാഗ്രഹം, റ്റി. കെ. മാധവന്റെ നേതൃത്വത്തിൽ വൈക്കം സത്യാഗ്രഹം എന്നിവ ഉദാഹരണമാണ്. വൈക്കം സത്യാഗ്രഹത്തിൽ മഹാത്മാ ഗാന്ധി, രാമസ്വാമി നായ്ക്കർ, ശ്രീ നാരായണ ഗുരുദേവൻ എന്നിവരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. എന്നിട്ടുപോലും സത്യാഗ്രഹം കഴിഞ്ഞ് ഒരുവർഷം കഴിഞ്ഞിട്ടും വൈക്കം ക്ഷേത്രത്തിൽ പ്രാർത്ഥിക്കാനുള്ള അവസരം ഹിന്ദുക്കൾക്ക് ലഭിച്ചില്ല. അതിന്റെ പരിസരത്തുള്ള റോഡിലൂടെ നടന്നുപോകാൻ മാത്രമാണ് വൈക്കം സത്യാഗ്രഹത്തിന്റെ ഫലമായി സ്വാതന്ത്ര്യം ലഭിച്ചത്. പിന്നീട്, ഹിന്ദുക്കൾക്ക് ക്ഷേത്ര പ്രവേശന വിളംബരം ലഭിക്കുന്നത് 'ഇത്ര ദിവസങ്ങൾക്കകം ക്ഷേത്രത്തിൽ കടന്ന് പ്രാർത്ഥിക്കാൻ അവസരം ലഭിക്കുന്നില്ലെങ്കിൽ ഹിന്ദുക്കളായ ഞങ്ങൾ മറ്റ് മതങ്ങളിലേയ്ക്ക് പോകും' എന്ന് സി.

വി. കുഞ്ഞിരാമൻ പ്രഖ്യാപിച്ചപ്പോഴാണ്. അത് മനസ്സിലാക്കിയ ദിവാൻ അന്ന് ക്ഷേത്ര പ്രവേശന വിളംബരം നടത്തി. ഇതുപോലുള്ള അനേകം സമരങ്ങൾ ഇൻഡ്യയുടെ ഇതര ഭാഗങ്ങളിലുമുണ്ടായിട്ടുണ്ട്. നമ്മുടെ നാട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ/ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മനുഷ്യരെന്ന നിലയ്ക്ക് ജീവിക്കാൻ, ആരാധനാലയങ്ങൾക്കകത്ത് കടന്ന് പ്രാർത്ഥിക്കാൻ നടത്തിയ പോരാട്ടങ്ങൾ കേരളത്തിന്റെ മാത്രമല്ല, ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാണ്. പക്ഷെ ഇന്നും ഇൻഡ്യയിലെ പല ഭാഗത്തും, തൊട്ടടുത്ത തമിഴ്നാട്ടിലടക്കം ക്ഷേത്രങ്ങളിൽ കടന്ന് പ്രാർത്ഥിക്കാൻ അവസരം ലഭിക്കാത്ത അനേകം പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഹിന്ദുക്കൾ ഏൽക്കുന്ന മർദ്ദനങ്ങളെ സംബന്ധിച്ച് നമ്മൾ പത്രമാധ്യമങ്ങളിലൂടെ വായിക്കുന്നുണ്ട്. കേരളത്തിലും അങ്ങനെ നടക്കുന്നുണ്ട്. വടകരയിലെ കാവിൽ ക്ഷേത്രക്കുളത്തിൽ കുളിച്ചതിന്റെ പേരിൽ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ഒരു സോഷ്യലിസ്റ്റ് നേതാവായിരുന്ന പത്മനാഭൻ കമ്പോണ്ടറെ പോലീസ് അറസ്റ്റ് ചെയ്ത് ജയിലിലിട്ടിട്ടുണ്ടെന്ന് അദ്ദേഹം എന്നോട് പറഞ്ഞിട്ടുണ്ട്. അങ്ങനെയൊരു ചരിത്രമുണ്ട്, കേരളത്തിൽ. ഇങ്ങനെയെല്ലാം വന്ന ഘട്ടത്തിൽ ഇവിടത്തെ സ്വാതന്ത്ര്യ സമര സേനാനികളായ എല്ലാവരുംകൂടി ആലോചിച്ചതിന്റെ ഫലമായാണ് ദേവസ്വങ്ങൾ

വന്നത്. നമ്മുടെ ക്ഷേത്രങ്ങളിൽ 5 ശതമാനംപോലും സ്വന്തമായി കാര്യങ്ങൾ നടത്താൻ കഴിവുള്ള ക്ഷേത്രങ്ങളായിരുന്നില്ല. ആ ഘട്ടത്തിൽ, ഏകദേശം 60 വർഷംമുമ്പ് ഇവിടെ തിരുവിതാകൂർ ദേവസ്വംബോർഡ് വന്നു. ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ, തിരുവിതാംകൂർ ദേവസ്വത്തിന്റെ 50-ാം വാർഷികം ആഘോഷിച്ച യോഗത്തിൽ പങ്കെടുക്കാൻ എനിക്കവസരമുണ്ടായി. എനിക്ക് പറയാനുള്ളത് വളരെ ഗൗരവ്വമായി ഈ പ്രശ്നത്തെ സംബന്ധിച്ച് ആലോചിക്കണം. നമ്മുടെ നാട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗക്കാരുമായ ആളുകൾ സ്വാതന്ത്ര്യം സമ്പാദിച്ച് ഇത്രയേറെ വർഷങ്ങളായിട്ടും അങ്ങേയറ്റം അവഗണനയ്ക്ക് വിധേയരാകുന്നു. എസ്.എൻ.ഡി.പി.യുടെ നേതൃത്വത്തിൽ പൂജാരിമാരുടെ പരിശീലനം നടത്തി. എന്നാൽ അവരിൽ എത്ര പൂജാരിമാരെ ക്ഷേത്രങ്ങളിൽ വയ്ക്കുന്നുണ്ട്? ഹിന്ദുക്കൾ എന്നുള്ള നിലയ്ക്ക് ക്ഷേത്രങ്ങളിൽ ആരാധന നടത്താൻ കഴിയുന്നുണ്ടെങ്കിലും ഇപ്പോഴും പഴയ കാലത്തുള്ളതുപോലെ - നമ്മൾ എത്ര പ്രമുഖ സ്ഥാനത്തെത്തിയാലും ചില ക്ഷേത്രങ്ങളിൽ പ്രസാദം വാങ്ങാൻ കൈകാണിക്കുമ്പോൾ കയ്യിൽ എറിഞ്ഞുതരികയാണ് ചെയ്യുന്നത്. ഒരിക്കൽ എന്റെ കുഞ്ഞിന് രോഗം വന്നപ്പോൾ ഒരു വൈദ്യരെ കാണാൻ ചെന്നു അദ്ദേഹം ഫീസ് കയ്യിൽ വാങ്ങിയില്ല, അവിടെ

വയ്പിച്ചു. അത്തരം സാഹചര്യങ്ങൾ ഇന്നും നമ്മുടെ നാട്ടിലുണ്ട്. ആ സാഹചര്യങ്ങൾ മാറ്റാൻ സ്വാതന്ത്ര്യ സമ്പാദനത്തോടുകൂടി ഒരു വലിയ പോരാട്ടം ഇവിടെ നടന്നു. കേരളം ഒരുപക്ഷെ, ഇൻഡ്യയിൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ അക്കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നു. ഇവിടെ നടപ്പിലാക്കിയ ഭൂപരിഷ്കരണനിയമങ്ങളും മറ്റു പല നിയമങ്ങളും നമ്മുടെ നാട്ടിലെ ഒരു വലിയ വിഭാഗം പിന്നോക്ക ജാതിക്കാരെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള സൗകര്യമൊരുക്കി. പക്ഷെ ഇന്നും നമുക്ക് വേദനയുണ്ട്. ഇവിടെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സ്ഥിതിയെന്താണ്? നമ്മളെല്ലാം വളരെ പുരോഗമനപരമായ കാര്യങ്ങളെ സംബന്ധിച്ച് പറയുന്നവരാണ്. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഭൂമി കൈവശമാക്കിയതിൽനിന്ന് കുറച്ചവർക്ക് വിട്ടുകൊടുക്കണമെന്ന് പറയുമ്പോൾ നമ്മളെല്ലാം ആക്രോശിച്ചുകൊണ്ട് അതിനെ നേരിടുന്നു. അവന് ഭൂമി കൊടുക്കാൻ പാടില്ല. നമ്മൾ വനം വെട്ടി വെളുപ്പിച്ചു. കയ്യേറിയ വനങ്ങൾ തിരിച്ച് വനമാക്കണമെന്ന് പറയുമ്പോൾ അതിനെയും നമ്മൾ നേരിടും. പക്ഷെ, ആദിവാസികളുടെ ഭൂമി കയ്യേറിയത് തിരിച്ചുകൊടുക്കണമെന്ന് പറയുമ്പോൾ എല്ലാവരും ആക്രോശിച്ചുകൊണ്ട് വരുന്നു. കാരണം നമ്മളെല്ലാം ആ മേഖലയിൽ ശക്തരാണ്. നമുക്ക് വോട്ട് വേണം, പണം വേണം, മറ്റ് സൗകര്യങ്ങൾ വേണം.

ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണനെപ്പോലെയുള്ളവരും കോൺഗ്രസിന്റെയും മറ്റ് വിവിധ കക്ഷികളുടെ ഭാഗത്തുനിന്നുമുള്ളവരും ആ സമുദായത്തിൽപ്പെട്ട നേതാക്കളും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള പാവപ്പെട്ട ആളുകൾക്ക് ഭൂമി ലഭിക്കാനും അവരുടെ മക്കൾക്ക് വിദ്യാഭ്യാസം ലഭിക്കാനും ആവശ്യമായ കാര്യങ്ങളൊക്കെ കഴിഞ്ഞ കാലത്ത് നടത്തി. ഭരണഘടനാപരമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 25 ശതമാനം സംവരണം നൽകി. ഇന്ന് അത് ലഭിക്കുന്നില്ല. അതിന്റെ കണക്കുകളൊന്നും ഞാൻ വിശദീകരിക്കുന്നില്ല. പിന്നോക്കവിഭാഗക്കാരുടെ അവസ്ഥ എന്തായിരുന്നു? സ്വാതന്ത്ര്യം ലഭിച്ചപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ നേതാവായിരുന്ന ഡോ. അംബേദ്ക്കർ അന്നത്തെ നേതാക്കൾ പറഞ്ഞതനുസരിച്ച് ഭരണഘടനാ നിർമ്മാണത്തിന് നേതൃത്വം നൽകി. അദ്ദേഹം പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ ഗൗരവമായി കണ്ടു. അവർക്ക് ഭരണഘടനാപരമായി 25 ശതമാനം സംവരണം നൽകി. പക്ഷെ മറ്റുപിന്നോക്ക വിഭാഗത്തിന് പ്രശ്നങ്ങളുണ്ടായിരുന്നു. പിന്നോക്ക വിഭാഗത്തിന്റെ പ്രശ്നങ്ങൾ ഗൗരവമുള്ളതാണ്, ആവശ്യമുള്ള ഘട്ടത്തിൽ ചിന്തിക്കണം എന്ന് ഭരണഘടനാ നിർമ്മാതാക്കൾ പറഞ്ഞു. ജവഹർലാൽ നെഹ്റു പ്രധാനമന്ത്രി ആയിരുന്ന കാലത്ത് അദ്ദേഹം ഇത് മനസ്സിലാക്കി കാക്കാ സാഹിബ് കലേക്കർ കമ്മിറ്റിയുണ്ടാക്കി. ആ കമ്മിറ്റി

റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും അത് നടപ്പിലാക്കാൻ അന്നത്തെ സാഹചര്യത്തിൽ നെഹ്റുവിന് സാധിച്ചില്ല. പിന്നീടും അദ്ദേഹത്തിന്റെ കാലത്ത് കമ്മീഷൻ വന്നുവെങ്കിലും നടപ്പിലാക്കാൻ സാധിച്ചില്ല. നെഹ്റുവിന്റെ കാലം കഴിഞ്ഞു, ലാൽ ബഹദൂർ ശാസ്ത്രിയും ഇന്ദിരാ ഗാന്ധിയും പ്രധാനമന്ത്രിയായി. കേരളത്തിലടക്കമുള്ള പിന്നോക്ക വിഭാഗങ്ങൾ, എസ്.എൻ.ഡി.പി. തുടങ്ങിയ വിവിധ സംഘടനകൾ, ഇവിടത്തെ മതന്യൂനപക്ഷത്തിന്റെ ആളുകൾ തുടങ്ങിയവർ തങ്ങൾക്ക് അർഹതപ്പെട്ടത് ലഭിക്കുന്നില്ലയെന്നുപറഞ്ഞ് പ്രക്ഷോഭം നടത്തി. ഇതൊന്നും ചെവിക്കൊള്ളാൻ അന്നത്തെ ഭരണകൂടം തയ്യാറായില്ല. പിന്നീട് ഇന്ത്യാരാജ്യത്തിൽ അടിസ്ഥാനപരമായൊരു മാറ്റമുണ്ടാകുകയും അത് ബോധ്യപ്പെടുന്നൊരു ഘട്ടമുണ്ടാകുകയും ചെയ്തു. മൊറാർജി ദേശായി പ്രധാനമന്ത്രി ആയപ്പോൾ ബി. പി. മണ്ഡലിന്റെ നേതൃത്വത്തിൽ മണ്ഡൽ കമ്മീഷൻ രൂപീകരിച്ചു. കേരളത്തിലടക്കം ആ കമ്മീഷനിലെ ആളുകൾ വന്ന് പരിശോധിക്കുകയും ചർച്ച നടത്തി ജനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. അങ്ങനെ പക്ഷെ, കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന് നൽകുമ്പോഴേക്കും മൊറാർജി ദേശായി രാജിവച്ചു. പിന്നീട് ഇന്ദിരാ ഗാന്ധിയും അതിനുശേഷം അവരുടെ മകനും പ്രധാനമന്ത്രിമാരായി വന്നു. പക്ഷെ അവരും മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയില്ല. അതിനുശേഷം

വി.പി.സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയായ ഘട്ടത്തിൽ മാത്രമാണ് മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ തീരുമാനിച്ചത്. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ വി. പി. സിംഗ് തീരുമാനമെടുത്തശേഷം ഇന്ത്യാരാജ്യത്തിലുണ്ടായ സംഭവങ്ങൾ നമ്മുടെ നാട്ടിലെ രാഷ്ട്രീയ, സാമൂഹ്യപ്രവർത്തകർ മനസ്സിലാക്കേണ്ടതാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പിൻവലിക്കാതെ ഇന്ത്യൻ പാർലമെന്റിൽനിന്ന് പോകില്ലയെന്നുപറഞ്ഞ് ബസന്ത് സാഥേ എന്ന അംഗം പാർലമെന്റിനകത്ത് നിരാഹാര സമരം തുടങ്ങി. അതുപോലെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പിൻവലിക്കണമെന്നാവശ്യപ്പെട്ട് പാർലമെന്റിന് പുറത്ത് ഒരു കൂട്ടർ സമരം നടത്തി. കുറെ കാലങ്ങളായി ഇവിടത്തെ ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ ഉന്നത ഉദ്യോഗങ്ങളൊക്കെ ഒരു വിഭാഗം ആളുകളുടെ കയ്യിലായിരുന്നു. ഈ ഉന്നത ഉദ്യോഗങ്ങളൊക്കെ അവർക്കും അവരുടെ മക്കൾക്കും മാത്രം. മറ്റുള്ളവർക്ക് ഓഫീസിലെ ശിപായി പണിയും ക്ലാർക്ക് പണിയും പോലുള്ള ചെറിയ ജോലികൾ മാത്രം. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പായാൽ ഉന്നത ഉദ്യോഗങ്ങളിലെ ഒരു ശതമാനം പിന്നോക്കവിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും കൊടുക്കണം. അതിനോട് അവർക്ക് സഹകരിക്കാൻ സാധിക്കില്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ പാടില്ലയെന്നുപറഞ്ഞുകൊണ്ട് ഡൽഹിയിൽ

ഒരു വിദ്യാർത്ഥി മണ്ണെണ്ണയൊഴിച്ച് തീകൊളുത്തി. അത് ആരായിരുന്നു എന്ന് ഇവിടെ പറയുന്നതിൽ എന്നോട് ക്ഷമിക്കണം. കോൺഗ്രസ്സിന്റെ വിദ്യാർത്ഥി വിഭാഗമായ എൻ.എസ്.യു.(ഐ)യും എ.ബി.വി.പി.യും ഒരുമിച്ചാണ് മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനെതിരായി മണ്ണെണ്ണയൊഴിച്ച് തീകൊളുത്തിയ സമരത്തിന് കൂട്ടുനിന്നത്. അപ്പോൾ ഞാനിത് വളരെ വിശദമായി പറയുന്നത് .........

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഈ പറഞ്ഞത് വസ്തുതാവിരുദ്ധമായ കാര്യമാണ്. സ്വയംതീകൊളുത്തിയത് കോൺഗ്രസ്സിന്റെ വിദ്യാർത്ഥി വിഭാഗത്തിൽപ്പെട്ടയാളൊന്നുമല്ല. അവിടെയുണ്ടായിരുന്ന ഉന്നതകുലജാതനായ ഒരു വിദ്യാർത്ഥിയാണ്. അല്ലാതെ കോൺഗ്രസ്സുമായി ഒരു ബന്ധവുമില്ല. വെറുതേ കേൺഗ്രസ്സിന്റെ മേൽ പഴി ചാരേണ്ട.

ശ്രീ. സി. കെ. നാണു: സർ, എനിക്ക് നിങ്ങളുടെയത്രയും വലിയ വിവരമൊന്നുമില്ലെങ്കിലും ആ കാലഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട ഓരോന്നിന്റെയും മുഴുവൻ കാര്യങ്ങളും എനിക്കറിയാം. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് പിൻവലിച്ചില്ലെങ്കിൽ പാർലമെന്റിനകത്തുനിന്ന് മാറില്ലായെന്ന് കോൺഗ്രസ്സ് (ഐ) യുടെ ഒരു പാർലമെന്റംഗം പറഞ്ഞു. സുപ്രീംകോടതി, മണ്ഡൽ കമ്മിഷൻ റിപ്പോർട്ട്

നടപ്പിലാക്കുന്നത് താൽക്കാലികമായി നിർത്തിവച്ചതിനുശേഷമാണ് അദ്ദേഹം പുറത്തുപോയത്. ഇത് ചരിത്രമാണ്. താങ്കൾക്കും എനിക്കുമുള്ള, അല്ലെങ്കിൽ കേരളത്തിലെ കോൺഗ്രസ്സ് (ഐ) യുടെ പ്രവർത്തകർക്കുള്ള സാമൂഹ്യബോധം ആ രൂപത്തിൽ അവിടെയുള്ളവർക്കുമുണ്ടെന്ന് നിർബന്ധം പിടിക്കേണ്ടതില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ഇവിടെയുള്ള കോൺഗ്രസ്സുകാർക്ക് സാമൂഹ്യബോധമുണ്ടെന്നാണല്ലോ പറയുന്നത്. ഇവിടെ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ഒരു വർഷം 8,000 കോടി രൂപയാണ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ഗവൺമെന്റ് കൊടുക്കുന്നത്. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം വേണമെന്ന് ഹൈക്കോടതി വിധിയുണ്ടായിട്ടുപോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെടുത്ത നിലപാട് അത് നടപ്പിലാക്കാൻ കഴിയില്ലാന്നുള്ളതാണ്. അങ്ങിപ്പോൾ ഡൽഹിയിലെ സ്ഥിതിയെക്കുറിച്ചാണല്ലോ പറഞ്ഞത്; ഇവിടത്തെ സ്ഥിതിയും അതൊക്കെത്തന്നെയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കെ. നാണു: സർ, ഞാനിവിടെ ഈ കാര്യം പറയുന്നത്, ഇവിടെ ഗാന്ധിയൻ സമീപനങ്ങളെക്കുറിച്ച് ചിന്തിക്കുന്ന ചില സുഹൃത്തുക്കളുണ്ട്. അവരോട് വളരെ വിനീതമായി ഞാൻ പറയുകയാണ്. മഹാത്മാഗാന്ധിജിയുടെ

സന്ദേശമായിരുന്ന പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്കവിഭാഗത്തിൽപ്പെട്ടവരുടെ മോചനം എന്നത്. അതിനുവേണ്ടിയാണ് ഗാന്ധിജി പോരാട്ടം നടത്തിയത്. ആ പോരാട്ടം നെഹ്റുവിന് നടത്തണമെന്നാഗ്രഹമുണ്ടായി. പക്ഷെ സാധിച്ചില്ല. ഇന്ദിരാ ഗാന്ധി അതിന്റെ ആളല്ല. അതുപോലെ രാജീവ്ഗാന്ധി അതിന് സന്നദ്ധനായിരുന്നില്ല. വി. പി. സിംഗിന്റെ കാലത്ത് നടത്തിയപ്പോൾ അതിനെതിരായി എൻ.എസ്.യു. രംഗത്ത് വന്നു. ....

<u>ശ്രീ. പി. സി. വിഷ്ണുനാഥ് :</u> സർ, പോയിന്റ് ഓഫ് ഓർഡർ. ഈ ചർച്ചയിൽ വസ്തുതാവിരുദ്ധമായ ഒരു കാര്യം പറഞ്ഞു. ശ്രീ. ജോസഫ് വാഴക്കൻ അതു തിരുത്തി. ഞങ്ങളൊക്കെ കെ.എസ്.യു.-ലും എൻ.എസ്.യു.-ലും പ്രവർത്തിച്ചിട്ടുള്ള ആൾക്കാരാണ്. ശ്രീ. ജോസഫ് വാഴക്കൻ അടക്കമുള്ളവർ അന്ന് എൻ.എസ്.യു.-വിന്റെയും കെ. എസ്. യു.-വിന്റെയുമെല്ലാം ഭാരവാഹിയായിട്ടിരുന്നവരാണ്. ഞങ്ങൾ പറയുകയാണ്, ഞങ്ങൾക്കത്തരത്തിലൊരു നിലപാടുണ്ടായിരുന്നില്ല. ഞങ്ങൾ ആ സമരത്തിനുണ്ടായിരുന്നില്ല. സംവരണകാര്യത്തിൽ കോൺഗ്രസ്സ് പാർട്ടിക്കൊരു നിലപാടുണ്ട്. എൻ.എസ്.യു. ചെയ്യാത്തതും സത്യവിരുദ്ധവുമായൊരു കാര്യം സംവരണവുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ ഇവിടെ പറഞ്ഞത് നിയമസഭാ രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് വസ്തുതാ വിരുദ്ധമാണ്. ബഹുമാനപ്പെട്ട ചെയർ

അത് പരിശോധിച്ച് രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ : ശ്രീ. പി. സി. വിഷ്ണുനാഥ് അത് നിഷേധിച്ചിട്ടുണ്ട്.

ശ്രീ. സി. കെ. നാണു: സർ, ശ്രീ. പി. സി. വിഷ്ണുനാഥിന്റെ മാനസികാവസ്ഥ എനിക്ക് മനസ്സിലാകും. പക്ഷെ വസ്തുത പറയുന്ന അവസരത്തിൽ ഒരിക്കൽകൂടി ഞാൻ എടുത്തുപറയുന്നു, വി.പി.സിംഗ് ഗവൺമെന്റിനെ കോൺഗ്രസ്സുകാർ തകർത്തു. തകർക്കാനുള്ള കാരണം, അദ്ദേഹം മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കി. കോൺഗ്രസ്സും ബി.ജെ.പിയും ഒത്തുചേർന്നാണ് വി. പി. സിംഗിനെ അധികാരത്തിൽ നിന്ന് മാറ്റിയത്.

ശ്രീ. സി. പി. മുഹമ്മദ്: സർ, പോയിന്റ് ഓഫ് ഓർഡർ. ശ്രീ. ജോസഫ് വാഴക്കൻ ഇവിടെ പറഞ്ഞു, ശ്രീ. പി. സി. വിഷ്ണുനാഥ് പിന്നെയത് ഏറ്റുപിടിച്ചു. എന്നിട്ടും ഒരു റൂളിംഗ് ഉണ്ടായില്ല. ശ്രീ. സി. കെ. നാണു അത് ആവർത്തിക്കുകയാണ്. ശ്രീ. സി. കെ. നാണു ആയതുകൊണ്ട്, ദേവസ്വം ബില്ലാണെങ്കിലും അത് മൊറാർജിവഴി മണ്ഡൽ കമ്മീഷനിൽ എത്തുമെന്ന് ഞങ്ങൾക്കറിയാം. പക്ഷെ, ദേവസ്വം ബില്ലുമായി ഒരു ബന്ധവുമില്ലാത്ത ഒരു കാര്യം ദുരാരോപണമായി ആവർത്തിച്ചുന്നയിക്കുന്നത് ഓർഡറിലാണോ? അത് നീക്കം ചെയ്യാൻ റൂളിംഗ് വേണം.

<u>മി. ചെയർമാൻ</u>: ദുരാരോപണങ്ങളൊന്നും ഓർഡറിലല്ല.

<u>ശ്രീ. വി. എസ്. സുനിൽകുമാർ:</u> സർ, ചരിത്രത്തിൽ ഓരോ സംഘടനകളും പല നിലപാടുകളെടുത്തിട്ടുണ്ട്. പിന്നീട് അത് തെറ്റാണെന്ന് സംഘടന മാറ്റി പറഞ്ഞിട്ടുണ്ടായിരിക്കാം. ബഹുമാന്യനായ സി. കെ. നാണു ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യം മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലായ കാലഘട്ടത്തിൽ ഓരോ സംഘടനയുമെടുത്ത നിലപാടാണ്. അന്ന് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ ഇവരെടുത്ത നിലപാട് എന്തായിരുന്നാലും വി.പി.സിംഗ് ഗവൺമെന്റ് താഴെ വീഴാൻ കാരണമായത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടും അദ്വാനിയുടെ രഥയാത്ര തടഞ്ഞതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ആ പ്രശ്നങ്ങളുണ്ടായപ്പോൾ ഇന്ത്യൻ പാർലമെന്റിൽ ആദ്യമായി ഒരു പ്രധാനമന്ത്രി വിശ്വാസപ്രമേയമവതരിപ്പിച്ചു. ആ വിശ്വാസപ്രമേയത്തെ തോൽപ്പിക്കാൻ വേണ്ടി അന്ന് ബി.ജെ.പി.യോടൊപ്പം രാജീവ് ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സിലെ എം.പി. മാർ വോട്ട് ചെയ്തിട്ടാണ് വി.പി. സിംഗ് താഴെ വീണതെന്ന കാര്യം ചരിത്ര വസ്തുതയാണ്. ആരൊക്കെ നിഷേധിച്ചാലും അത് വസ്തുതാവിരുദ്ധമായൊരു കാര്യമല്ലായെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സി. കെ.നാണു</u>: സർ, ദേവസ്വം ബില്ലിനെ സംബന്ധിച്ച് പറയുമ്പോൾ,

ആരാധനാലയങ്ങളിലേയ്ക്കുള്ള പ്രവേശനത്തിനുവേണ്ടി കേരളത്തിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഹിന്ദുക്കൾ നടത്തിയ പോരാട്ടത്തെക്കുറിച്ച് പറയണം. ഇന്ത്യയിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഹിന്ദുക്കൾ ഇന്ത്യയിലെ ന്യൂനപക്ഷ വിഭാഗത്തോടൊപ്പംചേർന്ന് അവർക്ക് ഉന്നത ജോലികളിൽ സംവരണം കിട്ടുന്നതിനുവേണ്ടി നടത്തിയ സമരങ്ങളെക്കുറിച്ച് പറയണം. അതിനെ എതിർത്ത ശക്തികളാരാണെന്നത് സംബന്ധിച്ച് സൂചിപ്പിക്കണം. അതെല്ലാം ചരിത്രത്തിന്റെ ഭാഗമാണ്, ഒരു രഹസ്യമായി പറയാൻ സാധിക്കില്ല. എനിക്ക് കളവുപറഞ്ഞ് രക്ഷപ്പെടാൻ സാധിക്കില്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനെതിരെ പാർലമെന്റിൽ ഒരു കോൺഗ്രസ് എം. പി. സമരം ചെയ്തു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനെതിരായി സുപ്രീം കോടതി വിധി വന്നപ്പോൾ മാത്രമാണ് അദ്ദേഹം സമരമവസാനിപ്പിച്ച് പോയത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരാളിന് ജോലി ലഭിച്ചാൽ മാത്രമേ ഞാൻ ഇനി ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിലേയ്ക്ക് വരികയുള്ളൂവെന്ന് അന്ന് വി. പി. സിംഗ് പറഞ്ഞു. സുപ്രീം കോടതിയിൽ വീണ്ടും കേസ് വന്നു, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനെതിരെയുള്ള സ്റ്റേ മാറി. മണ്ഡൽ കമ്മീഷന് അനുകൂലമായി വിധി വന്നശേഷം അതിന്റെ അടിസ്ഥാനത്തിൽ ജോലി ലഭിച്ച ഒരു ചെറുപ്പക്കാരന്

മാലയിട്ടുകൊണ്ടാണ് വി.പി. സിംഗ് ഡൽഹിയിൽ വന്നത്. ഇതെല്ലാം രാജ്യത്തിന്റെ ചരിത്രമാണ്. ഞാൻ ആരെയും ആക്ഷേപിക്കുന്നില്ല. കേരളത്തിൽ പോരാട്ടം നടത്തിയ കെ. കേളപ്പജി, എ.കെ.ഗോപാലൻ എന്നിവർ ഉയർന്ന ജാതിയിൽപ്പെട്ടവരാണ്.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ കോൺഗ്രസും ബി.ജെ.പി.യുംകൂടി വി. പി. സിംഗിന്റെ ഗവൺമെന്റിനെ താഴെയിറക്കിയെന്ന് പറഞ്ഞു. കോൺഗ്രസ്സിനെ പൊളിക്കാൻ അന്ന് മൊറാർജി ദേശായി ബി.ജെ.പി.യെക്കൂട്ടിയാണ് ഭരിച്ചത്. ജനസംഘ് ജനതാ പാർട്ടിയിലുണ്ടായിരുന്നില്ലേ; അവരല്ലേ പിന്നീട് ബി.ജെ.പി.യായി മാറിയത്? കോൺഗ്രസ്സിനെ പൊളിക്കാൻ ബി.ജെ.പി.യെവരെ കൂട്ടുപിടിച്ചുകൊണ്ട് ഭരിച്ച കക്ഷിയുടെ നേതാവായിരുന്നില്ലേ മൊറാർജി ദേശായി?

<u>ശ്രീ. സി. കെ. നാണു</u>: സർ, രാഷ്ട്രീയപ്രശ്നങ്ങളെ സംബന്ധിച്ച് വളരെ വിശദമായി വിശകലനം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതുകൊണ്ട് അക്കാര്യത്തെക്കുറിച്ച് ഒരുവരി പറയാൻ ബഹുമാനപ്പെട്ട ചെയർ എന്നെ അനുവദിക്കണം. ഏത് കോൺഗ്രസിനെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്? ഞാനും അദ്ദേഹവും ഒരു കോൺഗ്രസ് ഓഫീസിൽ, അദ്ദേഹം പാർട്ടിയുടെ ജില്ലാ

സെക്രട്ടറിയായും ഞാൻ യൂത്ത് കോൺഗ്രസിന്റെ സെക്രട്ടറിയായുമിരുന്നതാണ്. ശ്രീ. എ. കെ. ശശീന്ദ്രൻ കെ.എസ്.യു.-വിന്റെ സംസ്ഥാന സെക്രട്ടറിയായിരുന്നു. ബഹുമാനപ്പെട്ട ആര്യാടൻ മറന്നുപോയ ഒരു വസ്തുതയുണ്ട്, 1969-ൽ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയുടെ തീരുമാനത്തിനെതിരായി ഇന്ദിരാഗാന്ധി നിലപാടെടുത്തു. പാർട്ടി നിർത്തിയ സ്ഥാനാർത്ഥിയെ പരാജയപ്പെടുത്താൻ അവർ കോൺഗ്രസിൽ നിന്ന് മാറി, കോൺഗ്രസ് (ഐ), അതായത് ഇന്ദിരാ കോൺഗ്രസ് ആയി മാറി. അന്നത്തെ കോൺഗ്രസ് പ്രസിഡന്റ് നിജലിംഗപ്പയുടെ നേതൃത്വത്തിൽ മൊറാർജി ദേശായി, കാമരാജ നാടാർ തുടങ്ങിയ ഇന്ത്യയിലെ പ്രമുഖരായ സകല കോൺഗ്രസ് നേതാക്കളും വർക്കിംഗ് കമ്മിറ്റിയിൽ ഭൂരിപക്ഷത്തോടെ ഒരുമിച്ചുനിന്നു. കാമരാജിന്റെ നേതൃത്വത്തിൽ ഞങ്ങൾ കോൺഗ്രസ് (ഒ) ആയും ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ അവർ കോൺഗ്രസ് (ഐ) ആയും മാറി. കോൺഗ്രസ് എന്ന പ്രസ്ഥാനം രണ്ടായി മാറി. ഞാൻ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനോട് രാഷ്ട്രീയം തർക്കിക്കാനില്ല. കോൺഗ്രസ് ഒരു ബഹുജന പ്രസ്ഥാനമായിരുന്നു. നമ്മുടെ നാട്ടിലെ രാഷ്ട്രീയ വിദ്യാർത്ഥികൾ മനസ്സിലാക്കണം. ലാൽ ബഹദൂർ ശാസ്ത്രി കോൺഗ്രസിന്റെ ഫുൾടൈം പ്രവർത്തകനായിരുന്നു. അദ്ദേഹത്തിന് മാസം 40 രൂപയായിരുന്നു പാർട്ടി നൽകിയിരുന്ന ശമ്പളം. ഒരു ദിവസം ഒരാൾ

അദ്ദേഹത്തിന്റെ വീട്ടിൽ പോയി 25 രൂപ ചോദിച്ചു. അദ്ദേഹത്തിന്റെ കൈയിൽ കാശില്ലായിരുന്നു. അപ്പോൾ ഭാര്യ പണം കൊണ്ടുവന്നുകൊടുത്തു. എവിടെനിന്നാണ് കാശെന്നു ചോദിച്ചപ്പോൾ വീട്ടിലേയ്ക്ക് തരുന്ന 40 രൂപയിൽനിന്ന് സ്വരൂപിച്ചുണ്ടാക്കിയതാണെന്ന് പറഞ്ഞു. അപ്പോൾ ലാൽ ബഹദൂർ ശാസ്ത്രി കോൺഗ്രസ് ആഫീസിൽ പോയി തനിക്ക് ശമ്പളം നാൽപ്പത് രൂപ വേണ്ട 35 രൂപ മതിയെന്ന് പറഞ്ഞു. അതായിരുന്നു പഴയ കോൺഗ്രസ്. 35 രൂപകൊണ്ട് ഭാര്യ വീട്ടുചെലവുകൾ നടത്തുന്നതുകണ്ട് തനിക്ക് 35 രൂപ മതിയെന്നു പറഞ്ഞവരാണ് അന്നത്തെ കോൺഗ്രസുകാർ. 1969-ൽ കോൺഗ്രസ് പിളർന്നപ്പോൾ കേരത്തിലെ കോൺഗ്രസുകാരുടെ നേതാവ് സഞ്ജയ് ഗാന്ധിയായിരുന്നു. എങ്ങനെയാണ് ഭാരതീയ ജനസംഘവും ഞങ്ങളുമെല്ലാം ഒരുമിച്ചുവന്നുവെന്നത് അറിയേണ്ടേ? അന്ന് നടന്ന പാർലമെന്റ് ഇലക്ഷനിൽ ഇന്ദിരാഗാന്ധി പരാജയപ്പെട്ടു. മൊറാർജി ദേശായി 1969-ൽ അഹമ്മദാബാദിലെ സമ്മേളനത്തിൽ നടത്തിയ പ്രസംഗം ഞാൻ കേട്ടു. അദ്ദേഹം പറഞ്ഞത്, 'എത്രകാലം ഇന്ത്യയിലെ ജനങ്ങൾ ശ്രീമതി ഗാന്ധിയോടൊപ്പം നിൽക്കുമോ അത്രയുംകാലം അവർ ജനാധിപത്യത്തിന്റെ മുഖംമൂടി ഉപയോഗിക്കും. ജനങ്ങൾ കൂടെയില്ലായെന്ന് ബോധ്യപ്പെട്ടാൽ ആ മുഖംമൂടി മാറ്റിയ യഥാർത്ഥ ഇന്ദിരയെ ഇന്ത്യ കാണും' എന്നാണ്. കണ്ടു സാർ. ജയപ്രകാശ്

നാരായണൻ ജയിലിൽവച്ച് ഒരു കത്തെഴുതി, 'എന്റെ പ്രഭാവതി പോയതിനുശേഷം എനിക്കെന്തു സ്വാർത്ഥത; വൃക്കകൾ നഷ്ടപ്പെട്ട എന്നെ ചികിത്സിക്കാൻ എന്തുകൊണ്ട് നിങ്ങൾ അനുവദിച്ചില്ല? ' ചരിത്രം വലുതാണ്. അതൊന്നും പറയാൻ ഇപ്പോൾ സമയമില്ല. കോൺഗ്രസിനെ ബഹുമാനിക്കുന്ന ചെറുപ്പക്കാരായ സുഹൃത്തുക്കളോട് എനിക്ക് പറയാനുള്ളത്, ഒരു കാലത്ത് കോൺഗ്രസ് ഉണ്ടായിരുന്നു - കാമരാജ നാടാരുടെ കോൺഗ്രസ്. ഒൻപതുകൊല്ലം മുഖ്യമന്ത്രിയായിരുന്നതിനുശേഷം അന്തരിച്ചപ്പോൾ 170 രൂപയും ഷർട്ടും മുണ്ടും മാത്രം ബാക്കിയാക്കിയ നേതാവിന്റെ കോൺഗ്രസ്! അന്നത്തെ ഒരു കോൺഗ്രസ് നേതാവിനെതിരെ പത്ത് രൂപയുടെ പേരിൽ പോലും ആരും ആരോപണം ഉന്നയിച്ച് ആക്ഷേപിച്ചില്ല. ശ്രീമതി ഗാന്ധിയുടെ ഭർത്താവ് ഫിറോസ് ഗാന്ധി കോൺഗ്രസ് സമ്മേളനത്തിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്ന കൃഷ്ണമാചാരിക്കെതിരായി ചെറിയ ഒരു ആരോപണം ഉന്നയിച്ചു. ആരോപണം ശരിയാണെന്ന് തോന്നിയതിനാൽ അതിന്റെ പേരിൽ കൃഷ്ണമാചാരിയോട് മാറിനിൽക്കാൻ നെഹ്റു പറഞ്ഞു. കോൺഗ്രസിന്റെ ചരിത്രം അതാണ്. ഞങ്ങളെല്ലാം ദുർബലരാണ്. കാരണം ഞങ്ങൾക്ക് പാർട്ടിയില്ല. നിങ്ങൾ നിലനിന്നത് മഹാത്മാ ഗാന്ധിയുടെ പേരിലാണ്. ഐക്യരാഷ്ട്ര സഭ ഗാന്ധിജിയുടെ രക്തസാക്ഷിദിനം ആചരിക്കാൻ തീരുമാനിച്ചു. ഇന്ത്യയിൽനിന്നും

പ്രതിനിധികളെ വിളിച്ചപ്പോൾ ആരാണ് പോയത്? മഹാത്മാഗാന്ധിയുടെ മക്കളല്ല, ശ്രീമതി സോണിയാ ഗാന്ധിയും മകൻ രാഹുൽ ഗാന്ധിയുമാണ് പോയത്. 'മഹാത്മാ ഗാന്ധിയുടെ ബന്ധുക്കൾ ഇപ്പോഴും ഇന്ത്യയിലുണ്ടോ' എന്ന് അവിടത്തെ പത്രങ്ങളിൽ വന്നില്ലേ? അതിന്റെ ഒരു സംരക്ഷണമുണ്ട് ഇന്ത്യയ്ക്ക്. നിങ്ങൾ അതാണ് ഉപയോഗിച്ചത്. മഹാത്മാ ഗാന്ധിയുടെ പേര് ഉപയോഗിച്ചുകൊണ്ട് നിലനിൽക്കാൻ നിങ്ങൾക്ക് സാധിച്ചു. ഞങ്ങൾക്ക് സംഘടനയുണ്ടായില്ല. അടിയന്തരാവസ്ഥയ്ക്കെതിരായി ഇന്ത്യയിലുടനീളം ദേശീയ മുന്നേറ്റം ഉണ്ടായി. കേരളത്തിലൊഴികെ ഇന്ത്യയിലെല്ലായിടത്തുമുള്ള ന്യൂനപക്ഷ വിഭാഗങ്ങൾ ഞങ്ങളോടൊപ്പംനിന്നു. കേരളത്തിലേക്കാൾ കൂടുതൽ മുസ്ലീങ്ങളുള്ള ഉത്തർ പ്രദേശിലെ ജനങ്ങൾ ഞങ്ങളുടെ കൂടെനിന്നു. എന്നാൽ ഞങ്ങൾക്കൊരു പ്രസ്ഥാനമുണ്ടാക്കാൻ സാധിച്ചില്ല. ഒരു പ്രസ്ഥാനമായി ജനതാ പാർട്ടിയെ കൊണ്ടുപോകാൻ സാധിച്ചില്ല. നേതാക്കൾ ജയിലിൽ നിന്നുവന്നു, ഒരുമിച്ചിരുന്നു മാനിഫെസ്റ്റോ എഴുതി, ജനങ്ങളെ സമീപിച്ചു, ജയിച്ചു ഭരണമുണ്ടാക്കി. ചിലർ തകർക്കാൻ ശ്രമിച്ചു, തകർത്തു. ഞങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. ഞാൻ പറയുന്നു, ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും മൊറാർജി ദേശായിയുടെ, കാമരാജ നാടാരുടെ പഴയ കോൺഗ്രസിന്റെ സമീപനത്തിന്റെ അടിസ്ഥാനത്തിലുള്ള

ശക്തിക്കല്ലാതെ ഒരു ശക്തിക്കും ഇന്ത്യയിലെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കില്ല. പിന്നോക്ക വിഭാഗങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി സ്വാതന്ത്ര്യ സമരകാലത്ത് കേരളത്തിലെ നേതാക്കൾ നടത്തിയ പോരാട്ടത്തിന്റെ ഫലമായി എല്ലാ വിഭാഗത്തിൽപ്പെട്ട ഹിന്ദുക്കൾക്കും ക്ഷേത്രങ്ങളിൽ പ്രവേശിക്കാനും പ്രാർത്ഥിക്കാനും അവസരമുണ്ടായി. ബഹുമാനപ്പെട്ട ഒരു നേതാവിന്റെ മകന്റെ കല്യാണം ഗുരുവായൂർ ക്ഷേത്രത്തിൽ വച്ച് നടന്നു. ആ കുട്ടി അവിടെപോയി പ്രാർത്ഥിച്ചപ്പോൾ പുണ്യാഹവും അതുപോലെ മറ്റു ചില പ്രശ്നങ്ങളുമുണ്ടായി. ഞാൻ ദീർഘിപ്പിക്കുന്നില്ല. മൂന്നു ദിവസം മുമ്പ് മലയാള മനോരമ, മലബാറിലെ ദേവസ്വത്തെക്കുറിച്ച് ഒരു എഡിറ്റോറിയൽ എഴുതി. ബഹുമാനപ്പെട്ട മന്ത്രി അത് കണ്ടിരിക്കും. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ നിരവധി പാവപ്പെട്ടയാളുകൾക്ക് മാസങ്ങളായി ശമ്പളം കിട്ടാത്ത അവസ്ഥയുണ്ട്. മലയാള മനോരമ പോലെ ഒരു പത്രം എഡിറ്റോറിയൽ എഴുതാനിടയാക്കിയ ആ സാഹചര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ പറഞ്ഞ പ്രശ്നങ്ങൾ ഉണ്ടാകരുത്. നമ്മുടെ നാട്ടിൽ പട്ടികജാതിക്കാരുണ്ട്, പട്ടികവിഭാഗക്കാരുണ്ട്, ഹിന്ദുസമുദായത്തിലെ പിന്നോക്ക വിഭാഗക്കാരുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഈ മൂന്നു വിഭാഗത്തെയും

പങ്കെടുപ്പിച്ച് യോജിപ്പിക്കണം. ഈ അടിസ്ഥാന വർഗ്ഗത്തെ തകർക്കാൻ സാധിക്കുമോയെന്ന് പല രൂപത്തിലും ശ്രമിക്കുന്ന ചില ശക്തികൾ ദേശീയമായുണ്ട്. അവരിൽ നിന്നും ഈ രാജ്യത്തെ രക്ഷിക്കണമെങ്കിൽ ഈ വിഭാഗത്തിന്റേതായ ഐക്യത്തോടുകൂടിയുള്ള ഒരു ജനത മുമ്പോട്ടുവരാൻ സാധിക്കണം. അവർക്ക് ആരാധനാലയങ്ങളിൽ പൂജാരികളായിരിക്കാൻ അവസരമുണ്ടാകണം. ക്ഷേത്രങ്ങളുടെ ഭരണത്തിൽ പങ്കാളികളാകാൻ അധികാര മുണ്ടാകണം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, ആക്ഷേപങ്ങളില്ലാതെ എല്ലാ ജനവിഭാഗത്തെയും അവർക്ക് സൗകര്യമുണ്ടാകുന്ന...... ഒന്നുകൂടി പറയുന്നു, ചില ആക്ഷേപമുണ്ടായിരുന്നു. നമ്മുടെ നാട്ടിലെ ദേവാലയങ്ങളിൽ നിന്നും, അത് തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വത്തിലെ ക്ഷേത്രങ്ങളിലെ വരുമാനമെടുത്ത് ദേവസ്വത്തിനല്ലാതെ മറ്റ് സർക്കാരിന്റെ ആവശ്യങ്ങൾക്ക് ഒരവസരത്തിലും ഉപയോഗിച്ചിട്ടില്ല. അങ്ങനെ ചില പ്രചരണങ്ങൾ വരുന്നു. ഒരു ചെറിയ അനുഭവം കൂടി പറയുകയാണ്, ഞാൻ കുറച്ചുമാസം ദേവസ്വം വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായിരുന്നു. ശബരിമലയിലെ അരവണ ടിന്നിന് നികുതി ചുമത്തിയെന്ന് പത്രത്തിൽ വന്നു. അങ്ങനെയൊന്നുള്ളത് ഞങ്ങൾക്കറിയില്ല. ക്ഷേത്രവുമായി ബന്ധപ്പെടാത്ത ഇതിനുമാത്രം ഒരു ചെറിയ നികുതിയെന്ന് അന്നത്തെ

ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ദേവസ്വത്തിലൂടെ കടന്നുപോകുന്ന അങ്ങനത്തെ നികുതി പോലും ആവശ്യമില്ല എന്ന് ഞങ്ങൾ പറഞ്ഞു. ആ നികുതിയും പിൻവലിച്ചതായി അവിടെ വച്ച് ഇ. കെ. നായനാർ പ്രഖ്യാപിച്ചു. ദേവസ്വം ബോർഡുകൾ ഒരു ഘട്ടത്തിലും അവരുടെ വരുമാനത്തിന്റെ ഒരു അണ പോലും ആ രൂപത്തിൽ ഉപയോഗിച്ചിട്ടില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, അവസരം ലഭിക്കുമെങ്കിൽ നമ്മുടെ നാട്ടിലെ അവശരായ പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട പാവങ്ങൾക്ക് വീടുകളുണ്ടാക്കാൻ; അവരെ സാമ്പത്തികമായി സഹായിക്കാൻ നമ്മുടെ ദേവസ്വങ്ങൾക്ക് കഴിയുമെങ്കിൽ അതിനെ സംബന്ധിച്ച് ആലോചിക്കുക. ദേവസ്വത്തിന്റെ ആവശ്യത്തിനല്ലാതെ മറ്റൊരു തരത്തിലും ഉപയോഗിക്കരുത്. ഞാൻ കൂടുതൽ സമയമെടുത്തതിൽ ക്ഷമിക്കണം. ഞാൻ അടിസ്ഥാനപരമായ പ്രശ്നങ്ങൾ ഇന്ത്യയെ സംബന്ധിച്ചിടത്തോളം....

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, അന്ന് ദേവസ്വത്തിന്റെ മന്ത്രി ബഹുമാനപ്പെട്ട നാണുവേട്ടൻ ആയിരിക്കുമ്പോൾ ദേവസ്വം സംബന്ധിച്ച് വളരെ പ്രസക്തമായ ഒരു നിർദ്ദേശമുണ്ടായിരുന്നു. അന്ന് ഗുരുവായൂർ ദേവസ്വത്തിന്റെ ആഭിമുഖ്യത്തിൽ തിരുമല-തിരുപ്പതി (TTD) ദേവസ്വത്തിന്റെ മാതൃകയിൽ ഗുരുവായൂർ പ്രദേശത്ത് ഒരു

മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുണ്ടാക്കുന്നതിന് ഗവൺമെന്റ് നിയോഗിച്ചതനുസരിച്ച് ദേവസ്വം ബോർഡിനുവേണ്ടി ഞങ്ങൾ തിരുപ്പതിയിൽ പോയി സ്റ്റഡി നടത്തി. ദേവസ്വത്തിന്റെ ഫണ്ട് ഉപയോഗിക്കുന്ന അത്തരത്തിലുള്ള നിർദ്ദേശത്തെക്കുറിച്ച് ശ്രീ. സി. കെ. നാണു പറഞ്ഞുകൊണ്ടിരി ക്കുകയാണ്. ദേവസ്വത്തിന്റെ ഫണ്ടുപയോഗിച്ച് അതുപോലുള്ള ജനോപകാര പ്രദമായ പരിപാടികൾ നടത്തുന്നതിന് ഗുരുവായൂർ ദേവസ്വത്തിന്റെയും തിരുവിതാംകൂർ, കൊച്ചി ദേവസ്വത്തിന്റെയും കീഴിൽ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ പോലുള്ള ജനോപകാരപ്രദമായ കാര്യങ്ങൾ പറയുകയും അതുതന്നെ ദൈവോപാസനയായി മാറുന്ന രീതിയിലുള്ള പ്രവർത്തനത്തിന് മുൻകൈ എടുക്കുന്ന കാര്യത്തെക്കുറിച്ച് എന്താണ് അങ്ങേയ്ക്ക് പറയാനുള്ളത്?

<u>ശ്രീ. സി. കെ. നാണു</u>: സർ, അത് പരിശോധിക്കാവുന്നതാണ്. ഇന്നലെ ശ്രീ. കെ. വി. അബ്ദുൾ ഖാദറിന്റെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു. അവിടെ ഒരു ബിൽഡിംഗ് വരാൻ പോകുന്നു......., ഗൗരവമായ പ്രശ്നങ്ങളുള്ളപ്പോൾ പുതിയ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ബഹുമാനപ്പെട്ട നാണുവേട്ടൻ അദ്ദേഹ ത്തിന്റെ പ്രസംഗത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം ചൂണ്ടിക്കാണിക്കുക യുണ്ടായി.

ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ സമ്പത്ത് സർക്കാർ മറ്റു കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നു എന്ന പ്രചാരണം നടക്കുന്നു വെന്നാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചത്. വളരെ ശരിയാണ്. മുമ്പ് ഒരിക്കലുമില്ലാത്ത സാമുദായികവൽക്കരണവും വർഗ്ഗീയവൽക്കരണവും ഈ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ദേവസ്വം ബോർഡിന്റെ കീഴിലെ ക്ഷേത്രങ്ങളിൽ രാഷ്ട്രീയക്കാർക്കും മറ്റ് ആളുകൾക്കും കൈയിട്ടുവാരാനുള്ള സൗകര്യം ഇന്നുണ്ടായിരിക്കുന്നു. എന്നാൽ ഏതെങ്കിലും മുസ്ലീം ദേവാലയത്തിന്റെ സമ്പത്തിലോ ഏതെങ്കിലും ക്രിസ്ത്യൻ ദേവാലയത്തിന്റെ ഭരണകാര്യങ്ങളിലോ ഇടപെടാൻ ആർക്കെങ്കിലും കഴിയുന്നുണ്ടോ എന്ന് ചോദിച്ചുകൊണ്ടുള്ള വർഗ്ഗീയ പ്രചരണം വളരെ വിപുലമായ അടിസ്ഥാനത്തിൽ മന:പൂർവ്വം ലക്ഷ്യം വച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് തെക്കും വടക്കും നടന്നുകൊണ്ടിരിക്കുകയാണ്. ആ വർഗ്ഗീയവൽക്കരണം വസ്തുതകൾക്ക് വിരുദ്ധമാണ്. യാഥാർത്ഥ്യമായി യാതൊരു ബന്ധവുമില്ലാത്തതാണ്. ആ വർഗ്ഗീയവൽക്കരണം നമ്മുടെ സംസ്ഥാനത്ത് നടന്നിട്ട് ഔദ്യോഗികമായി ഒരു വിശദീകരണവും ഇന്നുവരെ കേട്ടതായി നമുക്കറിവില്ല. എന്നാൽ അങ്ങനെയല്ല, ഈ സമ്പത്ത് ദേവസ്വങ്ങൾക്കുവേണ്ടി യാണ്, അതിന്റെ വികസനകാര്യങ്ങൾക്കു വേണ്ടിയാണ് ചെലവഴിക്കുന്നതെന്നും മറിച്ചുള്ള പ്രചാരവേല

അടിസ്ഥാനരഹിതമാണെന്ന് ഒരിക്കൽപ്പോലും ഗവൺമെന്റ് പറഞ്ഞതായി കേട്ടുകേൾവിയില്ല. നമ്മുടെ സംസ്ഥാനത്ത് ഹിന്ദുവർഗ്ഗീയത ഇതുപോലെ ഫണം വിരിച്ചാടാൻ അവസരമൊരുക്കിയത് വസ്തുതകൾക്ക് നിരക്കാത്ത ഇത്തരം പ്രചാരവേലയിലൂടെയാണ്. മറിച്ച് യാഥാർത്ഥ്യത്തിലൂന്നി ഒരു വിശദീകരണം കൊടുക്കാത്തതാണെന്ന വസ്തുത നാണുവേട്ടന് ബോദ്ധ്യമുണ്ടോ?

<u>ശ്രീ. സി. കെ. നാണു</u>: സർ, അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുകയാണ്. വളരെ സാമ്പത്തിക പ്രതിസന്ധിയുണ്ടായ ഘട്ടത്തിൽ പോലും കേരളത്തിലെ ഏതെങ്കിലും ക്ഷേത്രത്തിന്റെ വരുമാനമോ ദേവസ്വത്തിന്റെ 1000 രൂപയോ പോലും സർക്കാരിന്റെ ആവശ്യത്തിന് എടുത്തിട്ടില്ല. ഞാൻ മന്ത്രിയായിരുന്ന അവസരത്തിൽ ഗുരുവായൂർ ക്ഷേത്രത്തിന്റെ കൈവശമുണ്ടാ യിരുന്ന കുറേ സ്വർണ്ണം, പണം തുടങ്ങിയവ ബോംബെയിൽ പോയി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഡെപ്പോസിറ്റ് ചെയ്തു. അതിന്റെ പലിശയും ദേവസ്വത്തിന് കിട്ടിയിട്ടുണ്ടാകും. ഇവിടെ പറഞ്ഞത് വളരെ പ്രധാനമാണ്. ഒരു ക്ഷേത്രത്തിന്റെ 10 രൂപ പോലും മറ്റുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കാറില്ല. പക്ഷേ ഇവിടെ വേറേയൊന്നുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് നമ്മുടെ നാട്ടിലെ ന്യൂനപക്ഷങ്ങളുടെ ആരാധനാലയങ്ങൾക്ക്...., ഇപ്പോൾ മക്കയിൽ

ഹജ്ജിനുപോകുന്ന അവസരത്തിൽ അവർക്കു പോകാനാവശ്യമായ എന്തെല്ലാം സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അത് ഗവൺമെന്റിന്റെ ഭാഗത്തു നിന്നുചെയ്തുകൊടുത്തിരുന്നു. അത് ജനാധിപത്യ ഗവൺമെന്റിൽ ന്യൂനപക്ഷങ്ങ ളുടെ താല്പര്യസംരക്ഷണത്തിന്റെ ഭാഗമായി ചെയ്തു. എന്തെല്ലാം സൗകര്യങ്ങൾ ചെയ്തുകൊടുക്കണമോ അതെല്ലാം ചെയ്തുകൊടുത്തു. അതേയവസരത്തിൽ മറ്റുള്ള ആക്ഷേപങ്ങളുണ്ടാകും, ഞാൻ പറയുന്നത് ഭൂരിപക്ഷമുള്ള സമുദായത്തിന്റെ ആരാധാനാലയങ്ങളിൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് ആക്ഷേപ മുണ്ടാകാം.

ശ്രീ. കെ. എം. ഷാജി: സർ, വളരെ പ്രധാനപ്പെട്ട പോയിന്റാണ് ശ്രീ. സി. കെ. നാണു പറയുന്നത്, പക്ഷേ അതിൽ ഒരു ക്ലാരിറ്റിയുടെ പ്രശ്നമുണ്ട്. വിദേശരാജ്യങ്ങളിൽ പോകുന്ന ന്യൂനപക്ഷങ്ങൾക്കു മാത്രമല്ല വിദേശരാജ്യത്ത് പോകുന്ന എല്ലാ തീർത്ഥാടകർക്കും ഈ സബ്സിഡിയുണ്ട്. വിശദീകരിച്ചു പറയുന്നില്ല, മാനസസരോവറിൽ പോകുന്ന ഹിന്ദു സഹോദരന്മാർക്ക് സബ്സിഡി നൽകുന്നുണ്ട്. ഹജ്ജിനു മാത്രമല്ല, പറയുമ്പോൾ ക്ലാരിറ്റി കുറഞ്ഞതുപോലെ തോന്നി. അങ്ങ് ദുരുദ്ദേശത്തോടു കൂടി പറഞ്ഞുവെന്നല്ല പറയുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഒരു ജനാധിപത്യ സംവിധാനത്തിലുള്ള മതനിരപേക്ഷ ഗവൺമെന്റിന് ഏത് മതവിഭാഗങ്ങളുടെയും ആരാധനാലയങ്ങളെ

സഹായിക്കാനും ഇടപെടാനുമുള്ള അവകാശം ഇന്ന് നമുക്കുണ്ട്. പലരും പറയുന്ന, സംസ്ഥാന ഗവൺമെന്റിനു നിയന്ത്രണാധികാരമുള്ള 'വഖഫ് ബോർഡ്' ഒരു വകുപ്പല്ല, പക്ഷേ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾക്ക് വഖഫ് ബോർഡിലെ അംഗങ്ങളെ നോമിനേറ്റ് ചെയ്യാനുള്ള അധികാരമുണ്ട്. യഥാർത്ഥത്തിൽ അങ്ങനെയല്ല എന്ന മട്ടിലുള്ള വലിയ പ്രചാരണം നടക്കുന്നുണ്ട്. മാറി മാറി വരുന്ന ഗവൺമെന്റുകൾക്ക് അതിലേയ്ക്ക് സമുദായത്തിലെ വ്യത്യസ്ത വിഭാഗങ്ങളിൽപ്പെട്ടയാളുകളെ നിർദ്ദേശിക്കാനുള്ള അധികാരമുണ്ട് എന്ന കാര്യം പലപ്പോഴും മറച്ചുവെയ്ക്കപ്പെടുന്നില്ലേ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. തിലോത്തമൻ വർഗ്ഗീയവത്ക്കരണം നടക്കുന്നുവെന്ന, തെറ്റായ പ്രചരണങ്ങൾ നടക്കുന്നുവെന്ന വളരെ ഗൗരവമേറിയ വിഷയമാണ് ഇവിടെ സൂചിപ്പിച്ചത്. നിർഭാഗ്യവശാൽ ആ വർഗ്ഗീയ പ്രചരണങ്ങൾക്ക് ആക്കം കൂട്ടുന്ന നിലയിലേയ്ക്ക് ഇവിടെ ന്യൂനപക്ഷങ്ങൾ എന്തൊക്കെയോ കവർന്നെടുക്കുന്നു, ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി അടക്കം ന്യൂനപക്ഷ പ്രീണനം നടത്തിയെന്ന് സി.പി.ഐ. യുടെ നേതാവായ ശ്രീ. കാനം രാജേന്ദ്രന്റെ പ്രസ്താവന ഈ പ്രചരണത്തിന് ആക്കം കൂട്ടാൻ സഹായകരമായോ ഇല്ലയോ എന്ന് വിശദീകരിക്കാമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഷിബു ബേബി ജോൺ അസംബ്ലിക്ക് പുറത്തും ഇതുപോലുള്ള സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കിയിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി സംസ്ഥാന സെക്രട്ടറി പറഞ്ഞത്, ന്യൂനപക്ഷ പ്രീണനവും ന്യൂനപക്ഷ സംരക്ഷണവും രണ്ടും രണ്ടാണെന്നാണ്. ന്യൂനപക്ഷ സംരക്ഷണം ഭരണഘടനാപരമായി അവർക്ക് അർഹതപ്പെട്ടതും അത് നൽകാൻ ജനാധിപത്യ സമൂഹം ബാധ്യസ്ഥരുമാണ്. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ കൂടെ നിൽക്കുന്നതാണ്. എന്നാൽ ന്യൂനപക്ഷ പ്രീണനത്തിന്റെ പേരിൽ ജാതിയും , രാഷ്ട്രീയവുമായി കൂട്ടി കലർത്തുന്നതും ഏതാണെങ്കിലും അത് ഭൂരിപക്ഷത്തെ പ്രീണിപ്പിക്കുന്നതാണെങ്കിലും അത് രണ്ടും തെറ്റാണെന്ന വസ്തുത പറയുകയാണ്. അതിനെ ആർ.എസ്.എസ്.-ന്റെ ഭാഷയിൽ വ്യാഖ്യാനിച്ച് അവർക്ക് സഹായകരമാകുന്ന നിലപാട് ബഹുമാനപ്പെട്ട മന്ത്രിയെടുത്തത് ശരിയായില്ല.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഇസ്ലാം മത വിശ്വാസികൾക്ക് ഹജ്ജിന് പോകാൻ പ്രത്യേകമായി സബ്സിഡി കൊടുക്കുന്നുവെന്ന് പറയുന്നത് ആർ.എസ്.എസ്. അഴിച്ചുവിടുന്ന വലിയ പ്രചരണമാണ്. അത് തെറ്റാണ്. ആർ.എസ്.എസ്-ന്റെ ബോധപൂർവ്വമായ വർഗ്ഗീയ പ്രചരണമാണിത്. ഇന്ത്യക്ക് പുറത്തേയ്ക്ക് പോകുന്ന ഏതൊരു മതവിശ്വാസിക്കും യാത്ര ചെയ്യാനാവശ്യമായ സബ്സിഡിയാണ്

കൊടുക്കുന്നത്. ആ പ്രചരണത്തിനകത്ത് നമ്മുടെ നാട് വീഴുകയാണ്. ഇവിടെ അത്തരം ഇടതുപക്ഷ നേതാക്കളുടെ പ്രസ്താവന മാത്രമല്ല അഞ്ചാം മന്ത്രി വിവാദമുണ്ടായപ്പോൾ ശ്രീ. എ. കെ. ആന്റണി കേരളത്തിൽ പറഞ്ഞത്, നാടിന്റെ സാമുദായികമായ ഊഷ്മളത നഷ്ടപ്പെടുന്നുവെന്നാണ്. അക്കാര്യം നാണുവേട്ടന് ഓർമ്മയുണ്ടോ; അക്കാര്യം ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രീ. സി. കെ. നാണു: സർ, ഇന്ത്യക്ക് പുറത്തുപോകുന്ന എല്ലാവർക്കും സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യത്തെപ്പറ്റി ശ്രീ. കെ. എം. ഷാജിയും ശ്രീ. ആർ.രാജേഷും പറഞ്ഞു. ഒരു ജനാധിപത്യ രാജ്യത്തിന്റെ വിജയം, ആ രാജ്യത്തുള്ള ന്യൂനപക്ഷങ്ങളോട് മാന്യമായി പെരുമാറുകയെന്നുള്ളതാണ്. കേരളത്തിൽ പലതരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ നടക്കുന്നുണ്ടാകാം. അത് പല ഘട്ടങ്ങളിലുമുണ്ടായിരുന്നു. ലോകത്ത് ഇന്തോനേഷ്യ കഴിഞ്ഞാൽ മുസ്ലീങ്ങൾ ഏറ്റവും കൂടുതൽ ജീവിക്കുന്നത് ഇന്ത്യയിലാണ്. നമ്മുടെ രാജ്യത്തിന്റെ അഭിമാനം എന്താണ്? പാക്കിസ്ഥാനിലെയും ഇന്തോനേഷ്യയിലെയും ആഭ്യന്തര കലാപത്തിന്റെ ഫലമായി അവിടെ ജനങ്ങൾ കൊല ചെയ്യപ്പെടുന്നതുപോലെ ഇവിടെ കൊല ചെയ്യപ്പെടുന്നുണ്ടോ; ഇല്ല. മഹാത്മാ ഗാന്ധിജി എന്താണെന്ന് മനസ്സിലാക്കണമെങ്കിൽ, ആ ഗാന്ധിജിയുടെ... ഞാൻ ഈ പറഞ്ഞ പ്രസ്ഥാനത്തിന്റെ

സഹായമല്ല. ഗാന്ധിജിയെന്ന് പറയുന്നത് ഓരോ കാലഘട്ടത്തിൽ വരുമ്പോൾ... ഗാന്ധിജി വെടിയേറ്റ് വീണ ആ നിമിഷം മുതൽ ഇന്ത്യയുടെ മതേതരത്വം സംരക്ഷിക്കപ്പെട്ടു തുടങ്ങി. കാരണം ഗാന്ധിജി മരിച്ചതിന് എതിരായി ഒരു സ്ഥലത്തും അക്രമമോ വെടിവയ്പോ ഉണ്ടായിട്ടില്ല. പ്രഗത്ഭനായ സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാവ് മദിനിമായെ അന്ന് ജർമ്മനിയിലാണ്. Illustrated weekly-ൽ മദിനിമായയുടെ ഒരു ലേഖനമുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു ഞാൻ ഗാന്ധിയനല്ല, സോഷ്യലിസ്റ്റാണെന്ന്. എനിക്ക് എന്തോ നഷ്ടപ്പെട്ടിരിക്കുന്നു. അദ്ദേഹം അവിടെ നടന്നു, ഇവിടെ നടന്നു. ഇന്ത്യക്ക് എന്താണ് നഷ്ടപ്പെട്ടത്. എന്റെ നാട്ടിൽ എന്തോ നഷ്ടപ്പെട്ടു. എല്ലാവരാലും ആദ്യം ആ ചോദ്യം ഉണ്ടാക്കിയ ഈ രാജ്യത്തിനുവേണ്ടി ഏത് സന്ദർഭത്തിലും.....ഇവിടെ പുതിയ പ്രധാനമന്ത്രി, അദ്ദേഹത്തിന്റെ കക്ഷിക്കാർ ഗാന്ധിജിയെ വെടിവച്ചുകൊന്നയാളുടെ പേരിൽ ക്ഷേത്രം ഉണ്ടാക്കണമെന്ന് തോന്നി. പ്രധാനമന്ത്രി വിദേശത്ത് പോയപ്പോൾ, മഹാത്മാഗാന്ധിജിയുടെ പ്രതിമ അനാച്ഛാദനം ചെയ്യുന്നിടത്ത് അദ്ദേഹത്തിന്റെ സാന്നിദ്ധ്യമുണ്ടായി, അതാണ് ഗാന്ധിജി. മറ്റൊരു ലോകത്തിനും രാജ്യത്തിനും ഇല്ലാത്ത, ഒരു ബോംബുപോലും സ്വാതന്ത്ര്യത്തിനുവേണ്ടി പൊട്ടിക്കാത്ത, തന്നെ അടിച്ച ഒരാളോട് തന്റെ കൈയ്ക്ക് എന്തെങ്കിലും പറ്റിയോയെന്ന് ചോദിച്ച മഹാത്മാ ഗാന്ധിജിയുടെ

പിന്തുടർച്ചക്കാരാണ് നമ്മൾ എന്നാണ് ആ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയായ ശ്രീ. വി. എസ്. ശിവകുമാറിനോട് പറയാനുള്ളത്. അതുകൊണ്ട് താങ്കൾ പുതുതായി കൊണ്ടുവരുന്ന പുതിയ ആളുകളെ എടുക്കാനുള്ള ബിൽ നമ്മുടെ നാട്ടിലെ ആദിവാസികൾ, പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർ, പട്ടികജാതി/പട്ടികവർഗ്ഗം ഇവർക്കെല്ലാം അർഹമായ പ്രാതിനിധ്യം കൊടുക്കുന്ന രൂപത്തിലുള്ളതായിരിക്കണം. സർക്കാർ മലബാർ ദേവസ്വത്തിലേയ്ക്ക് വർഷം തോറും ലക്ഷക്കണക്കിന് രൂപ കൊടുക്കുന്നുണ്ട്. കൊച്ചിൻ ദേവസ്വത്തെയും ട്രാവൻകൂർ ദേവസ്വത്തെയും സഹായിക്കുന്നു. എന്നിട്ടും ഇങ്ങനെയുള്ള ആക്ഷേപം വരുന്നു. അങ്ങനെയൊരു ആക്ഷേപമില്ലായെന്ന് വസ്തുത നിരത്തിക്കൊണ്ട് പറയാൻ കഴിയണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ബില്ലിൽ ഞങ്ങൾ ഉന്നയിച്ച ചില ഭിന്നാഭിപ്രായങ്ങളുണ്ട്. ആ ഭിന്നാഭിപ്രായങ്ങൾ തിരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, ദേവസ്വം ബോർഡിലേയ്ക്കുള്ള ജീവനക്കാരെ നിയമിക്കുന്നതിൽ അഴിമതി വ്യാപകമായുണ്ടെന്ന പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടതിനെ തുടർന്ന് മുൻ സർക്കാർ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരുടെ നിയമന ത്തിനുള്ള

സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി.യെ അധികാര പ്പെടുത്തിയിരുന്നു. അതിനുവേണ്ട പ്രത്യേക ചട്ടങ്ങളും തയ്യാറാക്കി. എന്നാൽ തുടർന്ന് അധികാരത്തിലെത്തിയ യു.ഡി.എഫ്. സർക്കാർ കൃത്യമായി ന്യായങ്ങളൊന്നും തന്നെ പറയാതെ നിക്ഷിപ്ത താൽപ്പര്യസംരക്ഷണാർത്ഥം മാത്രം ആ നടപടി റദ്ദാക്കുകയും തുടർന്ന് ഇപ്പോൾ പകരം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും ചെയ്തിരിക്കുകയാണ്. ഈ ബില്ലിന്റെ പരിധിയിൽ നിന്ന് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാനങ്ങളിലെ തസ്തികകളും ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും ഒഴിവാക്കിയിരുന്നു. ശാന്തി, കഴകം, തളി, പഞ്ചവാദ്യം, തകിൽ, നാദസ്വരം, ആനശേവുകം, പുറംതളിപ്പ്, പാത്രംതേപ്പ് തുടങ്ങിയവയെല്ലാം പരമ്പരാഗത തസ്തികകളാണ്. ആകെയുള്ള 80 ശതമാനം ഈ പോസ്റ്റുകൾ വരും. സ്കൂൾ, കോളേജ് നിയമനങ്ങൾക്കും ക്ഷേത്ര ജീവനക്കാരുടെ നിയമനത്തിനും സംവരണം ഏർപ്പെടുത്തിയിട്ടില്ലെന്ന് ഒരു ചോദ്യത്തിന് മറുപടിയായി നിയമസഭയിൽ അറിയിച്ചിട്ടുള്ളതാണ്. ഈ ബിൽ പ്രകാരം നിയമനം നടത്തേണ്ട എസ്റ്റാബ്ലിഷ്മെന്റ് തസ്തികയിലേയ്ക്കും പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക ജാതി സംവരണത്തിന് വ്യവസ്ഥ ചെയ്തിട്ടില്ല. നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 4735 ജീവനക്കാരിൽ പട്ടികജാതി/ പട്ടികവർഗ്ഗക്കാർ 85 പേർ

മാത്രമാണ്. അതായത് 1.5 ശതമാനം. കൊച്ചിൻ ദേവസ്വം ബോർഡിലെ 1434 ജീവനക്കാരിൽ 73 പേർ മാത്രമാണ് പട്ടികജാതി/ പട്ടികവർഗ്ഗത്തിലുള്ളത്. മലബാർ ദേവസ്വം ബോർഡിലെ 6320 ജീവനക്കാരിൽ കൃത്യമായി എത്രപേർ പട്ടികജാതി /പട്ടികവർഗ്ഗത്തിൽ പെട്ടവരുണ്ടെന്നുള്ളതിൽ സർക്കാരിന്റെ കയ്യിൽ കൃത്യമായ കണക്കില്ല. കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വം എന്നിവയുടെ സ്ഥിതി ഇതിലും മോശമായിരുന്നു. ക്ഷേത്ര നിയമന ങ്ങളിൽ ജാതിവിവേചനം പാടില്ലെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാന ത്തിൽ പരമ്പരാഗത തസ്തികകളിലേയ്ക്ക് ഉൾപ്പെടെ എല്ലാ തസ്തികകളിലും നിയമനങ്ങളിലും സംവരണം ഏർപ്പെടുത്തേണ്ടതിന് പകരം എസ്റ്റാബ്ലിഷ്മെന്റ് തസ്തികകൾക്കും സംവരണം വ്യവസ്ഥ ചെയ്തിട്ടില്ല. രാഷ്ട്രത്തിന്റെ ഭരണഘടനയെ അവഹേളിക്കുന്ന ഈ ബിൽ നിയമവിരുദ്ധമാണ്. അതുകൊണ്ടാണ് സാമൂഹ്യനീതി നിഷേധവും അഴിമതിയും ലക്ഷ്യം വച്ചിട്ടുള്ള ഈ ബില്ലിനോട് പ്രധാനമായും ഞങ്ങളുടെ വിയോജനം രേഖപ്പെടുത്തുന്നത്. ദേവസ്വം ബോർഡിനെ സംബന്ധിച്ച് ശ്രീ. സി. കെ. നാണു നേരത്തെ ഇവിടെ സംസാരിച്ചപ്പോൾ അതിന്റെ ഭാഗമായി കുറേ ചർച്ചകൾ നടന്നു. ദേവസ്വങ്ങളെക്കുറിച്ച് ഒരുപാട് ആക്ഷേപങ്ങളുണ്ട്. പ്രധാനമായും നേരത്തേ ഉന്നയിക്കപ്പെട്ട ഒരു വിഷയം വലിയ അസംതൃപ്തി ഹൈന്ദവ വിഭാഗത്തിലെ ഒരു

വിഭാഗത്തിനിടയിൽ ഉണ്ടാക്കിയിട്ടുണ്ട്. അതിനേക്കാൾ കൂടുതൽ ദേവസ്വം ബോർഡിനെക്കുറിച്ച് ഒരുപാട് അഴിമതി കഥകളാണ് പുറത്തുവരുന്നത്. അതുകൊണ്ട് ആ മേഖലയിൽ എന്തെങ്കിലും പുതിയ കാര്യങ്ങൾ ചെയ്യുമ്പോൾ അഴിമതിക്ക് വഴിവെയ്ക്കാത്ത പ്രവൃത്തികൾ ആയിരിക്കണം ചെയ്യേണ്ടത്. എല്ലാ കാലത്തും ദേവസ്വം ഉദ്യോഗസ്ഥ നിയമനങ്ങൾ വിവാദമാകാറുണ്ട്. പല താൽപ്പര്യങ്ങളും അതിൽ കടന്നുകൂടാറുള്ളതുകൊണ്ടാണ് അത് വിവാദമാകാറുള്ളത്. ജാതീകത ഇല്ലാതായിയെന്ന് പ്രസംഗിക്കാമെങ്കിലും പലപ്പോഴും അത് ഇക്കാര്യങ്ങളിൽ കടന്നുവരാറുണ്ട്. ഇപ്പോഴും പ്രമുഖ ക്ഷേത്രങ്ങളിലെ സവർണ്ണ മേധാവിത്വം ജാതീയത നിലനിർത്തുവാൻ ശ്രമിക്കുന്നുണ്ട്. ഗുരുവായൂർ അമ്പലത്തിൽ ഒരു വാദ്യ കലാകാരൻ ഹരിജനായി പോയതുകൊണ്ട് മാത്രം രാവിലെ കൊട്ടിയതിനുശേഷം ഉച്ചയ്ക്കുശേഷം കൊട്ടാൻ വരണ്ടായെന്ന് പറയുന്ന സ്ഥിതി വിശേഷമുണ്ടായി. കൃഷ്ണനാട്ടം കളിയിൽ നിന്ന് ഇത്തരം ആളുകളെ മാറ്റി നിർത്തുന്നുണ്ട്. ഇതൊന്നും പരിഹരിക്കാൻ ഇപ്പോഴും കഴിയുന്നില്ലായെന്നുള്ളത് വളരെ ദു:ഖകരമാണ്. സംവരണം നമ്മൾ വലിയ വായിൽ പ്രസംഗിക്കും പക്ഷേ, കാര്യത്തോട് അടുക്കുമ്പോൾ ജാതിബോധം ഉയർന്നുവരും. ഈ ബില്ലിലും അത് കണ്ടതാണ്. ഉത്തരേന്ത്യയിലുള്ളതിനേക്കാൾ വളരെ ഉയർന്ന സാമൂഹിക ബോധമാണ് നമ്മുടെ കേരളത്തിലുള്ളതെന്നാണ് ഇവിടെ നാണംവേട്ടൻ

സംസാരിക്കുമ്പോൾ പറഞ്ഞത്. നമ്മൾ മൊത്തം കോൺഗ്രസ്സുകാരെ കുറിച്ച് പറയുമ്പോൾ, ഉത്തരേന്ത്യയിലെ ആളുകളെക്കുറിച്ച് പറയുമ്പോൾ........... നിങ്ങൾ വേവലാതിപ്പെടേണ്ട നിങ്ങൾ കുറേക്കൂടി ഉയർന്ന സാമൂഹ്യ ബോധമുള്ളവരാണ് എന്ന രീതിയിലാണ് പറഞ്ഞത്. അങ്ങനെ സാമൂഹ്യ ബോധമുള്ളവരാണ് ഇവിടെയുള്ള ആളുകളെങ്കിൽ ഇത്തരത്തിലുള്ള ബിൽ ഉണ്ടാക്കുമോ? ബില്ലിനകത്ത് ഓർഡിനൻസിൽ പറയുന്നത് എന്താണ്? അഞ്ച് പേരുള്ള റിക്രൂട്ട്മെന്റ് ബോർഡ്, അതിൽ ഒരാൾ വനിതയാകണം, ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗം ആകണം, മൂന്നുപേർ ജനറൽ കാറ്റഗറിയിലുള്ളവരാകണം എന്നാണ്. എങ്ങനെയാണ് ബോർഡ് ഉണ്ടാക്കിയത്. പട്ടികജാതിയിൽപ്പെട്ട വനിതയെ നിയമിച്ചു. അപ്പോൾ വനിതയും പട്ടികജാതിയും ഒരാളായി. ബാക്കി നാലുപേരെ ജനറൽ കാറ്റഗറിയിൽ നിയമിച്ചു. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തോട് എന്തെങ്കിലും താൽപ്പര്യം ബില്ലുണ്ടാക്കിയവർക്കോ അത് നടപ്പിലാക്കാൻ ശ്രമിക്കുന്നവർക്കോ ബഹുമാനപ്പെട്ട മന്ത്രിക്കോ അല്ലെങ്കിൽ അദ്ദേഹത്തെ നിയന്ത്രിക്കുന്ന ആർക്കെങ്കിലും ഉണ്ടെങ്കിൽ ഈ തരത്തിലുള്ള അഡ്ജസ്റ്റുമെന്റ് നടത്താൻ പുറപ്പെടുമോ? അവർക്ക് ലഭിക്കുന്ന സ്ഥാനം എന്തിനാണ് കവർന്നെടുക്കാൻ വേണ്ടി ശ്രമിക്കുന്നത്? മെച്ചപ്പെട്ട രീതിയിലുള്ള എന്ത് സാമൂഹ്യബോധമാണ് ഇവിടെയുള്ള ആളുകൾക്കുള്ളത്? സബ്ജറ്റ്

കമ്മിറ്റിയിൽ അതിനെ സംബന്ധിച്ച് വലിയ എതിർപ്പ് വന്നപ്പോൾ എന്താണ് ചെയ്തത്; പറ്റിയ തെറ്റ് തിരുത്തുകയല്ല ചെയ്തത്. ഒരാളെ ഒഴിവാക്കി പകരം പട്ടികജാതിയിൽപ്പെട്ട ഒരാളെ എടുക്കാമെന്നല്ല തീരുമാനിക്കപ്പെടുന്നത്. പകരം ഒരു നമ്പർ കൂട്ടുകയാണ്. അപ്പോഴുണ്ടായിരുന്ന ജനറൽ കാറ്റഗറിയിലുള്ള ആളുകളെ ഒഴിവാക്കുകയല്ല, പകരം ഒരു നമ്പർ കൂട്ടി അഞ്ച് എന്നത് ആറാക്കി മാറ്റുകയാണ് ചെയ്തത്. ഇക്കാര്യത്തിൽ ആളുകളുടെ മനോഭാവം വ്യക്തമാക്കുന്ന ഒരു കാര്യമാണിത്. നേരത്തെ ശ്രീ. സി. കെ. നാണു പറഞ്ഞതിലും വ്യത്യസ്തമായ ഒരു മനോഭാവമാണ് കേരളത്തിലും ഉള്ളത് എന്നുതന്നെയാണ് മനസ്സിലാകുന്നത്. ഞാൻ ഇതിനുമുൻപ് ദേവസ്വം ചർച്ചയിൽ പങ്കെടുത്തപ്പോഴും ഈ കാര്യം പറഞ്ഞിട്ടുള്ളതാണ്. നേരത്തെ ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം വളരെ ഗൗരവമുള്ള വിഷയമാണ്. ജാതി സംഘടനകളും വർഗ്ഗീയ സംഘടനകളും നമ്മുടെ നാട്ടിൽ വളരാൻ ശ്രമിക്കുന്ന കാരണങ്ങളിൽ ഒന്ന് ഈ പറഞ്ഞതാണ്. ദേവസ്വം ബോർഡിന്റെ അമ്പലങ്ങളിലെ പണം ധൂർത്തടിക്കുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ക്ഷേത്രങ്ങളെപ്പറ്റി സംസാരിക്കുമ്പോൾ, മറ്റൊന്നും തെറ്റിദ്ധരിക്കരുത്. ഒരു വൈദികൻ എന്ന സ്ഥാനത്തിന് സമൂഹത്തിൽ വലിയ മഹത്വവും വിലയും നൽകുന്നതാണ്. ഒരു വൈദികൻ വരുമ്പോൾ വളരെ

ആദരവോടുകൂടി നമ്മൾ അദ്ദേഹത്തെ സ്വീകരിക്കുന്നു. എന്നുമാത്രമല്ല, പള്ളി കമ്മിറ്റിയും പള്ളിയും അവരുടെ ശമ്പളം ഉൾപ്പെടെയുള്ള കാര്യങ്ങൾ നോക്കുന്നു. ഒരു മുസ്ലീം ദേവാലയത്തിലെ കത്തീഫ് ആ സമൂഹത്തിലെ ഏറ്റവും മാന്യനായ വ്യക്തിയാണ്, അദ്ദേഹത്തെ ആളുകൾ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ ക്ഷേത്രത്തിലെ പൂജാരിമാർ ഇപ്പോഴും ലാസ്റ്റ് ഗ്രേഡിലാണ് കിടക്കുന്നത്. അവർക്ക് ഒരംഗീകാരം കൊടുത്ത് ലാസ്റ്റ് ഗ്രേഡിൽ നിന്നും മാറ്റി വൈദികരെയും കത്തീഫ്മാരെയും പോലെ ബഹുമാന്യരാണെന്ന് വരുത്തിത്തീർക്കാനുള്ള ചുമതല ഈ ബിൽ വരുമ്പോൾ ഗവൺമെന്റിന് ഇല്ലേ; അതിനെ കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, അങ്ങയുടെ അഭിപ്രായം വളരെ ഗൗരവത്തിൽ പരിഗണിക്കപ്പെടേണ്ട ഒന്നാണ്. പൂജാരിമാരുടെ ഗ്രേഡ് ഉയർത്തേണ്ടതു തന്നെയാണ്. ഞാൻ പറഞ്ഞത്, ക്ഷേത്രങ്ങളിലെ പണം മുഴുവൻ സർക്കാർ തട്ടിയെടുക്കുകയാണെന്ന വ്യാപകമായ പ്രചരണമുണ്ട്. ആദ്യമായി ഞാൻ എം.എൽ.എ ആയപ്പോൾ കുറെ ആളുകൾ ചേർന്ന് എനിക്കൊരു സ്വീകരണം തന്നു. ആ സ്വീകരണത്തിൽ ഒരു ജാതി സംഘടനയുടെ ആൾ എഴുന്നേറ്റുനിന്ന് ചോദിച്ചത് താങ്കളെങ്കിലും താങ്കളുടെ സ്ഥാനം ഉപയോഗപ്പെടുത്തി വിശ്വാസികൾക്ക്

അമ്പലങ്ങൾ തിരിച്ച് തരുമോ, വിശ്വാസികളുടെ പണം ഗവൺമെന്റ് തട്ടിയെടുക്കുന്ന പരിപാടി നിർത്തലാക്കുമോ എന്നാണ്. അമ്പലങ്ങളിലെ പണം മുഴുവൻ ഗവൺമെന്റ് കൊണ്ടുപോയി നാട്ടിലെ എല്ലാവരുടെയും ആവശ്യത്തിനായി ചെലവഴിക്കുകയാണെന്ന ദൃഢമൂലമായ വിശ്വാസമാണ് ജനങ്ങൾക്ക്. കഴിഞ്ഞ പ്രാവശ്യം ചർച്ചയിൽ പങ്കെടുത്തപ്പോഴും ഞാൻ പറഞ്ഞത് അമ്പലങ്ങളുടെ ഒരു നയാപൈസപോലും ഗവൺമെന്റ് എടുക്കുന്നില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രിയോ ഉത്തരവാദപ്പെട്ടവരോ പരസ്യമായൊരു പ്രസ്താവന ഇറക്കണമെന്നാണ്. പകരം അങ്ങോട്ട് പണം കൊടുക്കുകയാണ് ചെയ്യുന്നത്. വളരെ വരുമാനമുള്ള ക്ഷേത്രമാണ് ശബരിമല ക്ഷേത്രം. ആ ശബരിമല ക്ഷേത്രത്തിന് ഈ വർഷം എത്ര പണം കൊടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറയുമെന്ന് ഞാൻ കരുതുകയാണ്. കോടിക്കണക്കിന് രൂപ അങ്ങോട്ടാണ് കൊടുക്കുന്നത്. പക്ഷേ പ്രചരണം നടക്കുന്നത് ഇത്തരത്തിലാണ്. അതുകൊണ്ട് ഈ കാര്യത്തിൽ വളരെ വ്യക്തമായ നിലപാട് സ്വീകരിക്കാനാകണം. വിശ്വാസികൾക്ക് അമ്പലം ഏൽപ്പിക്കണം എന്നൊരു ചർച്ചയും നടക്കുന്നുണ്ട്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഓരോ ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളവും അത് വിശ്വാസികളെ

ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടക്കുന്ന തർക്കത്തെ സംബന്ധിച്ചുമാണ് പറയുന്നത്. എല്ലാ ക്ഷേത്രങ്ങളിലും ക്ഷേത്രഉപദേശക സമിതികളുണ്ട്. ആ ക്ഷേത്ര ഉപദേശക സമിതികളെ എടുക്കുന്നതിനു വേണ്ടി വ്യക്തമായ മാനദണ്ഡം തിരുവിതാംകൂർ ദേവസ്വംബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ക്ഷേത്രത്തിന്റെ ഉപദേശക സമിതിയുടെ സെക്രട്ടറിയേയും പ്രസിഡന്റിനെയും തെരഞ്ഞെടുക്കുന്നത്. എന്നാൽ ആ മാനദണ്ഡങ്ങളാകെ മറികടന്നുകൊണ്ട് ആർ.എസ്.എസ്.-കാർ, അവരുടെ മുഷ്ടിയും ബലവും ഉപയോഗിച്ചുകൊണ്ട് സാധാരണ അവിടെ വരുന്ന ഭക്തൻമാരെ മാറ്റിനിർത്തി പല സ്ഥലങ്ങളിൽ നിന്നും ആ പ്രദേശത്തുപോലും അല്ലാത്ത ആളുകളെ ക്ഷേത്ര ഉപദേശക സമിതിയുടെ പ്രസിഡന്റായും സെക്രട്ടറിയായും തെരഞ്ഞെടുക്കുകയും, ഇത് അംഗീകരിക്കേണ്ട അസിസ്റ്റന്റ് കമ്മീഷണറെക്കൊണ്ട് ബലം പ്രയോഗിച്ചോ ഭീഷണിപ്പെടുത്തിയോ ഇതിൽ ഒപ്പിടുവിച്ചശേഷം ദേവസ്വം ബോർഡിലേയ്ക്ക് അയച്ച് അംഗീകാരം വാങ്ങുകയും ചെയ്യും. പിറ്റേദിവസം മുതൽ ആർ.എസ്.എസ്. ന്റെ ശാഖയുടെ പ്രവർത്തനവും അതിന് ചുറ്റും കൊടിതോരണങ്ങളും കെട്ടുന്ന ഏറ്റവും പ്രധാനപ്പെട്ട ആൾക്കാരായി അവർ മാറിക്കൊണ്ടിരിക്കുകയാണ്. ഇത് വളരെ ഗൗരവവും അപകടമുള്ളതുമായ വിഷയമാണ്. എന്റെ മണ്ഡലത്തിലെ

തിരുവനന്തപുരം പൂജപ്പുരയിലെ  ചെങ്കള്ളൂർ ക്ഷേത്രം വളരെ പ്രധാനപ്പെട്ടൊരു ക്ഷേത്രമാണ്.  ആ ക്ഷേത്രത്തിൽ നടന്ന കാര്യത്തെ സംബന്ധിച്ച് ഞാൻ ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന് ഒരു പെറ്റീഷൻ കൊടുത്തിട്ടുണ്ട്. അദ്ദേഹം എന്ത് നടപടി സ്വീകരിച്ചു എന്നതിനെ സംബന്ധിച്ച് എനിക്ക് അറിയില്ല. ഇത് അങ്ങയുടെ ശ്രദ്ധയിലും പെട്ടുകാണുമെന്ന് വിശ്വസിക്കുന്നു.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് മാത്രമല്ല ഞാൻ ഇങ്ങനെ ഒരു വിഷയത്തിൽ ഇടപെട്ടതുമാണ്.  ശ്രീ. വി. ശിവൻകുട്ടി പറഞ്ഞത് വളരെ ശരിയാണ്. വരുമാനമൊന്നുമില്ലാതെ തകർന്നു കിടക്കുന്ന അവസ്ഥയിലുള്ള പല ക്ഷേത്രങ്ങളും നാട്ടുകാർ ഏറ്റെടുത്ത് കമ്മിറ്റിയൊക്കെ ഉണ്ടാക്കി നല്ല വരുമാനമുള്ള ഒരവസ്ഥയിലേയ്ക്ക് എത്തിക്കുമ്പോൾ ഇതേ പോലുള്ള ദേവസ്വംബോർഡിലെ ഉദ്യോഗസ്ഥൻമാരുടെ ഇടപെടൽ പലപ്പോഴും  വരുന്നുണ്ട്. എന്നിട്ട് ആ സമിതിയെ മാറ്റി ഇതുപോലെ ആർ.എസ്.എസ്. യുമായി ബന്ധപ്പെട്ട ആളുകളെ വിളിച്ചുകൂട്ടി അവരുടെ കമ്മിറ്റി ഉണ്ടാക്കി ഉപദേശകസമിതികളെ മാറ്റുന്ന ഒരു സ്ഥിതി നടക്കുന്നുണ്ട്.  ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഈ കാര്യം വരണം. യഥാർത്ഥത്തിൽ വിശ്വാസികളുടെ കൈകളിലേയ്ക്ക് ക്ഷേത്രങ്ങളെ തിരിച്ച് ഏൽപ്പിക്കുക എന്നു പറയുന്ന പ്രചരണത്തിന്റെ യാഥാർത്ഥ്യം എന്താണ്;  ആ

യാഥാർത്ഥ്യവും നമുക്ക് പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടതുണ്ട്. യഥാർത്ഥത്തിൽ ഈ സ്വകാര്യക്ഷേത്രു ങ്ങളൊക്കെ ആരുടെ കയ്യിലാണോ നേരത്തെ ഉള്ളത് അവരുടെ കയ്യിൽ തന്നെയാണ് ഇപ്പോഴും. അതൊന്നും ആരും പിടിച്ചെടുത്തിട്ടില്ല. പണ്ട് രാജാക്കൻമാരുടെ കൈവശമുണ്ടായിരുന്ന, രാജഭരണത്തിൻ കീഴിൽ ഉണ്ടായിരുന്ന ക്ഷേത്രങ്ങൾ, രാജഭരണം പോയി ജനാധിപത്യം വന്നപ്പോൾ സ്വാഭാവികമായും അത് ഗവൺമെന്റിന്റെ കയ്യിലേയ്ക്ക് വരും. അങ്ങനെ വന്നുവെന്നേയുള്ളൂ. ആ ഗവൺമെന്റ് ആകട്ടെ നേരിട്ട് ഭരിക്കാൻ തയ്യാറാകാതെ ഇക്കാര്യങ്ങളിലൊക്കെ വിശ്വാസമുള്ള മാന്യൻമാരായ ആളുകളെവച്ചുകൊണ്ട് ദേവസ്വം ബോർഡുകൾ ഉണ്ടാക്കുകയും ഭരണം പൂർണ്ണമായും അവരെ ഏൽപ്പിക്കുകയുമാണ് ചെയ്തത്. ഇക്കാര്യം ആളുകളെ ബോധ്യപ്പെടുത്താൻ വേണ്ടിയുള്ള പരിശ്രമങ്ങൾ നടന്നിട്ടില്ലെങ്കിൽ, വർഗ്ഗീയ ശക്തികളും ജാതിശക്തികളും ഇതുപറഞ്ഞുകൊണ്ട് തടിച്ചുകൊഴുക്കാൻ വേണ്ടി ശ്രമിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഞാൻ കഴിഞ്ഞ പ്രാവശ്യം സംസാരിച്ചപ്പോഴും ബഹുമാനപ്പെട്ട മന്ത്രി ഇതിനെ സംബന്ധിച്ച് കൃത്യമായി ഒരു പ്രസ്താവനയിറക്കി സംശയങ്ങൾ തീർക്കണമെന്ന് പറഞ്ഞിരുന്നു. ഇതിനു പുറമെ അമ്പലങ്ങളുടെ നടത്തിപ്പുകളിൽ ആളുകൾക്ക് അവിശ്വാസം ഉണ്ടാകുന്നതിന് പ്രധാനപ്പെട്ട കാരണങ്ങൾ ഈ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട്

നടക്കുന്ന അഴിമതികളാണ്. അഴിമതികളുടെ എത്രയെത്ര വാർത്തയാണ് പുറത്തുവരുന്നത്. ഒരു മാസം മുൻപ് മംഗളം പത്രത്തിൽ വന്ന ഒരു വാർത്ത, തിരുവിതാംകൂർ ദേവസ്വത്തിന് കീഴിലുള്ള മലയാലപ്പുഴ ദേവീക്ഷേത്രത്തിൽ നടത്തിയ ശതകോടി അർച്ചനയുടെ പേരിൽ അടിച്ചുമാറ്റിയത് കോടിക്കണക്കിന് രൂപയാണെന്നാണ്. അതിന്റെ പേരിൽ കൂപ്പൺ വെച്ച് പിരിച്ചിട്ടും ഒരു കണക്ക് ദേവസ്വം ബോർഡിന്റെ കയ്യിലില്ല. ബന്ധപ്പെട്ട അമ്പലത്തിന്റെ കണക്കും ഇല്ല. ഇത് പത്രത്തിൽ വന്ന വാർത്തയാണ്. എനിക്ക് അതിന്റെ യാഥാർത്ഥ്യമൊന്നും അറിയില്ല. പക്ഷെ അത് ആരും നിഷേധിച്ചിട്ടില്ല. അതുപോലെ നാലു മാസം മുമ്പ് മംഗളം പത്രത്തിൽത്തന്നെ വന്ന വാർത്തയാണ്, 'ദേവപ്രശ്നം മറയാക്കി ദേവസ്വം ബോർഡ് 32 കോടി രൂപയുടെ സ്വർണ്ണം ധൂർത്തടിക്കുന്നു'. ശബരിമല ക്ഷേത്രത്തിൽ കൊടിമരത്തിനു താഴെ ഒരു സ്വർണ്ണപറ ഉണ്ടാക്കിവെയ്ക്കുന്നതിനു വേണ്ടിയുള്ള ശ്രമം നടക്കുന്നു. അത് വിവാദമായി. തന്ത്രി അറിഞ്ഞിട്ടില്ലായെന്ന പ്രശ്നം വന്നു. അപ്പോൾ ആരാണ് നടത്തുന്നത് ? ഇത്തരം വാർത്തകൾ പുറത്തു വരുമ്പോൾ ആളുകൾക്ക് ക്ഷേത്ര നടത്തിപ്പിലെ വിശ്വാസങ്ങൾ ഇല്ലാതാകുകയാണ്. അതുപോലെ ദേവപ്രശ്നവും പണിക്കരുടെ കവിടി നിരത്തലുമൊക്കെ തട്ടിപ്പാണ്. ഇതിലൊന്നും ഒരു വസ്തുതയുമില്ലാത്ത കാര്യങ്ങളാണ്. പമ്പയിൽനിന്നും ഭക്തന്മാർ റോപ് വേ വഴി

സന്നിധാനത്തിലേയ്ക്ക് വരുന്നതാണ് അയ്യപ്പനിഷ്ടമെന്നും തമിഴ്നാട്ടിലെ ചിന്നപ്പ ചെട്ടിയാർക്ക് കോൺട്രാക്ട് കൊടുക്കുന്നതാണ് അയ്യപ്പന് കൂടുതലിഷ്ടമെന്നൊക്കെ പരപ്പനങ്ങാടിയിൽ ഏതോ ഒരു പണിക്കർ ദേവപ്രശ്നംവച്ച് പറഞ്ഞില്ലേ. എന്നിട്ട് ആ കാര്യവും പൊളിഞ്ഞില്ലേ. ഒരു സിനിമാനടി അയ്യപ്പ വിഗ്രഹത്തിൽ തൊട്ടുവെന്ന് പറഞ്ഞു. എങ്ങനെ ശ്രമിച്ചാലും ശബരിമല ക്ഷേത്രത്തിലെ അയ്യപ്പ വിഗ്രഹത്തിൽ തൊടാൻ പറ്റില്ലെന്നാണ് അവിടെ പോയിട്ടുള്ളവർ പറയുന്നത്. ഇതൊക്കെ അഴിമതി നടത്താൻവേണ്ടി പലതരം താല്പര്യങ്ങളുടെ ഫലമായി നടക്കുന്നതാണ്. ശതകോടി അർച്ചന നടത്തണമെന്ന് ഈശ്വരൻ പറഞ്ഞു. അപ്പോൾ ശതകോടി അർച്ചനയ്ക്കുള്ള കാര്യങ്ങളായി. അതിനൊന്നും ഒരു കണക്കും സൂക്ഷിച്ചില്ലെങ്കിലും ആരും ചോദിക്കാനില്ലെന്ന സ്ഥിതിവരുന്നു. 'ശാസ്താംകോട്ട ക്ഷേത്രത്തിൽ പുതിയതായി പണിത സ്വർണ്ണ കൊടിമരം കറുക്കുന്നു' എന്ന് മാർച്ച് മാസത്തിലെ പത്രത്തിൽ വാർത്ത വന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം നോട്ട് ചെയ്ത് അതുസംബന്ധിച്ച് ഒരന്വേഷണം നടത്തണം. സ്വർണ്ണ കൊടിമരം സ്ഥാപിച്ച് രണ്ടുമാസം കഴിഞ്ഞപ്പോൾ കൊടിമരം കറുക്കാൻ തുടങ്ങി. കാരണം അതിൽ സ്വർണ്ണം വേണ്ടേ? സ്വർണ്ണം ശുദ്ധീകരിക്കാൻവേണ്ടി കൊടുത്ത സ്ഥാപനം കബളിപ്പിച്ചുവെന്നൊക്കെയാണ് ഇപ്പോൾ പത്രവാർത്തയിൽ വരുന്നത്.

ഇത്തരത്തിലുള്ള അഴിമതി വാർത്തകളെല്ലാം വരുമ്പോൾ വിശ്വാസം നഷ്ടപ്പെടുകയാണ്. ശബരിമലയുടെ കാര്യത്തിൽ ഒന്നുകൂടി ശ്രദ്ധിക്കണം. കാരണം അത് സമൂഹത്തെ മുഴുവൻ ബാധിക്കുന്നതാണ്. പമ്പയെ സംബന്ധിച്ചും വാർത്തകൾ വന്നിട്ടുണ്ട്. MPN (Maximum Probable Number) എന്നു പറയുന്ന ക്വാളിഫോമിന്റെ അളവ് പതിനായിരക്കണക്കിന് ഇരട്ടി പമ്പയിലെ വെള്ളത്തിൽ വന്നിരിക്കുന്നുവെന്നാണ് ശാസ്ത്രീയമായ തെളിവുകൾ പറയുന്നത്. ഒരു ലക്ഷത്തി അറുപതിനായിരം MPN വരെ ഒരു ഘട്ടത്തിലെത്തി. അതുകഴിഞ്ഞ് കൊച്ചുപമ്പയിൽ പത്ത് ലക്ഷത്തി നാല്പതിനായിരം MPN വരെ എത്തി. ഇത് എവിടേയ്ക്കാണ് പോകുന്നത്. ഈ വെള്ളത്തിലാണ് മുങ്ങിക്കുളിക്കുന്നത്. അതിൽ മുങ്ങിക്കുളിച്ചുപോയി തൊഴുതാൽ അനുഗ്രഹമല്ല, രോഗങ്ങളാണ് കിട്ടുന്നത്. ഇത്രയും വരുമാനമുള്ള ഇത്രയുമധികം വിശ്വാസികൾ വരുന്ന ഒരു പ്രധാനപ്പെട്ട ക്ഷേത്രത്തിന്റെ പരിസരത്ത് മലിനീകരണമില്ലാതാക്കാൻ ഒരു സംവിധാനവും ഇത്രയും കാലത്തിനുള്ളിൽ ചെയ്യാൻ കഴിഞ്ഞിട്ടില്ല. 'പമ്പ ആക്ഷൻ പ്ലാൻ' പരിപാടിക്കുവേണ്ടി ചെലവഴിച്ച കോടിക്കണക്കിന് രൂപയെല്ലാം വെള്ളത്തിലായി എന്നല്ലേ. ഈ സീസണിലെ കണക്കാണ് ഞാൻ പറഞ്ഞത്. മനുഷ്യവിസർജ്ജ്യം കലങ്ങിയ വെള്ളത്തിലാണ് പത്ത് ലക്ഷത്തിനാല്പതിനായിരം MPN വരെ

എത്തിയെന്നുപറഞ്ഞാൽ ആ വെള്ളത്തിൽ തൊട്ടാൽമതി അസുഖം ഉറപ്പാണ്. അനുഗ്രഹമെല്ലാം വാങ്ങി വീട്ടിലെത്തിയാലും അസുഖം വരുമെന്നുള്ളത് ഉറപ്പാണ്.

ശ്രീ. കെ. രാജു: സർ, ഹിന്ദു മതവിശ്വാസി എന്നുപറഞ്ഞാൽ ദൈവവിശ്വാസിയായിരിക്കണം എന്നാണോ; ക്ഷേത്ര ആചാരത്തിൽ വിശ്വാസമുള്ളയാൾ മാത്രമേ ഹിന്ദു ആവുകയുള്ളോ; ഒരു ഹിന്ദുവെന്ന് പറഞ്ഞാൽ ക്ഷേത്രവിശ്വാസിയും ക്ഷേത്ര ആചാരങ്ങളിൽ വിശ്വാസമുള്ളവരും ദൈവത്തിൽ വിശ്വാസമുള്ളവരുമൊണെന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, വളരെയധികം സമയമെടുത്ത് വിശദീകരിക്കേണ്ട കാര്യമാണിത്. ഹിന്ദുവിന് വളരെ വിശാലമായ അർത്ഥങ്ങളുണ്ട്. ദൈവ വിശ്വാസമില്ലാത്ത ചാർവാകനും ഹിന്ദുമതത്തിൽപ്പെട്ട ആളാണ്. അതിന്റെ അർത്ഥമൊക്കെ വിശദീകരിക്കാൻ ധാരാളം സമയം ചെലവഴിക്കേണ്ടി വരും. അതുപോലെ ഗുരുവായൂരിലെ ക്യൂ കോംപ്ലക്സിന്റെ കാര്യം ശ്രീ. കെ. വി. അബ്ദുൾഖാദർ ഇവിടെ ഉന്നയിച്ചതാണ്. ക്യൂ കോംപ്ലക്സ് പണിയുന്നതിൽ ആർക്കും വിരോധമില്ല. എല്ലാവർക്കും യോജിപ്പാണ്. പക്ഷേ അത് പണിയുന്നതുകൊണ്ട് വലിയ നിക്ഷേപങ്ങളും കെട്ടിടങ്ങളുമൊക്കെ നഷ്ടപ്പെടുന്ന ആളുകൾക്ക് പറയാനുള്ളതുംകൂടി കേൾക്കാൻവേണ്ടി ഒരു മീറ്റിംഗ് വിളിച്ചുകൂട്ടാൻ എന്താണ് വിരോധം? അതൊരു

ജനാധിപത്യ രീതിയല്ലേ. ഈ പ്രതിഷേധമെല്ലാം ശക്തിപ്പെട്ടിട്ടും അവർക്ക് പറയാനുള്ളത് കേൾക്കാനോ അല്ലെങ്കിൽ അവർ പറയുന്ന ബദൽ സംവിധാനത്തെക്കുറിച്ച് അന്വേഷിക്കാനോ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടാനോപോലും ഇത്രയും കാലമായിട്ടും തയ്യാറാകുന്നില്ല. ഇക്കാര്യങ്ങളിലൊക്കെ വലിയ ശ്രദ്ധയുണ്ടാകണം.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട് പറഞ്ഞുകൊണ്ടാണ് ഞാൻ പറയുന്നത്. നൂറ്റാണ്ടുകളായിട്ടുള്ളതാണ് മകര വിളക്കും മകര ജ്യോതിയും. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് 1935 വരെ ആദിവാസികൾ കൊളുത്തിയിരുന്നതാണ് മകരവിളക്ക്. നട്ടുച്ച നേരത്ത് നക്ഷത്രം തെളിയുന്നതാണ് മകരജ്യോതി. മകരജ്യോതിയും മകരവിളക്കും രണ്ടായി തെറ്റിദ്ധരിച്ചാണ് ജനങ്ങൾ സംസാരിക്കാറുള്ളത്. 1935 വരെ പാവപ്പെട്ട ആദിവാസികളാണ് മകരവിളക്ക് തെളിച്ചുകൊണ്ടിരുന്നത്. ഇലക്ട്രിസിറ്റി ബോർഡിന്റെ സഹായവുമുണ്ടായിരുന്നു. 1935-ൽ പാവപ്പെട്ട ആദിവാസികളെ തല്ലിയോടിച്ചിട്ട് ഇലക്ട്രിസിറ്റി ബോർഡ് മകരവിളക്കിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുകയാണ്. പാവപ്പെട്ട ആദിവാസികൾക്ക് മകരവിളക്ക് തെളിയിക്കാനുള്ള അവകാശം വേണമെന്ന് വർഷങ്ങളായി അവർ

ആവശ്യപ്പെട്ടുകയാണ്. അവർക്ക് ആ അവകാശം കൊടുക്കുന്നതിനെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, എനിക്ക് അതിന്റെ വിശദാംശങ്ങൾ അറിയില്ല. ബഹുമാനപ്പെട്ട മന്ത്രി അതിന്റെ ഇപ്പോഴത്തെ അവസ്ഥയൊക്കെ വിശദീകരിച്ച് പറയുമെന്ന് ഞാൻ കരുതുകയാണ്. ആദിവാസിയാണോ ഇലക്ട്രിസിറ്റി ബോർഡാണോ കത്തിക്കുന്നത് എന്നുള്ളതിന്റെ വിശദാംശം അറിയാത്തതുകൊണ്ട് എനിക്ക് പറയാൻ കഴിയില്ല. ആദിവാസികളാണ് കത്തിച്ചിരുന്നതെങ്കിൽ അവർക്ക് ആ അവകാശം കൊടുക്കണം. അവർ ചെയ്തുകൊണ്ടിരുന്ന ഒരു ആചാരത്തെ തടയേണ്ട കാര്യമില്ല. അത് ഉത്തരവാദിത്തപ്പെട്ടവർ ആലോചിച്ച് പറയട്ടെ. അഴിമതി പല രൂപത്തിൽ വരും. ശബരിമല ക്ഷേത്രത്തെക്കുറിച്ച് രസകരമായ ഒരു വാർത്ത അടുത്ത ദിവസം വന്നു - ശബരിമലയിൽ നോട്ട് എണ്ണാൻ യന്ത്രമനുഷ്യനെ കൊണ്ടുവരാൻ പോവുകയാണ്. യന്ത്രമനുഷ്യന് നിൽക്കാനേ അറിയൂ, കക്കാൻ അറിയില്ല. കാരണം ഇത് മറ്റാരെയും ഏല്പിക്കാൻ കഴിയില്ലെന്ന സ്ഥിതി വരികയാണ്. പണം കുന്നുകൂടുന്ന സ്ഥലങ്ങളിലൊക്കെ അത് കൈകാര്യം ചെയ്യുന്നതിന് ഒരു സംവിധാനവും ഉണ്ടായില്ലെങ്കിൽ അത് വലിയ പ്രയാസമുണ്ടാക്കുകയാണ്. ഏറ്റവും കൂടുതൽ രോഗങ്ങൾ നിറഞ്ഞിരിക്കുന്ന ഈ

കാലത്ത് എല്ലാവർക്കും ഗുണകരമാകുന്ന വിധത്തിൽ അതൊക്കെ ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. ദേവസ്വം വകുപ്പിന്റെ മന്ത്രി ആരോഗ്യ വകുപ്പിന്റെയുംകൂടി മന്ത്രിയാണ്. വലിയ തോതിൽ അഴിമതിയുടെ വാർത്തകൾ ഈ രംഗത്ത് വരികയാണ്. ആ അഴിമതിയുടെ വാർത്തകൾ സ്വാഭാവികമാണ്. കാരണം ഒരു പുതിയ കാലഘട്ടത്തിലാണ് നമ്മളിപ്പോൾ ജീവിക്കുന്നത്. അവസരം കിട്ടിയാൽ ഒരു മറയുമില്ലാതെ എല്ലാവരും അഴിമതി നടത്തുന്ന ഒരു പ്രത്യേക കാലഘട്ടമാണിത്. അഴിമതി കഥകളില്ലാത്ത ഒരു മേഖലയുമില്ല. കേന്ദ്ര സർക്കാരിന്റെ അഴിമതിയെ ശക്തിയായി എതിർത്ത് അധികാരത്തിൽ വന്ന ബി.ജെ.പി. ഗവൺമെന്റ് ഒരു കൊല്ലം പൂർത്തീകരിക്കുമ്പോഴേയ്ക്കും അഴിമതിക്കഥകളുടെ നൂറായിരം കഥകളാണ് പുറത്തുവരുന്നത്. എണ്ണിയാലൊടുങ്ങാത്ത കഥകൾ വരികയാണ്. കേരളത്തിൽ അഴിമതി പരിചിതമായ വാക്കായി മാറി. അതിൽ പുതുമ ഇല്ലാതെയായി. എല്ലാ മേഖലയിലും കൊടുംപിരികൊണ്ട് അഴിമതി നടക്കുകയാണ്. അതിനെതിരായിട്ടുള്ള ഒരു വലിയ മൂവ്മെന്റാണ് കേരളത്തിൽ വരേണ്ടത്. കാരണം രാഷ്ട്രീയം, ഭരണം, അധികാരം എന്നൊക്കെപ്പറഞ്ഞാൽ അഴിമതിയാണെന്ന രീതിയിൽ ഇങ്ങനെ പ്രചരിക്കുകയാണ്. അതിനെതിരായി ശക്തമായ ഒരു നീക്കവും

പാർട്ടികൾക്കുള്ളിൽപ്പോലും വരുന്നില്ല. എത്രയെത്ര അഴിമതികളാണ് നടക്കുന്നത്. പാമോലിൻ, ടൈറ്റാനിയം, കരിമണൽ, കടകംപള്ളി, ആറന്മുള, റോഡ്, തോട്, ഭൂമി കയ്യേറ്റം, ഐ.ജി.- കോപ്പിയടി, ടി.ഒ. സൂരജ്, പ്ലസ് ടു, ബാർ കോഴ, മാണി കോഴ, ബാബു കോഴ, സോളാർ കോഴ എന്നിങ്ങനെ എത്ര പറഞ്ഞാലും തീരാത്ത അഴിമതി കഥകളാണ് നാട്ടിൽ മുഴുവൻ നടക്കുന്നത്. പാഠപുസ്തകം പ്രിന്റ് ചെയ്യുന്ന കാര്യത്തിൽപ്പോലും അഴിമതിയാണ്. പാഠപുസ്തകം മുഴുവനും ഇപ്പോഴും പ്രിന്റുചെയ്ത് എല്ലാ കുട്ടികളുടെയും കയ്യിൽ കിട്ടിയിട്ടില്ല. അത് വൈകുന്നതിനിടയാക്കിയ കാരണംപോലും അഴിമതിക്കുവേണ്ടിയുള്ള ശ്രമങ്ങളായിരുന്നുവെന്ന് നാട്ടിൽ പാട്ടാണ്. മാവേലി നേരത്തെ വരുന്നതുകൊണ്ടാണ് പ്രശ്നമുണ്ടായതെന്ന് പറഞ്ഞ മന്ത്രി മറ്റൊരു ഘട്ടത്തിൽ പറഞ്ഞത് കുട്ടികൾ പുസ്തകമൊക്കെ മറന്നേയ്ക്കൂ, ടാബ്ലറ്റിലേയ്ക്ക് മാറണം എന്നാണ്. കുട്ടികളും അതിനുപകരം പറയാൻ തുടങ്ങി. മന്ത്രി കൃത്യസമയത്ത് ടാബ്ലറ്റ് കഴിക്കണമെന്ന് അതിന് മറുപടിയായി പല സ്കൂളിലെ കുട്ടികൾ എഴുതിവയ്ക്കുകയും ചെയ്തു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഓണപ്പരീക്ഷയെ സംബന്ധിച്ച് സോഷ്യൽ മീഡിയയിലും പ്രതിപക്ഷ നേതാക്കന്മാർ സഭയിലും ആവർത്തിച്ച് പറയുകയുണ്ടായി. ഓണപ്പരീക്ഷ ഓണത്തിനുമുമ്പ് നടത്താൻ കഴിയാത്ത ഒരു മന്ത്രി എന്ന നിലയിലുള്ള

ആക്ഷേപങ്ങളൊക്കെ മന്ത്രിക്ക് നേരെ ചൊരിയുന്നത് കണ്ടു. ഓണപ്പരീക്ഷ ഓണവുമായി ബന്ധപ്പെട്ട ഏതെങ്കിലും ആചാരമാണെന്ന് അങ്ങ് കരുതുന്നുണ്ടോ? ഇത് First Terminal Examination-നാണ്. അതിന് ഇത്ര സാധ്യമായ പ്രവൃത്തി ദിവസങ്ങൾ കഴിഞ്ഞതിനുശേഷം മാത്രമെ ആ പരീക്ഷ നടത്താൻ കഴിയുകയുള്ളൂ. Second Terminal Examination - നും Third Terminal Examination-നും ഇത്ര സാധ്യമായ ദിവസങ്ങൾ വേണമെന്നുണ്ട്. ഓണം ആഗസ്റ്റ് മാസത്തിൽ വന്നതുകൊണ്ട് ഓണപ്പരീക്ഷ ഉത്രാടത്തിന് മുമ്പ് നടത്താൻ, ആറന്മുള ഉത്തൃട്ടാതി ജലോത്സവം പോലെ ഇതൊരു ആചാരമൊന്നുമല്ല. ബഹുമാനപ്പെട്ട മന്ത്രിയെ വസ്തുതാപരമായ കാരണങ്ങൾ പറഞ്ഞ് വിമർശിച്ചു. ഓണപ്പരീക്ഷ ഓണത്തിനുമുമ്പ് നടത്തിയില്ലായെന്ന് അങ്ങയെപ്പോലെ കാര്യങ്ങൾ അറിയാവുന്ന ഒരു സാമാജികൻ പറയുന്നത് ശരിയാണോ; ഇനിയെങ്കിലും അത് തിരുത്തണ്ടേ?

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, ഓണപ്പരീക്ഷയെന്ന് അങ്ങാണ് ഇപ്പോൾ പറഞ്ഞത്. വേറെ ആരും പറഞ്ഞതായി ഞാൻ കേട്ടിട്ടില്ല. ഇവിടെ രണ്ട് പ്രാവശ്യം പറയുന്നതാണ് ഞാൻ കേട്ടത്. ഒന്ന്, മാവേലി നേരത്തെ വന്നതുകൊണ്ടാണ് പ്രശ്നമായതെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന കണ്ടു. രണ്ടാമത് ഇപ്പോൾ അങ്ങാണ് അതേക്കുറിച്ച് പറഞ്ഞത്. വേറെ ആരും ഓണപ്പരീക്ഷയെന്ന്

പറയുന്നില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, അങ്ങയുടെ പ്രതിപക്ഷ നേതാവ് ഈ സഭയിൽ പ്രസംഗിച്ചിട്ടുണ്ട്. രേഖ പരിശോധിച്ചാൽ അറിയാൻ കഴിയും.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, അരക്കൊല്ല പരീക്ഷ എന്നാണ് ഞങ്ങളൊക്കെ അതിനെ പറയാറുള്ളത്. കുട്ടിക്കാലത്തും പറയാറുള്ളത് അങ്ങനെയാണ്. ഇപ്പോഴും നാട്ടിൻപുറത്തൊക്കെ പറയുന്നത് അങ്ങനെയാണ്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, യഥാർത്ഥത്തിൽ വസ്തുതാ വിരുദ്ധമായ കാര്യമാണ് പറഞ്ഞത്. ഓണം നേരത്തെ വന്നോ താമസിച്ച് വന്നോ എന്നതല്ല പ്രശ്നം. മൂന്ന് മാസം കഴിയുമ്പോൾ നടത്തുന്ന പരീക്ഷയ്ക്കുള്ള പാഠപുസ്തകങ്ങൾ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതാണ് പ്രശ്നം. ആ പാഠപുസ്തകം വച്ച് പഠിച്ചാൽ മാത്രമെ പരീക്ഷ എഴുതാൻ കഴിയുകയുള്ളൂ. ആ പാഠപുസ്തകം വച്ച് പഠിച്ച് ഏത് മാസമാണ് പരീക്ഷ എഴുതുക. അതാണ് പ്രശ്നം. അല്ലാതെ ഓണം നേരത്തെ വന്നതോ താമസിച്ച് വന്നതോ അല്ല പ്രശ്നം. മൂന്നുമാസം കഴിയുമ്പോൾ നടത്തേണ്ട പരീക്ഷയ്ക്കാവശ്യമായ പാഠപുസ്തകം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അത് പഠിച്ചാൽ മാത്രമെ കുട്ടികൾക്ക് പരീക്ഷ എഴുതാൻ കഴിയുകയുള്ളൂ. ഇപ്പോൾ പുസ്തകം ലഭിച്ച്, അത് പഠിച്ച് പരീക്ഷ എഴുതുമ്പോൾ ക്രിസ്തുമസ് ആകുന്ന സ്ഥിതിയിലേയ്ക്ക് മാറും. അതാണ് ശ്രീ. ബാബു

എം. പാലിശ്ശേരി ചൂണ്ടിക്കാണിച്ചത്.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, അതുമാത്രമല്ല, അഴിമതി നടത്തുന്ന ആളുകളെയും അഴിമതി ആക്ഷേപം വരുന്ന ആളുകളെയും എങ്ങനെയാണ് പരിഗണിക്കുന്നത്? ഈ സർക്കാർ വന്നതിനുശേഷം കൺസ്യൂമർ ഫെഡിൽ 350 കോടി രൂപയുടെ അഴിമതി നടന്നു എന്ന് എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന ശ്രീ. പി. ആർ. പ്രതാപചന്ദ്രൻ വിജിലൻസിനു മൊഴി കൊടുത്തിരിക്കുകയാണ്. അദ്ദേഹം രാജി വച്ചു. രാജി വച്ചയുടനെ അഴിമതി നടത്തിയെന്നുപറയുന്ന ആളെ സഹകരണ അക്കാദമിയുടെ ഭാരവാഹിയായി നിയമിച്ചാൽ എന്താണതിന്റെ അർത്ഥം. അത്തരത്തിൽ ഒരു കേസല്ല സോളാർ എന്ന് പറയുന്നത്. നമ്മൾ സോളാറിനെ എങ്ങനെയാണ് വരുത്താൻ ശ്രമിച്ചത്? ഒരു സ്ത്രീ സംബന്ധമായിട്ടുള്ള വിഷയമായി വരുത്താനാണ് എല്ലാപേരും ശ്രമിച്ചത്. എല്ലാ മേഖലകളിലും അഴിമതിയാണ്. തെക്കോട്ടു തിരിഞ്ഞാലും വടക്കോട്ടു തിരിഞ്ഞാലും എവിടെനോക്കിയാലും അഴിമതി നടക്കുന്ന സാഹചര്യത്തിൽ, ദേവസ്വങ്ങളുടെ ഭരണത്തിലുമൊക്കെ അഴിമതി വന്നു നിറയുന്ന ഒരു കാലഘട്ടത്തിലാണ് ഇത്തരത്തിലുള്ള സാമൂഹ്യ ബോധം പുലർത്താത്ത ഒരു ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഈ ബില്ലിൽ പറയുന്നത് ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ

ആയ ഒരാൾ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ് എന്നാണ്. എന്താണ് അതിന്റെ കാര്യമെന്ന് മനസ്സിലായില്ല. അങ്ങനെ സ്ഥാനം വഹിച്ചൊരാൾ മാത്രമേ റിക്രൂട്ടിംഗ് ബോർഡിന്റെ ചെയർപേഴ്സൺ ആകാവൂ എന്നുപറഞ്ഞാൽ, സെക്രട്ടറിയായി ഒരു ഗവൺമെന്റ് സർവ്വന്റ് വരണമെന്ന് പറഞ്ഞാൽ അത് മനസ്സിലാക്കാം. അതുപോലെ അംഗത്വത്തിനുള്ള യോഗ്യതകളിൽ മദ്യത്തിന്റെ ഉത്പാദനത്തിലോ വിപണനത്തിലോ ഏർപ്പെട്ടിരിക്കുന്നതോ ഏർപെട്ടിട്ടുള്ളതോ ആയ ആളോ..... വെള്ളാപ്പള്ളിയെയാണോ ഉദ്ദേശിക്കുന്നതെന്ന് എനിക്കറിയില്ല. അദ്ദേഹം ഇതിൽ വരാതിരിക്കാൻ വേണ്ടീട്ടാണോയെന്നുമറിയില്ല, എന്താണിതിന്റെ അർത്ഥമെന്നും മനസ്സിലായില്ല. ഒരു കമ്പനിയിൽ ജോലി ചെയ്യുന്ന ഒരാളാണ്, അദ്ദേഹം ഒരു വിശ്വാസിയാണ്, അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ആളാണ്, അദ്ദേഹത്തിന് മദ്യമുണ്ടാക്കുന്ന കമ്പനിയുണ്ടായിരിക്കാം, അല്ലെങ്കിൽ വേറെയെന്തെങ്കിലുമായിരിക്കാം. അപ്പോൾ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിട്ടുള്ളതോ ആയ വ്യക്തി എന്ന് പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്തെന്ന് മനസ്സിലായില്ല. ഞാൻ വീണ്ടും ആവർത്തിക്കുകയാണ് ഈ ബിൽ കേരളത്തിൽ ഒരു പുതിയ..........

<u>ശ്രീ. എം. ഹംസ:</u> സർ, ഇപ്പോഴുള്ള 4735 ദേവസ്വം ബോർഡ് ജീവനക്കാരിൽ

പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട 85 പേർ മാത്രമേയുള്ളൂ. 1.5 ശതമാനം മാത്രമാണ് പട്ടികജാതി/പട്ടികവർഗ്ഗക്കാരുള്ളത്. പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കുപോലും റിസർവേഷൻ വേണ്ടരൂപത്തിൽ കൊടുക്കാതെയാണ് ഈ ബിൽ വന്നിട്ടുള്ളതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ബാബു. എം. പാലിശ്ശേരി:</u> സർ, ഏറ്റവും ആദ്യം പറഞ്ഞ കാര്യം അതാണ്. ഈ കണക്ക് വച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 4735 ജീവനക്കാരുണ്ട്. അതിൽ 85 പേർ മാത്രമാണ് പട്ടികജാതി/പട്ടികവർഗ്ഗത്തിലുള്ളവർ. എന്നുവച്ചാൽ 1.5 ശതമാനം. കൊച്ചിൻ ദേവസം ബോർഡിൽ 1434 ജീവനക്കാരിൽ 73 പേർ മാത്രമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്നത്. അവർക്ക് ഒരു സംവരണം കൊടുക്കണമെന്ന് ഈ ബില്ലിൽ ഇപ്പോഴും പറയുന്നില്ല. ഈ റിക്രൂട്ട്മെന്റ് ബോർഡുണ്ടാക്കുമ്പോൾ ആ ബോർഡിനകത്തുള്ള അംഗങ്ങളിൽ അർഹതപ്പെട്ട ഒരു പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും രണ്ടു വനിതകളെ നിയമിക്കുന്നതിനു പകരം രണ്ടുംകൂടി ഒരാളെയാക്കി ഓർഡിനൻസിൽ കമ്മിറ്റിയുണ്ടാക്കിയവരാണിവർ.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ബില്ലിന്റെ ആമുഖവും അതിന്റെ പേരും നോക്കണം. കേരളസംസ്ഥാനത്തിന്റെ ദേവസ്വം ബോർഡുകളിൽ പരമ്പരാഗത

തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ മറ്റ് വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനത്തിനാണ് ഈ സംവരണമൊക്കെ വരുന്നത്. ഈ തസ്തികകൾ കഴിഞ്ഞാൽ ബാക്കി ഏതാണ് ഉള്ളത്? ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പി.എസ്.സി-ക്ക് ലിസ്റ്റ് തയ്യാറാക്കാനായി കൊടുക്കുകയും ആ രീതിയിൽ മുമ്പോട്ടു പോകാൻ ശ്രമിക്കുകയും ചെയ്തതാണ്. അങ്ങനെവരുമ്പോൾ സ്വാഭാവികമായും സംവരണങ്ങളെല്ലാം വരും. പക്ഷെ ഒരു ന്യായവും പറയാതെ അത് തള്ളികളഞ്ഞുകൊണ്ട് സംവരണതത്വങ്ങളൊന്നും പാലിക്കാത്ത, നീതിപുലർത്താത്ത റിക്രൂട്ടിംഗ് ബോർഡുണ്ടാക്കി മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. അതുകൊണ്ട് അത് ശരിയല്ല. ആവശ്യമായ തിരുത്തലുകൾ വരുത്തിക്കൊണ്ടും ഞങ്ങൾ പറഞ്ഞ വിയോജനക്കുറിപ്പുകളെല്ലാം പരിഗണിച്ചുകൊണ്ടും മുന്നോട്ടു പോകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ശ്രീ. ബാബു എം. പാലിശ്ശേരി സംസാരിക്കുന്ന സമയത്ത് സൂചിപ്പിച്ച അതേ കാരണങ്ങൾ കൊണ്ടുതന്നെയാണ് ഞാനും ഈ ബില്ലിനെ എതിർക്കുന്നത്. 2015 -ലെ ദേവസ്വം

റിക്രൂട്ട്മെന്റ് ബോർഡ് ബിൽ എന്നുപറഞ്ഞ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഈ ബില്ലിന്റെ ആമുഖത്തിൽ തന്നെ ആദ്യം പറയുന്നു, 'കേരള സംസ്ഥാനത്തിലെ ദേവസ്വം ബോർഡുകളിലെ പരമ്പരാഗത ട്രസ്റ്റികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ട്രസ്റ്റികകളും ഒഴികെ മറ്റ് വിവിധ ട്രസ്റ്റികകളിലേക്കുള്ള നിയമനങ്ങൾക്കുവേണ്ടി ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി സ്വയംഭരണാവകാശത്തോടുകൂടിയുള്ള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട ആനുഷംഗികമായ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ' എന്നാണ്. ഈ ബില്ലിന്റെ ഉദ്ദേശ്യ ശുദ്ധിയെത്തന്നെ ഞാൻ സംശയിക്കുന്നു. മാത്രമല്ല, ഭരണ കക്ഷിയുടെ ഭൂരിപക്ഷംവച്ചുകൊണ്ട് ഈ ബിൽ സഭ പാസ്സാക്കിയാൽ പ്രായോഗികമായി നമ്മുടെ ദേവസ്വം ബോർഡുകളുടെ കാര്യത്തിൽ നടപ്പിലാക്കാൻ ആകുമോ എന്ന കാര്യത്തിൽ സംശയമുണ്ടെന്നു മാത്രമല്ല നടപ്പിലാക്കാൻ കഴിയില്ലെന്നുള്ള അഭിപ്രായം തന്നെയാണ് എനിക്കുള്ളത്. തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ, മലബാർ തുടങ്ങിയ ദേവസ്വം ബോർഡുകൾ ഇരിക്കുന്ന സ്ഥലമാണ് നമ്മുടെ സംസ്ഥാനം. ഒരു ഏകീകൃത ദേവസ്വം ബോർഡായിരുന്നു യഥാർത്ഥത്തിൽ ആദ്യം ഉണ്ടാകേണ്ടിയിരുന്നത്. ആത്മാർത്ഥമായിട്ടാണ് നമ്മുടെ ഓരോ

ചുവടുവെയ്പ്പുമെങ്കിൽ ഏകീകൃതമായിട്ടുള്ള ദേവസ്വം ബോർഡുണ്ടാക്കിയതിനു ശേഷമാവണം ഏകീകൃതമായിട്ടുള്ള റിക്രൂട്ട്മെന്റ് ബോർഡിനുവേണ്ടിയുള്ള നടപടി സ്വീകരിക്കേണ്ടത്. അതിനു ശ്രമിക്കാതെ ഇപ്പോൾ ഈ തട്ടിക്കൂട്ട് റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവരുന്നതുതന്നെ ദുഷ്ടലാക്കോടുകൂടിയാണെന്ന ശക്തമായ ഒരഭിപ്രായം എനിക്കുണ്ട്. ഞാൻ മലബാർ മേഖലയിൽ നിന്നും വരുന്ന ഒരാളാണ്. മലബാറിലെ ദേവസ്വം ബോർഡും അവിടത്തെ ക്ഷേത്രങ്ങളുടെ നടത്തിപ്പും അതിന്റെ ഇന്നത്തെ ഭരണപരമായിട്ടുള്ള സ്ഥിതിയും എല്ലാംവച്ചുകൊണ്ട് ഈ പറയുന്ന ബിൽ നിയമമായിക്കഴിഞ്ഞാൽ ഒരു തരത്തിലും അത് പ്രാവർത്തികമാക്കാൻ കഴിയില്ല. തിരുവിതാംകൂറിൽ മാത്രമല്ല മറ്റെല്ലാ സ്ഥലത്തും ഈ ക്ഷേത്രങ്ങളൊക്കെ രാജാക്കന്മാരുടെ ഉടമസ്ഥതയിലായിരുന്നു. കൊച്ചിയിലും അങ്ങനെയായിരുന്നു. പക്ഷേ തിരുവിതാകറിലെയും കൊച്ചിയിലെയും രാജാക്കന്മാർ ഏതാണ്ട് നമുക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പ് അതായത് 1946- ൽ തന്നെ ക്ഷേത്രങ്ങൾ അന്നത്തെ രാജഗോപാലാചാരിയെ ഏൽപ്പിച്ചിട്ടുണ്ടായിരുന്നു. പിന്നെ സ്വാതന്ത്ര്യം കിട്ടി 1947-ലോ 1948- ലോ പ്രസിഡന്റ് ഭരണം വന്നപ്പോൾ ഇതിന്റെ അധികാരം സംസ്ഥാനങ്ങളെ ഏൽപ്പിച്ചു. അതാണ് മറ്റ് സ്ഥലങ്ങളിൽ നിന്നും ഇത് വ്യത്യസ്തമായത്. പിന്നീട് 1950-ൽ തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും

കാര്യത്തിൽ ദേവസ്വം ബോർഡുണ്ടാക്കി. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായിട്ടുള്ള സാഹചര്യം മലബാറിലുണ്ട്. മലബാർ മദ്രാസ് സ്റ്റേറ്റിന്റെ ഭാഗമായിരുന്ന സമയത്ത് 1951-ൽ Hindu Religious & Charitable Endowments Act കൊണ്ടുവന്നു. അതാണ് HR & CE Act എന്നു പറയുന്നത്. കേരള സംസ്ഥാനം രൂപീകൃതമായ 1956 - ൽ കേരള ഗവർണർ 1951-ലെ ഇതേ ആക്ട് തന്നെ ബാധകമാക്കി കൊണ്ട് മലബാറിലെ ക്ഷേത്രങ്ങൾക്ക് പ്രാബല്യം നൽകികൊണ്ടുള്ള ഒരു ഉത്തരവ് ഇറക്കി. ആ ആക്ട് പ്രകാരം മലബാറിലെ ക്ഷേത്രങ്ങളിലെ എല്ലാ വിഭാഗം ജീവനക്കാരെയും.... അത് പാരമ്പര്യമാവാം. ആ പാരമ്പര്യമെന്ന ക്ളാസിഫിക്കേഷനിൽ ബഹുമാനപ്പെട്ട മന്ത്രി പറയാത്തതുൾപ്പെടെ എല്ലാത്തിനെയും....... അതിന്റെ നിയമനാധികാരം ട്രസ്റ്റിമാർക്കാണ്. അവിടത്തെ ട്രസ്റ്റിമാർ എന്ന പ്രതിഭാസം തിരുവിതാംകൂറിലില്ല. അവിടെ പാരമ്പര്യ ട്രസ്റ്റിമാരും അല്ലാതെയുള്ള ട്രസ്റ്റിമാരുമുണ്ട്. പാരമ്പര്യ ട്രസ്റ്റിമാരെന്നു പറഞ്ഞാൽ മരിക്കുന്നതുവരെ അവർ ട്രസ്റ്റിമാരാണ്. അപ്പോയിന്റ്ഡ് ട്രസ്റ്റിമാരാണെങ്കിൽ 65 വയസ്സു വരെ തുടരാം. ഈയൊരു പ്രത്യേകത അവിടെയുണ്ട്. പക്ഷേ HR & CE Act -ലെ സെക്ഷൻ 789 പ്രകാരം അന്നുമുതൽ അവിടത്തെ ദേവസ്വം ബോർഡ് ജീവനക്കാർ എന്നുപറഞ്ഞാൽ പി.എസ്.സി വഴി റിക്രൂട്ട് ചെയ്തുവരുന്ന പബ്ലിക്ക്

സർവ്വന്റ്സാണ്. അതുകൊണ്ടാണ് HR &CE ജീവനക്കാരുടെ നിയമന കാര്യത്തിൽ അന്നുതന്നെ പൊതു നിയമനം വരുന്നത്. എന്നാൽ ഈ പറഞ്ഞതുപോലെ തിരുവിതാംകൂറിലും കൊച്ചിയിലും ട്രസ്റ്റിമാർ എന്ന പ്രതിഭാസം ഇല്ല. എന്നാൽ ഈ വൈവിധ്യങ്ങളെ പരിഗണിച്ചുകൊണ്ടല്ല ഇപ്പോൾ ഈ ബിൽ കൊണ്ടുവരുന്നത്. അതിന്റെ പ്രധാനപ്പെട്ട ഒരു ദൗർബല്യം ഇവിടെ നിൽക്കുകയാണ്. എന്റെ ശക്തമായിട്ടുള്ള അഭിപ്രായം, ഇപ്പോൾ ഈ ബിൽ നിയമമാക്കി കഴിഞ്ഞാൽപോലും മലബാർ ദേവസ്വത്തിന്റെ പരിധിയിൽ വരുന്ന ക്ഷേത്രങ്ങളിൽ ഒന്നുംതന്നെ ഇതനുസരിച്ചുള്ള നിയമന പ്രക്രിയ പ്രാവർത്തികമാക്കാൻ കഴിയില്ല. അവിടെയും ഈ പറഞ്ഞതുപോലെ സാമൂതിരി രാജാവിന്റെയും ചിറയ്ക്കൽ രാജാവിന്റെയും വള്ളുവനാട് രാജാവിന്റെയും കടത്തനാട് രാജവംശങ്ങളുടെയുമൊക്കെ നേതൃത്വത്തിലുള്ള ക്ഷേത്രങ്ങളിലും ട്രസ്റ്റിമാരായിരുന്നു ഉണ്ടായിരുന്നത്. ഇതിനിടയിൽ മലബാറിലെ ഭക്തജനങ്ങളോടും ക്ഷേത്രങ്ങളോടും ഓരോകാലത്തും മാറിമാറിവന്ന യു.ഡി.എഫ് ഗവൺമെന്റുകൾ ഒരു തരം ചിറ്റമ്മ നയമാണ് സ്വീകരിച്ചത്. ഈയൊരു വ്യവസ്ഥയില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി അവിടെ ഒരു ദേവസ്വം ബോർഡ് ഉണ്ടാക്കണമെന്ന് 1994-ൽ തന്നെ ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിയായി

പറഞ്ഞതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഹൈക്കോടതിയിൽ നടക്കുന്ന അഴിമതി കണ്ടുമടുത്തിട്ടാണ് ജസ്റ്റിസ് പരിപൂർണ്ണൻ ഈ ഒരു പരാമർശം നടത്തിയത്. അന്ന് ബോർഡിന്റെ ചെയർമാൻ രാമൻ നായരും, പുനലൂർ മധു മെമ്പറും ആയിരുന്നു; ആ വിധിന്യായത്തിൽ അവരെ കുടഞ്ഞു. ഇടതുപക്ഷജനാധിപത്യ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഇത് ശ്രീ. ജി. സുധാകരൻ പി.എസ്.സി.ക്ക് വിട്ടത്. ഇപ്പോൾ അതാണ് ടോർപ്പിഡോ ചെയ്യുന്നത്; ഇത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ: സർ, തീർച്ചയായും, ഞാൻ ആ കാര്യങ്ങളാണ് പറഞ്ഞുവരുന്നത്. 1994-ൽ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിയുണ്ടായിട്ടും യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്ന ഒരു കാലത്തും ദേവസ്വം ബോർഡ് ചിട്ടയായി കൊണ്ടുവരുന്നതിനുള്ള ഒരു ശ്രമവും നടത്തിയിട്ടില്ല. അങ്ങനെ എന്തെങ്കിലും ശ്രമം നടത്തുന്നതിനുവേണ്ടി ഒരു ചെറുവിരൽ അനക്കിയെന്ന് ഇവിടെ ആർക്കും പറയാൻ കഴിയില്ല. എന്നാൽ ഇടതുപക്ഷ ഗവൺമെന്റ്, നേരത്തെ ഇവിടെ സംസാരിച്ച ശ്രീ. സി. കെ. നാണു മന്ത്രിയായിരുന്നപ്പോൾ അതിനുള്ള ശ്രമങ്ങൾ നടത്തുകയും ഓർഡിനൻസുവരെ വന്ന സന്ദർഭം ഉണ്ടാകുകയും ചെയ്തിരുന്നു.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ബഹുമാനപ്പെട്ട എ.കെ. ബാലൻ ഇവിടെ പി.എസ്.സി.ക്ക് വിട്ടെന്നു പറഞ്ഞു. പി.എസ്.സി.-ക്ക് ക്ഷേത്രങ്ങളിലേക്ക് ഹൈന്ദവരെ മാത്രം നിയമിക്കാൻ പറ്റുമോ; പി.എസ്.സി.ക്ക് വിട്ടാൽ എന്തായിരിക്കും ഫലം; അതിന് പ്രത്യേകം നിയമം വേണ്ടേ; അതിനല്ലേ ഈ നിയമം കൊണ്ടുവരുന്നത്; അത് അങ്ങേയ്ക്ക് അറിയില്ലേ?

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, പി.എസ്.സി.ക്ക് വിടാം എന്ന് വെറുതെ വാചകമടിച്ചതല്ല; നല്ല വ്യക്തതയോടുകൂടി പറഞ്ഞതാണ്. 2008-ൽ ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരൻ ദേവസ്വം വകുപ്പുമന്ത്രി ആയിരുന്നപ്പോഴാണ് appointment സംബന്ധിച്ച് പി.എസ്.സി.ക്ക് വിടാനുള്ള വകുപ്പ് അന്നത്തെ ആക്ടിന്റെ ഭേദഗതിയിൽ ഉൾപ്പെടുത്തിയത്. അതുകാരണം "Appointments to be made through Kerala Public Service Commission - All appointments of the offices of employees of the Board, except the Commissioner for which direct recruitment is sought, to shall be made from a selected list of candidates belonging to the Hindu Religion furnished by Kerala PSC, in accordance, with the law made for the exercise to the additional function by the Kerala PSC". ഇത് മറ്റു ഡിപ്പാർട്ടുമെന്റുകൾ നേരിട്ട് പി.എസ്.സി.ക്ക് വിടുന്നതുപോലെ

വിട്ടാൽ പോരാ. 'in accordance, with the law made for the exercise to the additional function by the Kerala PSC'. അതിനകത്ത് അങ്ങ് പറഞ്ഞ ഈ ആശങ്കകൾ പരിഹരിക്കാനുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതേയുള്ളൂ. നിങ്ങൾ എന്താണ് ചെയ്തത്? യഥാർത്ഥത്തിൽ ഇവിടെയെല്ലാം സുതാര്യവും അഴിമതിരഹിതവുമായി നടക്കണമെന്നുണ്ടെങ്കിൽ ഇതിനനുസരിച്ച് കാര്യങ്ങൾ നീക്കണം; അതിനകത്ത് എന്തെങ്കിലും കാര്യങ്ങൾ മെച്ചപ്പെടുത്താനുണ്ടെങ്കിൽ മെച്ചപ്പെടുത്തുകയും ചെയ്യാം. 1994-ൽ കേരള ഹൈക്കോടതി മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കാനുള്ള വിധി പ്രസ്താവിച്ചിട്ടും നിങ്ങളുടെ ഗവൺമെന്റ് ഒരുകാലത്തും അത് കൊണ്ടുവരാൻ ശ്രമിക്കാതിരിക്കുകയും, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സഖാവ് ജി. സുധാകരൻ ദേവസ്വം മന്ത്രിയായിരുന്ന സന്ദർഭത്തിലാണ് മലബാർ ദേവസ്വം ബോർഡ് എന്ന സംവിധാനം കൊണ്ടുവരുന്നത്. അതിൽ ഒരുപാട് അന്ധവിശ്വാസങ്ങളൊക്കെയുണ്ട്; അദ്ദേഹം ഇവിടെ ബില്ല് അവതരിപ്പിക്കുന്ന സമയത്ത് പറഞ്ഞത് എനിക്ക് ഓർമ്മയുണ്ട് - ആ നിയമം അവിടെ കൊണ്ടുവന്നാൽ മന്ത്രി ജീവിച്ചിരിക്കില്ലായെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള നിക്ഷിപ്ത താല്പര്യങ്ങൾ പിടിമുറുക്കിയ ഒരു മേഖലയായിരുന്നു അത്. ആ നിക്ഷിപ്ത താല്പര്യങ്ങൾ ഉള്ളതുകൊണ്ടുതന്നെ അങ്ങനെയൊരു നിയമം

വരാതിരിക്കാൻ സ്ഥാപിത താല്പര്യക്കാരായ സമുദായ ശക്തികൾ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയും ആ കാര്യത്തിൽ വലിയ അന്ധവിശ്വാസം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഈ നിയമം കൊണ്ടുവരുന്ന മന്ത്രി ജീവിച്ചിരിക്കില്ലായെന്ന് പറഞ്ഞിട്ടും ഇവിടെ നമ്മൾ കാണുന്നുണ്ടല്ലോ ധൈഷണിക യുവത്വത്തിന്റെ സൗരഭ്യം പ്രസരിപ്പിച്ചുകൊണ്ട് അന്ന് ആ നിയമം കൊണ്ടുവന്ന ശ്രീ. ജി. സുധാകരൻ ഇപ്പോഴും ഇവിടെ വാഴുന്നു; ഇവിടെ ഇരിക്കുന്നു; ഒന്നുമുണ്ടാകാതെ അതിനെ മറികടന്ന് പോയി. പക്ഷെ, നിങ്ങൾ ഇപ്പോഴും ആ കൊണ്ടുവന്ന നിയമം, ആ നിയമത്തിന് പ്രത്യേകതകളുണ്ടായിരുന്നു. 1951-ലെ നിയമങ്ങളെല്ലാം പൂർണ്ണമായി നിരാകരിച്ചുകൊണ്ടല്ല, അതിന്റെ എല്ലാ നല്ല വശങ്ങളും ഉൾക്കൊണ്ടുകൊണ്ട് Hindu Religious and Charitable Endowment Act 1951 with Malabar Devaswam (ammendment) Act എന്ന പേരിലാണ് ആ നിയമം കൊണ്ടുവന്നത്. യഥാർത്ഥത്തിൽ അതിന്റെ ഭാഗമായിട്ടാണ് നിയമനം സംബന്ധിച്ച് വ്യക്തതയോടുകൂടിയുള്ള ഒരു കാഴ്ചപ്പാട് അന്ന് അവതരിപ്പിച്ചത്. 2008-ൽ ശ്രീ. ജി. സുധാകരൻ ഇവിടെ അവതരിപ്പിച്ച് നിയമസഭ പാസ്സാക്കിയ ഈ നിയമത്തിൽ റിക്രൂട്ട്മെന്റ് സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള വ്യക്തത നിങ്ങൾ കൊണ്ടുവന്ന ഈ ബില്ലിൽ മഷിയിട്ടു നോക്കിയാൽ പോലും ഒരിടത്തും കാണാനാകുന്നില്ല. ഇവിടെ

നിങ്ങൾ പറഞ്ഞ 'പരമ്പരാഗത തസ്തികകൾ ഒഴിച്ച്' ഈ പരമ്പരാഗത തസ്തികകൾ എന്താണ്; അതിന്റെ ക്ലാസിഫിക്കേഷൻ ഏതാണുള്ളത്? നേരത്തെ പറഞ്ഞുവന്നിട്ടുള്ളത്, ശാന്തിയും കഴകവും വാദ്യവും അടിച്ചു തളിയും ഇതൊക്കെയാണ് പരമ്പരാഗതമായിട്ട് വരുന്നത്. പക്ഷെ, മലബാറിൽ അവിടത്തെ ട്രസ്റ്റിമാർ പാരമ്പര്യമായി ഇത് മാത്രമല്ല നിയമിച്ചുവരുന്നത്. ഇപ്പോൾ എല്ലാവർക്കുമറിയാം, മലബാറിൽ സ്പെഷ്യൽ ഗ്രേഡ്, എ, ബി, ഡി മുതലായ ഗ്രേഡിലുള്ള ക്ഷേത്രങ്ങളുണ്ട്; അതിന്റെ വരുമാനമനുസരിച്ചാണ് അവയെ ക്ലാസിഫിക്കേഷൻ നടത്തുന്നത്. സ്പെഷ്യൽ ഗ്രേഡ്, എ-ഗ്രേഡ് ക്ഷേത്രങ്ങളിലൊക്കെ മാനേജർമാർ, സൂപ്രണ്ടുമാർ, സീനിയർ ജൂനിയർ ക്ലാർക്കുമാർ, അറ്റൻഡർമാർ എന്നിവരടങ്ങിയ അഡ്മിനിസ്ട്രേറ്റീവ് തസ്തികകളുണ്ട്. ഈ അഡ്മിനിസ്ട്രേറ്റീവ് തസ്തികകളെല്ലാം അവിടെ ട്രസ്റ്റിബോർഡുകളാണ് നിയമിച്ചുകൊണ്ടിരിക്കുന്നത്. നമ്മൾ ഈ നിയമം പാസ്സാക്കിയതുകൊണ്ടും ഇങ്ങനെയൊരു ബോർഡ് ഉണ്ടാക്കിയതുകൊണ്ടും അവിടത്തെ ട്രസ്റ്റി ബോർഡുകൾ ഈ അധികാരം വിട്ടുതരാൻ പോകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ എന്നറിയില്ല ട്രസ്റ്റിബോർഡിന്റെ അസോസിയേഷൻ ഹൈക്കോടതിയെ സമീപിച്ചു. നിങ്ങൾ ഇപ്പോൾ കൊണ്ടുവന്ന ഓർഡിനൻസുകളാണല്ലോ ബില്ലാക്കുന്നത് ആ

ഓർഡിനൻസിൽതന്നെയുള്ള വൈകല്യങ്ങൾ ഇവിടെ നേരത്തെ പറഞ്ഞിട്ടുണ്ട്. ആ ഓർഡിനൻസിനെതിരെ അവർ ഹൈക്കോടതിയിൽ പോയി വിധി സമ്പാദിച്ചു എന്നാണ് ഞാൻ മനസ്സിലാക്കിയത്. അതായത് ഒരുകാരണവശാലും പാരമ്പര്യ ട്രസ്റ്റിമാരുടെ ഈ അവകാശം ഗവൺമെന്റിന് കവർന്നെടുക്കാൻ പറ്റില്ല. എന്നുപറഞ്ഞാൽ നിങ്ങളുടെ ഈ വ്യവസ്ഥ, constitutional ആയിട്ടുതന്നെ ട്രസ്റ്റിമാർക്ക് ചില പ്രൊട്ടക്ഷൻ ഉണ്ട്. ആ പ്രശ്നം പരിഹരിക്കാതെ സാമുദായിക സംഘടനകളുടെ താല്പര്യം വച്ച് ഒരു തട്ടിക്കൂട്ട് ബോർഡുണ്ടാക്കിയാൽ ഒരിക്കലും കോടതി അത് അംഗീകരിച്ചു തരില്ല. നമ്മുടെ ഈ നിയമനത്തെ തടഞ്ഞുകൊണ്ട് കോടതി വിധി പ്രഖ്യാപിച്ചിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടെന്നറിയാം. അതിനെക്കുറിച്ചുള്ള വിശദീകരണം എന്താണെന്നറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. ഞാൻ കൂടുതൽ വിശദമായി പറയുന്നില്ല; ഈ നിയമം കൊണ്ടുവരുന്നതിനെപ്പറ്റി ഈ സർക്കാരിന്റെ ഉദ്ദേശം എന്താണ്? മലബാർ മേഖലയുടെ കാര്യത്തിൽ എനിക്ക് പറയാൻ പറ്റും. അവിടെ നിലവിലുണ്ടായിക്കൊണ്ടിരുന്ന മുഴുവൻ ട്രസ്റ്റിമാരെയും നമുക്ക് പെട്ടെന്ന് കൈകാര്യം ചെയ്യാനോ അല്ലെങ്കിൽ ശരിയായ ഒരു സിസ്റ്റമുണ്ടാക്കാനോ സാധിക്കില്ല. കഴിഞ്ഞ ഗവൺമെന്റ് അതിന്റെ നല്ലൊരു ചുവടുവയ്പാണ് നടത്തിയത്; അതിന്റെ തുടർച്ചയായി അതിനെ

വികസിപ്പിക്കുകയാണ് വേണ്ടത്. അതിനുപകരം ഇത്തരത്തിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ആശയക്കുഴപ്പം മാത്രമല്ല ഒരുതരം അരാചകത്വവും ഉണ്ടാകുന്നു. ഇപ്പോൾത്തന്നെ ട്രസ്റ്റിബോർഡ് കോടതിയിൽ പോയി ഇങ്ങനെയൊരു വിധി വാങ്ങുമ്പോൾ നമ്മുടെ നിയമം ഇവിടെ കിടക്കും; അവർ അവർക്ക് തോന്നിയതുപോലെ നിയമനം നടത്തുകയും ചെയ്യും. അപ്പോൾ നിലവിൽ പി.എസ്.സി. വഴി പോയിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന പ്രശ്നത്തിൽ ഒരു അനുകൂല സാഹചര്യം പോലും ഉണ്ടാകുമായിരുന്നില്ല. ഇങ്ങനെയൊരു ആശയക്കുഴപ്പവും അരാചകത്വവും സൃഷ്ടിച്ച് അമ്പലം വിഴുങ്ങാൻ നടക്കുന്ന ആർ.എസ്.എസുകാർക്കും ഇവിടത്തെ സവർണ്ണ സമുദായ പ്രമാണിമാർക്കും അഴിമതി നടത്താൻ അരങ്ങൊരുക്കുകയാണ് യഥാർത്ഥത്തിൽ ഈ നിയമത്തിലൂടെ ഈ സർക്കാർ ചെയ്യുന്നത് എന്നുള്ള ശക്തമായ അഭിപ്രായമാണ് എനിക്കുള്ളത്. അവസാനദിവസം ഉച്ചയ്ക്ക് എല്ലാവരും ഭക്ഷണം കഴിക്കാൻ പോകുന്ന സമയത്ത് ബില്ല് കൊണ്ടുവന്നിട്ട് ഇത് ചുട്ടെടുക്കാൻ പോകുകയാണല്ലോ. ഇത് വലിയ കുഴപ്പമൊന്നുമില്ലാത്ത ആപത്തൊന്നും സൃഷ്ടിക്കാത്ത സാമൂഹ്യ പ്രത്യാഘാതങ്ങളൊന്നും ഉണ്ടാക്കാത്ത ഒരു ചെറിയ എന്തോ ഒരു സംഭവമാണെന്നുള്ള വ്യാജേനയാണ് മന്ത്രിമാരെല്ലാം ഇരുന്ന് ഒപ്പിച്ചെടുക്കാൻ പോകുന്നത്. ഇത് വലിയ സാമൂഹ്യ പ്രത്യാഘാതം

ഉണ്ടാക്കുന്നതാണ്. ഈ നിയമം സമുദായ സംഘടനകളുടെ താല്പര്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് വരുന്നത് അതും സവർണ്ണ സമുദായ സംഘടനകൾ, ആർ.എസ്.എസ്. എന്നിവർ ഉൾപ്പെടെയുള്ളവർക്ക് അരങ്ങ് ഒരുക്കാനുള്ള സമീപനം ഇതിനകത്തുണ്ട്. ഈ നിയമത്തിലൂടെ വലിയൊരു അപമാനം നമുക്കുണ്ടാക്കുകയാണ്. നമ്മൾ അഭിമാനിക്കുന്ന ക്ഷേത്ര പ്രവേശന പ്രക്ഷോഭങ്ങളുടെയും കേരളത്തിന്റെ നവോത്ഥാന പോരാട്ടങ്ങളുടെയും പാരമ്പര്യത്തെ കടപുഴക്കി കടലിൽ എറിയുന്ന നിയമമാണ്, ബില്ലാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്; കോൺഗ്രസ്സ് അവരുടെ സ്വന്തം പാരമ്പര്യത്തെ മറക്കുകയാണ്. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ, അദ്ദേഹം രാഷ്ട്രീയമായ തീരുമാനം നടപ്പിലാക്കുകയാണ്, ഞാൻ വ്യക്തിപരമായിട്ടല്ല പറയുന്നത്. ആ രാഷ്ട്രീയപരമായിട്ടുള്ള തീരുമാനത്തിൽ കോൺഗ്രസ്സിന് ദേശീയ പ്രസ്ഥാനത്തിന്റെ പാരമ്പര്യമുണ്ട്. ആ പാരമ്പര്യത്തെ ചുരുട്ടിക്കൂട്ടി കുഴിയിലിടുകയാണ് ഇതിലൂടെ നിങ്ങൾ ചെയ്യുന്നത്. നമ്മുടെ ക്ഷേത്രവും പരിസരവും അതിന്റെ നടത്തിപ്പുമെല്ലാം ഇവിടത്തെ സവർണ്ണ പ്രമാണിമാരുടെ കൈയ്യിലായിരുന്നു. ഇവിടെ സാധാരണ മനുഷ്യന്, അവർണ്ണന്, പ്രവേശനം നിഷേധിച്ചിരുന്നതിനെതിരെ സമരം നടത്തിയതിൽ ഇവിടത്തെ ദേശീയ പ്രസ്ഥാനത്തിന്റെ പാരമ്പര്യമുള്ള കോൺഗ്രസ്സ്

അതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയുൾപ്പെടെയുള്ളവരാണ് വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം കൊടുത്തത്. കമ്മ്യൂണിസ്റ്റുകാർ നേതൃത്വം കൊടുത്തതായിരുന്നു പാലിയം സത്യാഗ്രഹം. കോൺഗ്രസ്സ് നേതാക്കളും പിന്നീട് സോഷ്യലിസ്റ്റ് പാർട്ടിയുടെ ഭാഗമായിരുന്ന സഖാക്കളുമായ കൃഷ്ണപിള്ളയും, കേളപ്പജിയും, എ.കെ.ജി.-യുമെല്ലാം ഗുരുവായൂർ സത്യാഗ്രഹം നയിച്ചത് അവർ പിന്നീട് കമ്മ്യൂണിസ്റ്റുകാർ ആയതുകൊണ്ടാണ്. ആ പാരമ്പര്യത്തെ മുഴുവൻ കുഴിവെട്ടി ചുരുട്ടിക്കൂട്ടി അതിനകത്ത് ഇടുകയാണ് ഈ നിയമത്തിലൂടെ നിങ്ങൾ ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രിയും ഈ ബില്ലിന് അനുകൂലമായി കയ്യുയർത്താനായിരിക്കുന്ന ഭരണകക്ഷി അംഗങ്ങളും ആർ.എസ്.എസ്-നും സവർണ്ണ വർഗ്ഗീയ വാദികൾക്കും അനുകൂലമായി അവർക്ക് പ്രയോജനം ചെയ്യുന്ന നിലയിൽ ഇങ്ങനെ ഒരു ബില്ല് കൊണ്ടുവന്ന് നമ്മുടെ ക്ഷേത്രങ്ങളുടെ നടത്തിപ്പുകാര്യത്തിലൊക്കെ ഇടപെടാനുള്ള അവസരമുണ്ടാക്കിക്കൊടുത്താൽ എന്ത് സംഭവിക്കുമെന്ന് മനസ്സിലാക്കേണ്ട തുണ്ട്. മതേതര ഇന്ത്യയ്ക്ക് പാരമ്പര്യമായ ക്ഷേത്രങ്ങളും അതിന്റെ ആചാരങ്ങളുമൊക്കെയായി ബന്ധപ്പെട്ടുകൊണ്ട് ഉദാത്തമായതും അഭിമാനപൂർവ്വം ഓർമ്മിക്കാവുന്നതുമായ ഒരുപാട് മാതൃകകളുണ്ടായിരുന്നു. ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായിട്ടുള്ളതും വലുതും വിഖ്യാതമായിട്ടുള്ളതുമായ ഹൈന്ദവ ക്ഷേത്രം കാശി വിശ്വനാഥക്ഷേത്രമാണ്. ആ

ക്ഷേത്രത്തെക്കുറിച്ച് എത്രയോ തലമുറകളായിട്ടുള്ള ഒരു വിശ്വാസമുണ്ട്. അതായത് അവിടത്തെ പ്രശസ്തമായ ഒരു മുസ്ലീം കുടുംബത്തിലെ അംഗങ്ങൾ പാരമ്പര്യമായി സംഗീതജ്ഞൻമാരാണ്. അവിടത്തെ സംഗീത വിദ്വാൻമാർ ചെന്ന് സംഗീതോപാസന നടത്തിയാൽ മാത്രമേ വിശ്വനാഥൻ എന്ന ദൈവം പ്രീതിപ്പെടുകയുള്ളൂ എന്നാണ് വിശ്വാസം. ഷെഹനായ് വായിച്ച് ഇന്ത്യൻ സംഗീതത്തിന്റെ യശസ്സ് ലോകാന്തരങ്ങളിലേയ്ക്ക് എത്തിച്ച മഹാപ്രതിഭയായ ഉസ്താദ് ബിസ്മില്ലാഖാന്റെ കുടുംബമാണത്. ഷെഹനായ് എന്നതിലെ 'ഷെഹ്' എന്നത് മുളംതണ്ടുകൊണ്ട് വികസിപ്പിച്ചെടുത്ത ഒരു സംഗീത ഉപകരണവും 'നായ്' എന്നാൽ നാദവുമാണ്. അങ്ങനെ മുളം തണ്ടുകൊണ്ട് വികസിപ്പിച്ച സംഗീതോപകരണവുമായി ലോകത്തിന്റെ പല കോണുകളിലും പോയി കച്ചേരി നടത്തുകയും നാടിന്റെ, സംഗീതത്തിന്റെ യശസ്സ് ലോകാന്തരങ്ങളിലേക്ക് എത്തിക്കുകയും ചെയ്ത ബിസ്മില്ലാഖാൻ ഇന്ത്യയിലേക്ക് മടങ്ങിയെത്തുന്ന സന്ദർഭത്തിൽ സമയം കിട്ടുമ്പോഴെല്ലാം കാശി വിശ്വനാഥക്ഷേത്രത്തിൽ പോയി ദൈവത്തിന്റെ പ്രീതിക്കുവേണ്ടി ഷെഹനായ് വായിക്കും. അദ്ദേഹത്തിന്റെ പിതാവും പിതാവിന്റെ പിതാവുമെല്ലാം തലമുറകളായി ഇത് ചെയ്തുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ദേവസ്വം നിയമത്തിന്റെ കാര്യത്തിൽ കേൾക്കുന്ന

ഏറ്റവും വ്യത്യാസപ്പെട്ടതും പ്രധാനമായതുമായ ഒരു പ്രസംഗമാണ് ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. വളരെ അടിസ്ഥാനപരവും പ്രായോഗികവുമായ ഒന്നുരണ്ട് കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ നിയമനോദ്ദേശകാരണങ്ങളിൽ പറയുന്നത് ആത്മാർത്ഥതയുടെ തരിമ്പുപോലുമില്ലാത്തതാണ്. അത് പുന:പരിശോധിക്കണം. തിരുവിതാംകൂർ-കൊച്ചി ദേവസ്വങ്ങളിലെ അഴിമതികളെപ്പറ്റി അന്വേഷിച്ചപ്പോൾ ജസ്റ്റിസ് പരിപൂർണ്ണൻ പറഞ്ഞത് അത് ഏകീകൃത ബോർഡാണെന്നാണ്. അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് നിയമിച്ച രാമൻ നായർ ബോർഡിനെപ്പറ്റിയും ഗവൺമെന്റിനെപ്പറ്റിയും പറഞ്ഞ പരാമർശങ്ങൾ ഈ സഭയിൽ വയ്ക്കാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ വെല്ലുവിളിക്കുകയാണ്. അതിനുശേഷം ജസ്റ്റിസ് പരിപൂർണ്ണനെ നിങ്ങൾ കൂടെ നിർത്തുക. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. റിപ്പോർട്ട് വന്നിട്ടും ആ ബോർഡിനെ യു.ഡി.എഫ്. സർക്കാർ പിരിച്ചു വിട്ടില്ല. പിരിച്ചുവിട്ടത് എൽ.ഡി.എഫ്. സർക്കാരാണ്. അങ്ങനെയാണ് പുതിയ നിയമം വന്നത്. ആ നിയമം കവനന്റുണ്ട് എന്നെക്കെപ്പറഞ്ഞ് ബഹളമുണ്ടാക്കി. കവനന്റ് പ്രശ്നം ഇല്ലെങ്കിലും ഞങ്ങൾ ഇന്ത്യൻ പ്രസിഡന്റിന് അയച്ച് നിയമം പാസാക്കി. ആ നിയമത്തിൽ പി.എസ്.സി. ഉണ്ട്.

ഇന്ത്യൻ പ്രസിഡന്റ് ഒപ്പിട്ട നിയമത്തിനകത്ത് അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റ് മാത്രം, അന്ന് ഇത് വിശദീകരിച്ചതുകൊണ്ട് ഞാൻ പറയുന്നില്ല. കഴിഞ്ഞ സഭയിൽ ഉണ്ടായിരുന്ന ഒരുപാട് പേർ ഇന്ന് ഇവിടെയുണ്ട്. അത് പ്രസിഡന്റ് ഒപ്പിട്ടു തന്നു. അതിനുശേഷം 2008 മാർച്ച് 18-ന് പി.എസ്.സി.-ക്ക് അഡീഷണൽ ഫങ്ഷൻ കൊടുക്കുന്ന കോൺസ്റ്റിറ്റ്യൂഷന്റെ ആർട്ടിക്കിൾ 321 പ്രകാരം ഇവിടെ കൊണ്ടുവന്ന നിയമമാണ് പിച്ചിച്ചീന്തുന്നത്. അതിന് ജസ്റ്റിസ് പരിപൂർണ്ണന്റെ കാര്യം പറയേണ്ട. ഞാൻ ഈ സഭയിൽ ഒരു കാര്യം വെളിപ്പെടുത്തുകയാണ്. അന്ന് ഇത് അവതരിപ്പിക്കുമ്പോൾ ഞാനിത് വെളിപ്പെടുത്തിയിട്ടില്ല. ബഹുമാനപ്പെട്ട ജസ്റ്റിസ് പരിപൂർണ്ണനുമായി ചർച്ച ചെയ്താണ് അന്ന് ഞാൻ ഈ നിയമം കൊണ്ടുവന്നത്. ഞാൻ സി.പി.ഐ. നേതാവായ ശ്രീ. രാധാകൃഷ്ണനുമായി ഏഴ് പ്രാവശ്യമാണ് കൊച്ചിയിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽ പോയത്. ധൈര്യമായി മുന്നോട്ട് പൊയ്ക്കോളൂ എന്നുപറഞ്ഞ് എല്ലാ മാസത്തിലും അദ്ദേഹം വിളിച്ച് ആശംസകൾ പറയുമായിരുന്നു, ജസ്റ്റിസ് കൃഷ്ണയ്യരും പറഞ്ഞിരുന്നു. ജസ്റ്റിസ് പരിപൂർണ്ണനോട് നീതിപുലർത്തുന്നത് ഞങ്ങളാണ്. ഞാൻ അങ്ങയുടെ പരിഗണനയ്ക്കായി ഒരു കാര്യം പറയുകയാണ്. ഞാൻ പ്രസംഗിക്കുന്നില്ല. ബോർഡ് എന്ന് പറയുന്നത് കമ്മീഷനുമായി വ്യത്യാസമുണ്ടെന്നാണ് പുതിയ കണ്ടുപിടിത്തം. നിങ്ങൾ

ഇത്രമാത്രം തരം താഴേണ്ട കാര്യമുണ്ടോ? ഇവിടെ പറഞ്ഞതുപോലെ സവർണ്ണ മേധാവികൾക്കുവേണ്ടി നിങ്ങളൊരു നിയമം കൊണ്ടുവരുന്നത് പരസ്യമായി പറയാനുള്ള അന്തസ്സ കാണിക്കണ്ടേ? എസ്.എൻ.ഡി.പി. ഈ നിയമത്തെ എതിർത്തു. ഇപ്പോൾ ശ്രീ. വെള്ളാപ്പള്ളി നടേശൻ എതിർക്കുമോ എന്ന് എനിക്കറിയില്ല. ധീവര സഭയും പുലയർ മഹാ സഭയടക്കമുള്ള സകല എസ്.സി/എസ്.റ്റി. സംഘടനകളും നിങ്ങളുടെ പുതിയ നിയമത്തെ എതിർത്തു. നാടാൻമാർ എതിർത്തതിനു കാരണം ഈ നിയമം നടപ്പിലാവുകയാണെങ്കിൽ അവർക്ക് അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റിൽ കുറച്ച് സംവരണം കിട്ടും. നിങ്ങൾ കച്ചവടമല്ലേ നടത്തുന്നത്? നിങ്ങൾ വയ്ക്കുന്ന ബോർഡിൽ പുതിയ രാമൻ നായർമാർ വരും. പരിപൂർണ്ണൻ കമ്മീഷൻ അല്ല, അപ്പോൾ തീർച്ചയായും യാതൊരു നീതീകരണവും ഇല്ലെന്നുള്ളതാണ്. പി.എസ്.സി. ഉന്നതമായ റിക്രൂട്ട്മെന്റ് ബോർഡാണ്. (The Highest Constitution Recruitment Board of the Nation). ഞാൻ വെല്ലുവിളിക്കുകയാണ്. അങ്ങും ഞാനും നിയമം പഠിച്ചിട്ടുണ്ട്. ഇവിടെ നിയമം പഠിച്ചവരും പഠിക്കാത്തവരുമുണ്ട്. നിയമം പഠിക്കണമെന്നൊന്നുമില്ല. ബോർഡ്, കമ്മിറ്റി, കൗൺസിൽ, കമ്മീഷൻ ഇതെല്ലാം ഒന്നുതന്നെയല്ലേ. അംഗങ്ങളുടെ കൂട്ടായ്മ എന്നല്ലേ ഇതിനർത്ഥം. പണ്ട് കോൺഗ്രസ്സുകാർ ഞങ്ങളെ കളിയാക്കുമായിരുന്നു.

നിങ്ങളും കോൺഗ്രസ്സാ, ഞങ്ങൾ പാർട്ടി കോൺഗ്രസ്സ് കൂടുമെന്ന്. കോൺഗ്രസ്സ് സമ്മേളനം ഒന്നല്ലേയുള്ളൂ. അതുകൊണ്ട് കോൺഗ്രസ്സും കമ്മ്യൂണിസ്റ്റും ഒന്നാകുമോ? അതുകൊണ്ട് ബഹുമാനപ്പെട്ട അറിവുള്ള മന്ത്രി അതിനു കൂട്ടുനിൽക്കരുത്. പണ്ട് സമുദായ പ്രമാണിമാർക്ക് അമ്പലങ്ങൾ എഴുതിക്കൊടുത്തു. ഞങ്ങളത് തിരിച്ചെടുത്തു. നിങ്ങൾ ആ വഴിക്ക് പോയിരുന്നെങ്കിൽ പത്ത് വോട്ട് കൂടുതൽ കിട്ടുമായിരുന്നു. ഇതുകൊണ്ട് ഒരു വോട്ട് കിട്ടുകയില്ലെന്ന് മാത്രമല്ല, വലിയ പ്രത്യാഖ്യാതവുമുണ്ടാകും. മുസ്ലീമിനെയും ക്രിസ്ത്യാനിയെയുമെല്ലാം ഹിന്ദു ക്ഷേത്രങ്ങളിലേയ്ക്കെടുക്കാൻ പോകുന്നുവെന്ന് ബി.ജെ.പി-യും സവർണ്ണ വർഗ്ഗീയവാദികളും പ്രചരിപ്പിച്ചു. ആരെങ്കിലും വിചാരിച്ചാൽ ക്രിസ്ത്യാനിയേയോ മുസ്ലീമിനേയോ ഹിന്ദു അമ്പലത്തിൽ നിയമിക്കാൻ സാധിക്കുമോ? അങ്ങോട്ടു കൊടുക്കാമെന്നല്ലാതെ പത്തു പൈസ പോലും അവിടെനിന്നും എടുക്കുവാൻ കഴിയില്ല. ഇതൊന്നും തർക്ക വിഷയമല്ല. ബി.ജെ.പി.-ക്കാർ എന്തെങ്കിലും പറഞ്ഞാൽ... ആരാണ് ഈ ബി.ജെ.പി.? കേന്ദ്രത്തിൽ ശ്രീ. നരേന്ദ്രമോദി വന്നുവെന്ന് പറഞ്ഞ് നമ്മളെന്തിനാണ് ബഹളം കൂട്ടുന്നത്? ശ്രീ. ഒ. രാജഗോപാലിനു തിരുവനന്തപുരത്ത് 34000 വോട്ട് കിട്ടിയതുകൊണ്ട് കാര്യമുണ്ടോ? നമ്മുടെ നാട്ടിൽ ബി.ജെ.പി.-ക്ക് ഏകദേശം 6000 വോട്ട് മാത്രമേ ലഭിക്കുകയുള്ളൂ. ബി.ജെ.പി.-ക്കാരുടെ വീട്ടിലെ സ്ത്രീകൾ വർഗ്ഗീയ

വാദികളല്ല. അവർ ഞങ്ങൾക്കാണ് വോട്ട് ചെയ്തത്. അതുകൊണ്ട് ബി.ജെ.പി. എന്നുപറഞ്ഞ് ഞങ്ങളെ പേടിപ്പിക്കരുത്. ബഹുമാനപ്പെട്ട നമ്മുടെ പ്രാസംഗികനോട് ഞാൻ പറയുകയാണ്, 2007-ൽ ബോർഡ് പിരിച്ച് വിട്ട് പുതിയ ബോർഡ് കൊണ്ടുവന്നു. 2008-ൽ പി.എസ്.സി-ക്ക് വിട്ടു, 2009 ജനുവരി 12-ന് റൂൾസ് ഉണ്ടാക്കിക്കൊടുത്തു. എസ്.ആർ.ഒ. എന്റെ കയ്യിലുണ്ട്. ആ റൂൾസ് പി.എസ്.സി. അംഗീകരിച്ചതിനുശേഷം നിയമനം നടത്താൻ തുടങ്ങിയപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് നിയമനം നിർത്തിവയ്ക്കാൻ പറഞ്ഞു. പി.എസ്.സി. ചെയർമാൻ ശ്രീ. രാധാകൃഷ്ണൻ അതിനെ എതിർത്തു. എന്തെല്ലാം രാഷ്ട്രീയ വ്യത്യാസങ്ങളുണ്ടെങ്കിലും അദ്ദേഹമതിനെ എതിർത്ത് നിയമനം നടത്താനൊരുങ്ങി. അപ്പോൾ ഒരു ഓർഡിനൻസ് കൊണ്ടുവന്ന് എല്ലാം ഇല്ലാതാക്കി നിയമം സ്ഥിരീകരിക്കുകയാണ്. ഏതെങ്കിലും സമുദായ പ്രമാണിമാരുടെ കുംഭ വീർപ്പിക്കാൻ നിങ്ങൾ വേണമെങ്കിൽ അത് ചെയ്തോളൂ. പക്ഷേ ഇവിടെ ഇനിയും ജനാധിപത്യം വരും. ഇവിടെ ബഹുമാന്യരായ വി. എസ്. അച്ചുതാനന്ദനോ സുധാകരനോ ബാലനോ കോടിയേരി ബാലകൃഷ്ണനോ അല്ലെങ്കിൽ ഞങ്ങളുടെ കൂട്ടത്തിൽ ആരെങ്കിലുമൊക്കെയുള്ള ഒരു ഗവൺമെന്റ് വരും. അപ്പോൾ ഞങ്ങൾ ഈ നിയമം വലിച്ചുകീറി തോട്ടിൽ കളഞ്ഞ് പുതിയ നിയമം കൊണ്ടുവരും. പി.എസ്.സി. തന്നെ അഡ്മിനിസ്ട്രേറ്റീവ്

പോസ്റ്റുകളിൽ ഇവിടെ നിയമനം നടത്തും. ബഹുമാനപ്പെട്ട അങ്ങയുടെ പ്രസംഗം വളരെ ആധികാരികമായതുകൊണ്ടും എനിക്ക് അതിനെക്കുറച്ച് ചില വസ്തുതകൾ അറിയാവുന്നതുകൊണ്ടും ഞാൻ അങ്ങയോട് പറഞ്ഞുവെന്നേയുള്ളൂ. അതുകൂടി പരിഗണിച്ച് പ്രസംഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, ഞാൻ നേരത്തെ പരാമർശിച്ച നിയമം കൊണ്ടുവന്ന ആളാണ് ശ്രീ. ജി. സുധാകരൻ. അതുകൊണ്ടാണ് അദ്ദേഹം ആധികാരികമായി കുറച്ച് വിശദാംശങ്ങൾ പറഞ്ഞത്. അങ്ങ് ഇപ്പോൾ പറഞ്ഞ വികാരങ്ങളൊക്കെ മനസ്സിൽ വച്ചുകൊണ്ട് ഈ നിയമം കൊണ്ടുവരുന്നതിന്റെ സദുദ്ദേശ്യത്തെ ചോദ്യം ചെയ്തുകൊണ്ടാണ് ഞാൻ തുടങ്ങിയത്. ആർ.എസ്.എസ്.-ഉം ഇപ്പോൾ ക്ഷേത്രം കയ്യടക്കാനിരിക്കുന്ന ഹിന്ദു ഐക്യവേദിയുമുൾപ്പെടെയുള്ള സവർണ്ണ സാമുദായിക സംഘടനകൾക്ക് അഴിമതിയും അധിനിവേശവും നടത്താൻ കളമൊരുക്കുന്ന നിയമമാണിതെന്ന് ശക്തമായി പറഞ്ഞുകൊണ്ടു തന്നെയാണ് ഞാൻ ഇതിനെ എതിർത്തത്.

<u>ശ്രീ. പാലോട് രവി:</u> സർ, ശ്രീ. ജി. സുധാകരൻ ചോദിച്ച ചോദ്യം ഞങ്ങളെല്ലാം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ദേവസ്വം മന്ത്രിയെന്നുള്ള നിലയിൽ ശ്രീ. ജി. സുധാകരൻ ചെയ്ത പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമായിരുന്നു. ആരും

കടക്കാൻ ശ്രമിക്കാത്ത മേഖലകളിൽ അദ്ദേഹം കടക്കുകയും ഒരു നല്ല പാത വെട്ടിത്തുറക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടത്തുകയും ചെയ്തു. പക്ഷേ കേരള സമൂഹം ഇന്നും വിശ്വസിക്കുന്നത് അങ്ങ് അല്ലെങ്കിൽ ബഹുമാന്യനായ ജി. സുധാകരൻ തിരുത്തണം. വളരെ നല്ലൊരു പാത സ്വീകരിച്ച് മുമ്പോട്ടു പോയ ശ്രീ. ജി. സുധാകരനെ ദേവസ്വം മന്ത്രി സ്ഥാനത്തു നിന്നും മാറ്റി ഏതു മേധാവിത്വത്തോടാണ് എൽ.ഡി.എഫ്. കോംപ്രമൈസ് ചെയ്തത്; എന്തിനാണ് ശ്രീ. ജി. സുധാകരനെ ദേവസ്വം വകുപ്പുമന്ത്രി സ്ഥാനത്തുനിന്ന് മാറ്റിയത്; മറ്റൊരു മന്ത്രിയുടെയും വകുപ്പ് മാറ്റിയില്ല. ശ്രീ. ജി. സുധാകരനെ ദേവസ്വം വകുപ്പുമന്ത്രി സ്ഥാനത്ത് നിന്ന് മാറ്റാനുള്ള ചേതോവികാരമെന്തായിരുന്നു? നിങ്ങളിൽ നിന്ന് ഉത്തരം കിട്ടാനായി കേരളം ആഗ്രഹിക്കുന്നൊരു കാര്യമാണിത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അദ്ദേഹം മന്ത്രിയായിത്തന്നെ തുടർന്നു. മുന്നണി രാഷ്ട്രീയത്തിന്റെ ഭാഗമായി ദേവസ്വം വകുപ്പ് മറ്റൊരാൾ ഏറ്റെടുത്തു. പക്ഷേ അദ്ദേഹം കൊണ്ടുവന്ന ആ നിയമം അവിടെത്തന്നെ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട പാലോട് രവി, ആത്മാർത്ഥയുടെ ഒരു കണിക മനസ്സിൽ വച്ചുകൊണ്ടാണ് അങ്ങ് പറഞ്ഞതെങ്കിൽ ശ്രീ. ജി. സുധാകരൻ വെട്ടിത്തുറന്ന ശരിയായ പാതയിലൂടെ പോകാൻ അങ്ങയുടെ പാർട്ടിയെ ഉപദേശിക്കുകയല്ലേ വേണ്ടത്; എന്തിന്റെ

അടിസ്ഥാനത്തിലാണ് വഴിപിഴച്ച പാതയിലൂടെ പോകാൻ അങ്ങയുടെ സഹപ്രവർത്തകനായ ശ്രീ. വി. എസ്. ശിവകുമാറിന് പിന്തുണ കൊടുക്കുന്നത്?

ശ്രീ. പാലോട് രവി: സർ, ഈ ബില്ല് സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോൾ അതിൽ അങ്ങും ഞാനുമൊക്കെയുണ്ടായിരുന്നല്ലോ, ഓരോ കാര്യങ്ങളിലും എന്ത് കൺസെൻസസ് ആയിരുന്നു ഉണ്ടായിരുന്നത്. ഏതെങ്കിലും കാര്യത്തിൽ അഭിപ്രായ വ്യത്യാസം ഉണ്ടായോ; ഇത്രയുമൊരു കൺസെൻസസ് ഉണ്ടാക്കിയേ ഈ ബിൽ വരാവൂ എന്നുപറഞ്ഞ് ഏകകണ്ഠമായി ആ സബ്ജക്ട് കമ്മിറ്റിയിൽ അഭിപ്രായം രേഖപ്പെടുത്തിയവരല്ലേ ഞങ്ങളൊക്കെ? അങ്ങേയ്ക്ക് അറിയാമല്ലോ.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട ചെയർ ഇത് ശ്രദ്ധിക്കണം. സാധാരണ ഗതിയിൽ സബ്ജക്ട് കമ്മിറ്റിയിലെ കാര്യങ്ങൾ നമ്മളിവിടെ ചർച്ച ചെയ്യാറില്ല. അത് ചർച്ച ചെയ്താൽ പോലും, ഞങ്ങൾ വളരെ ശക്തമായി എതിർത്തു, ഇവർ കൊണ്ടുവന്ന ഓർഡിനൻസ് ഉണ്ടല്ലോ അത് മിനുട്സ് ചെയ്യാനും പറഞ്ഞിട്ടുണ്ട്. കൊണ്ടുവന്ന ഓർഡിനൻസിന്റെ വ്യവസ്ഥയ്ക്ക് വ്യത്യസ്തമായി അഞ്ചുപേർ ഇതിന്റെ ബോർഡ് അംഗങ്ങൾ, ആ ബോർഡിൽ തന്നെ ഒരു വനിതയും, എസ്.സി./എസ്.ടി.- യ്ക്ക് പ്രത്യേകം പ്രത്യേകം ആളുകൾ വേണമെന്ന് പറഞ്ഞ് അതിനെ രണ്ടും കൂടെ ഒന്നിപ്പിച്ച് അങ്ങനെ എടുത്ത നിലപാടിനെ ഉൾപ്പെടെ

ഞങ്ങൾ എതിർത്തു. അതുപോലെ സംവരണങ്ങൾ ഒഴിവാക്കുന്നതിനെ എതിർത്തു. ഈ നിയമം തന്നെ പി.എസ്.സി.-ക്ക് വിട്ടതാണ്. ഇതെല്ലാം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ മിനട്സ് സമർപ്പിക്കാൻ ബഹുമാനപ്പെട്ട ചെയർ ആവശ്യപ്പെടണം. അങ്ങയെപ്പോലുള്ളവർ ഇങ്ങനെ തെറ്റായിട്ട് പറയാൻ പാടില്ല. ഞങ്ങൾ അതിശക്തമായ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി. നിങ്ങൾ ഭരണ കക്ഷിയുടെ ഭൂരിപക്ഷവും മേധാവിത്വവും വച്ചുകൊണ്ട് ഇതിനെ നിയമമാക്കി കൊണ്ടുവരികയാണ്. സാധാരണ ഗതിയിൽ സബ്ജക്ട് കമ്മിറ്റിയിൽ ഇങ്ങനെ കൺസെൻസസ് ഉണ്ടായിക്കഴിഞ്ഞാൽ നമ്മൾ ഇവിടെയിങ്ങനെ വർത്തമാനം പറയില്ല. ഞങ്ങൾ എത്ര നിയമത്തിന്റെ ചർച്ചയിൽ പങ്കെടുക്കുന്നതാണ്. ശക്തമായിട്ടുള്ള വിയോജിപ്പ് അവിടെ പറഞ്ഞ് ഫലമില്ലാത്തതുകൊണ്ടാണ് ഇവിടെ അതുസംബന്ധിച്ച് എതിർക്കുന്നത്. ശ്രീ. ജി. സുധാകരൻ വെട്ടിത്തുറന്ന ശരിയായ പാതയെക്കുറിച്ച് അങ്ങ് വളരെ ഭംഗിയായി വർണ്ണിച്ചു. ആ ശരിയായ പാതയുടെ തുടർച്ചയിലല്ലേ പോകേണ്ടത്; കോൺഗ്രസ് തെറ്റായ പാതയിൽ മാത്രം പോകുന്നതാണെന്നാണോ അങ്ങയുടെ അഭിപ്രായം; അപ്പോൾ എന്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോടത് പറയുന്നില്ല; എന്തിനുവേണ്ടിയാണ് പി.എസ്.സി. നിയമനം എന്നു പറഞ്ഞ ആ പ്രോസസ് വളരെയധികം മുമ്പോട്ടു പോയത്;

അവസാനം നിയമനം നടക്കാൻ പോകുന്ന സമയത്ത് നിങ്ങളത് അട്ടിമറിക്കുന്നത്? ഞാൻ വീണ്ടും പറയട്ടെ, നേരത്തെ പറഞ്ഞപോലെതന്നെ ഇത് ഇവിടുത്തെ വർഗ്ഗീയ സാമുദായിക സംഘടനകളുടെ ഇംഗിതത്തിന് വിധേയമായി അത് സൃഷ്ടിക്കാനിടയുള്ള പ്രത്യാഖ്യാതങ്ങളെപ്പറ്റി പറഞ്ഞപ്പോഴാണ് ഞാൻ കാശി വിശ്വനാഥ ക്ഷേത്രത്തിന്റെ കാര്യം പറഞ്ഞത്, വെറുതേ പറഞ്ഞതല്ല. അങ്ങനെയൊരു അന്തരീക്ഷമുള്ള നമ്മുടെ ഇന്ത്യയിൽ പള്ളി പൊളിച്ച് ക്ഷേത്രം പണിയുകയാണ്. ഇന്ത്യയുടെ വിമോചനത്തിന് ആവശ്യമെന്ന തത്വശാസ്ത്രം അവസരം കിട്ടിയപ്പോൾ ഈ ആളുകൾ പ്രചരിപ്പിച്ചു. കാശി വിശ്വനാഥ ക്ഷേത്രത്തിന്റെ ആ പാരമ്പര്യം നോക്കണം. ശ്രീ. കെ. എം. ഷാജി ഇപ്പോൾ കടന്നുവരുന്നതുകണ്ടു. ശ്രീ. കെ. എം. ഷാജി അന്നിവിടെ പറഞ്ഞിട്ടുള്ള ഒരു മാനദണ്ഡമുണ്ട്. അതായത്, വിശ്വാസത്തിന്റെ പേരിലല്ലാതെ നിലവിളക്ക് കത്തിക്കുന്നത് ആവാം. വിശ്വാസത്തിന്റെ ഭാഗമായി നിലവിളക്ക് കത്തിച്ചാൽ അവൻ ഇസ്ലാമിൽ നിന്നും പുറത്തായിരിക്കും എന്നൊരു വാചകം അന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ശ്രീ. കെ. എം. ഷാജിയുടെ ആ ഒരു നോംസ് അനുസരിച്ചിട്ട് ഉസ്താദ് ബിസ്മില്ലാഖാനെ അവർ മുസ്ലീമിൽ നിന്നു പുറത്താക്കും. കാരണം, അദ്ദേഹം കാശിവിശ്വനാഥ ക്ഷേത്രത്തിലെ വിശ്വനാഥനെന്ന ദൈവത്തിന്റെ

പ്രീതിക്കുവേണ്ടിയാണല്ലോ ഷെഹനായി വായിച്ചുകൊണ്ടിരുന്നത്. അങ്ങനെയുള്ള വ്യഖ്യാനങ്ങൾ വേറൊരു ഭാഗത്ത് നടക്കുന്നുണ്ട്. ഇന്ത്യാ മഹാരാജ്യം, കാശി വിശ്വനാഥ ക്ഷേത്രത്തിന്റെ പൈതൃകമോ പാരമ്പര്യമോ അല്ലെങ്കിൽ അവിടെത്തെ വിശ്വാസികളുടെ മനോഭാവമുണ്ടല്ലോ, അതെല്ലാം പൂത്തുലഞ്ഞു നിന്ന ഒരു നാടാണ് ഇന്ത്യ. അവിടെയാണ് ഒരു പള്ളി തകർത്ത് ക്ഷേത്രം പണിതാലേ ഇവിടെ ഹിന്ദുവിന് വിമോചനം ഉണ്ടാകൂ എന്ന ആശയം അതിശക്തമായിട്ട് അവസരം കിട്ടിയപ്പോൾ ആർ.എസ്.എസ്.കാർ പ്രചരിപ്പിച്ചത്. ആർ.എസ്.എസ്.-ന്റെയും സമുദായ പ്രമാണിമാരുടെയും കയ്യിലേയ്ക്ക് കേരളത്തിലെ മലബാറിലെ ക്ഷേത്രങ്ങളെ എറിഞ്ഞു കൊടുക്കുന്ന നിയമമാണിത് എന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ ശക്തമായിട്ട് എതിർക്കുന്നത്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ബഹുമാനപ്പെട്ട അംഗം വളരെ മനോഹരമായിട്ടാണ് ഇവിടെ കാര്യങ്ങൾ അവതരിപ്പിക്കുന്നത്. അങ്ങ് കാശി ക്ഷേത്രത്തിലേക്കും ബിസ്മില്ലാഖാന്റെ നാദസ്വരത്തിലേക്കും പോകുന്നതിനപ്പുറം കേരളത്തിൽ തന്നെ ഇങ്ങനെ വലിയ സാംസ്കാരിക പൈതൃകങ്ങളുണ്ട് എന്നങ്ങയെ ബോധ്യപ്പെടുത്താനാണ് ഞാനിത് പറയുന്നത്. എന്റെ നിയോജക മണ്ഡലമായ താനൂരിലെ വളരെ പ്രസിദ്ധമായ ക്ഷേത്രമാണ് താനൂർ ശോഭക്ഷേത്രം. ആ

ക്ഷേത്രത്തിലെ 'ആവാൻ' എന്നറിയപ്പെടുന്ന പൂജാരി, തന്റെ സ്ഥാനമേറ്റെടുക്കുന്ന സമയത്ത് അവിടുത്തെ പ്രസിദ്ധമായ മുസ്ലീം കുടുംബമായ പഴയകത്ത് കുടുംബത്തിൽ പോയി ഉടവാളുവാങ്ങിയാണ് സ്ഥാനമേറ്റെടുക്കാൻ ക്ഷേത്രത്തിലേയ്ക്ക് വരുന്നത് എന്ന വളരെ മനോഹരമായൊരു പാരമ്പര്യം കേരളത്തിൽ തന്നെയുണ്ട്. അങ്ങനെ ഒരുപാട് പാരമ്പര്യങ്ങൾ നമ്മുടെ കേരളത്തിൽ കാണാൻ കഴിയും. ആ പാരമ്പര്യം നിലനിർത്തുന്നതിനനുസൃതമായ ഇടപെടലുകളും പ്രവർത്തനങ്ങളുമായിരിക്കണം അങ്ങയെപ്പോലുള്ള മതേതര ചിന്തയുള്ളവരിൽ നിന്നുണ്ടാകേണ്ടത്. നിങ്ങളുടെ ചെറിയ വാക്കുകൾപോലും സാമുദായിക സ്പർദ്ദയ്ക്ക് ഇടം കൊടുക്കാതിരിക്കാനുള്ള സൂഷ്മത ഓരോ പ്രസംഗത്തിലും വാചകങ്ങളിലും വേണമെന്നങ്ങയെ ഓർമ്മിപ്പിക്കുകയാണ്.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഞാനങ്ങനെ തിരുത്താൻ വേണ്ടി പറയുന്നതല്ല. വിശ്വാസമെന്ന് പറയുന്നത് ഒരാളുടെ സ്വകാര്യമായ പ്രശ്നമാണ്. അതൊരു പൊതു പ്രശ്നമായോ, സാമൂഹിക പ്രശ്നമായോ വരുമ്പോഴാണ് കുഴപ്പമുണ്ടാകുന്നത്. എന്റെ ദൈവത്തോടും ഞാൻ വിശ്വസിക്കുന്ന അള്ളാഹുവിനോടുമാണ് എന്റെ കാര്യമുള്ളത്. ദയവുചെയ്ത് അതിനെ ഉസ്താദ് ബിസ്മില്ലാഖാനിലേയ്ക്കും മറ്റും കൊണ്ടുപോകരുത്. അങ്ങനെയൊരു തർക്കത്തിന് യാതൊരു താല്പര്യമുള്ള കാര്യമല്ല ഞാൻ പറഞ്ഞത്.

കാരണം, ഒരുപാട് ആശയ രീതികളുണ്ട്. ദയവുചെയ്ത് എന്നെ അതിൽവച്ച് കണക്ട് ചെയ്യരുത്. എന്റെ വിശ്വാസം എന്റെ ദൈവവുമായിട്ടുള്ള കാര്യമാണ്. അങ്ങനെ കാണാവൂ. ഞാൻ ശ്രീ. എ. പ്രദീപ് കുമാറിനെപ്പോലുള്ള ഒരാളായതുകൊണ്ടാണ് പറയുന്നത്. അങ്ങനെയേ കാണാവൂ. ദയവുചെയ്ത് അതിനെ നിങ്ങൾ വിശാലമായ അർത്ഥത്തിലേയ്ക്ക് കൊണ്ടുപോകരുത്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ആരാധനാ രീതിയിൽ വളരെയേറെ വൈചാത്യമുണ്ട്. എന്റെ നാട്ടിലൊരു അഹമ്മദിക്ക ഉണ്ട്. പ്രായമായ ഒരു മുസ്ലീം കാരണവരാണ്. അദ്ദേഹം എല്ലാ ദിവസവും വൈകുന്നേരം വിളക്ക് വയ്ക്കുന്ന ആളാണ്. അദ്ദേഹം അഞ്ച് നേരം നിസ്കരിക്കുന്ന ആളാണ്. മുസ്ലീങ്ങളുടെ ഇടയിലും ഒട്ടേറെ വൈചാത്യങ്ങൾ നിലനിൽക്കുന്നുണ്ട് എന്ന കാര്യം കൂടി മനസ്സിലാക്കേണ്ടതാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, ഇവിടെ വിശ്വാസങ്ങളിലും ദൈവങ്ങളിലുമൊക്കെ ഒരുപാട് വൈവിദ്ധ്യങ്ങൾ, പ്രത്യേകിച്ച് ഹിന്ദുമതത്തിനകത്തുണ്ട്. ശ്രീ. റ്റി. വി. രാജേഷ്, രാജസ്ഥാനിലും ബീഹാറിലും ഇവിടുത്തെ ഗുളികനും കുട്ടിച്ചാത്തനുമൊക്കെയുണ്ടോ? ഇല്ല. അവിടെ അവർക്കത് പറഞ്ഞാലറിയില്ല. നമുക്ക് ഗുളികൻ, കുട്ടിച്ചാത്തൻ എന്നുപറയുന്ന ദൈവങ്ങളൊക്കെയുണ്ട്. അങ്ങനെ ഒരുപാട് വൈവിധ്യങ്ങളും വ്യത്യസ്ഥതകളുമുണ്ട്. ബഹുമാനപ്പെട്ട അബ്ദുറഹിമാൻ

രണ്ടത്താണി, കേരളത്തിൽ ഇതുപോലുള്ള ഇടങ്ങളുണ്ടെന്ന് അറിയാത്തതുകൊണ്ടല്ല. കേരളത്തിൽ ഇന്ന് ഇതൊരു പ്രശ്നമല്ല. ശ്രീ. കെ. എം. ഷാജി പറഞ്ഞ വികാരത്തോട് ഞാൻ യോജിക്കുന്നു. ഞാൻ അതിന് മുകളിൽ മറ്റൊരു തരത്തിലേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്നില്ല. നിങ്ങളുടെ നല്ല മനസ്സിനെ കാണുന്നു. ഞാൻ പറഞ്ഞുവന്നത്, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ ആ അന്തരീക്ഷം ഈ നാട്ടിലുണ്ട്. പക്ഷേ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഉൾപ്പെടെ പിന്തുണയ്ക്കുന്ന ഈ നിയമം വന്നാൽ, ഈ സാമുദായിക ശക്തികൾ വർഗ്ഗീയവാദികൾ ഇവിടെ കയറി നിരങ്ങും. നിങ്ങളിപ്പോൾ പറഞ്ഞ അന്തരീക്ഷം പോകും. നിങ്ങൾ പറഞ്ഞ ക്ഷേത്രത്തിന്റെ നടത്തിപ്പവകാശം ട്രസ്റ്റുകളിലും ഹിന്ദു ഐക്യവേദിയും അതേപോലെതന്നെ സവർണ്ണ സമുദായ സംഘടനകളൊക്കെ വന്ന് പിടിയുറപ്പിച്ചാൽ പിന്നെ നിങ്ങൾ പറഞ്ഞ അന്തരീക്ഷമുണ്ടാകില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, നമുക്ക് അഭിമാനപൂർവ്വം എടുത്തുയർത്തി പറയാവുന്ന ഒരു അന്തരീക്ഷം കാശി വിശ്വനാഥ ക്ഷേത്രത്തിന് ഉണ്ടായിരുന്നു. അവിടെയാണ് ബാബറി മസ്ജിദ് അപ്പുറത്തുപോയി പൊളിച്ചത്. അവിടെ ക്ഷേത്രം പണിതാലേ ഈ നാടിന്, ഇവിടുത്തെ ഹിന്ദുവിന് വിമോചനമുണ്ടാകുവെന്ന ആശയം പ്രചരിപ്പിച്ച് രാഷ്ട്രീയത്തിന്റെ അധികാരത്തിലേയ്ക്ക് വരെ ഇവർ നടന്നടുത്തത്. ആ സാഹചര്യം

ഈ കേരളത്തിലും ഉണ്ടാക്കാനാണോ ഇതുപോലെ വികലവും വികൃതവുമായൊരു നിയമവുമായിട്ട് നിങ്ങൾ ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്. കോൺഗ്രസിനെ മാത്രമാണ് ഞാൻ പറയുന്നത്. ഈ വർഗ്ഗീയതയെ എതിർക്കുന്നതിന് നിങ്ങൾ എല്ലാ കാലത്തും വളരെ അവസരവാദപരമായിട്ടുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, വൈവിദ്ധ്യങ്ങളായ ആരാധനാ രീതികളെ കുറിച്ചാണ് അങ്ങ് ഇവിടെ പറഞ്ഞു കൊണ്ടിരിക്കുന്നത്. വിളക്കുകൊളുത്തുക എന്ന് പറയുമ്പോൾ ശ്രീ. കെ. എം. ഷാജിയെപോലുള്ളവർക്ക് എന്തിനാണ് പ്രയാസം ഉണ്ടാകുന്നത്? കേരളത്തിന്റെ മെക്ക എന്നറിയപ്പെടുന്ന പൊന്നാനിയിലെ പള്ളിയിൽ മത വിദ്യാഭ്യാസത്തിനുവരുന്ന കുട്ടികളുടെ ഒരു പ്രധാനപ്പെട്ട ചടങ്ങാണ് വിളക്കുകത്തിക്കൽ. എന്ത് അടിസ്ഥാനത്തിലാണ് മുസ്ലീം ലീഗുകാർ തർക്കവുമായി പോകുന്നത്? അവിടെ നിലവിളക്കു കൊളുത്തിയാൽ മാത്രമേ മത പഠനം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ആർ.എസ്.എസ്-ന്റെയും ഹിന്ദു വർഗ്ഗീയ വാദികളുടെയുമെല്ലാം ആശയം ഈ നാട്ടിൽ ശക്തിപ്പെടുത്തുന്നതിന് കോൺഗ്രസ് ഓരോ കാലത്തും സ്വീകരിച്ച അവസരവാദപരമായ നിലപാടുകളുണ്ട്. ഇവിടെ പലതരത്തിലുള്ള മുസ്ലീം തീവ്രവാദ സംഘടനകൾ നിരോധിക്കപ്പെട്ടിട്ടുണ്ട്;

നിരോധിക്കപ്പെടേണ്ടതുതന്നെയാണ്. അതോടൊപ്പം ഒരേ നുകത്തിൽ വച്ചുകെട്ടാൻ പറ്റാവുന്ന ഒരു പ്രതിഭാസമാണല്ലോ ആർ.എസ്.എസ്. (രാഷ്ട്രീയ സ്വയംസേവക് സംഘ്) എന്ന് പറയുന്ന ഹിന്ദു തീവ്രവാദ സംഘടന. നമ്മുടെ രാഷ്ട്രപിതാവിനെ വധിച്ച പ്രത്യയശാസ്ത്രത്തിന്റെ വക്താക്കളാണ് അവർ. രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വധിക്കപ്പെട്ടപ്പോൾ ആർ.എസ്.എസ്-നെ നിരോധിച്ചു. പക്ഷേ ഒന്നരവർഷം കഴിഞ്ഞപ്പോൾ കോൺഗ്രസ് ആ നിരോധനം പിൻവലിച്ചു കൊടുത്തു. ഞങ്ങൾ രാഷ്ട്രീയ പ്രവർത്തനം നടത്തില്ല, തെരഞ്ഞെടുപ്പിൽ മത്സരിക്കില്ല, എന്ന് എഴുതി വാങ്ങിയിട്ടാണ് നിരോധനം പിൻവലിച്ചു കൊടുത്തത്. അവർ രാഷ്ട്രീയപ്രവർത്തനം നടത്തി തെരഞ്ഞെടുപ്പിൽ മത്സരിച്ച് അധികാരത്തിൽ വരരുത്, അതിന്റെ ആപത്ത് ഉണ്ടാകരുത്. അതിനപ്പുറം അവരുടെ പ്രത്യയശാസ്ത്രത്തിന് നിങ്ങൾ പ്രാധാന്യം കൊടുത്തില്ല. അതിന്റെ ആപത്ത് നിങ്ങൾ കണ്ടില്ല. അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചില്ല. നിങ്ങൾ ആ നിരോധനം പിൻവലിച്ചു കൊടുത്തു.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, xxxxxxxxxxxxxx xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx [1]

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: ശക്തമായിട്ടുള്ള മതനിരപേക്ഷ നിലപാട് സ്വീകരിച്ചിരുന്ന ആളാണ് ജവഹർലാൽ നെഹ്റു. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ

1 രേഖയിൽ നിന്നും നീക്കം ചെയ്തു.

ചോദിച്ചപ്പോഴാണ് ഓർമ്മ വന്നത്... (ബഹളം)....

ശ്രീ. എ. കെ. ബാലൻ: എം. ഒ. മത്തായി എഴുതിയ "റെമനിസൻസ് ഓഫ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു" എന്ന പുസ്തകത്തിൽ ഇതുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ആദ്യം പുസ്തകം വായിക്കണം. എല്ലാ കോൺഗ്രസ്സുകാർക്കും ശ്രീ. വി. ഡി. സതീശനും അറിയാം. ആർ.എസ്.എസ്. കാർക്ക് കോൺഗ്രസ്സിൽ മെമ്പർഷിപ്പ് കൊടുക്കാൻ xxxxxx[2] പങ്കെടുത്ത വർക്കിംഗ് കമ്മിറ്റി തീരുമാനിച്ചു. പിന്നീട് ജവഹർലാൽ നെഹ്റുവാണ് അത് മാറ്റിയത്.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ. xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx xxxxxxxxxxxxxxxxxxxxxxxxxx[3]

മി. ചെയർമാൻ: ആ ഭാഗങ്ങൾ രേഖയിൽ ഉണ്ടാകുകയില്ല.

ശ്രീ. എ. കെ. ബാലൻ: ഏത്... എന്ത് രേഖയിൽ ഉണ്ടാകില്ലായെന്ന്? അത് ചരിത്രമാണ്. .... (ബഹളം)...

മി. ചെയർമാൻ: യെസ്...യെസ്.... (ബഹളം)...,യെസ്...പ്ലീസ്... യെസ് ..... (ബഹളം)...... yes.... pradeep you carry on............(ബഹളം).....

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ

2 രേഖയിൽ നിന്നും നീക്കം ചെയ്തു.

3 രേഖയിൽ നിന്നും നീക്കം ചെയ്തു.

ബഹുമാന്യനായ എ. കെ. ബാലൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ അപമാനിക്കാൻ ശ്രമിച്ചില്ലായെന്നുമാത്രമല്ല, അദ്ദേഹം നെഹ്റുവിന്റെ പ്രത്യേകതയും പ്രഭാവവും കാണിക്കാൻവേണ്ടി ചൂണ്ടിക്കാണിച്ചതാണ്. അതുമാത്രമല്ല

അദ്ദേഹം എം.ഒ. മത്തായിയുടെ പുസ്തകത്തെപ്പറ്റിയാണ് പറഞ്ഞത്. ഇന്ത്യയിൽ നിരോധിച്ച ഒരു പുസ്തകമല്ല മത്തായിയുടെ പുസ്തകം. ആ പുസ്തകത്തെ ഒരു അംഗം ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു പരാമർശം നടത്തിയാൽ അത് രേഖയിൽ നിന്നും നീക്കം ചെയ്യുന്നത് ഓർഡറിലാണോ; അതിന്റെ ആവശ്യം എന്താണ്? ... (ബഹളം)..... (ബഹളം)...........

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ... (ബഹളം).... xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx[4] നീക്കം ചെയ്ത റൂളിംഗിനെ ഏതെങ്കിലും പോയിന്റ് ഓഫ് ഓർഡറിൽക്കൂടി വിമർശിക്കുന്നത് ഒരു അംഗത്തിന്റെ പെരുമാറ്റചട്ടത്തിന് ചേർന്നതാണോയെന്നത് ചെയർ പരിശോധിക്കേണ്ടതാണ്. റൂളിംഗിനെതിരെ പോയിന്റ് ഓഫ് ഓർഡർ ഉണ്ടോ?

<u>മി. ചെയർമാൻ</u> : യെസ് പ്ലീസ്... പ്ലീസ്... ശ്രീ. എ. കെ. ബാലൻ....പ്ലീസ്.. ശ്രീ. കോലിയാക്കോട് എൻ. കൃഷ്ണൻ നായർ.. ....പ്ലീസ്.... പ്ലീസ്... ശ്രീ. വിഷ്ണുനാഥ്

---

4 രേഖയിൽ നിന്നും നീക്കം ചെയ്തു.

നിങ്ങൾ സംസാരിക്കുമ്പോൾ അതിനുള്ള കാര്യങ്ങൾ പറയാവുന്നതാണ് (....ബഹളം....).............

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഞാൻ ആ പുസ്തകം ഹാജരാക്കാം. ഞാൻ ആ പുസ്തകം വായിച്ചിട്ട് മാതൃഭൂമി പത്രത്തിൽ ഒരു ലേഖനം എഴുതിയിട്ടുണ്ട്. ബഹുമാനപ്പെട്ട വി.ഡി. സതീശൻ അത് വായിച്ചിട്ടുണ്ട്. xxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxxx[5] ഇതാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: ഇവിടെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ ചർച്ച ചെയ്യുന്ന പശ്ചാത്തലത്തിൽ ഇവിടുത്തെ സാമുദായിക വർഗ്ഗീയ ശക്തികൾക്ക് സൗകര്യമൊരുക്കുന്ന ഒരു ഉള്ളടക്കം അതിലുണ്ടെന്നുള്ളതുകൊണ്ട്... അഖിലേന്ത്യാതലത്തിൽ ആർ.എസ്.എസും ഹിന്ദുവർഗ്ഗീയ ശക്തികളുമൊക്കെ ശക്തിപ്പെട്ട പശ്ചാത്തലം പറഞ്ഞു. അതിൽ ഓരോ കാലത്തും കോൺഗ്രസുകാർ സ്വീകരിച്ച അവസരവാദപരമായ നിലപാടുകളെ തുറന്നുകാണിക്കുന്നതിന്റെ ഫലമായി രാഷ്ട്രപിതാവിനെ വധിച്ച ആർ.എസ്.എസ്-നെ നിങ്ങൾ നിരോധിച്ചു. അത് ശരിയായ തീരുമാനം. ആ നിരോധനം പിന്നീട് ഒന്നരവർഷം കഴിഞ്ഞപ്പോൾ 'ഞങ്ങൾ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നില്ല. ഞങ്ങൾ ഇലക്ഷനിൽ മത്സരിക്കില്ല' എന്ന് പറഞ്ഞപ്പോൾ നിങ്ങൾ നിരോധനം പിൻവലിച്ചുകൊടുത്തു. അവർ

5 രേഖയിൽ നിന്നും നീക്കം ചെയ്തു.

ഉയർത്തുന്ന പ്രത്യയശാസ്ത്രത്തിന്റെ ആപത്ത് കോൺഗ്രസ് കാണാതെപോയി. ഒരു കാര്യം ഞങ്ങൾ ആവർത്തിച്ചു പറയുകയാണ്. ജവഹർലാൽ നെഹ്റു വളരെ ശക്തമായി വർഗ്ഗീയതയ്ക്കെതിരെ, മതനിരപേക്ഷതയ്ക്കുവേണ്ടിയുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങളാണല്ലോ ബാബറി മസ്ജിദ് തകർക്കുന്നതിന് ശ്രീ. നരസിംഹ റാവുവിന്റെ കാലത്തല്ലേ കുടപിടിച്ചുകൊടുത്തത്. നേരത്തേ രാമവിഗ്രഹം അവിടെ കൊണ്ടുവന്നപ്പോൾ ഇത് കൊണ്ടുപോയി സരയൂ നദിയിൽ ഒഴുക്കാൻ പറഞ്ഞത് ജവഹർലാൽ നെഹ്റുവാണ്. രാമൻ അവസാനം മോക്ഷംപ്രാപിച്ചത് അവിടെയാണെന്നും വിഗ്രഹം കിടക്കേണ്ടത് അവിടെയാണെന്നും പറയാനുള്ള തന്റേടമുണ്ടായിരുന്നു നെഹ്റുവിന്. പട്ടേൽ എന്ന ദേശീയപ്രസ്ഥാനത്തിന്റെ മഹാനായ നേതാവിനെ അപമാനിക്കുകയല്ല. ഒരു വസ്തുത പറഞ്ഞപ്പോൾ നിങ്ങൾ ഇങ്ങനെ അസ്വസ്ഥത കാണിക്കേണ്ട കാര്യമില്ല. ഗാന്ധിജിയെക്കാൾ മുമ്പേ വധിക്കപ്പെടേണ്ടത് നെഹ്റുവിനെയാണെന്ന് ആർ.എസ്.എസ്-ന്റെ മുഖപത്രം ലേഖനമെഴുതിയപ്പോൾ നിങ്ങളുടെ വികാരം എവിടെയായിരുന്നു? നിങ്ങൾ മിണ്ടിയോ? നിങ്ങളുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. വി.എം. സുധീരൻ കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേയ്ക്ക് മദ്യത്തിനെതിരായ യാത്ര നടത്തുകയായിരുന്നില്ലേ? ആ സമയത്ത് ദേശീയപ്രസ്ഥാനത്തിന്റെ സമരചരിത്രമുള്ള

കോഴിക്കോട് വന്നപ്പോഴെങ്കിലും  ഗാന്ധിജിയെക്കാൾ മുമ്പ് വധിക്കപ്പെടേണ്ടത് നെഹ്റുവായിരുന്നുവെന്ന് ലേഖനമെഴുതിയ ആർ.എസ്.എസ്-ന്റെ മുഖപത്രത്തിന്റെ നിലപാടിനെതിരെ അദ്ദേഹം  പ്രസ്താവന നടത്തുമെന്ന് വിചാരിച്ചു. അങ്ങനെ ചെയ്തോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: പട്ടേലിന്റെയും നെഹ്റുവിന്റെയും നിലപാടുകൾ രണ്ടായിരുന്നുവെന്നാണ് അങ്ങിവിടെ സംസാരിക്കുന്നതിനിടെ പറഞ്ഞത്. പട്ടേലിനെക്കുറിച്ച് നിങ്ങൾ ഇത്ര ആവേശം കൊള്ളേണ്ട. ഈ പട്ടേലിനെയാണ് രണ്ടാമത്തെ മിത്തായി ഇന്ത്യയിൽ ഉയർത്തികൊണ്ടുവരാൻ ആർ.എസ്.എസ് തീരുമാനിക്കുന്നതും, ഗുജറാത്തിൽ വലിയ പ്രതിമയുണ്ടാക്കുന്നതും നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ 2005-ൽ .. നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട നേതാവായിരുന്നെങ്കിലും പട്ടേലിനേയും കൊണ്ട് ബി.ജെ.പി പോയി, ആർ.എസ്.എസ്. കൊണ്ടുപോയി. സബർമതി വേറെ ആരോ കൊണ്ടുപോയി.  നാഥുറാം വിനായക് ഗോഡ്സെയുടെ പ്രതിമ സ്ഥാപിക്കുന്ന സമയത്ത് പ്രതികരിക്കാൻ പോലും നിങ്ങൾക്ക് കഴിയുന്നില്ല. കോൺഗ്രസ് രാഷ്ട്രീയമായി പ്രതികരിക്കുന്നില്ല. പ്രതിരോധിക്കുന്നുമില്ല.

ശ്രീ. സി. പി. മുഹമ്മദ്: മഹാത്മാ ഗാന്ധി വധത്തെത്തുടർന്ന് ആർ.എസ്.എസ്-നെ ഇന്ത്യയിൽ നിരോധിച്ചത് കോൺഗ്രസ് ഗവൺമെന്റാണ്.

അടിയന്തരാവസ്ഥയിലെ ആർ.എസ്.എസ്-നെ നിരോധിച്ചത് കോൺഗ്രസ് ഗവൺമെന്റാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ആർ.എസ്.എസുമായും ബി.ജെ.പി-യുമായും കൂട്ടുകൂടാത്ത ഏകപാർട്ടി കോൺഗ്രസാണ്. എന്നാൽ മൊറാർജിയെ പ്രധാനമന്ത്രിയാക്കുന്ന ജനതാപാർട്ടിയുടെ പിന്തുണ കൊടുക്കുന്നതിലും, വി.പി. സിംഗിന് പിൻതുണകൊടുക്കുന്നതിലും, രണ്ട് സീറ്റുണ്ടായിരുന്ന ബി.ജെ.പി. യെ ഇന്ത്യൻ പാർലമെന്റിൽ ഇന്നത്തെ വളർച്ചയിലേയ്ക്ക് എത്തിച്ചതിലും നിർണ്ണായകമായ പങ്ക് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ട്. അത് വിസമരിച്ചുകൊണ്ട് ചരിത്രത്തെ വഴിതെറ്റിച്ച് സംസാരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എ. കെ. ബാലൻ</u> : ബേപ്പൂർ മോഡൽ, വടകര മോഡൽ ആർ.എസ്.എസ്-ഉം കോൺഗ്രസും നടത്തിയിട്ടുള്ള ഗൂഢാലോചന മാരാരുടെ ജീവചരിത്രത്തിൽ വായിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : മാരാരെ അസംബ്ലിയിൽ സ്ഥാനാർത്ഥിയാക്കി പിന്തുണ കൊടുത്ത നിങ്ങൾക്ക് മാരാരെ ക്വാട്ട് ചെയ്യാൻ തോന്നും. പക്ഷേ മാരാരെ അസംബ്ലിയിൽ കൊണ്ടുവരാൻ കൂട്ടുനിന്ന ആളുകളാണ് നിങ്ങൾ എന്ന് മറക്കേണ്ട?

<u>ശ്രീ. എ. കെ. ബാലൻ</u>: മഹാനായ എ.കെ.ജി ക്കെതിരെ ഗോവിന്ദൻ നായരെ സ്ഥാനാർത്ഥിയാക്കിയത് കോൺഗ്രസും മുസ്ലീം ലീഗും ആർ.എസ്.എസ്സും

ചേർന്നിട്ടാണെന്നത് അറിയുമോ?

<u>ശ്രീ. കെ. മുരളീധരൻ</u> : ഗോവിന്ദനെ പിൻതാങ്ങിയപ്പോൾ സി.പി.ഐ (എം.) ഉൾപ്പെട്ട മുന്നണിയും പിൻതാങ്ങി.

<u>ശ്രീ. വി. റ്റി. ബൽറാം</u> : മഹാത്മാ ഗാന്ധിയുടെ വധത്തിനുശേഷം ഇന്ത്യൻ രാഷ്ട്രീയ മനസിൽ നിന്നും ഇന്ത്യയിലെ ജനങ്ങൾ തന്നെ ഏറ്റവും കൂടുതൽ വെറുത്ത ഒരു രാഷ്ട്രീയ സംഘടനയാണ് ആർ.എസ്.എസ്. എന്ന് നമുക്കെല്ലാവർക്കുമറിയാം. ആ ആർ.എസ്.എസ്-നെ നമ്മൾ ഭരണത്തിന്റെ അധികാരമുപയോഗിച്ച് മാത്രമല്ല നിരോധിച്ചത് മറിച്ച് ഈ രീതിയിൽ രാഷ്ട്രീയമായി തുറന്നുകാട്ടിക്കൊണ്ട് ആർ.എസ്.എസ്-ന്റെ രാഷ്ട്രീയ സ്പേസ് തന്നെ ഇല്ലാതാക്കി 20 വർഷത്തോളം മുന്നോട്ടുപോയ ആർ.എസ്.എസ്- ന് ഇന്ത്യൻ രാഷ്ട്രീയമണ്ഡലത്തിലേയ്ക്ക് വലിയ തിരിച്ചുവരവ് നടത്താൻ അവസരമൊരുക്കിയത് നിങ്ങൾ ആർ.എസ്.എസ്-ന്റെ കൂടെ ചേർന്ന് നടത്തിയ മുന്നേറ്റങ്ങളുടെ ഭാഗമായിട്ടല്ലേ? നിങ്ങൾ ഇപ്പോഴെങ്കിലും ഒരു കാര്യം വ്യക്തമായി പറയാൻ തയ്യാറാകണം. ഇന്ദിരാഗാന്ധിയെയാണോ ആർ.എസ്.എസ്.നെയാണോ ഏറ്റവും വലിയ അപകടമായി, വലിയ എതിരാളികളായി നോക്കിക്കാണേണ്ടതെന്നതിനെക്കുറിച്ച് ഇപ്പോഴെങ്കിലും, പത്ത് മുപ്പത് വർഷങ്ങൾക്കുശേഷമെങ്കിലും നിങ്ങൾക്കൊരു തിരിച്ചറിവുണ്ടാകുന്നുണ്ടോ?

<u>മി. ചെയർമാൻ</u>: Shri. Pradeepkumar, you continue and close your speech. Please conclude.....അങ്ങ് പറഞ്ഞതാണ് ഇനി ആർക്കും വഴങ്ങില്ലെന്ന്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: ശ്രീ. എൽ.കെ. അദ്വാനിയെ ശ്രീ. വി.പി. സിംഗ് അറസ്റ്റ് ചെയ്തപ്പോഴാണ് ബി.ജെ.പി. വി.പി.സിംഗിനു കൊടുത്ത പിൻതുണ പിൻവലിച്ചത്. ആ വി.പി.സിംഗിനെ പുറത്താക്കാൻവേണ്ടി ബി.ജെ.പിയുമായി ചേർന്ന് വോട്ട് ചെയ്തത് കോൺഗ്രസാണെന്ന കാര്യം അങ്ങ് ഓർക്കുന്നില്ലേ?

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: ബി.ജെ.പി. രണ്ട് സീറ്റിൽ നിന്നും എൺപത് സീറ്റാക്കിയെന്നുപറഞ്ഞു. കേരളത്തിലോ ബംഗാളിലോ ത്രിപുരയിലോ സി.പി.ഐ (എം) ന് സ്വാധീനമുള്ള ഒരു പ്രദേശത്തുനിന്നും ഒരു എം.പി പോലും വന്നില്ല. വന്നതെല്ലാം കോൺഗ്രസിന് സ്വാധീനമുള്ള സംസ്ഥാനങ്ങളിൽ നിന്നാണ്.

<u>മി. ചെയർമാൻ</u>: അങ്ങ് അവസാനിപ്പിക്കണം. അങ്ങേയ്ക്ക് പരമാവധി സമയം അനുവദിച്ചിട്ടുണ്ട്. അങ്ങേയ്ക്ക് വളരെ ലിബറലായി പ്രസംഗിക്കാനുള്ള അവസരം നൽകിയിട്ടുണ്ട്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: ഇവിടെ പറഞ്ഞ വസ്തുതകളെല്ലാം വി.പി. സിംഗിന്റെ ഗവൺമെന്റിനെ അട്ടിമറിക്കുന്നതിനുവേണ്ടി ബി.ജെ.പിയു.മായി കോൺഗ്രസ് സഹകരിച്ചതുമൊക്കെ അത്തരം ചർവിതചർവണങ്ങളൊക്കെ നമ്മൾ ഒരുപാട് ചർച്ച

ചെയ്തതാണ്. അതൊന്നുമല്ല ഞാൻ പറഞ്ഞത്. ഞാൻ പറയുന്നത് നിങ്ങളൊരിക്കലും ആർ.എസ്.എസ് ന്റെ ഐഡിയോളജിയുണ്ടാക്കുന്ന അല്ലെങ്കിൽ സൃഷ്ടിക്കുന്ന ഭീഷണി കണ്ടില്ല. അതുകൊണ്ടാണ് നിങ്ങൾ അന്ന് നിരോധിച്ചശേഷം വീണ്ടും അവർക്ക് പെർമിഷൻ കൊടുക്കുന്നതിന് നിങ്ങൾക്ക് പ്രശ്നമില്ലാതിരുന്നത്. നിങ്ങൾ ആത്മവിമർശനം നടത്തണം. ജവഹർലാൽ നെഹ്റുവാണ് ഗാന്ധിജിക്ക് മുമ്പേ വധിക്കപ്പെടേണ്ടതെന്ന് ആർ.എസ്.എസ്-ന്റെ മുഖപത്രമെഴുതിയപ്പോൾ കോൺഗ്രസിന്റെ ഭാഗത്തുനിന്ന് സടകുടഞ്ഞെഴുന്നേറ്റ് പ്രതിരോധമുയർത്താനായോ? നിങ്ങളുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. വി.എം. സുധീരൻ കാസർഗോഡ് നിന്ന് മദ്യത്തിന്റെ ആപത്തും പറഞ്ഞ് ജാഥ നടത്തുന്ന സമയത്ത് എവിടെവച്ചെങ്കിലും, ഏതെങ്കിലുമൊരു പത്രസമ്മേളനത്തിൽ വച്ച് അതിനെതിരെ പ്രതികരണം നടത്തിയോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയോ മറ്റാരെങ്കിലും ഒരു പ്രതികരണം ഉയർത്താനായില്ല. ഇവിടെ മത്തായിയുടെ പുസ്തകത്തെ ഉദ്ധരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ.കെ. ബാലൻ ഒരു വസ്തുത പറഞ്ഞു, സർദാർ വല്ലഭായ് പട്ടേലെടുത്ത ഒരു നിലപാടിനെ സംബന്ധിച്ച്, അത് ആരേയും അപകീർത്തിപ്പെടുത്താനല്ല. നിങ്ങൾ ഓരോ കാലത്തും സ്വീകരിച്ചിട്ടുള്ള രാഷ്ട്രീയമായ നിലപാടുകളുടെ പാകപ്പിഴകൾക്ക് നമ്മുടെ നാട്

കൊടുക്കേണ്ടിവന്ന വില. അതൊന്ന് സൂചിപ്പിക്കാൻ പറഞ്ഞതാണ്. അപ്പോഴേയ്ക്കു് നിങ്ങൾ വലിയ രീതിയിലുള്ള അസ്വസ്ഥത പ്രകടിപ്പിച്ചു. ഇതേ സർദാർ വല്ലഭായ് പട്ടേലിനെ ആർ.എസ്.എസ്. അവരുടെ രാഷ്ട്രീയ പ്രചരണത്തിനുള്ള പ്രതീകമായി, ഒരു ആയുധമായി പ്രയോഗിക്കുമ്പോൾ എന്തുകൊണ്ടാണ് ഇന്ത്യയിലെ കോൺഗ്രസ് സർവ്വശക്തിയും ഉപയോഗിച്ച് അതിനെതിരെ സുശക്തമായ നിലപാട് സ്വീകരിക്കാത്തത്? അതുപോലെ ഗാന്ധിജിയെ വധിച്ച ഗോഡ്സെയുടെ പ്രതിമ നിർമ്മിക്കുന്നു. ഇന്നത്തെ കേന്ദ്രാധികാരത്തിന്റെ സർവ്വ സംരക്ഷണവും അവർ ഉപയോഗപ്പെടുത്തുകയാണ്. എന്തുകൊണ്ട് അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചില്ല? അത് ബി.ജെ.പി.യോ ഹിന്ദു ഐക്യവേദിയോ ആരുണ്ടാക്കുന്നുവെന്നല്ല. നമ്മുടെ രാഷ്ട്രപിതാവിനെ വധിച്ച ആ ഘാതകന്റെ ആ ഹിന്ദുസവർണ്ണവർഗ്ഗീയ ഫാസിസത്തിന്റെ പ്രത്യയശാസ്ത്രം അംഗീകരിക്കുന്ന ആ കൊലപാതകിയുടെ പ്രതിമ ഇവിടെ നിർമ്മിക്കുമ്പോൾ ഞങ്ങൾക്ക് കേരളത്തിനകത്തുനിന്ന് ഒച്ചയുണ്ടാക്കാനേ സാധിക്കൂ. ബംഗാളിലോ ഇടതുപക്ഷമുള്ള സ്റ്റേറ്റുകളിലോ ആണെങ്കിലേ ഞങ്ങൾക്ക് പ്രതികരിക്കാൻ സാധിക്കൂ. പക്ഷേ ഇന്ത്യയിലാകെ പടർന്ന് പന്തലിച്ച് നിൽക്കുന്നുവെന്ന് നിങ്ങൾ പറയുന്ന കോൺഗ്രസ് എന്തുകൊണ്ട് സർവ്വ ശക്തിയും ഉപയോഗിച്ച് അതിനെ എതിരെ വരുന്നില്ല. കേന്ദ്ര

ഗവൺമെന്റിനോട് ഈ നിയമസഭ ആവശ്യപ്പെടണം, രാഷ്ട്രപിതാവിനെ വധിച്ച ഗോഡ്സെയുടെ പ്രതിമ ഇന്ത്യയിൽ ഒരു സ്ഥലത്തുംപോലും സ്ഥാപിക്കരുതേയെന്ന്. നിയമസഭ ഒരു പ്രമേയത്തിലൂടെ ആവശ്യപ്പെടാൻ തയ്യാറുണ്ടോ? അങ്ങനെയൊരു പ്രമേയം അവതരിപ്പിക്കാൻ മുഖ്യമന്ത്രിക്കോ നിങ്ങളുടെ കോൺഗ്രസ് നേതൃത്വത്തിനോ രാഷ്ട്രീയമായ തീരുമാനമെടുക്കാനുള്ള ചങ്കൂറ്റമുണ്ടോ? നിങ്ങൾക്ക് കഴിയില്ല. എന്തുകൊണ്ടാണ്? നിങ്ങൾ ഇവരെയും അവരുടെ ആശയങ്ങളെയും ഭയക്കുന്നു. തരാതരം പോലെ അവരുടെ വോട്ടുകൾ നിങ്ങൾ പ്രതീക്ഷിക്കുന്നു. അതുകൊണ്ടാണ് നിങ്ങൾ ഈ നിയമം ഇപ്പോൾ കൊണ്ടുവരുന്നതെന്നാണ് ഞാൻ പറയുന്നത്. ഒരു ഘട്ടത്തിൽപ്പോലും ആർ.എസ്.എസ്-ന്റെ ഐഡിയോളജിയെ ശക്തമായി എതിർക്കുന്ന നിലപാട് സ്വീകരിച്ചില്ല. കഴിഞ്ഞദിവസം ഒരു പിഞ്ചുകുഞ്ഞിനെ കൊല ചെയ്ത ആർ.എസ്.എസ്.കാരന്റെ കാര്യം ചർച്ച ചെയ്തപ്പോൾ ആഭ്യന്തരമന്ത്രി ഇവിടെ ഒരിക്കൽപ്പോലും, ഒരു ആർ.എസ്.എസ് കാരനാണെന്ന വാക്ക് പറയാത്തത് യാദൃശ്ചികമായിട്ടല്ല. അബദ്ധം സംഭവിച്ചതുമല്ല, അത് ബോധപൂർവ്വമാണ്. ഞങ്ങൾ ആവർത്തിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു ആർ.എസ്.എസ് ആണെങ്കിലും കോൺഗ്രസാണെങ്കിലും മാർക്സിസ്റ്റാണെങ്കിലും ലീഗാണെങ്കിലും ഒന്നും ഞങ്ങൾ വിടില്ലായെന്ന്. അങ്ങനെപൊതുവായാണ്

പറഞ്ഞത്. അങ്ങനെയാണോ പറയേണ്ടത്? ഞങ്ങൾക്കെതിരെ ഒരു ആക്ഷേപം വന്നാൽ അതിൽ വസ്തുതയുണ്ടോ ഇല്ലയോ എന്ന് അറിയുന്നതിനുമുമ്പ് ആര്, എന്ത് എന്ന് കേൾക്കുന്നതിനുമുമ്പ് നിങ്ങൾ നിരീക്ഷണം നടത്തി, നിഗമനങ്ങളിലെത്തി, പ്രഖ്യാപനങ്ങൾ നടത്താറില്ലേ? ഇപ്പോൾ ശ്രീ. എ.കെ. ബാലനുനേരെ കാണിച്ച ശൗര്യം ഒരിക്കലും ആർ.എസ്.എസ്-ന് എതിരേയും അതിലെ നേതാക്കന്മാർക്കെതിരെയും പറയുന്ന കാര്യത്തിൽ കണ്ടിട്ടില്ലല്ലോ? എന്തുകൊണ്ടാണത്? ഇത് നന്മയ്ക്കുവേണ്ടിയാണ് പറയുന്നത്. ഇന്ത്യയിലെ കോൺഗ്രസിന്റെ മതനിരപേക്ഷതാ പരാമ്പര്യം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്, നിങ്ങൾ ശക്തമായ നിലപാട് ഇന്ത്യൻ രാഷ്ട്രീയത്തിൽ സ്വീകരിക്കാൻ സന്നദ്ധമാകണം. പക്ഷേ നിങ്ങളുടെ അവസരവാദപരമായ നിലപാട് കാരണം പല ഘട്ടത്തിലും നിങ്ങൾക്കതിന് കഴിയുന്നില്ലായെന്ന പ്രശ്നമാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. നിങ്ങളുടെ ഭരണപരമായ ഓരോ നടപടികളും ഓരോ ചുവടുവയ്പ്പുകളും എപ്പോഴും ഏതെങ്കിലും സമുദായത്തെ, വർഗ്ഗീയതയെ അവരെ തലോടാനും തലോലിക്കാനും, അതിൽ നിന്ന് ആനുകൂല്യം പറ്റാനുമുള്ള ഉദ്ദേശം വച്ചുകൊണ്ടാണ്. അതിന്റെ ഭാഗമായിട്ടാണ് യഥാർത്ഥത്തിൽ ഈ ബില്ല് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട്

തന്നെയാണ് അതിന്റെ രാഷ്ട്രീയ ഉള്ളടക്കവും അത് സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതങ്ങളും അതിന്റെ ആപത്തുമറിയുന്നതുകൊണ്ടാണ് നിങ്ങളുടെ ബില്ലിനെ ശക്തിയുക്തം ഞങ്ങൾ എതിർക്കുന്നത് എന്നുകൂടി സൂചിപ്പിച്ചുകൊണ്ട്, എതിർപ്പ് രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, കേരളനിയമസഭ ഒരുപാട് നിയമങ്ങൾ പാസ്സാക്കിയിട്ടുള്ള ഒരു സഭയാണ്. നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയാകുന്ന വിധത്തിലുള്ള നിയമങ്ങളാണ് ഈ സഭ പാസ്സാക്കിയിട്ടുള്ളത്. അത് നമ്മുടെ രാജ്യത്തെ, പ്രത്യേകിച്ച് കേരളത്തിലെ നവോത്ഥാനപ്രസ്ഥാനങ്ങൾ നമുക്ക് സംഭാവന നൽകിയ ആശയങ്ങളെ ശക്തിപ്പെടുത്തുന്ന ഒരുപാട് നിയമങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. അടിച്ചമർത്തപ്പെട്ടവനുവേണ്ടിയും അധഃസ്ഥിതനുവേണ്ടിയുമുള്ള ഒരുപാട് നിയമങ്ങൾ ഇന്ത്യയിലെ മറ്റ് പല സംസ്ഥാനനിയമസഭകളും പാസ്സാക്കാൻ മടിച്ചപ്പോൾ പല നിയമങ്ങളും നമ്മുടെ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. കേരളത്തിലെ ഭൂപരിഷ്കരണ നിയമവും ആ കൂട്ടത്തിൽപ്പെട്ടതാണ്. അങ്ങനെ പലനിയമങ്ങളും നമ്മുടെ ഗവൺമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഈ നിയമം കേരളനിയമസഭയുടെ ചരിത്രത്തിനും അന്ത:സിനും കളങ്കമേൽപ്പിക്കുന്ന ഒരു നിയമമാണ്. കാരണം ഇത് നമ്മുടെ സംസ്ഥാനത്തുണ്ടായ നവോത്ഥാനപ്രസ്ഥാനങ്ങളിലൂടെ ഈ സംസ്ഥാനത്തെ

പിന്നോക്കജനവിഭാഗങ്ങളുൾപ്പെടെയുള്ളവരെ മുന്നോട്ടുകൊണ്ടുപോകാൻവേണ്ടി നമ്മുടെ പൂർവ്വികന്മാരും ഈ സഭ നടത്തിയിട്ടുള്ള എല്ലാ പരിശ്രമങ്ങളെയും തല്ലിക്കെടുത്തുന്ന ഒരു നിയമമാണ് ഈ നിയമം. അതിനുകാരണം ഈ നിയമത്തിന്റെ ഉദ്ദേശ്യകാരണത്തിൽ ഈ ഗവൺമെന്റ് ഒരു കാപട്യം കാണിച്ചിരിക്കുകയാണ്. ഇവിടെ ബഹുമാന്യനായിട്ടുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്തെ ദേവസ്വം വകുപ്പുമന്ത്രി എന്റെ അടുത്തിരിക്കുകയാണ്. അദ്ദേഹം 2007-ൽ ഒരു നിയമം ഈ നിയമസഭയിൽ കൊണ്ടുവന്നു. ആ ബില്ലിന്റെ പേര് 'Kerala Public Service Commission (Additional Functions As Respects the Administrative Services under Devaswom Boards) Bill 2007' എന്നാണ്. ഈ ബിൽ 2008 മാർച്ച് 18-ാം തീയതി ഇവിടെ പാസ്സായി. അതിനുശേഷം ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ 2009 ജനുവരി മാസം 12-ാം തീയതി റൂൾസ് ഉണ്ടാക്കി. എസ്.ആർ.ഒ.-73 പ്രകാരം ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തി. ആ ഗസറ്റ് നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 33 തസ്തികകളും കൊച്ചിൻ ദേവസ്വം ബോർഡിലെ 13 തസ്തികകളും അടക്കമുള്ള ഭരണപരമായ തസ്തികകൾ ക്ഷണിച്ചുകൊണ്ട് പി.എസ്.സി. തീരുമാനമെടുത്ത് ഉത്തരവിറക്കി. ഈ

ഉദ്ദേശ്യകാരണത്തിൽ ഇവർ പറയുന്ന കാര്യം 2007-ൽ നിയമിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ 'സംസ്ഥാനത്ത് എല്ലാം ദേവസ്വം ബോർഡുകൾക്കും പൊതുവായ റിക്രൂട്ട്മെന്റ് ബോർഡ് വേണമെന്ന് ശിപാർശ ചെയ്യുകയും പ്രസ്തുത ശിപാർശകൾ ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിക്കുകയും ചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കേരള സംസ്ഥാന ദേവസ്വം ബോർഡുകളിലെ പരമ്പരാഗത... എന്നുപറഞ്ഞുകൊണ്ടാണ് ഈ ബിൽ ഉണ്ടാക്കുന്നത് എന്ന് പറയുന്നു. ഗവൺമെന്റ് എന്നുപറയുന്നത് തുടർച്ചയായ ഒരു സംവിധാനമാണ്. ആ ഗവൺമെന്റ് ഈ നിയമസഭയിൽ കൊണ്ടുവന്ന് അവതരിപ്പിച്ച് പാസ്സാക്കിയ ബില്ലിനെപ്പറ്റി ഇതിന്റെ ഉദ്ദേശ്യകാരണത്തിൽ എന്തുകൊണ്ടാണ് നിങ്ങൾ തമസ്കരിച്ചത്?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഈ സ്റ്റേറ്റ്മെന്റ് തന്നെ അടിസ്ഥാനരഹിതമാണ്. 2007-ൽ ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷനെ കമ്മീഷനെ നിയമിച്ചിട്ടില്ല. ഞാൻ അന്ന് മിനിസ്റ്ററാണ്. ഞാൻ ഒരു കമ്മീഷനെയും നിയമിച്ചിട്ടില്ല. ഇത് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് രാമൻ നായരുടെ അഴിമതികൾ പരന്നപ്പോൾ അവർ നിയമിച്ച കമ്മീഷനാണ്. അതുപോലും ഈ സർക്കാരിന് അറിയില്ല. ഏകീകൃത ദേവസ്വം ബോർഡിനുവേണ്ടി ഞാൻ ഒരു കമ്മീഷനെ നിയമിക്കില്ല. കാരണം എനിക്കതിൽ താൽപ്പര്യമുണ്ടായിരുന്നില്ല. ഞങ്ങൾക്കിപ്പോഴും താൽപ്പര്യമില്ല. ഇത് അദ്ദേഹം

നിയമിച്ച കമ്മീഷൻ റിപ്പോർട്ട് നൽകിയതായിരിക്കും. അതുപോലും അറിയില്ല. ബഹുമാനപ്പെട്ട മന്ത്രി അല്ല ഇത് എഴുതിയത്. ഇത് എഴുതിയത് സമുദായപ്രമാണിയാണ്. അതുകൊണ്ടാണ് ഇങ്ങനെ എഴുതിവച്ചത്.

<u>ശ്രീ.വി. എസ്. സുനിൽകുമാർ</u>: സർ, ഇത് ഏതോ സമുദായപ്രമാണിമാർ ഇവർക്ക് സ്വകാര്യമായി ഉണ്ടാക്കിക്കൊടുത്ത ബില്ലാണ്. അതുകൊണ്ടാണ് ഇത് മറന്നുപോയിരിക്കുന്നത്. ഇത് ചട്ടവിരുദ്ധമാണെന്ന് മാത്രമല്ല ഭരണാഘടനാ വിരുദ്ധവുമാണ്. ഇങ്ങനെയൊരു നിയമം അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരൻ ഇവിടെ പറയുകയുണ്ടായി. ജസ്റ്റിസ് പരിപൂർണ്ണൻ ഇവിടെ ഏഴുതവണ സന്ദർശനം നടത്തി. ജസ്റ്റിസ് പരിപൂർണ്ണനുമായി മന്ത്രി നേരിട്ട് സംസാരിച്ച് ചർച്ച നടത്തി അദ്ദേഹത്തിന്റെ അറിവോടും സമ്മതത്തോടുംകൂടിയാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന സംവിധാനത്തെ ഏർപ്പെടുത്തിയത്. ഇവിടെ വളരെ വ്യക്തമായി ഇന്ത്യൻ ഭരണഘടനയിൽ പറയുന്നുണ്ട്. …....Board and Kochin Devaswom Board by appropriate legislative measures under Article 321 of the Constitution of India. 321-ാം ഭരണഘടനയുടെ ആർട്ടിക്കിൾ അനുസരിച്ച് പി.എസ്.സി.യുടെ ചുമതലകൾ വ്യാപിപ്പിക്കുന്നതിനുള്ള അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഭരണഘടനാപരമായ ആർട്ടിക്കിൾ

ഉപയോഗിച്ചുകൊണ്ടാണ് പി.എസ്.സി.യെ വിടാൻ തീരുമാനിച്ചത്. ബഹുമാന്യനായിട്ടുള്ള ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഇവിടെ ചോദിച്ചു. എങ്ങനെ പി.എസ്.സി.-ക്ക് നിയമനം നടത്താൻ സാധിക്കും? ഇവിടെ മുസ്ലീങ്ങൾക്കുമാത്രമായി പി.എസ്.സി. നിയമനം നടത്തിയിട്ടില്ലേ; പട്ടികജാതിക്കാർക്കുമാത്രം പി.എസ്.സി. റിക്രൂട്ട്മെന്റ് നടത്താറില്ലേ; പി.എസ്.സി.-ക്ക് ഇതെല്ലാം കഴിയുമായിരുന്നു. പക്ഷേ അങ്ങനെയൊരു നിയമം ഈ നിയമസഭ പാസ്സാക്കി അതിന്റെ റൂൾ കൊണ്ടുവന്ന് തസ്തികകൾ പോലും ക്ഷണിച്ച സത്യം നിങ്ങൾ തമസ്കരിച്ചുകൊണ്ടാണ് ഉദ്ദേശ്യകാരണങ്ങൾ ഇവിടെ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇത് കാപട്യമാണ്. എന്നുമാത്രമല്ല നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ ഇവിടെ ന്യായമായും ദേവസ്വം ബോർഡുകളിലേക്ക് നിയമനം നടത്തണമെന്നല്ല ഇവർക്ക് ആഗ്രഹം. ഏതോ ജാതി സംഘടനയ്ക്ക് ദേവസ്വം ബോർഡ് എന്ന വെള്ളാനയെ ഉപയോഗപ്പെടുത്തി ഇഷ്ടം പോലെ അപ്പോയ്മെന്റും നടത്തി കോടിക്കണക്കിന് രൂപ സമ്പാദിക്കാൻ വേണ്ടി ഒരു അഴിമതി ബോർഡ് രൂപീകരിച്ചുകൊടുക്കാനുള്ള രഹസ്യമായ കരാറിന്റെ ഉപോൽപ്പന്നമാണ് ഈ ബില്ല്. ഈ ബിൽ അവർക്കുവേണ്ടി ഉണ്ടാക്കിയിരിക്കുന്നതാണ്. ഞങ്ങൾ ഇവിടെ നിരവധിയായ കാര്യങ്ങൾ പറയുന്നുണ്ട്. ദേവസ്വം

ബോർഡിനകത്ത്......കഴിഞ്ഞദിവസം ഒരു സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ഞാൻ പറഞ്ഞു. നമ്മുടെ എയ്ഡഡ് കോളേജുകളുടെയും സ്കൂളുകളുടെയും സ്ഥിതിയെന്താണ്? 8000 കോടിരൂപ നമ്മുടെ എക്സ്ചെക്കറിൽ നിന്ന് ചെലവാക്കുമ്പോൾ പിന്നോക്കക്കാർ ആരുമില്ല. ഒരു പട്ടികജാതിക്കാരും ഇവിടെ ഇല്ല. ഒന്നേകാൽ ലക്ഷം അദ്ധ്യാപകരെ ഈ സർക്കാർ തീറ്റിപ്പോറ്റുമ്പോൾ അതിൽ 330 പേർ മാത്രമാണ് പട്ടികജാതിക്കാർ. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 4735 ജീവനക്കാരിൽ പട്ടികവർഗ്ഗക്കാർ 85 പേർ മാത്രമാണ്. കൊച്ചിൻ ദേവസ്വം ബോർഡിൽ 1434 ജീവനക്കാരിൽ 73 പേർ മാത്രമാണ് പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ. മലബാർ ദേവസ്വം ബോർഡിലെ 6320 ജീവനക്കാരിൽ എത്രപേരാണ് പട്ടികജാതിക്കാർ എന്നതിനെപ്പറ്റി യാതൊരറിവും ഗവൺമെന്റിനില്ല. ഇങ്ങനെ ഒരു സ്ഥിതിവിശേഷമാണ് ഇവിടെ ദേവസ്വം ബോർഡ് നിയമനത്തിലുള്ളത്. ആ നിയമത്തിൽ മാത്രമല്ല, ഇവിടെ എയ്ഡഡ് സ്കൂളുകളിൽ, അതുപോലെ മറ്റ് മേഖലകളിൽ ഒന്നും ഒരു രീതിയിലും നിയമനത്തിൽ ഇവർക്ക് ഇടപെടാൻ കഴിയില്ല. അതെല്ലാം തന്നെ പരമ്പരാഗതമായിട്ടുള്ള തസ്തികകളാണെന്നാണ് പറയുന്നത്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അങ്ങ് ഇവിടെപ്പറഞ്ഞ വാദത്തിന്

ഭരണഘടനപരമായ ആസ്തിയുള്ളതുകൊണ്ട് ഇത് അന്നുതന്നെ പരിഗണിച്ചിട്ടാണ് ചെയ്തത്. ഭരണ ഘടനയുടെ ആർട്ടിക്കിൾ 25 Freedom of conscience and free profession, practice and propogation of religion എന്ന ഭാഗത്ത് രണ്ടാമത്തെ ഐറ്റത്തിൽ (എ) ഭാഗത്ത് പറയുന്നത്- അതിന്റെ മലയാളം ഞാൻ പറയുകയാണ്. 'ഭരണകൂടത്തിന് സാമ്പത്തികം, ധനപരം, രാഷ്ട്രീയം തുടങ്ങിയ മതനിരപേക്ഷ കാര്യങ്ങളിൽ മതകാര്യങ്ങൾ നിയമം വഴി നിയന്ത്രിക്കാവുന്നതാണ്.' അതിന്റെയടിസ്ഥാനത്തിലാണ് രാഷ്ട്രീയവും മതപരവുമൊക്കെയായിട്ടുള്ള കാര്യങ്ങളിൽ മതനിരപേക്ഷമായ കാര്യമാണ് ഇവിടെ അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റ്. മതപരമായ പോസ്റ്റുകൾ ഒന്നും വിടാൻ കഴിയില്ല. വിട്ടിട്ടുമില്ല. ആർട്ടിക്കിൾ 25-ൽ പ്രത്യേകിച്ച് പറയുന്നുണ്ട്. " Religion is a matter of faith, but belief in God is not essential to constitute a Religion. Philosophy is different from Religion." ആന്ധ്രാപ്രദേശ്, ബീഹാർ, തമിഴ്നാട്, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിലെ ഹൈക്കോടതി വിധികളെ ഉദ്ധരിച്ചുകൊണ്ടാണ് ഭരണഘടനയുടെ ആർട്ടിക്കിളിന്റെ വിശദീകരണം അതിന്റെ താഴെ ഭരണഘടനാ വിദഗ്ദ്ധന്മാർ പറഞ്ഞിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് അങ്ങ് ഇപ്പോൾ പറഞ്ഞ 2009 ജനുവരി 12-ന് 73-ാം നമ്പരായി ഈ നിയമനങ്ങൾ

പി.എസ്.സി.ക്ക് വിട്ടശേഷം ഗവൺമെന്റ് റൂൾസ് തയ്യാറാക്കി പി.എസ്.സി.ക്ക് അയയ്ക്കുകയും അവർ അത് അംഗീകരിച്ച് നോട്ടിഫൈ ചെയ്യുകയും ചെയ്തത്. അതിനകത്ത് ദൈവവുമായി ബന്ധപ്പെട്ട ഒരു പോസ്റ്റും വിട്ടിട്ടില്ല, വിടാൻ സാധ്യമല്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ, സിവിൽ, എൻവയോൺമെന്റൽ എഞ്ചിനീയർ, അസിസ്റ്റന്റ് - പബ്ലിക് റിലേഷൻസ്, മെഷീൻ ഓപ്പറേറ്റർ, ഹെൽപ്പർ, ഗാർഡനർ എന്നിങ്ങനെയുള്ള പോസ്റ്റുകളാണ് വിട്ടത്. കൊച്ചിൻ ദേവസ്വം ബോർഡിലും ഇതുതന്നെയാണ് ചെയ്തിരിക്കുന്നത്. പി.എസ്.സി.ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കെ ബിൽ പാസ്സായശേഷം ഒരു ബഹുമാന്യനായ സമുദായ നേതാവ് ദേവസ്വങ്ങളിൽ മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും നിയമിക്കാൻ പോകുന്നു, മുസ്ലീം മെമ്പർമാരും ക്രിസ്ത്യൻ മെമ്പർമാരും ഇന്റർവ്യൂ നടത്താൻ പോകുന്നുവെന്നും പറഞ്ഞ് ഹൈക്കോടതിയിൽ കേസിന് പോയി. ബഹുമാനപ്പെട്ട ഹൈക്കോടതി നിയമം പരിശോധിച്ച ശേഷം ഹിന്ദു മെമ്പർ തന്നെയായിരിക്കണം ഇന്റർവ്യൂ നടത്തേണ്ടതെന്ന് ഇതിൽ പറയുന്നുണ്ടല്ലോ എന്നാണ് പറഞ്ഞത്. ഇതുപോലുള്ള മതപരമായ വികാരങ്ങൾ ആളിക്കത്തിക്കുന്ന കള്ള പ്രചാരവുമായി മേലിൽ ഹൈക്കോടതിയിൽ വന്നുപോകരുതെന്ന വാക്കാലുള്ള താക്കീത് ബഹുമാന്യനായ ആ മതനേതാവിനെ

വടിയും കുടയും കൊടുത്ത് തിരിച്ചയച്ചു. ഇതൊക്കെ നടന്നതിനുശേഷവും എന്തിനാണ് ഇത് പി.എസ്.സി.യിൽ നിന്ന് എടുത്തുമാറ്റി ഗവൺമെന്റ് നിയോഗിക്കുന്ന മതമേധാവികളോ സമുദായ നേതാക്കന്മാരോ പറയുന്ന ആളുകളെ വച്ചുകൊണ്ടുള്ള ഒരു ബോർഡിന് കൊടുക്കുന്നത്. പി.എസ്.സി. നിയമനം, കോൺസ്റ്റിറ്റ്യൂഷൻ വാലിഡിറ്റി, ഇൻഫീരിയർ ആണോ സുപ്പീരിയർ ആണോ എന്ന് വ്യക്തമാക്കേണ്ടതല്ലേ;

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> അങ്ങ് പറഞ്ഞത് വളരെ കറക്ടായ കാര്യങ്ങളാണ്. പി.എസ്.സി.യേക്കാൾ വലുതാണോ ഈ ബോർഡ്. പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നു പറയുന്നത് ഭരണഘടനാപരമായുള്ളതാണ്. റൂളുണ്ടാക്കിയത് ഈ പറയുന്ന എല്ലാ കാര്യങ്ങളും വളരെ വ്യക്തമായി എല്ലാ അർത്ഥത്തിലും ഹിന്ദുമത വിശ്വാസങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുതന്നെ അപ്പോയിന്റ്മെന്റ് നടത്താൻ ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്തതാണ്. പക്ഷെ ഇവിടെ എന്താണ് താൽപര്യം. ബോർഡ് രൂപീകരിച്ചപ്പോൾതന്നെ ഞാൻ ക്രമപ്രശ്നമായി ഉന്നയിച്ചതാണ്. 5 മെമ്പർമാരെ നിങ്ങൾ നിയമിച്ചത് എങ്ങനെയാണ്; ഞാൻ ആവർത്തിക്കുകയല്ല. പട്ടികജാതിയിൽപ്പെട്ട വനിതാ മെമ്പറെ ആർ.എസ്.പി.ക്ക് കൊടുത്തിട്ട് അവരോട് നിയമിക്കാൻ പറഞ്ഞു. എന്നാൽ

പട്ടികജാതി-പട്ടികവർഗ്ഗക്കാരനില്ല. 5 പേരിൽ ബാക്കി 4 പേർ ആരൊക്കെയാണ്. സവർണ്ണന്മാരായ ആളുകളെ വച്ചിരിക്കുകയാണ്. ഹിന്ദുമതം എന്നുപറഞ്ഞാൽ സവർണ്ണ മതമാണോ; സവർണ്ണ വിശ്വാസമാണോ; ഞാൻ നിയമ വകുപ്പ് ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തുകയല്ല. അവരെ ന്യായീകരിക്കാനും സാധൂകരിക്കാനും വേറെ ക്ലോസ് കൊണ്ടുവരികയാണ്. നിയമസഭാ കമ്മിറ്റിയെ നോക്കുകുത്തിയാക്കുന്ന രീതിയാണ്. ഇപ്പോൾ 6 മെമ്പർമാരാക്കി മാറ്റിയിരിക്കുകയാണ്. അതിന്റെ അർത്ഥമെന്താണ്; അവർ ചെയ്ത തെറ്റ് അംഗീകരിക്കാൻ തയ്യാറല്ല. ഈ ബോർഡ് രൂപീകരണത്തിൽ തന്നെ സംവരണം അട്ടിമറിച്ചിരിക്കുകയാണ്. ബോർഡ് രൂപീകരണത്തിലെ സംവരണം അട്ടിമറിച്ചുവെന്ന് പറഞ്ഞാൽ ദേവസ്വം ബോർഡിന്റെ ഒരു നിയമനത്തിലും സംവരണം ബാധകമല്ലെന്നാണ്. സംവരണം ബാധകമല്ലെങ്കിൽ അവിടെ മുസ്ലീങ്ങൾ വരാൻ പോകുന്നില്ലല്ലോ; ക്ഷേത്രങ്ങളിൽ പട്ടികജാതിക്കാർ വന്നാൽ എന്താണ് കുഴപ്പം; പട്ടികജാതിക്കാരും പിന്നോക്ക സമുദായത്തിൽപ്പെട്ടവരും ക്ഷേത്രത്തിന്റെ ജീവനക്കാരായാൽ ക്ഷേത്രം ഇടിഞ്ഞുവീഴുമോ; ആരൊക്കെയാണ് ഹിന്ദുവെന്ന് തീരുമാനിക്കുന്നത് ആരാണ്; ഇവിടെ റിലീജിയനെപ്പറ്റി പറഞ്ഞു. ഞാൻ ആരെയും ക്വാട്ട് ചെയ്യുന്നില്ല. ഹിന്ദുവെന്ന വാക്കിനെപ്പറ്റി നമ്മൾ സംസാരിക്കേണ്ട കാലമായി.

ഹിന്ദുവെന്ന വാക്ക് ചരിത്രത്തിൽ പറയുന്നത് എട്ടാം നൂറ്റാണ്ടിലെ ഒരു താന്ത്രിക ഗ്രന്ഥത്തിലാണെന്ന് ചരിത്രകാരന്മാർ പറയുന്നു. അതുവരെ ഹിന്ദുവെന്ന പദം ഒരു മതമായി ആരും കണ്ടിട്ടില്ല. ഹിന്ദുവെന്നാൽ സിന്ധുനദീതടത്തിൽ താമസിച്ചിരുന്ന ആളുകളെന്ന നിലയിൽ മാത്രം അർത്ഥമാക്കിയതാണ്. ഇതിനെപ്പറ്റി പണ്ഡിറ്റ് ജവഹർലാൽ നെഹ്രു പറയുന്നത് ഹിന്ദു എന്നാൽ ഒരു ജനത എന്നാണ് അർത്ഥമെന്നും ഒരു മതാനുയായി എന്ന് അതിന് അർത്ഥമില്ലെന്നുമാണ്. ഒരു വിശ്വാസം എന്ന നിലയിൽ ഹിന്ദുമതം അവ്യക്തമാണ്, അരൂപമാണ്, ബഹുമുഖമാണ്, ആർക്കും എന്തും ആണ്, അതിനെ നിർവ്വചിക്കുക സാദ്ധ്യമല്ലെന്ന് അദ്ദേഹം പറയുന്നു. മതമെന്ന വാക്കിന്റെ സാധാരണ അർത്ഥത്തിൽ ഒരു മതമാണോ അല്ലയോ എന്നുപോലും ഖണ്ഡിതമായി പറയാനും കഴിയില്ല. ഇപ്പോഴും പണ്ടും ഏറ്റവും ഉയർന്നതു മുതൽ ഏറ്റവും താഴെയുള്ളതുവരെ അനേകം വിശ്വാസങ്ങളെയും ആചാരങ്ങളെയും ഉൾക്കൊള്ളുന്നു. ഇത് പലപ്പോഴും അന്യോന്യം വിരുദ്ധങ്ങളുമാണ്. ഇതെല്ലാം പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അദ്ദേഹത്തിന്റെ പുസ്തകത്തിൽ പറയുന്ന കാര്യങ്ങളാണ്. മഹാത്മാഗാന്ധിയോട് ഹിന്ദുവിനെ വ്യാഖ്യാനിക്കാൻ പറഞ്ഞപ്പോൾ, ഹിന്ദു സിദ്ധാന്തത്തെ നിർവ്വചിക്കാൻ എന്നോട് ആവശ്യപ്പെടുന്ന പക്ഷം ഞാൻ ഇത്രയേ പറയുകയുള്ളൂ, അഹിംസാത്മകമായ

മാർഗ്ഗത്തിൽക്കൂടിയുള്ള സത്യാന്വേഷണം, ഈശ്വര വിശ്വാസമില്ലാത്ത ഒരാൾക്കുപോലും താനൊരു ഹിന്ദുവാണെന്ന് പറയാൻ കഴിയുമെന്നാണ് അദ്ദേഹം പറഞ്ഞത്. എന്താണ് ഹിന്ദുവെന്നതിനെപ്പറ്റി പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവും മഹാത്മാ ഗാന്ധിയും പറഞ്ഞ കാര്യങ്ങളാണ്. ഞാൻ കമ്മ്യൂണിസ്റ്റ് ആചാര്യന്മാർ പറഞ്ഞ വ്യാഖ്യാനങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. എന്താണ് ഹിന്ദുമതവും ഹിന്ദുമത വിശ്വാസവും; അതിനെക്കുറിച്ച് ഇപ്പോഴും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ഇവിടെ നേരത്തെ പറഞ്ഞ സെമറ്റിക് മതം പോലെയല്ല. ഹിന്ദുമത വിശ്വാസം ഒരു സംസ്കാരവുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ്. ഹിന്ദുമതത്തിലെതന്നെ പട്ടികജാതിക്കാരും പിന്നോക്ക സമുദായക്കാരും പൂജാരിമാരായി. കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഒരു നോട്ടിഫിക്കേഷൻ, ഇന്ന ക്ഷേത്രത്തിൽ പൂജാരിമാരെ നിയമിക്കുന്നു, സവർണ്ണ വിഭാഗത്തിൽ പെട്ടവരായിരിക്കണം എന്നാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഇതേ സംഭവം ഉണ്ടായപ്പോൾ ഒരു വ്യക്തി സുപ്രീംകോടതിയിൽ കേസിന് പോയി. സുപ്രീംകോടതി വളരെ വ്യക്തമായി പറയുന്നതാണ് ഞങ്ങൾ വിയോജനക്കുറിപ്പിൽ പറയുന്നത്. ക്ഷേത്രങ്ങളിലെ നിയമനങ്ങളിൽ ജാതിവിവേചനം പാടില്ലെന്ന് സുപ്രീംകോടതി വിധിയുണ്ടായി. പൂണൂലിട്ടവർ മാത്രമേ പൂജാരിയാകാൻ പാടുള്ളൂവെന്നാണ് കൊച്ചിൻ ദേവസ്വം

ബോർഡിന്റെ നോട്ടിഫിക്കേഷനിൽ പറയുന്നത്. താന്ത്രികവിദ്യ പഠിച്ച ആർക്കും പൂജാരിയാകാൻ കഴിയില്ലേ; എന്നാൽ അത് പറ്റില്ലെന്ന് തീരുമാനിച്ച് നോട്ടിഫിക്കേഷൻ ഇറക്കി. ആരാണ് തീരുമാനിക്കുന്നത്. വിശ്വാസങ്ങൾ ഓരോ കാലത്തും മാറിവരും. ഒരു കാലഘട്ടത്തിൽ ഗുരുവായൂർ അമ്പലത്തിൽ പ്രവേശിക്കാൻ ആർക്കാണ് അവകാശം ഉണ്ടായിരുന്നത്. അന്നത്തെ ഹിന്ദുമത വിശ്വാസ പ്രകാരം പട്ടികജാതിക്കാരനോ പിന്നോക്കകാരനോ ഈഴവനോ ആർക്കും അവിടേയ്ക്ക് പോകാൻ കഴിയില്ല. അത് അന്നത്തെ വിശ്വാസമാണ്. ആ വിശ്വാസത്തെ മാറ്റിയത് ഒരു രാജാവിന്റെ വിളംബരത്തിലൂടെയാണ്. അല്ലാതെ ഏതെങ്കിലും മത നേതാവോ മാതാ അമൃതാനന്ദമയി ദേവിയോ പറഞ്ഞിട്ടല്ല. അന്നത്തെ ഗവൺമെന്റ് ക്ഷേത്രപ്രവേശന വിളംബരത്തിന് ഉത്തരവിറക്കിയത്. അത് വെറുതെ ഉണ്ടായതല്ല. സമരം നടത്തി ഉണ്ടാക്കിയതാണ്. ആ സമരത്തിൽ കമ്മ്യൂണിസ്റ്റുകാർ പങ്കെടുത്തു. ഞങ്ങൾ വീണ്ടും ആവർത്തിക്കുന്നു, ആ സമരത്തിൽ പങ്കെടുത്ത സഖാവ് പി. കൃഷ്ണപിള്ളയെ ഗുരുവായൂർ അമ്പത്തിൽ വച്ച് മുളവടികൊണ്ട് തല്ലി. ഞങ്ങൾ ഈ സഭയിൽ പണ്ടും പറഞ്ഞ കാര്യങ്ങളാണ്. അന്ന് സഖാവ് പി. കൃഷ്ണപിള്ള പറഞ്ഞ ഒരു കാര്യം ഞാൻ ഇവിടെ ഉദ്ധരിക്കുകയാണ്. 'ചുണയുള്ള നായർ മണിയടിക്കും, ഇല നക്കി നായർ പുറത്തടിക്കും, അടിക്കെടാ അടി' എന്ന്

പറഞ്ഞ ആളാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാവായ സഖാവ് പി. കൃഷ്ണപിള്ള.

<u>ശ്രീ. വി. എസ്. സുനിൽകുമാർ:</u> അന്ന് ആ സമരം നടത്തിയതിനെത്തുടർന്ന് ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായി. ഗുരുവായൂർ അമ്പലത്തിലേയ്ക്ക് പട്ടികജാതിക്കാരനും പട്ടികവർഗ്ഗക്കാരനും കടന്നുപോയി. ഗുരുവായൂരപ്പൻ എഴുന്നേറ്റ് പോയോ; വൈക്കം സത്യാഗ്രഹം നടത്തി അവിടേയ്ക്ക് പട്ടികജാതിക്കാർ കടന്നപ്പോൾ വൈക്കം മഹാദേവൻ എഴുന്നേറ്റ് പോയോ; എഴുന്നേറ്റ് പോയില്ല. പൂജാരിമാരായി ഇവർ തന്നെ വരണമെന്ന് തീരുമാനിക്കുമ്പോൾ ആ സവർണ്ണാധിപത്യത്തെ വലിച്ചെറിയാൻ നമുക്ക് കഴിയണ്ടേ; എന്തുകൊണ്ട് കഴിയുന്നില്ല; ഇവിടെ പിന്നോക്കകാരായ ആളുകൾ താന്ത്രികവിദ്യ പഠിക്കുന്നുണ്ട്. അവിടെ ബ്രാഹ്മണൻമാരായ ആളുകൾതന്നെയാണ് താന്ത്രികവിദ്യ പഠിപ്പിച്ചുകൊടുക്കുന്നത്. അവരെ നമ്മുടെ ക്ഷേത്രങ്ങളിൽ നിയമിക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല;

<u>ശ്രീ. ജി. സുധാകരൻ:</u> "ബ്രാഹ്മണ്യം കൊണ്ടു കുന്തിച്ചു കുന്തിച്ചു ബ്രഹ്മാവുമെനിക്കൊവ്വായല്ലായെന്ന്" ബ്രാഹ്മണരായ ചില മൂഢമതാധിപന്മാരെ കുറിച്ച് പൂന്താനം പറഞ്ഞിരുന്നത് അങ്ങയുടെ പ്രസംഗത്തിൽ വന്നതിൽ വളരെ

സന്തോഷമുണ്ട്. ബ്രാഹ്മണ്യം നല്ലതാണ് പക്ഷെ ബ്രഹ്മാവും എനിക്ക് താഴെയാണെന്ന് ചില ബ്രാഹ്മണർ വിചാരിക്കുന്നതുകൊണ്ട് അവർ മാത്രമേ ഇത് ചെയ്യാവൂ എന്ന് കരുതുന്നത് ശരിയാണോ?

ശ്രീ. വി. എസ്. സുനിൽകുമാർ: അത് ഒരിക്കലും ശരിയല്ല. ഭാരതത്തിലെ പഴയ ബ്രാഹ്മണ മതത്തെ പരിഹസിക്കുന്ന ചാർവാകന്മാർ അതിനേക്കാൾ മുമ്പ് എന്തൊക്കെ പറഞ്ഞിരിക്കുന്നു. ആ ചാർമാകന്മാർ ജീവിച്ച സ്ഥലമാണ് ഭാരതം. ഇവിടെ മൃഗബലിയുണ്ടായിരുന്നു. എന്തിനാണ് നിങ്ങൾ മൃഗബലി നടത്തുന്നതെന്ന് യാഗത്തിന്റെ ഭാഗമായി മൃഗബലി നടത്തുന്നവരോട് ചാർമാകന്മാർ ചോദിച്ചു. ഈ മൃഗങ്ങൾ സ്വർഗ്ഗത്തിലേയ്ക്കാണ് പോകുന്നതെന്ന് ബ്രാഹ്മണർ പറഞ്ഞു. എങ്കിൽ നിങ്ങളുടെ അച്ഛനേയും അമ്മയേയും ബലി കൊടുക്കൂ അവർ സ്വർഗ്ഗത്തിൽ പോകട്ടേയെന്ന് പറഞ്ഞ് ചാർമാകന്മാർ അപഹസിച്ചിരുന്ന ഒരു കാലം ഇവിടെ ഉണ്ടായിരുന്നു. നാം പുറകോട്ട് പോകുകയാണ്.

ശ്രീ. എ. കെ. ബാലൻ: നാടുവാഴിത്വത്തിന്റെ കൂടപ്പിറപ്പായുള്ള ജന്മിത്വവും അതിന്റെ ഭാഗമായുള്ള ജാതി വ്യവസ്ഥയിലും പ്രതിഷേധിച്ച് മനം നൊന്താണ് ഇന്ത്യാ രാജ്യത്തിന്റെ ഭരണഘടനാ ശില്പി ഡോ. ബി. ആർ. അംബേദ്കർ ബുദ്ധമതത്തിലേയ്ക്ക് പോയതെന്ന് ബഹുമാനപ്പെട്ട സഖാവിന് അറിയാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഹിന്ദു മതം, അല്ലെങ്കിൽ ഭാരതീയ സംസ്കൃതി എന്നു പറയുന്നത് ഈ പറയുന്ന ഹൈന്ദവ സവർണ്ണാധിപത്യമല്ല. ഋഗ്വേദത്തിൽ പറയുന്നത് നമ്മൾ മനസ്സിലാക്കണം. "ഒന്നിച്ച് പോകുക, ഒരുമിച്ചിരിക്കുക, ഒരുമിച്ചിരുന്ന് സംസാരിക്കുക, നിങ്ങളുടെ മനസ്സുകളെല്ലാം ഒരുപോലെയാകട്ടെ. നിങ്ങളുടെ മനസ്സുകൾ ഏകീഭവിക്കട്ടെ, നിങ്ങളുടെ ചിന്തകൾക്ക് ഐക്യരൂപമുണ്ടാകട്ടെ. നിങ്ങളുടെ ഹൃദയങ്ങൾക്ക് യോജിപ്പുണ്ടാകട്ടെ. നിങ്ങളുടെ മനസ്സ് സമാധാനമാകട്ടെ. എല്ലാവരും യോജിച്ച് സുഖമായിരിക്കട്ടെ" എന്നാണ് ഋഗ്വേദം പറയുന്നത്.

ശ്രീ. ജി. സുധാകരൻ: സർ, ഈ കൂട്ടായ്മയാണ് മുസ്ലീം മതത്തിന്റെ ഏറ്റവും വലിയ മാഹാത്മ്യമെന്നുള്ളത് ഞാൻ പറഞ്ഞാൽ അങ്ങ് അംഗീകരിക്കില്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തീർച്ചയായിട്ടും. മുസ്ലീം മതം കൂട്ടായ്മയുടെയും സാഹോദര്യത്തിന്റെയും മൂർത്തിമത്ഭാവമാണ്. എല്ലാ മതങ്ങളേയും സംസ്കാരങ്ങളെയും ഇൻഡ്യയിലേയ്ക്ക് സ്വാംശീകരിക്കാൻ നമുക്ക് സാധിച്ചത് ഋഗ്വേദങ്ങളുടെയും ഭാരതീയ സംസ്കാരത്തിന്റെയും വിശാലമായ മനസ്സുകൊണ്ടാണ്. അതിനെയാണ് സങ്കുചിതമായി ജാതിയുടെയും മതത്തിന്റെയും കോളങ്ങളിലിട്ട് മനുഷ്യനെ വേർതിരിച്ച് എല്ലാത്തിലും അതുകണ്ട് അതിന്റെ അടിസ്ഥാനത്തിൽ

പതിറ്റാണ്ടുകളായി ഇവിടെ പീഡനമനുഭവിച്ച ഒരു വലിയ വിഭാഗം ഇന്ന് ഹിന്ദുമതം എന്ന വിഭാഗത്തിലുണ്ട് എന്നകാര്യം ഈ ബില്ലുണ്ടാക്കുമ്പോൾ നാം മനസ്സിലാക്കണം. ഏതെങ്കിലും ഒരു ജാതി സംഘടന എഴുതിക്കൊടുത്ത ബില്ലിൽ അതുണ്ടാകില്ല. പക്ഷേ ഈ നിയമസഭയിൽ അത് പാസ്സാക്കുമ്പോൾ അതുണ്ടാകും. ഇത് ജാതി സംഘടനയ്ക്ക് അഴിമതി നടത്താനുള്ള ബില്ലല്ല. ഒരു നവോത്ഥാന മൂവ്മെന്റ് ഇവിടെയുണ്ടായി. ഹിന്ദുമത വിശ്വാസത്തെക്കുറിച്ച് ഇവിടെ പലതും പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ഗുരുവായൂർ അമ്പലത്തിലേയ്ക്ക് ശ്രീ. കെ. ജെ. യേശുദാസിന് കടക്കാൻ കഴിയില്ല. പക്ഷേ അദ്ദേഹം ശബരിമലയിൽ പോകുന്നുണ്ടല്ലോ. ശബരിമലയിൽ പോയി പാട്ടുപാടുന്നുണ്ടല്ലോ. കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിലാണ് ശ്രീ. കെ. ജെ. യേശുദാസിന്റെ എല്ലാ പിറന്നാൾ ആഘോഷവും നടക്കുന്നത്. അത് ഹിന്ദു വിശ്വാസമല്ലേ; ഹിന്ദു വിശ്വാസം എന്നുപറയുന്നത് പല തരത്തിലാണ്.

മദ്യ വിൽപ്പനയോ മദ്യവുമായി ബന്ധപ്പെട്ട കച്ചവടമോ ഉള്ളവർക്ക് ഈ ബോർഡിൽ അംഗമാകാൻ പറ്റില്ലായെന്ന് ഈ ബില്ലിൽ എഴുതിവച്ചിരിക്കുകയാണ്. ഞാൻ ഈ മന്ത്രിയോട് ചോദിക്കട്ടെ, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശ്രീ. സുഭാഷ് വാസു എന്ന വ്യക്തി നിങ്ങളുണ്ടാക്കിയ ആളല്ലേ. ദേവസ്വം

ബോർഡിൽതന്നെ മദ്യവിൽപ്പന നടത്തിയ ആളുകളെ നിങ്ങൾ വച്ചിരിക്കുകയല്ലേ. നിങ്ങളെന്തിനാണ് ഈ വകുപ്പ് അതിനകത്ത് വച്ചിരിക്കുന്നത്? ക്ഷേത്രാചാരത്തിന്റെ ഭാഗമായി എത്രയോ സ്ഥലത്ത് മദ്യം നിവേദിക്കുന്നുണ്ട്. ഇറച്ചി നിവേദിക്കുന്നു. ഏറ്റവുമധികം ഹിന്ദുക്കൾ താമസിക്കുന്ന നേപ്പാളിൽ കഴിഞ്ഞ ദിവസം അമ്പലത്തിലെ ട്രസ്റ്റ് ഒരു ആചാരം നിരോധിച്ചു. 300 കൊല്ലമായി തുടരുന്ന ആചാരമാണ്. ആ ആചാരമെന്താണ്; മൃഗങ്ങളെ ബലികൊടുക്കുന്ന ആചാരമാണ്. ഒരു ലക്ഷത്തിലധികം മൃഗങ്ങളെയാണ് അവിടെ ഒരുവർഷം ബലികൊടുക്കുന്നത്. അത് നിരോധിച്ചു. കൽക്കട്ടയിലെ കാളി ക്ഷേത്രത്തിൽ എന്താണ് ബലി കൊടുക്കുന്നത്; അവിടെ മൃഗങ്ങളെ ബലി കൊടുക്കുന്നു. അതേസമയം യാതൊരു വിധത്തിലും മത്സ്യ മാംസാദികളൊന്നുമില്ലാതെ പൂജചെയ്യുന്ന ക്ഷേത്രങ്ങളവിടെയുണ്ട്. 41 ദിവസം വ്രതമനുഷ്ഠിച്ച് പോകുന്ന ക്ഷേത്രങ്ങളുണ്ട്. തമിഴ്നാട്ടിലെ മണ്ടയ്ക്കാട് എന്ന ക്ഷേത്രത്തിൽ കടലിലിറങ്ങി മീൻപിടിച്ച് ക്ഷേത്രമുറ്റത്ത് മത്സ്യംവച്ച് നിവേദിക്കും. ആ ആചാരവും ഹിന്ദുമതത്തിലുണ്ട്. അപ്പോൾ വൈവിധ്യമാർന്ന ആചാരാനുഷ്ഠാന ക്രമങ്ങളോടുകൂടിയ ഒരു മതമാണ് ഹിന്ദുമതം. ആ ഹിന്ദുമതത്തിന്റെ വിശാലമായ ക്യാൻവാസിൽ എല്ലാവരും ഉൾപ്പെടും. അപ്പോൾ ക്ഷേത്രഭരണത്തിൽ പിന്നോക്കക്കാരൻ വേണ്ട എന്ന് തീരുമാനിക്കാൻ ഈ നിയമസഭയ്ക്ക് എന്താണ്

അധികാരം. അവർക്ക് കൊടുക്കേണ്ട സംവരണം കൊടുക്കേണ്ടിവരും. അങ്ങനെ സംവരണം കൊടുക്കുമ്പോഴാണ് ഇത് വിപ്ലവാത്മകമായ ഒരു നിയമമാകുക. അതല്ലെങ്കിൽ ഇവിടെ ജാതിക്കോമരങ്ങൾക്കുവേണ്ടി ഉണ്ടാക്കിയ നിയമമായി ഇത് മാറില്ലേ?

ശ്രീ. ജി. സുധാകരൻ: സർ, ഈ നിയമം മാത്രമല്ല, 1951-ൽ അതായത് കേരള സംസ്ഥാന രൂപീകരണത്തിന് മുൻപ് മലബാർ പ്രദേശം ബ്രിട്ടീഷ് ഭരണകാലത്തെപ്പോലെ മദ്രാസി പ്രവിശ്യയുടെ ഭാഗമായിരുന്ന കാലത്ത്, Hindu Religious Endowment Act-ന്റെ കാലത്ത് അവിടത്തെ അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റുകളെല്ലാം പി.എസ്.സി.യാണ് നിർവ്വഹിച്ചുകൊണ്ടിരുന്നത്. കോൺഗ്രസ് ഭരിച്ചപ്പോഴും ഇടതുപക്ഷം ഭരിച്ചപ്പോഴും അത് പി.എസ്.സി. തുടർന്നു. മലബാർ ദേവസ്വം ബോർഡ് നിയമം 2009-ൽ ഞാൻ കൊണ്ടുവരുമ്പോൾ പി.എസ്.സി.ക്ക് വിട്ടത് അതിൽ ഉൾപ്പെടുത്തുക മാത്രമാണ് ചെയ്തത്. അതും ഇവർ എടുത്തുകളഞ്ഞു. അതും റിക്രൂട്ട്മെന്റ് ബോർഡിന് കൊടുത്തു. അപ്പോൾ ഇവിടത്തെ തിരുവിതാംകൂറിലെ സമുദായ പ്രമാണിമാർക്കുവേണ്ടി മലബാറിൽ ആരും ആവശ്യപ്പെടാതെ തന്നെ അവിടത്തെ പോസ്റ്റുകളും പി.എസ്.സി.യിൽ നിന്ന് മാറ്റി തിരുവിതാംകൂറിലെ സമുദായ പ്രമാണിമാർക്ക് അടിയറ വച്ചിരിക്കുകയാണ്.

ഇതിനെല്ലാം അനുമതി കൊടുത്ത ഈ നിയമ വകുപ്പ് സെക്രട്ടറിയെ പ്രോസിക്യൂട്ട് ചെയ്യണ്ടേ; ഈ നിയമ വകുപ്പ് സെക്രട്ടറിയെ പ്രോസിക്യൂട്ട് ചെയ്യണം. ഒരുപാട് കള്ളത്തരങ്ങൾ ഈ നിയമത്തിലുണ്ട്. ഒരു നിയമത്തിലും ഇന്നുവരെ ഉണ്ടായിട്ടില്ല. നിയമ വകുപ്പ് സെക്രട്ടറി ആരായാലും പ്രോസിക്യൂട്ട് ചെയ്യണം. ഞാൻ ആവശ്യപ്പെടുകയാണ്. അതിന് നടപടി സ്വീകരിക്കാൻ... അങ്ങ് എല്ലാത്തിനും നിയമസഭയ്ക്കകത്ത് ലിറ്റിഗേഷൻ ഉന്നയിക്കുന്ന ആളാണ്. അങ്ങ് തയ്യാറുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, തീർച്ചയായിട്ടും. ഞാൻ സബ്ജക്റ്റ് കമ്മിറ്റിയിൽ വച്ചുതന്നെ നിയമ വകുപ്പ് സെക്രട്ടറിയോട് ചോദിച്ചു, നിങ്ങൾ ചെയ്തത് തെറ്റല്ലേ. നിയമ വകുപ്പ് സെക്രട്ടറി നിയമം പറയാൻവേണ്ടി വരേണ്ട ആളാണ്. അല്ലാതെ ഭരണാധികാരികളുടെ രാഷ്ട്രീയ, സാമ്പത്തിക, മത താൽപര്യത്തിന് അനുസരിച്ച് ഒരു നിയമം ഉണ്ടാക്കിക്കൊടുക്കലാണോ നിയമ വകുപ്പിന്റെ പണി: ചെരുപ്പിനനുസരിച്ച് കാൽ മുറിക്കാനാണോ നിയമ വകുപ്പിരിക്കുന്നത്. ഇവിടെ ചെയ്തത് അതാണ്. ചെരുപ്പിനനുസരിച്ച് കാൽ മുറിച്ചു കൊടുക്കുക. ഇവിടെ ഇവർ ചെയ്യുന്നത് ആർ.എസ്.എസ്.നുവേണ്ടിയുള്ള ചില കാര്യങ്ങളാണ്. ജാതി-മതസംഘടനകളുമായി ഇവർക്ക് അവിഹിതമായ ബന്ധങ്ങളാണ്. ആ ബന്ധങ്ങൾ ജനാധിപത്യത്തിന്റെ കഴുത്തറക്കുകയാണ്. എന്തിനുവേണ്ടി;

അധികാരത്തിനുവേണ്ടി. ചാതുർവർണ്ണ്യം തിരിച്ചുകൊണ്ടുവരാൻ കേന്ദ്രം ഭരിക്കുന്നവർ ശ്രമിക്കുകയാണ്.

"ബ്രാഹ്മണോസ്യ മുഖമാസീത്

ബാഹു രാജന്യ:കൃത:

ഊരു തദസ്യ യദ്വൈശ്യ:

പദ്ഭ്യാഗ്ം ശൂദ്രോ അജായത"

എന്നുപറയുന്ന ആ സമൂഹത്തിന്റെ ഘടനയിലേയ്ക്ക് ഈ സമൂഹത്തെ തിരിച്ചുകൊണ്ടു പോകാൻവേണ്ടി ആഗ്രഹിക്കുന്നവരാണ് ഇൻഡ്യയിലെ ഹൈന്ദവ തീവ്രവാദികളായ ആർ.എസ്.എസ്.കാർ. അവർ അതിന് ശ്രമിക്കുമ്പോൾ ഇൻഡ്യയിലെ പുരോഗമന ആശയക്കാർ, പണ്ഡിറ്റ് ജവഹർലാർ നെഹ്റു അടക്കം അതിനെതിരെ ശക്തമായി ഇടപെട്ടവരാണ്. അതുകൊണ്ടാണ് ഞങ്ങൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ ഉദ്ധരിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾ ഗാന്ധിജിയെ ഉദ്ധരിക്കുന്നത്. പക്ഷേ ഇപ്പോഴത്തെ കോൺഗ്രസ് എന്തു ചെയ്യുന്നു; നിങ്ങളത് തിരിച്ചുകൊണ്ടുവരികയാണ്. ഇവിടെ ജാതി-മത സംഘടനകൾ രാഷ്ട്രീയത്തിൽ ഒരു ലക്കുംലഗാനുമില്ലാതെ ഇടപെടുകയാണ്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം, കോൺഗ്രസ് ഇന്ന്

രാഷ്ട്രീയ മണ്ഡലത്തിൽ സ്വീകരിക്കുന്ന നിലപാടുകളെ സംബന്ധിച്ച് പറയുകയാണ്. കേരളത്തിന്റെ നവോത്ഥാന പാരമ്പര്യത്തിൽ ശ്രീനാരായണ ഗുരുവിന്റെ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി', 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്', 'ഗോവിന് ഗോത്വം ജാതി എന്നതുപോലെ മനുഷ്യന് മനുഷ്യത്വമാണ് ജാതി' എന്നൊക്കെ പറഞ്ഞ മഹാനായ ശ്രീനാരായണ ഗുരുവിന്റെ പേരിലുള്ള പ്രസ്ഥാനമാണ് എസ്.എൻ.ഡി.പി. ആ എസ്.എൻ.ഡി.പി.യുടെ നേതാവായ ശ്രീ. വെള്ളാപ്പള്ളി നടേശൻ ആർ.എസ്.എസ്. നേതാവായ ശ്രീ. അമിത് ഷായെ പോയി കണ്ടു. ആർ.എസ്.എസ്.ന്റെ ആലയത്തിലേയ്ക്ക് ചെന്നതിനെ കുറിച്ച് സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി സഖാവ് കോടിയരി ബാലകൃഷ്ണന്റെ പ്രസ്താവന ഞാൻ പത്രത്തിൽ വായിച്ചു. 'നവോത്ഥാന പാരമ്പര്യമുള്ള എസ്.എൻ.ഡി.പി.യുടെ ആത്മഹത്യാപരമായ നിലപാടാണ് ' എന്ന് അദ്ദേഹം സുവ്യക്തമായി പറഞ്ഞു. ഇവിടെ യു.ഡി.എഫ്.ന്റെ നേതാക്കൻമാർ, കെ.പി.സി.സി. പ്രസിഡന്റോ മുഖ്യമന്ത്രിയോ അല്ലെങ്കിൽ മുസ്ലീം ലീഗിന്റെ നേതാക്കൻമാരോ ഇതിനെക്കുറിച്ച് ഒരക്ഷരം ഈ നിമിഷംവരെ പ്രതികരിച്ചിട്ടില്ല. ഇവരുടെ മൗനം യാദൃശ്ചികമാണെന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഒരിക്കലുമില്ല. എസ്.എൻ.ഡി.പി. പ്രസിഡന്റ് ശ്രീ. വെള്ളാപ്പള്ളി നടേശൻ തലമറന്ന് എണ്ണതേയ്ക്കുകയാണ്. കാരണം ശ്രീനാരായണ ഗുരുദേവൻ കേരളത്തിൽ എന്താണ് പ്രവർത്തിച്ചത്; അദ്ദേഹം ഏത് വിപ്ലവത്തിന്റെ വിദ്യുത്ശൃംഗമാണ് ഇവിടേയ്ക്ക് ഉയർത്തിവിട്ടതെന്നുള്ള കാര്യത്തെപറ്റി ബഹുമാന്യനായിട്ടുള്ള ശ്രീ. വെള്ളാപ്പള്ളി നടേശൻ മറന്നുപോകുകയാണ്. ഇവിടെ ശ്രീനാരായണ ഗുരുദേവൻ അരുവിപ്പുറത്ത് ശിവലിംഗം പ്രതിഷ്ഠിച്ചപ്പോൾ അന്നത്തെ രാജാക്കൻമാർ ശ്രീനാരായണ ഗുരുദേവന് 5 രൂപ ഫൈനിട്ട രാജ്യമാണ് ഇവിടെ. ആ നാട്ടിൽ സവർണ്ണാധിപത്യത്തിന്റെ പുതിയ വക്താക്കളുടെ തോളിൽ കൈയിട്ട് നടക്കുന്ന ഇവർ. ആർക്കുവേണ്ടിയാണ്? അതിൽ നിങ്ങൾ മൗനം ഭഞ്ജിക്കുന്നത് എന്തുകൊണ്ടാണ്? അവരെ ഭയമുള്ളതുകൊണ്ട്. നിങ്ങൾ ജാതി-മത സംഘടനകളെ ഭയക്കുന്നു. നാം ജാതിമത സംഘടനകളെ ബഹുമാനിക്കണം. പക്ഷേ അവരെ ഭയക്കാൻ പാടില്ല. നിങ്ങൾ അവരുമായി കൂട്ടുചേരാൻ ശ്രമിക്കുന്നു. നിങ്ങൾ ഒരുകാര്യം മനസ്സിലാക്കണം. ജനാധിപത്യം പാലുപോലെയാണ്. അതിൽ വർഗ്ഗീയതയും ജാതി താൽപര്യവും കലർത്തിയാൽ അത് വിഷം കലർത്തിയ പാലാകും. പാലിന്റെ എല്ലാം ഗുണങ്ങളും നഷ്ടപ്പെട്ട് അത് വിഷമായി മാറും. വിഷത്തിൽ പാലൊഴിച്ചാൽ പാലിന്റെ ഗുണം കിട്ടില്ല. പക്ഷേ വിഷത്തിന്റെ ഗുണം

എപ്പോഴുമുണ്ടാകും. നിങ്ങളത് രാഷ്ട്രീയത്തിൽ കലർത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ തിക്തഫലമാണ് ഇപ്പോൾ അനുഭവിക്കുന്നത്. നിങ്ങൾ ജാതിക്കുവേണ്ടി ബില്ലുണ്ടാക്കുന്നു. അധികാരം നഷ്ടപ്പെടുമോ എന്ന ഭയത്താൽ ജാതിക്കാർക്കെതിരെ, ജാതിക്കോമരങ്ങൾക്കെതിരെ, ജാതിസ്ഥാപിത താൽപര്യക്കാർക്കെതിരെ നിങ്ങളൊന്നും മിണ്ടുന്നില്ല. നിങ്ങളവരെ പ്രീണിപ്പിക്കുന്നു. ഒരു ഭാഗത്ത് മതന്യൂനപക്ഷ പ്രീണനം നടത്തുമ്പോൾ മറുഭാഗത്ത് മതഭൂരിപക്ഷ പ്രീണനം നിങ്ങൾ നടത്തുന്നു. ഇതൊരു വലിയ സർക്കസുകാരെപ്പോലെ, ഈയൊരു ടാക്റ്റിക്സിലൂടെ അധികാരം നിലനിർത്തിക്കൊണ്ട് പോകാമെന്നൊരു മെക്കാനിസം നിങ്ങൾ രൂപപ്പെടുത്തിയെടുത്തിരിക്കുകയാണ്. ഇത് നമ്മുടെ രാജ്യത്തെ അപകടത്തിലേയ്ക്ക് നയിക്കുകയാണ്. ഇതിന്റെയെല്ലാം ഗുണം കിട്ടാൻ പോകുന്നത് ജനാധിപത്യത്തിനല്ല. ആത്യന്തികമായി അതിന്റെ വിജയം ഉണ്ടാക്കാൻ പോകുന്നത് ആർ.എസ്.എസ്.നും ബി.ജെ.പി.ക്കും വർഗ്ഗീയ വാദികൾക്കുമായിരിക്കും. അതിലേയ്ക്കാണ് ഇപ്പോൾ കേരളം പൊയ്ക്കൊണ്ടിരിക്കുന്നത്. അതിന് പറ്റിയ രീതിയിലുള്ള ബില്ലുകളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം 27 മിനിട്ട് കഴിഞ്ഞു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് നിയന്ത്രിക്കരുത്. ഞാൻ എന്റെ

അവകാശം അനുസരിച്ചു മാത്രമേ ഞാൻ സംസാരിക്കുന്നുള്ളൂ.

ശ്രീ. എ. കെ. ബാലൻ: സർ, ഇപ്പോൾ ലൈബ്രറിയിൽനിന്നും എടുത്ത ഒരു പുസ്തകമാണിത്. ***

മി. ചെയർമാൻ: ശ്രീ. എ. കെ. ബാലൻ അതു പരിശോധിക്കാം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട എ. കെ. ബാലൻ *** ഗുജറാത്തിലെ പോർബന്തറിൽ ജനിച്ച മഹാനായ മനുഷ്യനാണ് മഹാത്മാഗാന്ധി എന്നുപറയുന്ന നമ്മുടെ രാഷ്ട്രപിതാവ്. ആ രാഷ്ട്രപിതാവിന്റെ പ്രതിമ സ്ഥാപിക്കുന്നതിനു പകരം സർദാർ വല്ലഭായി പട്ടേലിന്റെ പ്രതിമ സ്ഥാപിക്കുന്നത് ഒരു പ്രതീകമായിട്ടാണ്.

ശ്രീ. ജി. സുധാകരൻ: സർ, ഹിറ്റ്ലർ ജൂതന്മാരേയും അതുപോലെയുള്ള വർഗ്ഗങ്ങളേയും ഉൻമൂലനാശം ചെയ്യാൻ വംശവിച്ഛേദനം അതായത് genocide നടത്തിയതുപോലെ ആയിരക്കണക്കിന് മുസ്ലീങ്ങളെ ഗർഭിണികൾ, കുഞ്ഞുങ്ങൾ, വൃദ്ധൻമാർ, യുവാക്കൾ എന്നുള്ള വ്യത്യാസമില്ലാതെ കൊന്നൊടുക്കിയ, കൊലയാളിയായ മോഡിയെ, അദ്ദേഹം ഇന്ന് പ്രധാനമന്ത്രിയോ ആരോ ആകട്ടെ, ഇവിടെ ന്യൂറംബർഗ് ട്രയൽ മോഡലിൽ, ഒരു പ്രത്യേക കോടതി സ്ഥാപിച്ച് പ്രോസിക്യൂട്ട് ചെയ്യാൻ ഈ കോൺഗ്രസ്സ് തയ്യാറാകേണ്ടിയിരുന്നതല്ലേ,

അതുചെയ്യാത്തതുകൊണ്ടല്ലേ അദ്ദേഹം പ്രധാനമന്ത്രി ആയത്.

<u>ശ്രീ. വി. എസ്. സുനിൽകുമാർ:</u> സർ, തീർച്ചയായിട്ടും. നരേന്ദ്ര മോഡിക്ക് വരാൻ എല്ലാ അവസരങ്ങളും ഒരുക്കിയത് നിങ്ങളാണ്. ഇവിടെ ആരോ കമ്മ്യൂണിസ്റ്റുകാരെപ്പറ്റി പറയുന്നതുകേട്ടു. ശ്രീ. സി. പി. മുഹമ്മദാണ് പറഞ്ഞതെന്ന് തോന്നുന്നു. നിങ്ങളെ ബഹുമാനിക്കുന്ന ഒരാളാണ് ഞാൻ. നിങ്ങൾ എന്ത് അടിസ്ഥാനത്തിലാണ് അത് പറഞ്ഞത്. ഈ ഇടതുപക്ഷക്കാരാണോ ബി.ജെ.പി.യെ കൊണ്ടുവന്നത്. നിങ്ങൾ 1992 മറന്നുപോയോ; ഈ സഭയിൽ പല തവണ ആവർത്തിച്ച കാര്യമായിരിക്കാം, പക്ഷേ വീണ്ടും ആവർത്തിക്കേണ്ടിവരും. 1992-ൽ ബാബറി മസ്ജിദ് പൊളിച്ചപ്പോൾ നിങ്ങളുടെ ആളല്ലേ പ്രധാനമന്ത്രിയായിരുന്നത്, മറന്നുപോയോ; എന്തുകൊണ്ട് അന്ന് നിങ്ങൾക്ക് ബാബറി മസ്ജിദിനെ സംരക്ഷിക്കാൻ കഴിഞ്ഞില്ല. അതിനുമുൻപ് രാജീവ്ഗാന്ധി ഷബാനു ബീഗം കേസ്സുമായി ബന്ധപ്പെട്ടുകൊണ്ട് ശരിഅത്ത് നിയമത്തിന്റെ കാര്യത്തിൽ ന്യൂനപക്ഷങ്ങൾക്കുവേണ്ടി നടത്തിയ പ്രീണനത്തിനു പകരമായി നിങ്ങൾ ആ ക്ഷേത്രം തുറന്നുകൊടുത്തു, മറന്നുപോയോ? അതിനുശേഷം ശിലാന്യാസം നടത്തുന്നതിനുവേണ്ടി അവസരം കൊടുത്തില്ലേ; രാമക്ഷേത്രം പണിയാൻവേണ്ടി കല്യാൺ സിംഗിന് എല്ലാ ഒത്താശയും ചെയ്തുകൊടുത്തത്

നിങ്ങളല്ലേ; വാസ്തവത്തിൽ അതിനുശേഷമല്ലേ ബി.ജെ.പിക്ക് ഇൻഡ്യയിൽ കടന്നുവരാൻ അവസരമൊരുക്കിക്കൊടുത്തത്. ഇവിടെ മതന്യൂനപക്ഷ വർഗ്ഗീയത ശക്തിപ്പെട്ടത് അതിനുശേഷമല്ലേ? മതന്യൂനപക്ഷ വർഗ്ഗീയത ചൂണ്ടിക്കാട്ടി വീണ്ടും വീണ്ടും ബി.ജെ.പി.യെ വളർത്താൻവേണ്ടി ആശയപരമായ എല്ലാം ഒരുക്കങ്ങളും ചെയ്തു കൊടുത്തത് കോൺഗ്രസ്സ് അല്ലേ?

ശ്രീ. വി. റ്റി. ബൽറാം: സാർ, *** സമാനമായ രീതിയിൽ ആർ.എസ്.എസ്.-കാർ പ്രത്യേകിച്ചും നരേന്ദ്രമോഡിയുടെ ആരാധകരായിട്ടുള്ള ആർ.എസ്.എസ്.കാർ കണ്ണൂരിൽ ആ പാർട്ടിയിൽനിന്നു മാറി സി.പി.എം.ൽ ചേരുന്നതിനെ നിരുൽസാഹപ്പെടുത്തണം എന്ന് സി.പി.ഐ.ക്കാരനായ താങ്കൾക്ക് അഭിപ്രായമുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തീർച്ചയായിട്ടും, ബി.ജെ.പി.യിൽ ആര് ചേരുന്നതിനെയും എങ്ങനെയൊക്കെ തടയാൻ കഴിയുമോ, അത് തടയണമെന്ന് ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. കമ്മ്യൂണിസ്റ്റുകാരായ ഞങ്ങളുടെ കൂട്ടത്തിൽനിന്ന് ആരെങ്കിലും ആർ.എസ്.എസ്.ലേയ്ക്ക് പോകുന്നെങ്കിൽ ഞങ്ങൾ അതിൽ ജാഗ്രതയുള്ളവരും അതിനെപ്പറ്റി നല്ല ബോധ്യമുള്ളവരുമാണ്. പക്ഷേ കോൺഗ്രസ്സിനകത്തുനിന്ന് എത്രപേർ ബി.ജെ.പി.യിലേയ്ക്ക് പോകുന്നുണ്ടെന്നും

നാളെ എത്രപേർ ഖദറിനകത്ത് കാക്കി ട്രൗസർ ഇട്ട് കൂട്ടത്തിൽ ഇരിക്കുന്നുണ്ടെന്ന കാര്യവും ശ്രീ. ബൽറാം ഒന്ന് പരിശോധിക്കുന്നത് നന്നായിരിക്കും.

ശ്രീ. റ്റി. വി. രാജേഷ്: സർ, രാജ്യസഭയിലും ലോകസഭയിലുമുള്ള ഇപ്പോഴത്തെ ബി.ജെ.പി എം.പി.മാരിൽ 56 പേർ പഴയ കോൺഗ്രസ്സുകാരാണെന്നുള്ള വിവരം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ***

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തീർച്ചയായിട്ടും പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മതേതരത്വത്തിനുവേണ്ടി ജീവിച്ച ആളാണ്, അദ്ദേഹം ഒരു യുക്തിവാദിയായിരുന്നു. ഇവിടെ ഫാക്ടറികളാണ് അമ്പലങ്ങളായി മാറേണ്ടത് എന്നു പറഞ്ഞ ആളാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ചെയ്ത കാര്യങ്ങളെപ്പറ്റി അങ്ങ് പറഞ്ഞല്ലോ; അന്ന് ശ്രീരാമ വിഗ്രഹം കണ്ടെടുത്തപ്പോൾ അത് സരയൂ നദിയിൽ കൊണ്ടുപൊയി ഒഴുക്കാൻ പറയാനുള്ള ആർജ്ജവം ഉണ്ടായിരുന്ന ഒരാളാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. പക്ഷേ അന്നത്തെ കോൺഗ്രസ്സ് അല്ലല്ലോ ഇന്ന്. അതുപോലെ 56 എം.പി.മാർ പോയാൽ അവരുടെ കൂടെ 56 ലക്ഷം ആളുകളെങ്കിലും ബി.ജെ.പി.യിലേയ്ക്ക് പോയിക്കാണില്ലേ. ഇവിടെ ഏറ്റവും വലിയ പാർട്ടി കോൺഗ്രസ്സായിരുന്നില്ലേ.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, കേരളത്തിൽ നിങ്ങളുടെ കൂടെ ഉണ്ടായിരുന്ന ഒരു മുൻ എം.എൽ.എ. ശ്രീ. അൽഫോൺസ് കണ്ണന്താനം ഇപ്പോൾ ബി.ജെ.പി.യുടെ കൂടെ നടക്കുന്നു, നിങ്ങളുടെ കൂടെ നടന്നതല്ലേ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഒരു സ്വതന്ത്ര എം.എൽ.എ. അപ്പുറത്ത് പോയതാണോ ഏറ്റവും വലിയ കാര്യം. ശ്രീ. ജോസഫ് വാഴക്കനെപ്പോലെയുള്ള ആളുകൾ കടുക് ചോരുന്നത് കാണുകയും ആന ചോരുന്നത് കാണാതിരിക്കുകയും ചെയ്യുന്നത് മോശമാണ്. ഞാൻ പറഞ്ഞത് ബി.ജെ.പി.യെ അധികാരത്തിൽ കൊണ്ടുവന്നത് കമ്മ്യൂണിസ്റ്റുകാരല്ല. കഴിഞ്ഞ 10 കൊല്ലക്കാലം ഇൻഡ്യാരാജ്യം ഭരിച്ച കോൺഗ്രസ്സ് ഗവൺമെന്റിന്റെ ജന വിരുദ്ധ നയങ്ങളെയും അഴിമതിയെയുമാണ് ബി.ജെ.പി. ഏറ്റവും നല്ല വോട്ടാക്കി മാറ്റിയത്. ഹിന്ദു രാഷ്ട്രീയമല്ല വോട്ടാക്കി മാറ്റിയത്. ഇപ്പോൾ അവർ ഹിന്ദു രാഷ്ട്രീയം വോട്ടാക്കി മാറ്റുകയാണ്. ഹിന്ദു വർഗ്ഗീയത അവരുടെ ശക്തിയാക്കി മാറ്റാൻ ശ്രമിക്കുകയാണ്. നരേന്ദ്രമോഡി ഗവൺമെന്റ് അധികാരത്തിൽ വരാൻ അതിന് കളമൊരുക്കിയത്, കമ്മ്യൂണിസ്റ്റുകാരോ ഇടതുപക്ഷക്കാരോ അല്ല. അതിന് കളമൊരുക്കി കൊടുത്തത് കോൺഗ്രസ്സുകാരായിരുന്നു. നിങ്ങൾ ഉണ്ടാക്കിക്കൊടുത്ത വഴിയിലൂടെ, നിങ്ങൾ വെട്ടിത്തെളിച്ച വഴിയിലൂടെ ബി.ജെ.പി.ക്കാർ ഇന്ന് അധികാരത്തിലിരിക്കുകയാണ്.

നിങ്ങൾക്കവരെ ചെറുത്ത് തോൽപ്പിക്കാൻപോലും പറ്റാത്ത വിധത്തിൽ നിങ്ങൾ ദുർബലമായിപ്പോയി എന്നതിൽ വിഷമമുള്ള ഒരാളാണ് ഞാൻ. കോൺഗ്രസ്സ് ദുർബലമായിപ്പോകണം എന്ന് ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. കാരണം കോൺഗ്രസ്സ് ഒരു ജനാധിപത്യ പാർട്ടി എന്ന നിലയിൽ ആ പാർട്ടിയുടെ സാന്നിദ്ധ്യം ആവശ്യമായിരിക്കാം. പക്ഷേ, നിങ്ങൾ സ്വയം അത് നശിപ്പിക്കുകയും ബി.ജെ.പി.യെ വളർത്തുകയും ചെയ്തിരിക്കുകയാണ്. കമ്മ്യൂണിസ്റ്റുകാർ വർഗ്ഗീയതയെ ഉണർത്തുന്നു എന്ന് ഇവിടെ പറയേണ്ട. ഞാൻ ഒരു കാര്യം പറയട്ടെ, കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ച് വർഗ്ഗരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ സംരക്ഷണം എന്നു പറയുന്നത് അവിഭാജ്യ ഭാഗമാണ്. ന്യൂനപക്ഷത്തെ സംരക്ഷിക്കുക എന്നു പറയുന്നത് ഞങ്ങളുടെ രാഷ്ട്രീയത്തിന്റെ അവിഭാജ്യഭാഗമാണ് എന്നുള്ളതുകൊണ്ട് തന്നെയാണ് ആർ.എസ്.എസ്.-ന്റെ വിചാരധാരയിൽ കമ്മ്യൂണിസ്റ്റുകാരാണ് അവരുടെ ഏറ്റവും വലിയ ബദ്ധശത്രു എന്ന് അവർ ആധികാരികമായി എഴുതി വയ്ക്കാൻ കാരണം. ന്യൂനപക്ഷ സമുദായത്തെ സംരക്ഷിക്കുക എന്ന വർഗ്ഗരാഷ്ട്രീയത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. എന്നാൽ വർഗ്ഗീയ പ്രീണനം, മതന്യൂനപക്ഷങ്ങളെ പ്രീണിപ്പിക്കുക, മതന്യൂനപക്ഷത്തിലെ സമ്പന്ന വിഭാഗത്തിന്റെ

താൽപ്പര്യത്തിനുവേണ്ടി മതന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള ആനുകൂല്യങ്ങൾ അവർക്ക് വച്ചു നീട്ടിക്കൊടുക്കുക, മതഭൂരിപക്ഷത്തിന്റെ ഒരു വിഭാഗത്തിനുവേണ്ടി, അതിലെ സമ്പന്നർക്കുവേണ്ടി അവരെ പ്രീണിപ്പിക്കുക, പിന്നോക്കക്കാരനുവേണ്ടി കൊടുക്കുമ്പോൾ പിന്നോക്കക്കാരനിലെ സമ്പന്നർക്കുവേണ്ടി ആ അധികാരം ദുർവിനിയോഗം ചെയ്യാൻ അവസരം ഒരുക്കിക്കൊടുക്കുക, അതുവഴി അധികാരമുണ്ടാക്കാൻ ശ്രമിക്കുക. ഞാൻ ചോദിക്കട്ടെ മത ന്യൂനപക്ഷ സമുദായങ്ങൾ നന്നായി നടത്തുന്ന എത്രയോ സ്ഥാപനങ്ങൾ ഉണ്ട്. ഇവിടെ മത സംഘടനകൾ നടത്തുന്ന എത്രയോ സ്ഥാപനങ്ങൾ ഉണ്ട്, ഞാൻ ഒരു കാര്യം ചോദിക്കട്ടെ, ഈഴവർ നടത്തിക്കൊണ്ടിരിക്കുന്ന കോളേജുകളിൽ പണം കൊടുക്കാതെ പാവപ്പെട്ട ഈഴവന് സീറ്റു കിട്ടുമോ, ആത്മാർത്ഥമായി പറയണം. പാവപ്പെട്ട ഈഴവർക്കുവേണ്ടി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈഴവ സമുദായത്തിലെ പാവപ്പെട്ടവന് എത്ര സീറ്റുകൊടുക്കും? എസ്.എൻ.ഡി.പി നടത്തിയാലും എൻ.എസ്.എസ്. നടത്തിയാലും പണം കൊടുക്കാതെ ആ സ്ഥാപനങ്ങളിൽ സീറ്റ് കിട്ടുകയില്ല. അവിടെ അദ്ധ്യാപകരെ നിയമിക്കുമ്പോൾ ഈഴവനായിട്ടുള്ള ഒരു പാവപ്പെട്ട മിടുക്കിയോ മിടുക്കനോ ആയ അദ്ധ്യാപകനെ നിയമിച്ച് സമൂഹത്തിൽ അവർ ഉയർന്നുവരട്ടെയെന്ന് ആഗ്രഹിക്കുന്ന എത്ര എസ്.എൻ.ഡി.പി. സ്ഥാപനങ്ങളുണ്ട്;

എത്ര എൻ.എസ്.എസ്. സ്ഥാപനങ്ങളുണ്ട്. മതന്യൂനപക്ഷങ്ങളുടെ പേരിൽ ഇവിടെ സ്ഥാപനങ്ങൾ ഒരുപാട് നടത്തുന്നുണ്ട്. ഞാൻ ലീഗുകാരോടും ചോദിക്കുന്നു, എം.ഇ.എസ്.-ന്റെ കോളേജിൽ അഡ്മിഷൻ കിട്ടാൻ പൈസ കൊടുക്കണ്ടേ; അവിടെ ജോലി കിട്ടാൻ പൈസ കൊടുക്കണ്ടേ? ഇവിടത്തെ ക്രൈസ്തവ മാനേജ്മെന്റുകൾ നടത്തിക്കൊണ്ടിരിക്കുന്ന കോളേജുകളിൽ സീറ്റ് കിട്ടാൻ പൈസ കൊടുക്കണ്ടേ; അവിടെ അദ്ധ്യാപക നിയമനം കിട്ടാൻ പൈസ കൊടുക്കണ്ടേ? ഇത് ഈ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യമല്ലേ. ജാതിയുടേയും മതത്തിന്റേയും പേരിൽ അധികാരത്തിലേയ്ക്ക് വരാൻ അധികാരവുമായി ബന്ധം സ്ഥാപിക്കാൻ അവരവരുടെ സാമ്പത്തിക താൽപര്യം സംരക്ഷിക്കാൻവേണ്ടി ഇവിടെ ജാതിയേയും മതത്തേയും മതസംഘടനകളേയും സംവൃത ഗ്രൂപ്പുകളായി ഇവർ ഉപയോഗിക്കുമ്പോൾ ജനാതിപത്യത്തിന്റെ ശ്രീകോവിലിലിരുന്ന് അതിനെതിരെ പ്രതിരോധിക്കാനും പ്രതിഷേധിക്കാനും നമുക്ക് കഴിയണ്ടേ? എന്നാൽ അതിനുപകരം നിങ്ങൾ ഈ ബില്ലിലൂടെ ചെയ്യുന്നത് ഈ ജാതി സംഘടനകൾക്ക് അവരുടെ താൽപര്യപ്രകാരം എന്തും ചെയ്ത് അഴിമതി നടത്താൻ എല്ലാ കാര്യങ്ങൾക്കും നിങ്ങൾ ഒത്താശ ചെയ്തുകൊണ്ട് ഈ ജനാതിപത്യ സംവിധാനത്തെതന്നെ അവർക്കുവേണ്ടി അവരുടെ താൽപര്യത്തിനുവേണ്ടി നിങ്ങൾ അടിയറ വയ്ക്കുകയാണ്. അതാണ് ഈ ബില്ലിലെ

ഏറ്റവും വലിയ പ്രശ്നം. ഈ ബിൽ അങ്ങനെയൊരു ബില്ലാണ്. ഇത് ഞാൻ നേരത്തെ പറഞ്ഞപോലെ വർഗ്ഗീയതയുടെയും ജാതീയതയുടെയും എല്ലാ സ്വാർത്ഥ താൽപര്യങ്ങളേയും സംരക്ഷിക്കാൻ വേണ്ടിയുള്ള ബില്ലാണ്. ഈ നിയമസഭയുടെ മഹനീയമായ പാരമ്പര്യത്തിന് വിരുദ്ധമായി ഈ ബിൽ കൊണ്ടുവരുമ്പോൾ ചരിത്രം നമ്മെ നോക്കി ചിരിക്കും. ഇവിടെ ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ബില്ലിനകത്ത് വന്നിരിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ വീണ്ടും ആവർത്തിക്കുകയാണ്. മദ്യ വിൽപ്പനയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ആളുകളെ ഇതിനകത്ത് ഉൾപ്പെടുത്താൻ പാടില്ലായിരുന്നു. ഞാൻ അങ്ങയോട് ചോദിക്കുന്നു ദേവസ്വം ബോർഡിനകത്ത് മദ്യ വിൽപ്പന നടത്തുന്ന ആളുകളെ നിങ്ങൾ നിയമിച്ചിട്ടില്ലേ? ഞാൻ പേര് പറയാം. അതുമായി ബന്ധമുള്ള ശ്രീ. സുഭാഷ് വാസുവിനെ നിങ്ങൾ നിയമിച്ചിരിക്കുന്നു. ഈ ബില്ലിനകത്ത് അങ്ങനെ കൊണ്ടുവരാൻ താൽപര്യമെന്താണ്. അത് വളരെ വ്യക്തമാണ്. ചില സ്ഥാപിത താൽപര്യങ്ങൾ അതിന് പിന്നിലുണ്ട്. അത് നിങ്ങൾ മറച്ച് വയ്ക്കുന്നു. ഹൈന്ദവ ജനവിഭാഗവുമായി ബന്ധപ്പെട്ടുകൊണ്ട്, ക്ഷേത്രഭരണവുമായി ബന്ധപ്പെട്ടുകൊണ്ട് അവിടെ റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഹൈന്ദവ മതവുമായി ബന്ധപ്പെട്ട് എല്ലാ മേഖലയിലുള്ളവർക്കും അതിനകത്ത്

പങ്കാളിത്തമുണ്ടാവണം. ഏതെങ്കിലും ഒരു മതവിഭാഗത്തിന്റെയോ ഒരു ജാതി വിഭാഗത്തിന്റെയോ മാത്രമായിട്ടുള്ളതല്ല ക്ഷേത്രങ്ങളെന്ന് പറയുന്നത്. അതുകൊണ്ട് ഈ ബിൽ നമ്മുടെ സംസ്ഥാനത്ത് ജാതീയമായി ജനങ്ങളെ വേർതിരിക്കാൻ വേണ്ടി... അതാണ് സഖാവ് ശ്രീ. ജി. സുധാകരൻ ഇവിടെ പറയുകയുണ്ടായത്. പല ജാതി സംഘടനകളും.... ആ ജാതി സംഘടനകളൊക്കെ ഇപ്പോൾ എവിടെപ്പോയി. ശ്രീനാരായണ ഗുരുദേവന്റെ അനുയായികളെപ്പറ്റിയാണ് ഇവിടെ സൂചിപ്പിച്ചത്. ശ്രീനാരായണ ഗുരുദേവന്റെ അനുയായികൾ ഇങ്ങനെയാണ് പോയിക്കൊണ്ടിരിക്കുന്നത്. എല്ലാവർക്കും നക്കാപ്പിച്ച കൊടുത്താൽ, എന്തെങ്കിലും കൊടുത്താൽ, ജാതിസംഘടനാ നേതാക്കന്മാരെ വ്യക്തിപരമായി പ്രീണിപ്പിച്ചാൽ ആ ജാതി നിങ്ങളുടെ കൂടെവരും എന്ന് തെറ്റിദ്ധരിക്കേണ്ട. ഏതെങ്കിലും ഒരു ജാതി നേതാവ് ഒരു വർഗ്ഗീയവാദിയുടെ തോളിൽ കയ്യിട്ടാൽ ആ ജാതിയിൽപ്പെടുന്ന എല്ലാ ആളുകളും ആ നേതാവിന്റെ പുറകെ പോകുമെന്ന് തെറ്റിദ്ധരിക്കുന്ന സ്ഥിതിവിശേഷമുണ്ടാകരുത്. അതുകൊണ്ട് അതിനെപ്പറ്റി കോൺഗ്രസ്സുകാർ അഭിപ്രായം പറയണം. ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലെയുള്ള ആളുകൾ പലകാര്യങ്ങൾക്കും അഭിപ്രായം പറയുന്നവരാണല്ലോ, അങ്ങ് ഇപ്പോൾ ഒന്നും മിണ്ടുന്നില്ലല്ലോ. അങ്ങ് ഒന്നും മിണ്ടത്തില്ല. കാരണം അങ്ങേയ്ക്ക് അതിനുള്ള

ധൈര്യംപോലും നഷ്ടപ്പെട്ടിരിക്കുന്നു. കാരണം അതിനകത്ത് അങ്ങനെയാണ് സ്ഥിതി. ഈ ബിൽ ഈ സാഹചര്യത്തിൽ ഈ നിയമസഭയിൽ അവതരിപ്പിക്കാൻ പാടില്ലാത്തതാണ്. ശ്രീ. ജി. സുധാകരൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, ഇത് തോട്ടിലെറിയേണ്ട ബിൽ അല്ല, ഇത് കടലിൽ മുക്കിക്കൊല്ലേണ്ട ബില്ലാണ്. ഈ ബിൽ പാസ്സായാൽ കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും അപമാനകരമായ നിമിഷമായി ഈ ദിവസം മാറും. അതുകൊണ്ട് ഈ ബിൽ പിൻവലിച്ച് ഓടിപ്പോകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഇടംനേടുന്ന ശ്രദ്ധേയമായ ഒരു നിയമനിർമ്മാണമാണ് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി കൊണ്ടുവന്ന ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ. ഇത് ചരിത്രത്തിൽ ഇടംനേടുന്നത് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന നമ്മൾ ഒരുപാട് ഉച്ചത്തിൽ സംസാരിച്ചപ്പോഴും നമ്മുടെയെല്ലാം മുമ്പിൽ നിലനിൽക്കുന്ന ചില വസ്തുതകൾ നമ്മളെ തുറിച്ചുനോക്കുന്നതുകൊണ്ടാണ്. ആ വസ്തുതകൾ എന്താണ്? തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 4735 ജീവനക്കാരുള്ളതിൽ വെറും 85 പേർ

മാത്രമാണ് പട്ടികജാതി/പട്ടിവർഗ്ഗ വിഭാഗത്തിൽപ്പെട്ടത്. അതായത് ആകെയുള്ള ജീവനക്കാരുടെ 1.5 ശതമാനം. വർഗ്ഗരാഷ്ട്രീയത്തെക്കുറിച്ചൊക്കെ വാതോരാതെ സംസാരിച്ച ബഹുമാന്യ സ്നേഹിതൻ ശ്രീ. വി. എസ്. സുനിൽകുമാറിന്റെ പാർട്ടിയും നമ്മുടെ പാർട്ടിയുമെല്ലാം ഇവിടെയുണ്ടായിരുന്ന സമയത്തും, നിങ്ങളുടെ ആളിനെ മുഖ്യമന്ത്രിയാക്കാൻ കോൺഗ്രസ് നിലപാട് സ്വീകരിച്ചിരുന്ന രാഷ്ട്രീയ കാലാവസ്ഥയിലടക്കം നമ്മളൊക്കെ ഉണ്ടായിരുന്നിട്ടും 85 പേരെ മാത്രമെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പ്രതിനിധിയായി കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളൂ. ഈ നാല് വർഷം കൊണ്ടല്ല. ഗുരുവായൂർ ദേവസ്വം ബോർഡിൽ മാത്രമാണ് പത്ത് ശതമാനം സംവരണം ഉണ്ടായിരുന്നത്. ബാക്കിയെല്ലായിടത്തും നൂറ് ശതമാനം സംവരണമില്ലാത്ത അവസ്ഥയായിരുന്നു ഉണ്ടായിരുന്നത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, നിങ്ങൾ പറഞ്ഞത് കറക്ടാണ്. പക്ഷേ ആ വിഭാഗത്തെ ഈ നിയമത്തിൽനിന്നും ഒഴിവാക്കുകയാണ് ശ്രീ. പി. സി. വിഷ്ണുനാഥേ. എയ്ഡഡ് മേഖലയിലെ കോളേജുകളിലെ നിയമനങ്ങളെല്ലാം ഈ നിയമത്തിന്റെ പർവ്യൂവിൽനിന്ന് പുറത്താണ്. അത് ബഹുമാനപ്പെട്ട വിഷ്ണുവിനെപ്പോലയുള്ള ആളുകൾക്ക് വായിച്ചാൽ മനസ്സിലാകുകയില്ലേ?

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ,....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാനൊന്ന് തുടങ്ങിയിട്ടല്ലേയുള്ളൂ, ഞാനൊന്ന് തുടങ്ങട്ടെ..

ശ്രീ. സി. പി. മുഹമ്മദ്: സർ, ദേവസ്വം ബോർഡിൽ മാത്രമല്ല പട്ടികജാതി പ്രാതിനിധ്യം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാല് പേരെ സി.പി.ഐ. മന്ത്രിയാക്കിയപ്പോൾ മന്ത്രിയാക്കാൻ പറ്റിയ ഒരു **XXXXXX**+ എം.എൽ.എ. ആയി ഉണ്ടായിരുന്നില്ല എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ? ശ്രീ. പള്ളിപ്പുറം ബാലൻ ഉണ്ടായിരുന്നു, എടുത്തില്ല. നാല് പേർ ഒരേ ജാതിയിൽപ്പെട്ടവർ. ഇവിടെ ന്യൂനപക്ഷ വിഭാഗത്തിൽ നിന്നുള്ളവരെ എടുത്തില്ല.

ശ്രീ. ആർ. രജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാല് പേർ ഒരേ ജാതിയിൽപ്പെട്ടവരാണെന്ന് ശ്രീ. സി. പി. മുഹമ്മദ് സൂചിപ്പിച്ചു. ഇടതുപക്ഷ മന്ത്രിസഭയിൽ സി.പി.ഐ.ലെ നാലുപേർ. ജാതിനോക്കിയല്ല സി.പി.ഐ.-ൽ മന്ത്രിമാരെ തീരുമാനിച്ചത്. അങ്ങനെ ജാതിനോക്കി തീരുമാനിക്കുന്ന ഒരു പാർട്ടിയല്ല ഇടതുപക്ഷം. അതുകൊണ്ട് ജാതിനോക്കി തീരുമാനിച്ചുവെന്നത് രേഖയിൽ ഉണ്ടാവാൻ പാടില്ല.

ശ്രീ. സി. ദിവാകരൻ: സർ, കഴിഞ്ഞ ഒരു ഗവൺമെന്റിന്റെ മന്ത്രിമാരായിരുന്ന ആളുകളെ, ഇപ്പോൾ ഈ നിയമസഭയിൽ ഇരിക്കുന്നവരെ പരസ്യമായി ഈ സി. പി.

---

\+ രേഖയിൽനിന്നും നീക്കം ചെയ്തു.

മുഹമ്മദ് എന്ന് പറയുന്ന..... അദ്ദേഹത്തിന്റെ ജാതി ഞാൻ പറയുന്നില്ല, അദ്ദേഹം ജാതിപ്പേർ പറഞ്ഞു. അന്തസ്സുണ്ടെങ്കിൽ ഈ സഭയിൽ മാപ്പ് ചോദിക്കണം., അന്തസ്സുണ്ടെങ്കിൽ, ആത്മാഭിമാനമുണ്ടെങ്കിൽ. ജാതിപറഞ്ഞ് ആക്ഷേപിക്കാൻ **XXXX**+ ആരാ? ജാതി പറയാൻ ആരാണ് **XXXX**+. ആരാണ് **XXXX**+.. മാപ്പ് പറയണം...(...... ബഹളം.......)

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ദേവസ്വം ബോർഡിൽ അംഗങ്ങളായി പട്ടികജാതിക്കാർക്ക് കൊടുക്കുന്നില്ല എന്ന് ആക്ഷേപിക്കുന്നവർ, രാജ്യത്തെ നിയമം നടത്തുന്ന, രാജ്യം ഭരിക്കുന്ന ഗവൺമെന്റിൽ നാല് മന്ത്രിസ്ഥാനമുണ്ടായിട്ട് ഒരു പട്ടികജാതിക്കാർക്ക് കൊടുക്കാത്തവർ ഇവിടെ വലിയ വേദാന്തം പറയേണ്ട കാര്യമില്ല. അതുകൊണ്ട് അത്രയും ധിക്കാരപരമായ ഭാഷയിൽ.... ഞാൻ അയാളുടെ വേലക്കാരനല്ല, ഓട് പൊളിച്ച് ഇവിടെ വന്നതല്ല. ഞാനും തെരഞ്ഞെടുക്കപ്പെട്ട് ഇവിടെ വന്നതാണ്. ഈ ദിവാകരൻ അതിനായിട്ടില്ല. Xxxx+ പറഞ്ഞ ധിക്കാരം നിറഞ്ഞ ഭാഷ രേഖയിൽനിന്നും നീക്കം ചെയ്യണം. (....ബഹളം.......)

<u>മി. ചെയർമാൻ</u>: ഇതിൽ ജാതീയമായി വന്നിട്ടുള്ള പാരമർശവും 'താൻ' എന്ന പരാമർശവും ഒഴിവാക്കാം. ശ്രീ.പി.സി. വിഷ്ണുനാഥിന് തുടരാം.

---

+ രേഖയിൽനിന്നും നീക്കം ചെയ്തു.

+

+

+ രേഖയിൽനിന്നും നീക്കംചെയ്തു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇവിടെ നിങ്ങൾ ഈ ഗവൺമെന്റിനെ അഭിനന്ദിക്കണ്ടേ, എനിക്ക് എത്ര ആലോചിച്ചിട്ടും ഈ ബില്ലിലെ വ്യവസ്ഥകളെ നിങ്ങൾ എതിർക്കുന്നതെന്തിനാണെന്ന് മനസ്സിലാകുന്നില്ല. കാരണം ഇതിനകത്ത് നിയമനങ്ങളിൽ ഇതുവരെയില്ലാതിരുന്ന ഒരു സംവരണം, 32 ശതമാനം സംവരണം. 50 ശതമാനം സംവരണത്തിൽ പി.എസ്.സി. പറയുന്നതിൽ ക്രിസ്ത്യൻ, മുസ്ലീം വിഭാഗത്തിന്റെ ഒഴിവാക്കിയിട്ടുള്ള 32 ശതമാനം സംവരണം കൊടുത്ത് അത്രയും അധികം ആളുകളെ ഇവിടേയ്ക്ക് കൊണ്ടുവരാൻ ഒരു നിയമം കൊണ്ടുവരുമ്പോൾ അതിനെ എതിർക്കാതെ പിൻതുണക്കേണ്ടതിന് പകരം അതിനെ നിലനിൽക്കാത്ത വാദങ്ങളും ബില്ലിലില്ലാത്ത കാര്യങ്ങളും... സമുദായ പ്രമാണിമാർ, ആർ.എസ്.എസ്. ചർച്ചയിൽ ഉടനീളം കേട്ടതാണ്. പക്ഷേ എനിക്ക് ഇടതുപക്ഷക്കാരോട് പറയാനുള്ളത് സമുദായ പ്രമാണിമാർ എന്നുപറയുമ്പോൾ ആ സമുദായ പ്രമാണിമാർ ആരാണെന്ന് പറയാൻപോലുമുള്ള ഒരു ധൈര്യച്ചോർച്ച സമീപകാലങ്ങളിലുണ്ടായതു കൊണ്ടായിരിക്കാം. ആർ.എസ്.എസ്.കാരെ നിയമിക്കാമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ ഈ ബില്ലിൽ എഴുതി വച്ചിട്ടുണ്ടോ? 32 ശതമാനത്തിൽ 8 ശതമാനം പേർ ആർ.എസ്.എസുകാരായിരിക്കണം. അതിൽ ബജ്റംഗദൾ ഇത്രയായിരിക്കണം, ബി.എം.എസ്. ഇത്രയായിരിക്കണം എന്ന് ഇവിടെ

എവിടേയും എഴുതി വച്ചിട്ടില്ല. എവിടെയാണ് ആർ.എസ്.എസ്.-കാരെ കൊണ്ടുവരുന്നത്. പി.എസ്.സി. പറയുന്ന 32 ശതമാനം സംവരണം എന്നത് ബിൽ വഴി നിഷ്കർഷിക്കുമ്പോൾ 85 പേർ മാത്രമുണ്ടായിരുന്ന തിരുവിതാംകൂർ ദേവസ്വംബോർഡിലും ഇത് വരികയാണ്. നിങ്ങളുടെ ഡിസന്റ് നോട്ട് ഞാൻ വായിച്ചു. അതിൽ പറയുന്നത് നിങ്ങളുടെ പി.എസ്.സി. നിയമനത്തെ അട്ടിമറിച്ചു എന്നാണ്. സഭ ഇത് പരിശോധിക്കണ്ടേ? നിങ്ങളുടെ നിയമത്തിൽ കേരളം മുഴുവനും ഉണ്ടായിരുന്നോ? കൊച്ചി ദേവസ്വവും തിരുവിതാംകൂർ ദേവസ്വവും മാത്രമാണുണ്ടായിരുന്നത്. മലബാർ ദേവസ്വം ഉണ്ടായിരുന്നില്ല. അവിടത്തെ മിനിസ്റ്റീരിയൽ സ്റ്റാഫിനുമാത്രമേ നിയമനം ഉണ്ടായിരുന്നുള്ളൂ. ശ്രീ. എ. കെ. ബാലൻ, ഈ പറഞ്ഞത് ശരിയല്ലേ? നിങ്ങൾ കൊണ്ടുവന്ന പി.എസ്.സി.-യുടെ നിയമത്തിൽപോലും കേരളമുണ്ടായിരുന്നില്ല. തിരുവിതാംകൂർ - കൊച്ചി ദേവസ്വംബോർഡിലെ 20 ശതമാനം മാത്രം വരുന്ന മിനിസ്റ്റീരിയൽ ജീവനക്കാർക്കുവേണ്ടി മാത്രം 2008-ൽ നിങ്ങളൊരു നിയമം കൊണ്ടുവന്നു. 2011-ൽ നിങ്ങൾ ഇറങ്ങിപ്പോകുന്നതുവരെ ഒരാളെ നിയമിച്ചോ? ഞങ്ങൾ പ്രതിപക്ഷത്തായിരുന്നപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഈ സഭയിൽ

പ്രസംഗിച്ചത് എനിക്ക് നല്ല ഓർമ്മയുണ്ട്. 2008-ൽ നിയമം കൊണ്ടുവന്നിട്ടും ഒരാളെ നിങ്ങൾ നിയമിച്ചിട്ടില്ല. അന്ധവിശ്വാസത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ അന്ധവിശ്വാസിയല്ല. പക്ഷേ, വിശ്വാസിയാണ്. ഈ നിയമം കൊണ്ടുവരുന്ന മന്ത്രിമാർക്ക് എന്തോ അപകടം സംഭവിക്കുമെന്ന് നേരത്തെ സംസാരിച്ച ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞു. ഈ നിയമം കൊണ്ടുവന്ന ശ്രീ. ജി. സുധാകരന് നിയമം കൊണ്ടുവന്ന് അധികം ദിവസത്തിനകം ദേവസ്വത്തിന്റെ മന്ത്രിസ്ഥാനം നഷ്ടപ്പെട്ടു. നിങ്ങൾ അന്ധവിശ്വാസികളുമല്ല, വിശ്വാസികളുമല്ല. എന്തിനാണ് അദ്ദേഹത്തെ മാറ്റിയത്? അദ്ദേഹം നല്ല മന്ത്രിയായിരുന്നില്ലേ? ശ്രീ. ജി സുധാകരനെക്കുറിച്ച് രാഷ്ട്രീയപരമായ അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിലും വ്യക്തിപരമായി എനിക്ക് അദ്ദേഹത്തോട് നല്ല ബഹുമാനമാണുള്ളത്. അദ്ദേഹം നല്ല മന്ത്രിയായിരുന്നിട്ടും നിങ്ങൾ എന്തിനാണ് മാറ്റിയത്? ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയെ എന്തിനാണ് ദേവസ്വംബോർഡിന്റെ മന്ത്രിയാക്കിയത്? ശ്രീ. പാലോട് രവി പറഞ്ഞതുപോലെ ഏത് സാമുദായിക പ്രമാണിത്വത്തോടാണ് നിങ്ങൾ സന്ധി ചെയ്തത്? നമ്മൾ പരസ്പരം ഇതൊക്കെ എവിടയാണ് ഒളിപ്പിച്ചുവയ്ക്കുന്നത്. ആവശ്യമുള്ളപ്പോൾ മാത്രം നല്ല കാര്യങ്ങൾ പറയുകയും ബുദ്ധിമുട്ട് ഉണ്ടാകുമ്പോൾ പറയാതിരിക്കുകയും ചെയ്യുന്നത്

ആരോഗ്യകരമായ ജനാധിപത്യ സംവാദത്തിന്റെ രീതിയാണോ? ഈ കാര്യം നമ്മൾ പരിശോധിക്കണ്ടേ? നിങ്ങൾ പി.എസ്.സി. നിയമം കൊണ്ടുവന്നപ്പോൾ തന്നെ കേരളമില്ല, നൂറു ശതമാനം ജീവനക്കാരില്ല, മാത്രമല്ല അത് നടപ്പിലാക്കിയതുമില്ല. അപ്പോൾ കേരളമില്ലാത്ത, നൂറുശതമാനം ജീവനക്കാരില്ലാത്ത, നടപ്പിലാക്കിയിട്ടില്ലാത്ത ഒരു നിയമത്തെക്കുറിച്ചാണ് നാൽപ്പത്തി അഞ്ച് മിനിട്ടൊക്കെ സംസാരിച്ചത്. എന്നാൽ ഈ നിയമം ഇവിടെ നിലവിൽ വന്നാൽ കേരളം മുഴുവൻ വരും. നൂറുശതമാനം ജീവനക്കാരായിട്ടുള്ള ശാന്തി, കഴകം, അടിച്ചുതളി, നാദസ്വരം, പഞ്ചവാദ്യം, ശ്ലൂപ്പ്, പുറംശ്ലൂപ്പ്, അകംശ്ലൂപ്പ് തുടങ്ങിയവരൊക്കെ ഉൾപ്പെടും. അതാണ് എത്ര ആലോചിച്ചിട്ടും ഈ നിയമത്തെ നിങ്ങൾ എന്തിനാണ് എതിർക്കുന്നതെന്ന് എനിക്ക് മനസ്സിലാകാത്തത്. ഡിസന്റിലെ രണ്ടാമത്തെ കാര്യം പരമ്പരാഗത തസ്തികകൾ ഒഴിവാക്കിയെന്നതാണ്. അങ്ങേയ്ക്കും എനിക്കും ഒക്കെ അറിയാവുന്നതാണ്, അങ്ങ് ശബരിമല അയ്യപ്പൻ നിൽക്കുന്ന സ്ഥലത്തെ നിയമസഭാ സാമാജികനാണ്. അതിന്റെ ആനുകൂല്യം അനുഭവിക്കുന്ന ആളാണ്. നമ്മുടെ ക്ഷേത്രങ്ങളിൽ കാരായ്മ സമ്പ്രദായം നിലവിലുണ്ട്. കാരായ്മ സമ്പ്രദായം നിലനിൽക്കുന്ന ക്ഷേത്രങ്ങളിൽ ഒരു നിയമം കൊണ്ടുവന്ന് അമ്പലവാസികളായവരോട് അമ്പലത്തിൽ കയറരുത്, നാളെമുതൽ

നിങ്ങൾ അമ്പലത്തിൽ വരരുത്, ജോലി ചെയ്യരുത് എന്നു പറയാൻ കഴിയുമോ? കാരായ്മ സമ്പ്രദായം നിലനിൽക്കുന്ന വൈക്കം, ഏറ്റുമാനൂർ തുടങ്ങിയ ക്ഷേത്രങ്ങൾ ഇപ്പോഴുമുണ്ട്. പുരോഹിതന്മാരായിട്ടുള്ള പത്മനാഭ സ്വാമിക്ഷേത്രത്തിലെ നമ്പിമാർക്ക് പാരമ്പര്യാവകാശ അധികാരങ്ങളുള്ള വൈക്കം ക്ഷേത്രം, ഏറ്റുമാനൂർ ക്ഷേത്രം, തിരുവനന്തപുരത്തുള്ള ശ്രീകണ്ഠേശ്വരം ക്ഷേത്രവുമുണ്ട്. ഞാൻ ആ ക്ഷേത്രങ്ങളിലെ ബന്ധപ്പെട്ടവരുമായി ആശയവിനിമയം നടത്തി കാര്യങ്ങൾ മനസ്സിലാക്കി. അപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്, ആകെയുള്ളതിന്റെ 10 ശതമാനം മാത്രമേ കാരായ്മ സമ്പ്രദായത്തിൽ വരുന്നുള്ളു എന്നാണ്. 90 ശതമാനത്തെയും ആ രൂപത്തിൽ ഉൾക്കൊള്ളാൻ കഴിഞ്ഞു. ശ്രീ. എ. കെ. ബാലൻ സൂചിപ്പിച്ചത് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചാണ്. ഈ സ്കൂളുകളിൽ കെ.ഇ.ആർ. ഉണ്ട്. കെ.ഇ.ആർ.-ന്റെ അടിസ്ഥാനത്തിലാണ് അവിടെ നിയമനങ്ങളും സ്കൂൾ സംംബന്ധമായ കാര്യങ്ങളും തീരുമാനിക്കുന്നത്. യൂണിവേഴ്സിറ്റി ആക്ടിന്റെ സ്റ്റാറ്റ്യൂട്ടിന്റെ അടിസ്ഥാനത്തിലാണ് കോളേജുകളിൽ, ദേവസ്വം ബോർഡിന്റേതാണെങ്കിലും നിയമനവും അനുബന്ധമായ കാര്യങ്ങളും തീരുമാനിക്കേണ്ടത്. അല്ലാതെ ഇതിനെ ഒഴിവാക്കുന്നതിനായി മനപൂർവ്വം ചെയ്തതല്ല എന്ന പോയിന്റ് എസ്റ്റാബ്ലിഷ് ചെയ്യാൻവേണ്ടിമാത്രമാണ് ഞാൻ ഇതിനെക്കുറിച്ച്

പറഞ്ഞത്. കേരള ഹൈക്കോടതിയുടെ 2.1.2007-ലെ ഡയറക്ഷന്റെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ടുണ്ടാക്കി. ആ റിപ്പോർട്ടിൽ ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിറ്റി ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്, " A high power recruitment board headed by retired Judge of the High Court or Administrator of high efficiency and integrity may be appointed to select the right of people for various posts." ആ നിർദ്ദേശത്തെ അതുപോലെ അംഗീകരിച്ചുകൊണ്ട് സർവ്വീസിൽ നല്ല ഇന്റഗ്രിറ്റി പ്രദർശിപ്പിച്ച ആളുകളെതന്നെയാണ് ഇവിടെ നിയമിച്ചിട്ടുള്ളത്. പലരും സൂചിപ്പിച്ചതുപോലെ അവരുടെ ജാതി പരിശോധിക്കാൻ പോകണോ? ഇവിടെ എം.എൽ.എ.-മാരുടെയും മന്ത്രിമാരുടെയും കാര്യത്തിൽ പറഞ്ഞതുപോലെ ഇതും ബാധകമല്ലേ? ഇന്റഗ്രിറ്റിയുള്ള ഒരു ഉദ്യോഗസ്ഥനെ ഒരു ചുമതലയിലേയ്ക്ക് കൊണ്ടുവന്നതിനുശേഷം വീണ്ടും ഇങ്ങനെ പരിശോധിക്കേണ്ടതിന്റെ ആവശ്യമുണ്ടോ? ഇത് ശരിയാണോ?

ശ്രീ. പാലോട് രവി: സർ, എങ്ങനെ ഈ റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടായെന്ന് ശ്രീ. എ. കെ. ബാലൻ ചോദിച്ചു. മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ഉൾപ്പെടെയുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതിനുശേഷം അതിന്റെ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കാൻ ബോർഡിനോട് ആവശ്യപ്പെട്ടു. ബോർഡുണ്ടാക്കിയ സ്പെഷ്യൽ

റൂൾസിലെ ചില ക്ലാരിഫിക്കേഷൻ ഗവൺമെന്റിനോട് പി.എസ്.സി. വീണ്ടും ചോദിക്കുന്നു. അപ്പോൾ മന്ത്രി മാറുന്നു, അതിനുശേഷം ആ ഗവൺമെന്റ് പോകുന്നതുവരെ ക്ലാരിഫിക്കേഷൻ പോയില്ലെന്നു മാത്രമല്ല ഒരാളിനെപ്പോലും നിയമിച്ചിട്ടില്ല. ആരുടെ സ്വാധീനം കൊണ്ടാണ് ഇതെല്ലാം നടന്നത്? ഈ റിക്രൂട്ട്മെന്റ് ബോർഡ് വരാനുള്ള കാരണം അതാണ്. നിങ്ങളുണ്ടാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ 48 തസ്തികകളുണ്ടാക്കി. ആ തസ്തികകളെ സംബന്ധിച്ചിടത്തോളം അതിനാവശ്യമായ സ്പെഷ്യൽ റൂൾസുണ്ടാക്കാൻ ആവശ്യപ്പെട്ടു. ആ സ്പെഷ്യൽ റൂൾസിന്റെ ക്ലാരിഫിക്കേഷൻ ആവശ്യപ്പെട്ടപ്പോൾ മന്ത്രി മാറുന്നു. ഗവൺമെന്റ് പിന്നെ ക്ലാരിഫിക്കേഷൻ കൊടുക്കുന്നില്ല. പിന്നീട് എങ്ങനെയാണ് നിയമനം നടക്കുന്നത്? അതാണ് ഹൈക്കോടതി പറഞ്ഞത്, അതാണ് ക്ലാരിഫിക്കേഷനിലേയ്ക്ക് വന്നത്. ഈ റിക്രൂട്ട്മെന്റ് ബോർഡുണ്ടാക്കാനുള്ള സാഹചര്യം നിയമസഭയിലുണ്ടാക്കിയത് നിങ്ങളാണ്. നിങ്ങളുടെ കള്ളക്കളിയായിരുന്നു. അല്ലെങ്കിൽ ഇത് ഉണ്ടാകുമായിരുന്നില്ല. മന്ത്രിയെ മാറ്റി, പി.എസ്.സി. ചോദിച്ചതിന് മറുപടിയും കൊടുത്തിട്ടില്ല. അതല്ലേ സത്യം?

<u>ശ്രീ. വി ശശി</u>: സർ, ഞാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പറായിരുന്നു. ഞാൻ ഹെഡ് ചെയ്താണ് ആ സ്പെഷ്യൽ റൂൾസ് ഡ്രാഫ്റ്റ് ചെയ്തതും

പബ്ലിക് സർവ്വീസ് കമ്മിഷന് അയച്ചതും. ആ സ്പെഷ്യൽ റൂൾസിൽ ഗവൺമെന്റിന് അയയ്ക്കേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട അന്നത്തെ ദേവസ്വം ബോർഡ് മന്ത്രി പൈലറ്റ് ചെയ്ത് അംഗീകരിച്ച നിയമപ്രകാരം പി.എസ്.സി.-യും ദേവസ്വം ബോർഡും പരസ്പര ധാരണയായാൽ ഒരു ക്ലാരിഫിക്കേഷനുവേണ്ടിയും ഗവൺമെന്റിന് അയയ്ക്കേണ്ടതില്ല. ആ രീതിയിൽ പബ്ലിക് സർവ്വീസ് കമ്മീഷനുമായി വ്യക്തമായി ബന്ധപ്പെട്ടതിനുശേഷമാണ് ഒരു ക്ലാരിഫിക്കേഷനും അയയ്ക്കാതെ അന്തിമമായി ആ സ്പെഷ്യൽ റൂൾസ് അംഗീകരിച്ചത്.

ശ്രീ. പാലോട് രവി: സർ, ഗവൺമെന്റിന്റെ കൈവശം ബന്ധപ്പെട്ട എല്ലാ രേഖകളുമുണ്ട്. അത് നിയമസഭയിലുമുണ്ട്. പി.എസ്.സി.-യും ദേവസ്വം ബോർഡും തമ്മിൽ അതിന്റെ ചില യോജിപ്പ് വരാത്ത സാഹചര്യത്തിൽ വീണ്ടും ക്ലാരിഫിക്കേഷൻ ചോദിച്ചു. ആ ക്ലാരിഫിക്കേഷന് ഗവൺമെന്റ് മറുപടി കൊടുത്തില്ല. അപ്പോൾ മന്ത്രി മാറി, പുതിയ മന്ത്രി വരുന്നു. പിന്നീട് ആ ക്ലാരിഫിക്കേഷൻ പോയതേയില്ല. ഇവിടെ ഇന്ന് ഈ റിക്രൂട്ട്മെന്റ് ബോർഡ് വരാനുള്ള കാരണം അതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാന്യനായ മുൻ ദേവസ്വം ബോർഡ് മെമ്പർ കൂടിയായ അദ്ദേഹം ഇടപെട്ടുപറഞ്ഞതിനുള്ള മറുപടിയാണ് ഞാൻ നേരത്തെ

പറഞ്ഞത്. പി.എസ്.സി.-യുടെ തീരുമാനത്തെ അംഗീകരിച്ചാൽപ്പോലും ഇങ്ങനെയൊരു ബോർഡ് രൂപീകരിച്ചില്ലെങ്കിൽ കേരളത്തിലെ മറ്റ് ദേവസ്വം ബോർഡുകളിൽ സംവരണമുണ്ടാകില്ല എന്നുള്ളത് അങ്ങേയ്ക്ക് അറിയാമല്ലോ. ആ തീരുമാനം അംഗീകരിച്ച് ഗവൺമെന്റ് മുന്നോട്ടുപോയാൽ മറ്റ് ജിവനക്കാരിലേയ്ക്ക് സംവരണം വരില്ല. ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത് ഇങ്ങനെയൊരു ബോർഡ് ഉണ്ടാകണമെന്നാണ്. ജസ്റ്റിസ് പരിപൂർണ്ണൻ സ്വാമിയെക്കുറിച്ച് ആർക്കും അഭിപ്രായ വ്യത്യാസമില്ലല്ലോ. അദ്ദേഹത്തിന് vested interest ഇല്ലല്ലോ. അപ്പോൾ അദ്ദേഹം വളരെ കൃത്യമായി പഠിച്ചതിനുശേഷം പറഞ്ഞൊരു കാര്യത്തെ സ്വീകരിക്കാനുള്ള സമീപനം ഗവൺമെന്റിനുണ്ടെങ്കിൽ നമ്മൾ അതിനെ അംഗീകരിച്ചാൽ പോരേ; അതിനുപകരം ദൗർഭാഗ്യകരമായ രൂപത്തിൽ...... ഈ ബോർഡിൽ അഞ്ചുപേരെ നിയമിച്ചതിൽ ഒരു വനിതയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാളും വരുമ്പോൾ ഒരാളുടെ കുറവുണ്ടാകുന്നു. സബ്ജക്ട് കമ്മിറ്റിയിൽ എല്ലാ അംഗങ്ങളുംകൂടി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരാളെക്കൂടി കൂടുതലായി നിയമിക്കാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചുകഴിഞ്ഞാൽ പിന്നെ സഭയിൽ അതിനെ അംഗികരിച്ചാൽപോരേ; ഉൾക്കൊള്ളിച്ചതിനുശേഷവും അതിനെ എതിർക്കുന്നത് എന്തിനാണ്; രണ്ടുപേരും വന്നല്ലോ. ഒരംഗം

കുറഞ്ഞിരുന്നുവെങ്കിൽ, അതായത് നിങ്ങൾ ആശങ്കപ്പെട്ടതുപോലെ വനിതയും പട്ടികജാതിയും എന്നുള്ളത് പട്ടികജാതി വനിതയെ ഉൾപ്പെടുത്തി വനിതയുടേയോ പട്ടികജാതിക്കാരുടേയോ അവസരം നഷ്ടപ്പെടുത്തുന്ന സാഹചര്യമാണുണ്ടായിരുന്ന തെങ്കിൽ അതിനെ എതിർക്കാമായിരുന്നു. അതല്ലല്ലോ ഇവിടെ ഉണ്ടായത്. അതിനുപകരം ഒരുവിഭാഗത്തിനും നഷ്ടമുണ്ടാകാത്ത തരത്തിൽ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതിനുശേഷം, സബ്ജക്ട് കമ്മിറ്റി ക്ലിയർ ചെയ്ത് സഭയിൽ വന്നിരിക്കുന്ന ബില്ലിൽ ഉൾപ്പെട്ടിരിക്കുന്ന കാര്യത്തെക്കുറിച്ച് ആരോപണം ഉന്നയിക്കുന്നത് വസ്തുതാപരമായി വിമർശിക്കാനുള്ള കാര്യങ്ങൾ ഈ ബില്ലിൽ ഇല്ലാത്തതുകൊണ്ടാണ്. എവിടേയ്ക്കെല്ലാമാണ് പോയത്. എം.ഒ. മത്തായി, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ തുടങ്ങിയവരിലേയ്ക്ക് പോകുന്നു, കോ-ലീ-ബി എന്നുപറഞ്ഞ് ആരോപണം ഉന്നയിക്കുന്നു, പലതും ഉന്നയിക്കുന്നു. ഞാനൊരു കാര്യം പറയാം, ഇക്കാര്യത്തിൽ ഇത് പ്രസക്തമാണ്. ഇത് നമ്മുടെ കണ്ണ് തുറപ്പിച്ച ഒരു ബില്ലാണ്. കാരണം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 85 പട്ടികജാതിക്കാർ മാത്രമാണുണ്ടായിരുന്നത്. ആ 85-ൽത്തന്നെ നിൽക്കുമായിരുന്ന സ്ഥലത്തുനിന്നാണ് ചരിത്രത്തിലേയ്ക്ക് ഈ നിയമനിർമ്മാണം കടന്നുവരുന്നത്. ഞങ്ങൾ പ്രത്യയശാസ്ത്രപരമായി പ്രതിബദ്ധത പുലർത്തുന്ന ഇന്ത്യൻ

നാഷണൽ കോൺഗ്രസ് എന്ന പ്രസ്ഥാനത്തിന് കേരളത്തിലെ സാമൂഹികമായ അനാചാരങ്ങൾ തുടച്ചുനീക്കിയതിൽ വലിയ പങ്കുണ്ട്. ദേശീയ സ്വാതന്ത്ര്യസമരം കേവലം സാമ്രാജ്യത്വത്തിനെതിരെയുള്ള പോരാട്ടം ആയിരുന്നില്ല. അതിൽ ഹരിജനോദ്ധാരണം, ദേശീയ ഭാഷയുടെ പ്രചരണം, ഖാദിയുടെ പ്രചരണം എന്നിവയെല്ലാം ഉണ്ടായിരുന്നു. 1923-ൽ കാക്കിനടയിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്ത ടി. കെ. മാധവൻ കേരളം എന്ന ഭ്രാന്താലയത്തിലെ അയിത്താചാരത്തിന്റെ പ്രാകൃതരൂപം അവിടെ അവതരിപ്പിച്ചു. ഈ ദുരാചാരം നിമിത്തം അവർണ്ണഹിന്ദുക്കൾ അനുഭവിക്കുന്ന അവശതകളെക്കുറിച്ച് കാക്കിനട കോൺഗ്രസ് സമ്മേളനത്തിൽ പങ്കെടുത്ത ടി. കെ. മാധവൻ അവിടെ പ്രസംഗിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രമേയം പാസ്സാക്കി. സംസ്ഥാന യൂണിറ്റുകളോട് എ.ഐ.സി.സി. അയിത്തത്തിനെതിരായി, ജാതീയമായ ഉച്ചനീചത്വത്തിനെതിരായി വലിയ പ്രചരണപരിപാടികൾ സംഘടിപ്പിക്കാൻ പറഞ്ഞു. അങ്ങനെ കേരളപ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ അയിത്തോച്ചാടന കമ്മിറ്റിയുടെ അന്നത്തെ സെക്രട്ടറി കെ. കേളപ്പൻ ഒരു പ്രസ്താവനയിറക്കി. അതിൽ പറയുന്നത് 'അയിത്തം കേരളത്തിന്റെ അധഃപതനത്തിന് ഒരു പ്രധാന കാരണമാകയാൽ നിരർത്ഥകവും പൈശാചികവുമായ ഈ ദുരാചാരത്തെ

കേരളത്തിൽനിന്നും ഉച്ചാടനം ചെയ്യാൻ താഴെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ പ്രവർത്തിക്കാൻ നിശ്ചയിച്ചിരിക്കുന്നു. അയിത്തം മനുഷ്യനെ വിലക്ഷണമാക്കുന്ന ഒരു ദുരാചാരമാണെന്നും നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും ഹൈന്ദവ സമുദായത്തിന്റെ ഉത്ക്കർഷത്തിനും ഒരു വലിയ പ്രതിബന്ധമായി പരിണമിച്ചിട്ടുണ്ടെന്നുള്ള വസ്തുത ലഘുലേഖ വഴി എവിടേയും എത്തിക്കുക, അയിത്തോച്ചാടന കമ്മിറ്റി സംഘടിപ്പിക്കുക, അധഃകൃത വർഗ്ഗക്കാരുടെ സങ്കേതങ്ങളിൽപ്പോയി ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ ഉദ്ബോധനം നൽകുക, സേവനം നടത്തുക, അയിത്തവും തീണ്ടലും ഇല്ലായ്മ ചെയ്യാനും പൊതുസ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും അധഃകൃതർക്ക് പ്രവേശനം അനുവദിച്ചുകിട്ടാനും വേണ്ടുന്ന എല്ലാ ശ്രമങ്ങളും നടത്താൻ ഈ കമ്മിറ്റിക്ക് ബാധ്യതയുണ്ട് ' എന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് വൈക്കം സത്യാഗ്രഹം ഉണ്ടാകുന്നത്. പയ്യന്നൂർ കോൺഗ്രസ് സമ്മേളനത്തിനുശേഷമാണ് ഗുരുവായൂർ സത്യാഗ്രഹത്തിന് തീരുമാനമുണ്ടായത്. ഇതാണ് ചരിത്രം. അന്ന് എ.കെ.ജി., സഖാവ് കൃഷ്ണപിള്ള എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. എങ്ങനെയാണ് പങ്കെടുത്തത്; നല്ല അച്ചടക്കമുള്ള കോൺഗ്രസ് വോളന്റിയർമാരായി പങ്കെടുത്തു. അതല്ലേ ചരിത്രം. അന്ന് കമ്മ്യൂണിസ്റ്റായി പ്രവർത്തിക്കാൻ കമ്മ്യൂണിസ്റ്റ്

പാർട്ടിയുണ്ടോ; ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടായിരുന്നോ; കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലേയ്ക്ക് വരുന്നുണ്ടോ; അതിനുമുൻപല്ലേ ഇത് നടക്കുന്നത്. അതുകൊണ്ട് അന്ന് കോൺഗ്രസ് പ്രവർത്തകരായിരുന്ന, പിന്നീട് കോൺഗ്രസ് സോഷ്യലിസ്റ്റുകളായവർ ഇതിലൊക്കെ പ്രവർത്തിച്ചിട്ടുണ്ട്. അതിനെന്താണ്. എ.കെ.ജി.-യെക്കുറിച്ചും സഖാവ് കൃഷ്ണ പിള്ളയെക്കുറിച്ചും ഞങ്ങൾക്ക് അഭിമാനമുണ്ട്. ഞാൻ പറയുമ്പോൾ എ.കെ.ജി.-യെക്കുറിച്ചും കൃഷ്ണപിള്ളയെക്കുറിച്ചും പറയും. പക്ഷേ അപ്പുറത്തുള്ള ആളുകൾ പറയുമ്പോൾ ഇത് സംഘടിപ്പിച്ചത് കോൺഗ്രസ്സാണെന്ന് പറയില്ല, ടി. കെ. മാധവൻ, കെ. പി. കേശവ മേനോൻ, മന്നത്ത് പത്മനാഭൻ എന്നിവരെക്കുറിച്ചൊന്നും പറയില്ല. അതാണ് പ്രശ്നം. നമ്മളും സംഘ്പരിവാറും തമ്മിലുള്ള വ്യത്യാസമെന്താണ്; ശ്രീ. ദീനനാഥ് ബത്ര എഴുതിയ പുസ്തകത്തിൽ പറയുന്നത് എന്താണ്; അദ്ദേഹം എഴുതിയ ബുക്കുകൾ ഹരിയാനയിൽ പാഠപുസ്തകങ്ങളാക്കിക്കൊടുക്കുകയാണ്. ശ്രീ. അടൂർ ഗോപാലകൃഷ്ണൻ നേതൃത്വം നൽകിയ, ഗിരീഷ് കർണാട് നേതൃത്വം നൽകിയ പൂനെയിലെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘ്പരിവാർ ഗജേന്ദ്ര ചൗഹാനെ നിയമിച്ചു. മഹാഭാരതത്തിൽ ധർമ്മപുത്രരായി അഭിനയിച്ചു എന്നതാണ് യോഗ്യത. മൂന്നാം ക്ലാസ്, നാലാം ക്ലാസ് സിനിമകളിൽ അഭിനയിക്കുന്ന വെറുമൊരു സീരിയൽ നടൻ, ബി.ജെ.പി.-

ആർ.എസ്.എസ്. കണ്ടത് ധർമ്മപുത്രൻ........ നന്നായി അഭിനയിച്ച ദുര്യോധനനെ പറ്റില്ല, ധർമ്മപുത്രരായി അഭിനയിച്ചതുകൊണ്ട് എവിടെ വേണമെങ്കിലും നിയമിക്കാൻ ഗജേന്ദ്ര ചൗഹാൻ യോഗ്യനാണ് എന്നുപറഞ്ഞാണ് അദ്ദേഹത്തെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി നിയമിച്ചത്. അവിടെ വിദ്യാർത്ഥികളുടെ, ബുദ്ധിജീവികളുടെ, മാധ്യമ പ്രവർത്തകരുടെ വലിയ സമരം നടക്കുകയാണ്. ശ്രീ. നരേന്ദ്ര മോഡി ഗവൺമെന്റിനെതിരെ പ്രതിഷേധം ഇരമ്പുകയാണ്. അവർ ചരിത്രം വളച്ചൊടിക്കുകയാണ് ചെയ്യുന്നത്. വേറൊരു രൂപത്തിൽ നമ്മളും ചരിത്രം വളച്ചൊടിക്കുകയാണ്. അസുഖകരമായ പല കാര്യങ്ങളുമുണ്ട്.

ശ്രീ. സി. പി. മുഹമ്മദ്: സർ, വ്യക്തികളെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചുമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിലയിരുത്തൽ പലപ്പോഴും അവസരവാദപരമാണ്. അതിന്റെ ഏറ്റവും വലിയ തെളിവ് മഹാത്മാ ഗാന്ധി വാർദ്ധയിലെ കള്ളസന്ന്യാസിയെന്നും നേതാജി സുബാഷ് ചന്ദ്രബോസ്, നേതാവല്ലവൻ ചെറ്റ, ജപ്പാൻകാരുടെ ചെരുപ്പുനക്കി എന്നും സഖാവ് ചെറുകാട് കവിത എഴുതി. ഓരോ നേതാക്കളെക്കുറിച്ചും.... ഡോ. എ. പി. ജെ. അബ്ദുൾ കലാം വാണം വിടുന്ന ആളാണെന്ന് പ്രസംഗിച്ച പ്രതിപക്ഷ നേതാവിരിക്കുന്ന സഭയിലാണ് നമ്മളെല്ലാം ഇപ്പോൾ കൂടിയിരിക്കുന്നത്. ഇപ്പോൾ മഹാത്മാ ഗാന്ധിയും ജവഹർലാൽ

നെഹ്റുവും ഇഷ്ടതോഴൻമാരായി, വളരെ വേണ്ടപ്പെട്ടവരുമായി. ബാക്കിയുള്ളവരെല്ലാം മോശക്കാരുമായി. ഇങ്ങനെ അവസരവാദപരമാണ് ചരിത്രപരമായ ബൗദ്ധികവാദത്തോടൊപ്പം ചരിത്രപരമായ അവസരവാദവുമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി തുടരുന്നത് എന്നതിനെക്കുറിച്ചറിയാമോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കുറച്ചുകൂടി വസ്തുതാപരമായി ആർ.എസ്.എസ്.-ന്റെ പ്രചരണങ്ങളെക്കുറിച്ച് ഈ സഭ ചർച്ച ചെയ്യണം. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന സംഘ്പരിവാർ പ്രചരണങ്ങളുണ്ട്. ഇപ്പോൾ സോഷ്യൽ മീഡിയയിലൊക്കെ ആർ.എസ്.എസ്.-ന്റെ ആളുകൾ വന്നുപറയുന്നത് 'ഹിന്ദുക്കളുടെ അമ്പലങ്ങളിലെ വരുമാനം മുഴവൻ സർക്കാർ കൊണ്ടുപോകുന്നു, ഈ സർക്കാരിന് ക്രിസ്ത്യാനിയുടെ പള്ളിയെ, മുസ്ലീമിന്റെ പള്ളിയെ തൊടാൻ ധൈര്യമുണ്ടോ' എന്നാണ്. ഇത് കേൾക്കുന്നവർക്ക് ശരിയാണെന്ന് തോന്നും. ദേവസ്വം ബോർഡുവഴി പണം മുഴുവൻ സർക്കാർ കൊണ്ടുപോകുന്നു എന്നാണ് പറയുന്നത്. ഇവിടെ ബഡ്ജറ്റിന്റെ ഡിസ്കഷനല്ലേ നടന്നത്. സഭയിൽ വരാത്ത ഒരു വരവും ചെലവും സംസ്ഥാന സർക്കാരിനില്ല. ശബരിമല അമ്പലത്തിലേയോ മലയാലപ്പുഴ ക്ഷേത്രത്തിലേയോ ഗുരുവായുർ അമ്പലത്തിലേയോ ഒരു നയാപൈസ നമ്മുടെ വരവിലേയ്ക്ക് വന്നിട്ടുണ്ടോ; ക്ഷേത്രങ്ങളുടെ വരുമാനത്തിൽനിന്ന് ഒരു

രൂപപോലും സംസ്ഥാന സർക്കാരിന് കിട്ടുന്നില്ല. നിങ്ങളൊരു കാര്യം മനസ്സിലാക്കണം, നിങ്ങൾക്കുവേണ്ടിയാണ് പറയുന്നത്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയിൽ സാംസ്കാരിക പ്രവർത്തനത്തിന് വലിയ പങ്കുണ്ട്. കെ.പി.എ.സി. -യുടെ പങ്ക് വളരെ വലുതാണ്. തോപ്പിൽ ഭാസിയുടെ പങ്ക് വളരെ വലുതാണ്. സാംബശിവന്റെ പങ്ക് വളരെ വലുതാണ്. നമ്മുടെ ഉത്സപ്പറമ്പുകളിൽ വിശ്വസാഹിത്യം കൊണ്ടുവന്ന സാംബശിവന്റെ കഥാപ്രസംഗം നിറഞ്ഞുനിന്ന ഉത്സവപ്പറമ്പുകളിലിന്ന്, ശ്രീമതി ശശികല ടീച്ചറിന്റെ കല്ലിനെ തീപിടിപ്പിക്കുന്ന വർഗ്ഗീയ പ്രസംഗമാണ് നടക്കുന്നത്. അവിടെ ഇടമുണ്ടോയെന്ന് അന്വേഷിക്കണം. അവിടെ തെറ്റിദ്ധാരണ പരത്തുകയാണ് എന്നാണ് ഞാൻ പറഞ്ഞത്. മഹാഭരതത്തെക്കുറിച്ചോ ഗീതയെക്കുറിച്ചോ ഉപനിഷത്തുക്കളെക്കുറിച്ചോ പറഞ്ഞാൽ എവിടെയാണ് വിദ്വേഷം വരുന്നത്; എവിടെയാണ് കാലുഷ്യമുണ്ടാകുന്നത്; എന്നാൽ ശശികല ടീച്ചറും കുമ്മനം രാജശേഖരനും പ്രസംഗിക്കുന്നത് ഗീതയല്ല. ഭാഗവതമല്ല, രാമായണവുമല്ല. പകരം ബി.ജെ.പി.-ക്ക് വളരാനും നിയമസഭയിലെത്താനുമുള്ള വർഗ്ഗീയതയ്ക്കുള്ള അടിസ്ഥാനംപാകലാണ് ക്ഷേത്രങ്ങളുടെ പരിസരങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് വളരെ ആസൂത്രിതമായി പറയുന്ന കണക്കാണ്. ഇപ്പോൾ

അമ്പലത്തിൽ പൈസ ഇടരുത് എന്നുള്ള പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. നിങ്ങളിടുന്ന പണം മുഴുവൻ മുസ്ലീങ്ങൾക്ക് മതപ്രചരണം നടത്താൻവേണ്ടി കൊടുക്കുകയാണ്, അതുകൊണ്ട് ക്ഷേത്രങ്ങളിൽ, ദേവസ്വംബോർഡിന്റെ അമ്പലങ്ങളിൽ തുകയിടാൻ പാടില്ല എന്ന രീതിയിലുള്ള പ്രചരണമാണ് നടത്തുന്നത്. ഇതെല്ലാം പരിശോധിക്കണ്ടേ; ഈ നാലുകൊല്ലം കൊണ്ട് തിരുവിതാംകൂർ ദേവസ്വംബോർഡിന് 62 കോടി രൂപ നമ്മൾ കൊടുത്തു. 2011-12-ൽ 15 കോടി രൂപ; 2012-13-ൽ 25 കോടി രൂപ; 2013-14-ൽ 12.5 കോടി രൂപ; 2015-16-ൽ വീണ്ടും 25 കോടിരൂപ എന്നിങ്ങനെ ഈ സർക്കാർ തുക കൊടുത്തു. അങ്ങോട്ട് തുക കൊടുക്കുകയാണ് ചെയ്യുന്നത്, ഇങ്ങോട്ട് ഒരുരൂപപോലും എടുക്കുന്നില്ല. പത്മനാഭസ്വാമി ക്ഷേത്രത്തിൽ നിധി ശേഖരമുണ്ട് എന്നുള്ള വാർത്ത പുറത്തുവന്നു. ആ സ്വത്ത് ആവശ്യമില്ലെന്നും അത് എടുക്കുന്നില്ലെന്നും അത് എടുക്കാൻ തീരുമാനിക്കുന്നില്ലെന്നുമുള്ള ഒരു നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. അവിടെ നിധിശേഖരമുണ്ട് എന്നുള്ള വാർത്ത പുറത്തുവന്നാൽ ഗവൺമെന്റ് അതിന് സുരക്ഷ കൊടുക്കണ്ടേ? ഈ ക്ഷേത്രത്തിന്റെ സുരക്ഷയ്ക്കായി എത്ര കോടിരൂപയാണ് സർക്കാർ ചെലവഴിക്കുന്നത്? ഞാൻ മനസ്സിലാക്കുന്നത്, എസ്.പി. റാങ്കുവരെയുള്ള ഉദ്യോഗസ്ഥരുടെ തസ്തിക

പുതുതായി സൃഷ്ടിച്ചുകൊണ്ട് ആ ക്ഷേത്രത്തിന്റെ സുരക്ഷ സർക്കാർ ഏറ്റെടുത്തു. അതിനും ഈ സർക്കാർ പണം ചെലവഴിക്കുന്നില്ലേ? ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. ഇവിടെയുണ്ട്. ആറ്റുകാൽ ദേവീക്ഷേത്രത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഈ സർക്കാർ പണം അനുവദിച്ചു. ഞാനും ശ്രീ. കെ. ശിവദാസൻ നായരും ശ്രീ. രാജു എബ്രഹാമുമൊക്കെ ശബരിമല തീർത്ഥാടന കേന്ദ്രത്തിലെ പ്രധാന ഇടത്താവളങ്ങളിലെ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുന്നവരാണ്. ഞാൻ റാന്നി വഴി പോകുമ്പോൾ ആന്ധ്രാപ്രദേശ് വരെ ശ്രീ. രാജു എബ്രഹാമിന്റെ ഫ്ളക്സ് ബോർഡ് തെലുങ്ക് ഭാഷയിൽ എഴുതി വച്ചിരിക്കുകയാണ്. അദ്ദേഹം ശബരിമലയ്ക്കുവേണ്ടി തുക അനുവദിച്ചതിന് അഭിവാദ്യങ്ങൾ എന്ന് തെലുങ്കിൽ എഴുതി വച്ചിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എനിക്ക് തെലുങ്ക് ഭാഷ അറിയില്ല. ശ്രീ. രാജു എബ്രഹാമിന്റെ പടവും അയ്യപ്പന്റെ പടവും ഉള്ള തെലുങ്ക് ഭാഷയിലുള്ള ഫ്ലക്സ് ബോർഡാണ് അവിടെ സ്ഥാപിച്ചിരിക്കുന്നത്. എന്താണ് സംഭവമെന്ന് എനിക്ക് ഇതുവരെ മനസ്സിലായിട്ടില്ല. അയ്യപ്പനും ശ്രീ. രാജു എബ്രഹാമും തെലുങ്ക് ഭാഷയും.... ശബരിമല തീർത്ഥാടനം ആരംഭിക്കുമ്പോൾ നമ്മൾ അവലോകന യോഗങ്ങൾ വിളിക്കാറുണ്ട്.

മി. ചെയർമാൻ (ശ്രീ. രാജു എബ്രഹാം): ആന്ധ്രാപ്രദേശിൽ എന്റെ ആരാധകർ

ഉണ്ടാകും.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അവർ അവിടെ നിന്ന് അടിച്ചുകൊണ്ടുവന്ന് വച്ചതാണ് എന്നുള്ള ഒരു വ്യാഖ്യാനമാണ് ചെയർ നടത്താൻ ശ്രമിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മി. ചെയർമാൻ: അങ്ങ് പറഞ്ഞ കണക്ക്, ശബരിമല മാസ്റ്റർ പ്ലാനിന് കൊടുത്ത തുകയാണ്. അതിന്റെ ഇരട്ടിയിലേറെ തുക റോഡുകൾക്കും ആരോഗ്യവകുപ്പിനുമൊക്കെ കൊടുത്തിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞതാണ് ശരി. ശബരിമല മാസ്റ്റർപ്ലാനുവേണ്ടി കൊടുത്ത വിഹിതമാണിത്. അതിനേക്കാളേറെ, എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന സമയത്തും ഇപ്പോൾ ഈ ഗവൺമെന്റ് ഭരിക്കുന്നസമയത്തും ശബരിമല തീർത്ഥാടനം ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് അവലോകന യോഗങ്ങൾ കൂടാറുണ്ട്. ശബരിമല വില്ലേജ് റോഡ് എന്ന് പറഞ്ഞ് പൊതുമരാമത്ത് വകുപ്പിൽ പേരുള്ള റോഡുകളുണ്ട്. ആ ശബരിമല വില്ലേജ് റോഡുകളുടെ നവീകരണത്തിനും അവിടെയുള്ള ആശുപത്രികൾക്കും വേണ്ടി ഈ സർക്കാർ തുക അനുവദിക്കും. അങ്ങയുടെ പെരുനാട് പഞ്ചായത്ത്, പത്തനംതിട്ട മുനിസിപ്പാലിറ്റി, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, പന്തളം തുടങ്ങിയ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് ശബരിമല തീർത്ഥാടന കാലത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഈ സർക്കാർ പണം കൊടുക്കും. അങ്ങോട്ട് പണം കൊടുക്കുന്ന പ്രവർത്തനം നമ്മൾ നടത്തുമ്പോഴാണ് സംഘ്പരിവാർ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് വർഗ്ഗീയ പ്രചരണങ്ങൾ നടത്തുന്നത്. 'അമ്പലങ്ങളിലിടുന്ന പണം മുഴുവനുമെടുത്ത് മറ്റ് സമുദായക്കാർക്ക് കൊടുക്കുകയാണ്, ഇടത്-വലത് മുന്നണികൾ ഇതാണ് ചെയ്യുന്നത്. അതുകൊണ്ട് നിങ്ങളും ഞങ്ങൾക്കൊപ്പം നിൽക്കണം, ഞങ്ങളെ നിയമസഭയിൽ എത്തിക്കണം' എന്നുപറഞ്ഞുകൊണ്ട് വളരെ ആസൂത്രിതമായ, പ്ലാൻ ചെയ്ത വർഗ്ഗീയ പ്രചരണങ്ങളാണ് സംഘ്പരിവാർ നടത്തുന്നത്. ഏതാണ്ട് 90 വർഷമായി പ്രവർത്തിക്കുന്ന ആർ.എസ്.എസ്.-നെ..... ശ്രീ. വി. റ്റി. ബൽറാം സൂചിപ്പിച്ചതുപോലെ, ഇടയ്ക്ക് ഗാന്ധിവധം ഉണ്ടായതുകൊണ്ടാണ് അവർ വെറുക്കപ്പെട്ടുപോയത്. വളരെ കൃത്യമായ പദ്ധതി അവർക്കുണ്ട്. ഗഡ്ഗേവാറിനൊക്കെ കൃത്യമായ പദ്ധതിയുണ്ടായിരുന്നു. ആ പദ്ധതിയുടെ അടിസ്ഥാനത്തിൽ, ഈ രാജ്യത്ത് ഒരു ഹിന്ദുരാഷ്ട്രം ഉണ്ടാക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി അവർ ഈ കാര്യങ്ങളെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മൾ വസ്തുതാപരമായി വിമർശിക്കുകയാണെങ്കിൽ ആ വിമർശനങ്ങളെയും കാണണം. അല്ലാതെ നമുക്ക് താൽക്കാലികമായി

എന്തെങ്കിലും നേട്ടമുണ്ടാക്കാൻ വേണ്ടി അങ്ങോട്ടും ഇങ്ങോട്ടും കുറ്റം പറഞ്ഞിട്ട് പ്രത്യേകിച്ച് എന്തെങ്കിലും നേട്ടം ഈ പറയുന്നവർക്ക് ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. ആത്യന്തികമായി അതിന്റെ കൂടി ബെനിഫിഷറി സംഘ്പരിവാറായി മാറുന്നൊരു ചിത്രമാണ് കേരളത്തിൽ കണ്ടുവരുന്നത് എന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. ഞങ്ങളൊക്കെ ഇക്കാര്യത്തിൽ നിലപാടെടുത്തിട്ടുണ്ട്. ഞാൻ അവർക്കെതിരെ പറഞ്ഞതിന്റെ പേരിൽ, എന്റെ വീട്ടിൽ ശവപ്പെട്ടി മാർച്ച് നടത്തി, എന്നെ കരിങ്കൊടി കാണിച്ചിട്ടുണ്ട്, എന്റെ പരിപാടികൾ തടഞ്ഞിട്ടുണ്ട്. ഞാൻ പറഞ്ഞതിൽനിന്ന് ഒരു വാക്കുപോലും മാറ്റിയിട്ടില്ല, പറഞ്ഞിടത്തുതന്നെ നിൽക്കുകയാണ്, അത് ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയുമാണ്. കഴിഞ്ഞ ദിവസം ശ്രീ. വി. റ്റി. ബൽറാം സോഷ്യൽ മീഡിയയിൽ ചില കാര്യങ്ങൾ എഴുതി. എനിക്ക് സങ്കടമുണ്ട്, നിങ്ങളുടെ സൈബർ സഖാക്കന്മാരോട് ഒരു കാര്യം പറയാനുണ്ട്. പരിഷ്കൃതമായൊരു സമൂഹത്തിലാണ് നാം ജീവിക്കുന്നത് എന്ന് മനസ്സിലാക്കണം. ഒരു വാർത്ത കൊടുത്തതിന്റെ പേരിൽ, മലയാള മനോരമയുടെ മാധ്യമ പ്രവർത്തകനായ സുജിത് നായരുടെ ഫേസ് ബുക്ക് പേജിലെ കമന്റ് പോസ്റ്റിൽ കയറി 260 കമ്മ്യൂണിസ്റ്റുകാർ കൊടുങ്ങല്ലൂർ പൂരപ്പാട്ട് നടത്തി എന്തോ മഹാകാര്യം ചെയ്തുകഴിഞ്ഞുവെന്ന് പറഞ്ഞ് പോയി.

മാധ്യമപ്രവർത്തകരായ എത്രയോപേർക്ക് ഫേസ് ബുക്കുണ്ട്; അവർ എത്രയോ വാർത്തകൾ കൊടുക്കും; ഞങ്ങൾക്കെതിരെയും വാർത്തകൾ കൊടുക്കുന്ന മാധ്യമപ്രവർത്തകരുണ്ട്. അരുവിക്കരയിൽ ഉപതെരഞ്ഞെടുപ്പ് നടത്തിയപ്പോൾ, അവിടെ പ്രവർത്തിച്ചുകൊണ്ടുതന്നെ, മാധ്യമപ്രവർത്തനം നടത്തികൊണ്ടുതന്നെ ഇടതുപക്ഷ സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യണമെന്ന് പറഞ്ഞ എന്റെ വളരെയടുത്ത സുഹൃത്തുക്കളുണ്ട്. അവർ കോളേജിൽ പഠിച്ചപ്പോൾ രാഷ്ട്രീയമുള്ളവരാണ്. അവരുടെ രാഷ്ട്രീയമെല്ലാം മാറ്റണം, അവരെല്ലാം സർവ്വസംഘപരിത്യാഗികളും നിഷ്പക്ഷന്മാരുമായി നടക്കണമെന്നൊന്നുമില്ല. എല്ലാവർക്കും രാഷ്ട്രീയമുണ്ട്. ഇവിടെ നിൽക്കുന്ന എനിക്ക് രാഷ്ട്രീയം ഉള്ളതുപോലെ മാധ്യമപ്രവർത്തകർക്കും രാഷ്ട്രീയമുണ്ട്. രാഷ്ട്രീയത്തിന്റെ പേരിലല്ല, വസ്തുതാപരമായൊരു വാർത്ത ആരെങ്കിലും കൊടുത്താൽ, ആ വാർത്തയുടെ പേരിൽ അവരുടെ അമ്മയെ, ഭാര്യയെ, മക്കളെ അധിക്ഷേപിക്കുക, വിമർശിക്കുക..... ശ്രീ. വി. റ്റി. ബൽറാമിന്റെ മരിച്ചുപോയ അമ്മയെക്കുറിച്ച് ഒരു സഖാവിന്റെ കമന്റ് ഫേസ് ബുക്കിൽ ഞാൻ കണ്ടു. ശ്രീ. വി. റ്റി. ബൽറാമും സി.പി.ഐ.(എം)-മായി ഒരു ഇഷ്യുവുമില്ല. ശ്രീ. വി. റ്റി. ബൽറാമിന് ബി.ജെ.പി.-യിലെ സുരേന്ദ്രനുമായാണ് ഇഷ്യു. പിന്നെ എന്തിനാണ് നിങ്ങളുടെ ഡി.വൈ.എഫ്.ഐ. സഖാക്കന്മാർക്ക് ഇത്ര വിളച്ചിലുണ്ടാകുന്നത്? അതിനുശേഷം

അദ്ദേഹത്തിന്റെ മരിച്ചുപോയ അമ്മയെ അപമാനിക്കുക, അങ്ങനെ പറയുക...... എ.കെ.ജി. സെന്ററിൽ വിളിച്ച് സൈബർ സഖാന്മാർക്ക് ഒരു ക്ലാസ് കൊടുക്കണം. ഞങ്ങൾക്ക് ഒന്നും സംഭവിക്കാൻ പോകുന്നില്ല. ശ്രീ. കെ. ശിവദാസൻ നായരുടെ ബോർഡ് എടുത്തുകൊണ്ട് പോകുക, അദ്ദേഹത്തിന്റെ വീടിന് കല്ലെറിയുക, അദ്ദേഹത്തിന്റെ ഭാര്യവീട്ടിലെ 90 വയസ്സുള്ള അമ്മ ജീവിച്ചിരിക്കുന്നിടത്തുപോയി കല്ലെറിയുക.....

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് നേരത്തെ പറഞ്ഞുകൊണ്ടിരുന്ന എല്ലാ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. ആർ.എസ്.എസ്. പ്രവർത്തകർക്കെതിരായി പറയുകയും ആർ.എസ്.എസ്. പ്രവർത്തകർ ഇപ്പോൾ നാട്ടിൽ നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചെല്ലാം...... താങ്കൾ ഒരു കാര്യം മനസ്സിലാക്കണം. ശ്രീ. പി. സി. വിഷ്ണുനാഥിന്റെ അഭിപ്രായമല്ല പ്രാദേശികമായിട്ടുള്ള കോൺഗ്രസ്സുകാരുടെയും എല്ലാ കോൺഗ്രസ്സുകാരുടെയും അഭിപ്രായം. അവരെല്ലാം പല സ്ഥലങ്ങളിലും ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകരുമായി സന്ധി ചെയ്യുകയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ആർ.എസ്.എസ്. പ്രവർത്തകരുടെ ഭീകരതയ്ക്ക് വിധേയമായ പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്). ഒരു

കോൺഗ്രസ്സ്കാരനെപ്പോലും... ചിലപ്പോൾ ഒന്നോ രണ്ടോ പേരൊക്കെ ഉണ്ടായിരിക്കും. കേരളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ആർ.എസ്.എസ്.-കാർ കൊല ചെയ്ത ഏതാണ്ട് 30-നതാഴെ സഖാക്കൾ ഉണ്ടെന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കണം. ശ്രീ. വി. റ്റി. ബൽറാമിനെതിരെയോ അല്ലെങ്കിൽ ശ്രീ. കെ. ശിവദാസൻ നായരുടെ ബോർഡ് നശിപ്പിച്ചതിനെതിരെയൊ, അതല്ലെങ്കിൽ ശ്രീ. പി. സി. വിഷ്ണനാഥിന്റെ ബോർഡ് നശിപ്പിച്ചതിനെതിരെയോ ഡി.വൈ.എഫ്.ഐ.-യുടെ പേര് പറഞ്ഞുകൊണ്ടോ, സി.പി.ഐ.(എം)-ന്റെ പേര് പറഞ്ഞുകൊണ്ടോ, ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ, അതിൽ ഡി.വൈ.എഫ്.ഐ.-യുമായും സി.പി.ഐ.(എം)-മായി യാതൊരു ബന്ധവുമില്ല. അതിന് യൂത്ത് കോൺഗ്രസ്സുകാർ ഗ്രൂപ്പിന്റെ അടിസ്ഥാനത്തിലാണോ എന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. അങ്ങനെ ഞങ്ങളുടെ ഭാഗത്തുനിന്ന് ഒരിക്കലും ഉണ്ടാകില്ല. ശ്രീ. പി.സി. വിഷ്ണനാഥ് പറഞ്ഞ കാര്യങ്ങളോട് യോജിച്ചുനിന്നുകൊണ്ട് പോരാടാൻ ഞാൻ തയ്യാറാണ്. തിരുവനന്തപുരം സിറ്റിയിൽ നടക്കുന്ന ഒരു കാര്യം കൂടി ഞാൻ പറഞ്ഞുതരാം. ആർ.എസ്.എസ്. പ്രവർത്തകരുടെ ഭീഷണിയുള്ള ഒരു വ്യക്തിയാണ് ഞാൻ. എന്റെ വീട് ആക്രമിക്കുകയും എന്നെ പരസ്യമായി കൊല്ലുമെന്ന് പറയുകയുമൊക്കെ ചെയ്തിട്ടുള്ള ആളുകളാണ് ആർ.എസ്.എസ്.-കാർ. ഇപ്പോൾ തിരുവനന്തപുരം

സിറ്റിയിൽ അവർ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അറിയാമോ? രാത്രി സമയം എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലെയും ഫ്യൂസ് ഊരുകയാണ് ചെയ്യുന്നത്. അപ്പോൾ അവിടെയൊന്നും രണ്ടുമൂന്നു ദിവസത്തേയ്ക്ക് സ്ട്രീറ്റ് ലൈറ്റ് ഉണ്ടാകില്ല. അത് കോൺഗ്രസ്സിന്റെ കോർപ്പറേഷൻ വാർഡാണെങ്കിലും സി.പി.ഐ.(എം)-ന്റെ കോർപ്പറേഷൻ വാർഡാണെങ്കിലും അവർ എഴുതിവയ്ക്കുന്നത് 'ഇന്ന കൗൺസിലറുടെ വാർഡിൽ സ്ട്രീറ്റ് ലൈറ്റ് കത്തുന്നില്ല' എന്നാണ്. ഇങ്ങനെയൊക്കെയുള്ള കാര്യങ്ങൾ ഇവിടെ നടക്കുകയാണ്. റോഡിൽ ചെറിയൊരു കുഴി ഉണ്ടെങ്കിൽ, ആർ.എസ്.എസ്. പ്രവർത്തകർ ആ കുഴി വലുതാക്കിയതിനുശേഷം ശ്രീ. നരേന്ദ്രമോഡിയുടെ പടം വയ്ക്കുകയാണ് ചെയ്യുന്നത്. ശ്രീ. നരേന്ദ്രമോഡിയാണ് കേരളത്തിലെ മുഴുവൻ കുഴിയും നികത്താൻ തയ്യാറായി നിൽക്കുന്നതെന്ന് തോന്നും. ഇത്തരം കാര്യങ്ങളുമുണ്ട് എന്നുള്ളതുകൂടി താങ്കൾ ഓർക്കണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കൊലപാതകത്തെ നമുക്ക് കൊലപാതകം കൊണ്ട് നേരിടാനോ, പരാജയപ്പെടുത്താനോ കഴിയില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, അവർ നടത്തുന്ന ഒരു വലിയ ആശയ പ്രചരണവും അവർ തെറ്റിദ്ധാരണ വരുത്തി ഉയപോഗിക്കുന്ന ചില ഇടങ്ങളുമുണ്ട്. ആ ഇടങ്ങളിൽ ജനാധിപത്യപരമായ സംവാദങ്ങൾ സംഘടിപ്പിച്ചുകൊണ്ടും അങ്ങനെ

തെറ്റിദ്ധരിപ്പിക്കുന്ന, സമൂഹങ്ങൾക്കിടയിൽ പ്രവർത്തിച്ചുകൊണ്ടു മാത്രമേ ഈ തരത്തിലുള്ള ആശയപ്രചരണങ്ങളെ പരാജയപ്പെടുത്താൻ കഴിയുകയുള്ളൂ. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ടല്ല, പ്രത്യയശാസ്ത്രപരമായിട്ടുള്ള വിയോജിപ്പുകൊണ്ടാണ് ഞാൻ ഇങ്ങനെ പറയുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, 33 മിനിട്ട് കഴിഞ്ഞു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ചുരുക്കുകയാണ്.

ശ്രീ. പാലോട് രവി: സർ, ഇത് കേരളം വളരെ ഗൗരവത്തോടെ ആലോചിക്കേണ്ട ഒരു ചോദ്യമാണ്. കേരളത്തിലെ എൽ.ഡി.എഫ് വേദികളിൽ എപ്പോഴും മുഴങ്ങിക്കേൾക്കുന്നത് അന്ധമായ കോൺഗ്രസ് വിരോധമാണ്. ശ്രീ. സി. ദിവാകരൻ നിങ്ങളോ എന്ന് ചോദിച്ചതുകൊണ്ടാണ്.......... അരുവിക്കര തെരഞ്ഞെടുപ്പിൽ സി.പി.ഐ (എം)- ന്റെ മൂന്ന് പഞ്ചായത്ത് പ്രസിഡന്റുമാർ എങ്ങനെയാണ് ബി.ജെ.പി.-യുടെ ഭാരവാഹികളായത്. രണ്ടുപേർ നേരത്തെ പോയവരാണ്. നിങ്ങൾ യൂത്ത് കോൺഗ്രസും ആർ.എസ്.എസ്.-ഉം എന്ന് നേരത്തെ പറഞ്ഞു. വെള്ളനാട് പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്ന ശ്രീ. കൃഷ്ണകുമാർ, ശ്രീമതി ഗിരിജാ കുമാരി, ഉഴമലയ്ക്കൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജയൻ, പഞ്ചായത്ത് പ്രസിഡന്റ് എരുത്താവൂർ ചന്ദ്രൻ ഇവരൊക്കെ ആരാണ്?

തിരുവനന്തപുരത്തുനിന്നോ നെടുമങ്ങാട് നിന്നോ തെരഞ്ഞെടുക്കപ്പെട്ട ഞങ്ങളുടെ ഏതെങ്കിലുമൊരു പ്രവർത്തകൻ ബി.ജെ.പി. യിൽ പോയിട്ടുണ്ടോ? അങ്ങയുടെ പാർട്ടി നേതാവ്, സി.പി.ഐ. യുടെ ചിഹ്നത്തിൽ മത്സരിച്ച് കൗൺസിലറായി പാർലമെന്ററി പാർട്ടി ഡെപ്യൂട്ടി ലീഡറായിരുന്ന ശ്രീ. ഇ. ബാഹുലേയൻ കഴിഞ്ഞ അരുവിക്കര തെരഞ്ഞെടുപ്പിൽ ബി.ജെ.പി. യുടെ തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാനായിരുന്നു. സി.പി.ഐ. യുടെ പാർലമെന്ററി പാർട്ടി ഡെപ്യൂട്ടി ലീഡറും നാല് പഞ്ചായത്ത് പ്രസിഡന്റുമാരുമുൾപ്പെടെ നമ്മുടെ ജില്ലയിൽ 5 നേതാക്കൾ അരുവിക്കര തെരഞ്ഞെടുപ്പിൽ ബി.ജെ.പി. യുടെ ഭാരവാഹികളായി വോട്ട് പിടിക്കുകയായിരുന്നു. അത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. സി. ദിവാകരൻ: സർ, അങ്ങ് ബി.ജെ.പി. യിൽ പോകില്ല എന്നതിന് എന്തെങ്കിലും ഉറപ്പുമുണ്ടോ? ഇതൊക്കെ രാഷ്ട്രീയ പാർട്ടിക്കാരുടെ കുഴപ്പമല്ല. ഓരോരുത്തരും ഓരോ സാഹചര്യത്തിൽ ഓരോ തീരുമാനമെടുക്കുന്നതാണ്. അതിനെ ഒരു പാർട്ടിയുടെ പുറത്തുവച്ച് കെട്ടിയാലോ. ഇന്ത്യയുടെ ഭരണം കൈമാറിയത് ഞങ്ങളാണോ; നിങ്ങളല്ലേ? മഹാത്മാ ഗാന്ധി ജനിച്ച സ്ഥലത്ത് കൊടികുത്താമോ?

ശ്രീ. പാലോട് രവി: സർ, 40 വർഷക്കാലമായി ഈ ജില്ലയിൽ

പൊതുപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളാണ് ഞാൻ. ട്രേഡ് യൂണിയൻ പ്രവർത്തകനുമാണ്. അങ്ങയെപ്പോലെ മുൻനിരയിലിരിക്കുന്ന ഒരാൾ [6]*********ഈ സഭയിൽ ഒരിക്കലും ചോദിക്കരുതായിരുന്നു. അങ്ങത് പിൻവലിക്കണം. നമ്മൾ ഏകദേശം ഒരുമിച്ച് ട്രേഡ് യൂണിയൻ പ്രവർത്തനം നടത്തുകയും 45 വർഷക്കാലമായി ഞങ്ങളുടെ മനസ്സും ഞങ്ങൾ സഞ്ചരിക്കുന്ന പാതയുമറിയാവുന്ന ആളാണ് അങ്ങ്. അങ്ങൊരിക്കലും ഇത്തരത്തിലൊരു ചോദ്യം ഈ സഭയിൽ ചോദിക്കരുതായിരുന്നു. അത് സഭാ രേഖയിലുണ്ടാകരുതെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: അത് രേഖയിൽ വരുമെന്ന പ്രശ്നമല്ല, അദ്ദേഹത്തിന് വേണമെങ്കിൽ അദ്ദേഹം പറഞ്ഞത് പരിശോധിക്കാവുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, എന്റെ പാർട്ടിയിലെ ആൾ എന്ന് പേരെടുത്ത് പറഞ്ഞതുകൊണ്ടാണ് ഞാനതിന് മറുപടി പറഞ്ഞത്. എന്റെ പേരെടുത്ത് പറയാതെ നിങ്ങൾ പറഞ്ഞാൽ ............. ഞാൻ പിൻവലിക്കാം. .............

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഈ നിയമത്തിൽ ചില ഭേദഗതികൾ കൊടുത്തതിൽ ഹിന്ദു ആചാരങ്ങളുമായി ബന്ധമുള്ള ഭാഗങ്ങളെല്ലാം ഒഴിവാക്കണമെന്ന് പറഞ്ഞു. ശാന്തിക്കാരെയുൾപ്പെടെ ഇന്റർവ്യൂ

6 പിൻവലിച്ചു.

ചെയ്താണ് എടുക്കേണ്ടത്. ഇതിനെക്കുറിച്ച് അറിയാത്ത ഒരാളെ ......... ദേവസ്വം ബോർഡ് മെമ്പറും റിക്രൂട്ട്മെന്റ് ബോർഡ് മെമ്പറും വ്യത്യസ്തരാണ്. ഇത് റിക്രൂട്ട്മെന്റിനുവേണ്ടിയുള്ള ബോർഡാണ്. റിക്രൂട്ട്മെന്റിനുവേണ്ടി നിയോഗിക്കപ്പെട്ട ബോർഡിലെ ഒരംഗത്തിന് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ ........ ശാന്തിക്കാരന്റെ ഇന്റർവ്യൂ നടത്തുമ്പോൾ അത് സംബന്ധിച്ച് സാമാന്യമായ ഒരു ധാരണപോലുമില്ലാത്ത ഒരാൾ റിക്രൂട്ട്മെന്റ് ബോർഡിൽ വന്നാൽ എങ്ങനെ ഇന്റർവ്യൂ നടത്താൻ കഴിയും. അതുകൊണ്ടാണ് അത്തരം ആളുകൾ വേണമെന്ന വ്യവസ്ഥയുള്ളത്. അതൊഴിവാക്കിയാൽ എങ്ങനെയാണ് ശരിയാകുന്നത്. അതുകൊണ്ട് ഞാൻ ആവർത്തിക്കുന്നു, കേരളത്തിന്റെ ചരിത്രത്തിൽ ഒരുപക്ഷേ നിയമനിർമ്മാണസഭയുടെ ഔന്നിത്യമായി മാറാൻ പോകുന്ന നിയമനിർമ്മാണമാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ. കേരളത്തിൽ ഇത്രയും കാലം മാറ്റിനിർത്തപ്പെട്ടിരുന്ന ദളിത് സമൂഹത്തിൽപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ദേവസ്വം ബോർഡിൽ, നിഷേധിക്കപ്പെട്ട നീതി വൈകിയാണെങ്കിലും ഈ നിയമത്തിൽകൂടി കൈവരുന്നുയെന്ന ആശ്വാസമാണ് ഈ നിയമത്തെ പിന്തുണയ്ക്കുമ്പോൾ എനിക്കുള്ളത്.

ശ്രീ. ബി. സത്യൻ: 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി ) ഭേദഗതി അവതരിപ്പിക്കുന്നു. ഈ സെഷനിൽത്തന്നെ 08.07.2015-ൽ ഈ ബില്ലുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡിലെ നിയമനം പി.എസ്.സി. ക്ക് വിടുന്നത് സംബന്ധിച്ച് ഞാനും ശ്രീ. ജി. സുധാകരനും ശ്രീ. പി. ശ്രീരാമകൃഷ്ണനും ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) കൂടി ചേർന്ന് ഒരു ചോദ്യം ചോദിച്ചിരുന്നു. ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനം പി.എസ്.സി.-യ്ക്കുവിട്ട മുൻസർക്കാരിന്റെ നിയമം റദ്ദാക്കാനുള്ള കാരണം വ്യക്തമാക്കാമോ എന്നായിരുന്നു ചോദ്യം. 2007-ൽ ബഹു. ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്കുവേണ്ടി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വേണമെന്ന് ശിപാർശ ചെയ്യുന്നു. ആ റിപ്പോർട്ടിന്റെ നിർദ്ദേശങ്ങളോട് യോജിക്കുന്നുവെന്ന് അന്നത്തെ സർക്കാരും ദേവസ്വം ബോർഡും ഹൈക്കോടതിയെ അറിയിക്കുകയും 25.08.2008-ലെ വിധി ന്യായത്തിൽ കോടതി അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു സെക്കുലർ സ്ഥാപനമായ പി.എസ്.സി. ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ

അനൗചിത്യവും സർക്കാർ പരിഗണിച്ചിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ദേവസ്വം നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദ് ചെയ്ത് ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചത് എന്നാണ് മറുപടിയായി പറഞ്ഞിരിക്കുന്നത്. സെക്കുലർ സ്ഥാപനമെന്നുള്ളത് ഞാൻ അടിവരയിട്ട് പറയുകയാണ്. ഇന്ത്യ ഒരു സെക്കുലർ രാജ്യമാണ്. India is sovereign socialist secular democratic republic എന്നാണ് ഭരണഘടനയിൽ ആമുഖമായിത്തന്നെ പറയുന്നത്. പി.എസ്.സി. ഗവൺമെന്റിന്റെ സ്റ്റാറ്റ്യൂട്ടറി ഏജൻസിയാണ്. അത് ഭരണഘടന പ്രകാരം നിലവിൽവന്ന സ്ഥാപനമാണ്. ഇതുവരെ ആരോപണ ആക്ഷേപങ്ങളൊന്നുമില്ലാതെ ഏത് സർക്കാരിന്റെ കാലഘട്ടത്തിലും നന്നായി റിക്രൂട്ട് ചെയ്ത് പോകുന്ന ഏജൻസിയാണ്. ഇങ്ങനെയുള്ള ഏജൻസിക്ക് പകരമായി റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കുന്നതിന് ഇടയായ കാര്യത്തെക്കുറിച്ച് ഗവൺമെന്റിന്റെ നിലാപാടാണിത്. അവിടെയാണ് നിലപാടുകളുടെ പ്രശ്നം. ശ്രീ. പി.സി. വിഷ്ണുനാഥ് വലിയ പ്രസംഗം നടത്തി. സെക്കുലർ എന്നുപറഞ്ഞാൽ അപകടമാണോ; പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന് കേൾക്കുമ്പോൾ എന്തിനാണ് ഭയപ്പെടുന്നത്? ഈ ഓർഡിനൻസുവഴി ഇവിടെയിറക്കിയിരിക്കുന്ന ഉത്തരവിൽ ശ്രീ. പി. ചന്ദ്രശേഖരൻ,

ഡയറക്ടർ ജനറൽ ഓഫ് പോലീസ് (റിട്ടയേർഡ്) ചെയർപേഴ്സനാണ്, ചെയർമാൻ അല്ല. കൂടെ അഞ്ച് അംഗങ്ങളും ഉണ്ട്. ഇവർ പബ്ലിക് സർവ്വീസ് കമ്മീഷന് പകരമാകുമോ? ഇത് ആർക്കുവേണ്ടിയാണ് രൂപീകരിക്കുന്നതെന്നു ചോദിച്ചാൽ ഇന്ന് കേരളത്തിൽ നടക്കുന്ന എല്ലാ സാമൂഹ്യനീതിയും നിഷേധിച്ച് നിയമത്തെയും കോടതിയെയും വ്യവസ്ഥകളെയും ലംഘിച്ച് മുന്നോട്ട് പോകുന്ന ഗവൺമെന്റും ആ ഗവൺമെന്റുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഉദ്യോഗസ്ഥ സംവിധാനത്തെയും എങ്ങനെ ദുരുപയോഗം ചെയ്യാം എന്നതിനാണ്. കേരളം പിറവി കൊള്ളുന്നതിനുമുമ്പാണ് 1951-ൽ മലബാർ ദേവസ്വം ബോർഡിനെ ബന്ധപ്പെടുത്തി മലബാർ ദേവസ്വം എൻഡോവ്മെന്റ് ആക്ട് നിലവിൽ വന്നത്. ഈ ആക്ട് പ്രകാരം വളരെ നന്നായി അവിടെ നിയമനം നടത്തിവരികയാണ്. ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞത് അതുംകൂടി ചേർത്ത് ഒരുമിച്ചാക്കി എന്നാണ്. ഇത് ആരെ പറ്റിക്കാനാണ്? പബ്ലിക് സർവീസ് കമ്മീഷൻ, നിയമനങ്ങളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ ആ ആളുകളുടെ നിയമനവുമായി ബന്ധപ്പെട്ട് വളരെ മോശമായാണ് പറയുന്നത്. ആ റിക്രൂട്ട്മെന്റുകൾ വഴി നിയമനം നടത്തുമ്പോൾ റിക്രൂട്ട്മെന്റ് വഴി വരുന്ന ആളുകളെ സംബന്ധിച്ച കാര്യങ്ങൾ പറയുന്നുണ്ട്. ഒരു ഹിന്ദു സ്ഥാപനമെന്ന നിലയിൽ വളരെ വ്യക്തമായി നിയമങ്ങൾ നിർവ്വചിച്ചിട്ടുണ്ട്. 1950-ലെ ഹിന്ദുമത സ്ഥാപന നിയമവും

1951-ൽ വരുത്തിയ അമെന്റ്മെന്റും പിൽക്കാലത്ത് വന്നിട്ടുള്ള എല്ലാ അമന്റ്മെന്റുകളിലും ഹിന്ദുമത സ്ഥാപനങ്ങളിലെ നിയമനങ്ങൾ സംബന്ധിച്ച് വളരെ വ്യക്തമായി പറയുന്നുണ്ട്.

മി. സ്പീക്കർ: അംഗങ്ങൾക്കും പത്രക്കാർക്കും ചായ ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. ബി. സത്യൻ: ഭരണഘടനയിലെ ആർട്ടിക്കിൾ 12 പ്രകാരം സംസ്ഥാനത്ത് നിയമനിർമ്മാണം നടത്താനുള്ള അവകാശമുണ്ട്. അതനുസരിച്ചാണ് കഴിഞ്ഞ ഗവൺമെന്റിന്റെ, ശ്രീ. ജി. സുധാകരന്റെ കാലഘട്ടത്തിൽ, 2007-ൽ തുടങ്ങി 2008-ൽ പൂർത്തിയാക്കിയ ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ........ ശ്രീ. പി. സി. വിഷ്ണുനാഥ് അതിനെക്കുറിച്ച് പറഞ്ഞില്ല. തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിലെ കാര്യങ്ങളെക്കുറിച്ച് മാത്രമ പറഞ്ഞുള്ളു. മലബാർ ദേവസ്വത്തെ തൊട്ടിട്ടില്ല. കാരണം മലബാർ ദേവസ്വത്തിന്റെ കീഴിൽ വരുന്ന അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെ നിയമനങ്ങൾ വളരെ നന്നായി നടക്കുന്നു, ആർക്കും പരാതിയില്ല. മലബാറിനെ ഒഴിവാക്കിയാണ് തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുമായി ബന്ധപ്പെട്ട നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ടുള്ള നിയമം 2008-ൽ പാസ്സാക്കുകയും അതിനുശേഷം 2009-ൽ റൂൾസ് ഫ്രെയിം ചെയ്യുകയും ചെയ്തു. വാസ്തവത്തിൽ ഇനിയിവിടെ ചർച്ച ചെയ്തിട്ട് എന്തെങ്കിലും കാര്യമുണ്ടോ? ഇനി 8-10

മാസമാണുള്ളത്. 2009-ൽ ഫ്രെയിം ചെയ്ത റൂൾസ് ഇംപ്ലിമെന്റ് ചെയ്യാനും തയ്യാറാക്കാനും നിലവിലുള്ള ദേവസ്വംബോർഡിനും അന്നത്തെ ഗവൺമെന്റിനും കഴിയാത്തത്, 2016 ഏപ്രിൽ-മെയ് മാസത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്നതിന് മുമ്പുള്ള 8-10 മാസത്തിനുള്ളിൽ ചെയ്യാൻ കഴിയുമോ? 2 കൊല്ലംകൊണ്ട് നടക്കാത്തത് 8-10 മാസംകൊണ്ട് നടത്താൻ പറ്റുമോ? ഓർഡിനൻസ് വന്നു. ഓർഡിനൻസ് പ്രകാരം ഒരു ചെയർപെഴ്സനും അഞ്ച് അംഗങ്ങളുമുള്ള റിക്രൂട്ട്മെന്റ് ബോർഡ് സംബന്ധിച്ച് നിർദ്ദേശിച്ചത് ശ്രദ്ധിച്ചുകാണും. ഇതിൽതന്നെ നിയമനത്തെ സംബന്ധിച്ചും പറയുന്നുണ്ട്. സർവ്വീസ് റൂൾ നോക്കുമ്പോൾ പി.എസ്.സി. യുടെ 1958-ലെ കേരള സർവ്വീസ് റൂൾസ് തന്നെ ഇവിടെ ആപ്ലിക്കബിൾ ആക്കിയിട്ടുണ്ട്. ശ്രീ. പി.സി വിഷ്ണുനാഥും സുഹൃത്തുക്കളും ഇവിടെ ഇല്ലെന്ന് തോന്നുന്നു. ഇവിടെ ഇവർ പറയുന്നത് മുഴുവൻ സാമൂഹ്യ നീതിയെപ്പറ്റിയും എസ്.സി/എസ്.ടി., ദളിത് വിഭാഗത്തിൽപ്പെട്ടവരെപ്പറ്റിയുമാണ്, അതുപറഞ്ഞ് കണ്ണുനീർ ഒഴുക്കുകയാണ്. ഓർഡിനൻസിനോടൊപ്പം 2015 മെയ് 30-ാം തീയതി ആധികാരികമായി പ്രസിദ്ധപ്പെടുത്തിയ എസ്.ആർ.ഒ. നം. 352/15 ഗസറ്റ് നോട്ടിഫിക്കേഷന്റെ 3-ാം പേജിലായി നിയമനങ്ങളെ സംബന്ധിച്ച് പറയുന്നുണ്ട്. റിക്രൂട്ട്മെന്റ് ബോർഡ് സംബന്ധിച്ച് എല്ലാവരും അമെന്റ്മെന്റ് കൊടുത്തിട്ടുണ്ട്.

എന്നാലും അതേപ്പറ്റി പറയണ്ടേ; ആ നിയമനങ്ങളിൽ കടമെടുത്തിരിക്കുന്നത് 1958-ലെ സർവ്വീസ് റൂളാണ്. അതിൽ പറയുന്നത്,

(2) In all cases of direct recruitment, subject to the provisions of sub-section (3) of section 6 of the Ordinance, the rules of reservation and rotation as provided in rules 14 of 17 of Part II of the Kerala State and Subordinate Service Rules, 1958 shall mutatis mutandis apply: അതിന്റെ കൂടെതന്നെ,

Provided that the posts reserved in the Kerala State and Subordinate Service Rules, 1958, for the non-Hindu backward communities shall be treated as open merit quota in the order of reservation and rotation as mentioned in the aforementioned rules. - എന്നാണ്. എന്നുപറഞ്ഞാൽ സാധാരണ ഫോളോ ചെയ്യുന്നത് 50 ശതമാനം റിസർവ്വേഷനും 50 ശതമാനം മെരിറ്റുമാണ്. 1958-ലെ കെ.എസ്.എസ്.ആർ. ഫോളോ ചെയ്യുമ്പോൾ ഹിന്ദു സ്ഥാപനങ്ങൾ ആയതുകൊണ്ട് മറ്റ് വിഭാഗത്തിൽപ്പെട്ടവർക്ക് ഇതിൽ പരിഗണനയില്ല. ഇത്രയും കൃത്യമായി പറയുമ്പോൾ നിലവിലുള്ള സിസ്റ്റം 1958-ലെ നിയമത്തിൽ പറയുന്നുണ്ട്. ഇതിൽ മുസ്ലീം, ലാറ്റിൻ കത്തോലിക്സ്, ആംഗ്ലോ ഇന്ത്യൻ,

ഒ.ബി.സി. തുടങ്ങിയ പ്രധാനപ്പെട്ട ചില സമുദായങ്ങൾ വരില്ല. അതിനുപകരം പറഞ്ഞിരിക്കുന്നത് ഓപ്പൺ കോമ്പറ്റീഷനാണ്. ഒരുപക്ഷേ അങ്ങനെ വന്നാൽ അതിന്റെ പകുതിയെങ്കിലും എസ്.സി./എസ്.റ്റി. വിഭാഗത്തിൽ നിന്ന് എടുത്തുകൂടെ? ഓർഡിനൻസിനോടൊപ്പം ഇറക്കിയിരിക്കുന്ന റൊട്ടേഷൻ സംബന്ധിച്ച് സൂചിപ്പിച്ചിരിക്കുന്നത് വളരെ ഗൗരവമുള്ള കാര്യമാണ്. എങ്ങനെയായിരിക്കും ഇത് ഫോളോ ചെയ്യുന്നത്. ഒന്ന്-ഓപ്പൺ, രണ്ട്- ഈഴവ, മൂന്ന്-ഓപ്പൺ, നാല്-എസ്.സി., അഞ്ച്-ഓപ്പൺ, ആറ്-മുസ്ലീം, ഏഴ്-ഓപ്പൺ, എട്ട്-എൽ.സി/ആംഗ്ലോ ഇന്ത്യൻ, ഒമ്പത്-ഓപ്പൺ, പത്ത്-എസ്.സി. ഇങ്ങനെ പോകുന്ന റൊട്ടേഷൻ. എത്രപേർക്ക് നിയമനം കിട്ടും? ഇവിടെ വലിയ പ്രസംഗങ്ങളാണ് നടക്കുന്നത്. ഇങ്ങനെ നിയമനം നടത്തിയാൽ ഈ നാട്ടിൽ സാമൂഹ്യനീതി എങ്ങനെ നിർവ്വഹിക്കപ്പെടും? തിരുവിതാംകൂർ ദേവസ്വം ബോർഡിൽത്തന്നെ ഏകദേശം 85 ആളുകളാണുള്ളത്. വ്യക്തമായ കണക്കുകളല്ല പറയുന്നത്. മലബാറിലും ഗുരുവായൂരിലും നേരത്തെ സിസ്റ്റം ഉണ്ടായിരുന്നത് ഇതോടുകൂടി ഇല്ലാതാകും. പുതിയ റിക്രൂട്ട്മെന്റ് ബോർഡും ഈ പറയുന്ന പോളിസിയുമാകുമ്പോൾ അതിലും വ്യത്യാസം വരും. അതുകൊണ്ടാണ് ആവശ്യമായ മാറ്റം ഉണ്ടാകണമെന്ന് പറയുന്നത്. അങ്ങനെ മാറ്റം ഉണ്ടായാലും ഈ രീതിയിൽ എങ്ങനെ ഫോളോ ചെയ്യും. പി.എസ്.സി. എന്ന

സെക്കുലർ സ്ഥാപനത്തെ അംഗീകാരിക്കാത്തവർ, അങ്ങനെയുള്ള ഒരു സ്ഥാപനമായതുകൊണ്ട് ഇത് ചെയ്യില്ലെന്ന് പറയുമ്പോൾ, ഇവിടെ 1958-ൽ ഉണ്ടാക്കിയ റൊട്ടേഷൻ വ്യവസ്ഥയും സംവരണതത്വവും നിലവിലുണ്ട്. അതനുസരിച്ച് 50 ശതമാനം റിസർവേഷനും 50 ശതമാനം മെരിറ്റുമാണ്. ആ 50 ശതമാനം റിസർവേഷനിൽ എടുക്കാൻ കഴിയുന്നത് ഹിന്ദു വിഭാഗത്തിൽപ്പെടുന്ന എസ്.സി./എസ്.ടി./ പിന്നാക്കവിഭാഗം എന്നിവരിൽ നിന്നുമാണ്. എന്തുകൊണ്ടാണ് അക്കാര്യം ഇവിടെ മെൻഷൻ ചെയ്യാത്തത്. ഇത് വളരെ ഗൗരവമായ വിഷയമാണ്. മറ്റൊന്ന് പരമ്പരാഗത തസ്തികകളാണ് ക്ഷേത്രങ്ങളിൽ ഏറ്റവും കൂടുതൽ വരുന്നത്. പരമ്പരാഗത തസ്തികകൾ ഒഴികെ എന്നാണ് ഇതിൽ പറയുന്നത്. ഗവൺമെന്റിന്റെ കണക്ക് പ്രകാരം പരമ്പരാഗത തസ്തിക എന്ന് സൂചിപ്പിക്കുന്നത്, ക്ഷേത്രവുമായി ബന്ധപ്പെട്ട് വിവിധ തൊഴിൽ എടുക്കുന്നവരുണ്ട്. അത് പി.എസ്.സി. വഴി റിക്രൂട്ട്മെന്റിന്റെ ഭാഗമായി വരുമ്പോൾ പ്രധാനപ്പെട്ട തസ്തികകളിലെല്ലാം സാമാന്യം നല്ല ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വ്യക്തമായ വ്യവസ്ഥകളും ഉള്ളതാണ്. തിരുവിതാംകൂർ ദേവസ്വംബോർഡിൽ ശാന്തി, കഴകം തുടങ്ങി താഴെത്തട്ടിലുള്ള തസ്തികകൾ ഇതിൽ വരുന്നില്ല. അതുപോലെതന്നെ ഇതിൽ പറയുന്ന പ്രകാരം എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ......ശ്രീ. പി.സി. വിഷ്ണുനാഥ് പറയുന്നത്,

സർവ്വകലാശാല പറയുന്നതുപോലെ....... ദേവസ്വംബോർഡിന്റെ കോളേജുകളെ സംബന്ധിച്ച് പറയുമ്പോൾ, ശ്രീ അയ്യപ്പാ - പമ്പ, ഡി.ബി.കോളേജ് - പരുമല, ശാസ്താംകോട്ട, ഗുരുവായൂരപ്പൻ കോളേജ്, ഈ കോളേജുകളിലൊക്കെ നിയമനം നടത്തിക്കഴിഞ്ഞു. ഏത് വ്യവസ്ഥ അനുസരിച്ചാണ് നിയമനം നടത്തിയതെന്ന് അറിയില്ല. ഇവിടെത്തന്നെ പറഞ്ഞു, എയ്ഡഡ് സ്ഥാപനങ്ങളിൽ അതിന്റെ മാനേജരായിരിക്കും അധികാരിയെന്ന്. മാനേജർ എന്ന നിലയിൽ ദേവസ്വംബോർഡുകളിൽ നിയമനം നടത്തുമ്പോൾ ദേവസ്വംബോർഡ് ആയിരിക്കും അത് ചെയ്യുന്നതെന്ന് കരുതുന്നു. റൊട്ടേഷനോ സംവരണതത്വമോ പാലിച്ച് കോളേജുകളിൽ നിയമനം നടത്തണമെന്ന് എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റ് കൊടുത്തിട്ടുണ്ടോ; അത് പാലിക്കുന്നുണ്ടോ എന്നെനിക്കറിയില്ല. ഞാൻ മനസ്സിലാക്കുന്നത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, ശ്രീ. വി. ശശിയും മറ്റും ബോർഡ് മെമ്പറായിരുന്ന സന്ദർഭത്തിൽ ബോർഡ് ഒരു തത്വം പാലിക്കുകയും ചില പോസ്റ്റുകളിൽ സംവരണം ഏർപ്പെടുത്താൻ തയ്യാറായെന്നും അറിയാൻ കഴിഞ്ഞു. അതുപോലെ ദേവസ്വംബോർഡ് സ്കൂളുകളിൽ അദ്ധ്യാപക/അനദ്ധ്യാപക നിയമനം നടക്കുകയാണ്. അതുസംബന്ധിച്ച് ഇവിടെ ചർച്ച നടന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി പറഞ്ഞത്, എന്തായാലും റിക്രൂട്ട്മെന്റ്

ബോർഡ് വന്നതിനുശേഷമേ ബാക്കി നിയമനങ്ങൾ നടക്കുകയുള്ളുവെന്നായിരുന്നു. കോളേജും സ്കൂളും എല്ലാം ഒഴിവാക്കിക്കൊണ്ട് പറയപ്പെടുന്ന നിയമനങ്ങളെല്ലാം ദേവസ്വംബോർഡ് ഇഷ്ടംപോലെ നടത്തിയതിനുശേഷം അവശേഷിക്കുന്ന ഏതാനും പോസ്റ്റുകളിലായിരിക്കും റിക്രൂട്ട്മെന്റ് നടത്തുന്നതെന്ന് നമുക്കറിയില്ലായിരുന്നു. അതും വളരെ ഗൗരവമായിട്ടുള്ള വിഷയമാണ്. എയ്ഡഡ് സ്ഥാപനങ്ങൾ ഒഴിവാക്കുന്നതിന് ഒരു നീതീകരണവുമില്ല. അവസാനം കോടതി വിധിയുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും യു.ജി.സി.യുടെയും ഫണ്ടുപയോഗിച്ച് പ്രവർത്തിക്കുന്ന കോളേജുകളിൽ സംവരണതത്വം പാലിക്കണമെന്ന നിർദ്ദേശവും വന്നിട്ടുണ്ട്. അതിന്റെയെല്ലാം പശ്ചാത്തലത്തിൽ ഈ പറയുന്ന സ്കൂളുകൾ, കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളൊഴികെ എന്ന് എന്തിനാണ് പറഞ്ഞിട്ടുള്ളത്, അവിടെയാണ് സമുദായ നേതാക്കന്മാരെയും സംഘടനകളെയും ഭയപ്പെടുന്നുവെന്ന കാര്യം വരുന്നത്. അവിടെ വരുമ്പോഴാണ് പ്രശ്നം. ഈ പറയുന്ന സമുദായ ശക്തികൾ നടത്തുന്ന സ്ഥാപനങ്ങളുണ്ട്. അവിടെ സംവരണതത്വം പാലിക്കാൻ അവർ തയ്യാറല്ല. ആർട്ടിക്കിൾ 12 മുതൽ 35 വരെ ഒരു പൗരന്റെ എല്ലാവിധ അവകാശാധികാരങ്ങളെയും സംബന്ധിച്ച് ഭരണഘടനയിൽ നിർവ്വചിക്കുന്നുണ്ട്. പ്രത്യേകിച്ച് പ്രി-ആംബിളിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. സാമൂഹിക

നീതിയിൽ ഈ അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസം, തൊഴിൽ, മറ്റ് സംരംഭങ്ങളുടെ ഉന്നമനം എന്നിവയ്ക്കുവേണ്ടിയുള്ള കാര്യങ്ങൾ വിശദീകരിക്കുന്നുണ്ടല്ലോ. ഞാനിവിടെ സൂചിപ്പിച്ചത് ഇതാണ്. ഇവിടെ എയ്ഡഡ് എന്നു പറഞ്ഞുപോയാൽ, അതായത് ദേവസ്വംബോർഡിന്റെ കീഴിലുള്ള കോളേജുകളുടെ പേരുകളോ അല്ലെങ്കിൽ സ്കൂളുകളിലെ നിയമനങ്ങളോ ഇതിന്റകത്ത് ചേർത്താൽ പ്രശ്നമാകും. കാരണം സ്വകാര്യ, എയ്ഡഡ് സ്ഥാപനങ്ങൾ നടത്തുന്ന ജാതിമത ശക്തികളുമായി ബന്ധപ്പെട്ടുനിൽക്കുന്നവരുടെ ശക്തമായ എതിർപ്പ് ഭയപ്പെട്ട് അത് ഒഴിവാക്കിയിട്ടുണ്ട്. അതാണ് അതിനകത്ത് വന്നിട്ടുള്ളത്. പിന്നെ, ഈ പറയപ്പെടുന്നതുപോലെ, ദേവസ്വത്തിൽ 3 പേരടങ്ങുന്ന ബോർഡ് നിലവിലുണ്ട്. ഈ റിക്രൂട്ട്മെന്റ് ബോർഡും നിലവിൽ വന്നാൽ എങ്ങനെയാണ് നിലവിലുള്ള ആ ബോർഡും ഇതുംകൂടി പൊരുത്തപ്പെട്ടുപോകുന്നത്. ഇവിടെ നമുക്കറിയാം, വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ, ദേവസ്വം ബോർഡും ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചും അവിടെ നടക്കുന്ന ദൈനംദിന പ്രവർത്തനങ്ങളെ സംബന്ധിച്ചും വാർത്തകൾ വരികയാണ്. ഈ റിക്രൂട്ട്മെന്റ് ബോർഡിൽ ഒരു റിട്ടയേർഡ് ഡി.ജി.പി.യായ ഒരു ഉദ്യോഗസ്ഥൻ അതിന്റെ ചെയർമാനും പിന്നെ അഞ്ചംഗങ്ങളുമടങ്ങിയ ഒരു സമിതി ഇതിനെ

നിയന്ത്രിക്കുമെന്നാണ് ഇതിൽ പറയുന്നത്. അവർ റിക്രൂട്ട്മെന്റ് സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾത്തന്നെ നിലവിൽ ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നത് ദേവസ്വംബോർഡ് ആണ്. ആ ബോർഡും ഈ റിക്രൂട്ട്മെന്റ് ബോർഡും എങ്ങനെയാണ് ഒരുമിച്ച് പോകുന്നത്? അവിടെയാണ് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രസക്തി. പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന പൊതുസ്ഥാപനമായിരുന്നു ഈ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നുവെങ്കിൽ നമുക്കത് വിശ്വസിക്കാമായിരുന്നു. ഇപ്പോൾ നിലനിൽക്കുന്നതെന്താണ്; ഈ രാജ്യത്തെ, സംസ്ഥാനത്തെ, നാട്ടിൽ നിലനിൽക്കുന്ന അഴിമതിയുടെ കഥകളാണ്. നിയമനത്തിന്റെ കാര്യം പറഞ്ഞാൽ, വിവിധങ്ങളായിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ നിയമനത്തിലും വിവിധ വിഷയങ്ങളിലുമെല്ലാം അഴിമതി നിറഞ്ഞുനിൽക്കുകയാണ്. വൈസ് ചാൻസലർ മുതൽ പ്രോ-വൈസ് ചാൻസലർ, സർവ്വകലാശാല അധിപന്മാരായിട്ടുള്ള ആളുകൾ, ഉന്നത സ്ഥാനത്ത് നിയമിക്കപ്പെടുന്ന ആളുകൾ അങ്ങനെയുള്ളവരെയെല്ലാംകുറിച്ചുള്ള ആക്ഷേപങ്ങളും ഓരോ ദിവസം നമ്മൾ കേട്ടുകൊണ്ടിരിക്കുകയാണ്. ആ സാഹചര്യത്തിൽ ഒരു റിട്ടയേർഡ് ഉദ്യോഗസ്ഥനും ഏതാനും അംഗങ്ങളുംകൂടി ചേർന്നടങ്ങിയ ഒരു റിക്രൂട്ട്മെന്റ് ബോർഡ്, ദേവസ്വംബോർഡിന്റെ കീഴിൽ വരുന്ന അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽവരുന്ന

ജീവനക്കാരുടെ റിക്രൂട്ട്മെന്റ് എങ്ങനെ നടത്തുമെന്നത് വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. ക്ഷേത്രങ്ങൾ, അമ്പലങ്ങൾ, ദേവസ്വംബോർഡ് എന്നൊക്കെ കേട്ടാൽ ചിലരുടെയൊക്കെ മുട്ടുവിറയ്ക്കും. അതാണ് പ്രശ്നം. അമ്പലങ്ങൾ, ക്ഷേത്രങ്ങൾ, ദേവസ്വംബോർഡ് എന്നിവയൊക്കെ നിയന്ത്രിക്കുന്നത് സംഘ പരിവാർ ശക്തിയും, ആർ.എസ്.എസ്.-ഉം അവരുമായി ബന്ധപ്പെട്ട് നിൽക്കുന്ന സ്ഥാപനങ്ങളുമാണ്. ഇവിടെ ഈ തിരുവിതാംകൂർ ദേവസ്വംബോർഡിന്റെയും ബോർഡിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽപ്പോലും നമ്മളത് കാണുന്നതാണ്.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, ബഹുമാനപ്പെട്ട ബി. സത്യൻ, ആർ.എസ്.എസ്., സംഘപരിവാർ ശക്തികൾ ദേവസ്വങ്ങൾവഴിയും ക്ഷേത്രങ്ങൾവഴിയും നടത്തിക്കൊണ്ടിരിക്കുന്ന തീവ്രമായ ഹിന്ദുവർഗ്ഗീയ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളമാണ് ഇവിടെ വിശദീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ നേരത്തെ എന്റെ സുഹൃത്തായ ശ്രീ. പാലോട് രവി, വളരെ വികാരപരമായി.. ശ്രീ. പാലോട് രവിയെ പോലെ സഭയിലെ സീനിയറായ, കാര്യങ്ങൾ ആവശ്യത്തിനുമാത്രം ഇടപെട്ട് സംസാരിക്കുന്ന ഒരാൾ ഇങ്ങനെയൊരു വസ്തുതാ വിരുദ്ധമായ കാര്യം സഭയിൽ പറയുമെന്ന് പ്രതീക്ഷിച്ചില്ല. ഞാൻ നേരത്തെ

പറഞ്ഞു, ബി.ജെ.പി.യേയും ആർ.എസ്.എസ്.നെയും...

മി. സ്പീക്കർ: ശ്രീ. ബി. സത്യൻ, അങ്ങ് പ്രസംഗം നിർത്തിയോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇല്ല, എനിക്ക് വഴങ്ങിയതാണ്. ബി.ജെ.പി.യെയും ആർ.എസ്.എസ്.നെയും തീർച്ചയായും കോൺഗ്രസ്സും സി.പി.ഐ.(എം) പോലുള്ള മതേതര പ്രസ്ഥാനങ്ങൾ ഒരുമിച്ചുനിന്നുകൊണ്ട് എതിർക്കേണ്ട കാലഘട്ടമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞങ്ങൾ അരുവിക്കര ഭാഗത്തുള്ള മൂന്ന് പഞ്ചായത്ത് പ്രസിഡന്റുമാരെ രണ്ട് മൂന്ന് വർഷം മുമ്പേ പുറത്താക്കി...

മി. സ്പീക്കർ: ബഹുമാനപ്പെട്ട സി. ശിവൻകുട്ടി, ബി.ജെ.പി.യുടെ കാര്യം ബില്ലിൽ ഉണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഉണ്ട്. ബി.ജെ.പി.യുടെ കാര്യമല്ലേ പ്രധാനമായും പറയേണ്ടത്. അങ്ങേയ്ക്ക് ബി.ജെ.പി.യുമായുള്ള കൂട്ടുകെട്ട് എന്തെങ്കിലുമുണ്ടോ? ഞാൻ പറഞ്ഞുവരുന്നത്, ഒന്ന് കൃഷ്ണകുമാർ- കൃഷ്ണകുമാറിനെ എന്തിന് പുറത്താക്കിയെന്ന് അറിയില്ലേ; സാമ്പത്തിക കുറ്റം കാണിച്ചാൽ നമ്മളെ പോലുള്ള പാർട്ടികൾ വച്ചോണ്ടിരിക്കാൻ പാടുണ്ടോ; പഞ്ചായത്ത് പ്രസിഡന്റല്ല, പാർലമെന്റ് മെമ്പറായാലും പുറത്താക്കണ്ടേ? പുറത്താക്കിയപ്പോൾ അയാൾ ബി.ജെ.പി.യിൽ

ചേർന്നു. എരുത്താവൂർ ചന്ദ്രൻ എന്ന പഞ്ചായത്ത് പ്രസിഡന്റിനെ എന്തിന് പുറത്താക്കിയെന്ന് ഞാൻ ഇവിടെ പറയണോ; സാമൂഹിക വിരുദ്ധ പ്രവർത്തനം പരസ്യമായി നടത്തിയതിന്റെ പേരിൽ അയാൾ പഞ്ചായത്ത് പ്രസിഡന്റായിരുന്നുവെങ്കിലും പാർട്ടിയിൽനിന്ന് പുറത്താക്കി. അങ്ങനെയുള്ളവരെ നമ്മൾ പാർട്ടിയിൽനിന്ന് പുറത്താക്കണ്ടെ; നിങ്ങളും പുറത്താക്കണം, നമ്മളും പുറത്താക്കണം, എന്നാലേ സംശുദ്ധമായ രാഷ്ട്രീയ പ്രവർത്തനം നമുക്ക് നടത്താൻ കഴിയുകയുള്ളൂ. മറ്റൊരു കാര്യം, അങ്ങ് പറയാത്തൊരു കാര്യമുണ്ട്. കോൺഗ്രസ് (ഐ). യുടെ 56 പാർലമെന്റ് മെമ്പർമാരാണ് ദേശീയാടിസ്ഥാനത്തിൽ ബി.ജെ.പി.യിൽ ചേർന്നത്. ഞങ്ങളുടെ പാർട്ടി യു.പി.യിലും ബീഹാറിലും ഗുജറാത്തിലുമൊന്നും വലിയ പാർട്ടിയൊന്നുമല്ല, ഞാൻ പറയാം, കോൺഗ്രസിന്റെ വക്താവ് എം.ജെ. അക്ബർ ബി.ജെ.പി.യിൽ ചേർന്നില്ലേ; രേണുക ചൗധരി, രാജ്യസഭ വൈസ് ചെയർമാൻ നജ്മാഹെപ്ത്തുള്ള, ഹേമ മാലിനി എന്നിവരെല്ലാം ബി.ജെ.പി.യിൽ ചേർന്നില്ലേ? അതെല്ലാം നമ്മൾ വളരെ ഗൗരവമായിത്തന്നെ കാണേണ്ട കാര്യമാണ്. ഏതാണ്ട് 25...

മി. സ്പീക്കർ: ശ്രീ. ബി. സത്യൻ, അങ്ങ് പ്രസംഗം നിർത്തിയെങ്കിൽ അടുത്ത ആളിനെ വിളിക്കാം.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, 25 സി.പി.ഐ.(എം.) പ്രവർത്തകരെ ആർ.എസ്.എസ്.കാർ കൊന്നിട്ടുണ്ട്. അതുകൊണ്ട്.. (മൈക്ക് ഓഫ്) അദ്ദേഹം പറഞ്ഞത് രേഖയിൽ കിടന്നാൽ ശരിയാവുകയില്ല, അതാണ് ഞാൻ ഇത്രയും പറഞ്ഞത്.

<u>ശ്രീ. ബി. സത്യൻ:</u> സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട ബി. സത്യൻ, ചെയർ പറയുന്നത് ശ്രദ്ധിക്കു, ഇന്ന് 3 ബില്ലുകൾ പരിഗണനയ്ക്ക് എടുക്കാനുണ്ട്. ആദ്യത്തെ ബിൽ എടുത്തതേയുള്ളൂ. ഈ ബില്ലിൽ 441 അമെന്റ്മെന്റും 19 ക്ലാസും ഉണ്ട്. അതുകഴിഞ്ഞ് രണ്ടു ബില്ലുണ്ട്. ഇന്നലെ രാത്രി 11 മണിക്കാണ് സഭ അവസാനിച്ചത്. നിങ്ങളവസാനം വരെ ഇരിക്കുമെന്നുണ്ടെങ്കിൽ പ്രശ്നമില്ല. നിങ്ങൾ മാക്സിമം സമയമെടുത്ത് സംസാരിക്കുകയും, ഇതിൽ സഹകരിക്കുന്നവർ ഇവിടെ ഇരിക്കുകയും ചെയ്യുന്ന സ്ഥിതിയിലേയ്ക്ക് വരരുത്. ഇപ്പോൾത്തന്നെ അങ്ങ് പ്രസംഗിച്ചുതുടങ്ങിയിട്ട് 23 മിനിട്ട് ആയി. അങ്ങയുടെ പ്രസംഗം നിർത്തണം.

<u>ശ്രീ. ബി. സത്യൻ:</u> സർ, ഞാൻ അവസാനിപ്പിക്കാം.

<u>മി. സ്പീക്കർ:</u> ശ്രീ. ബി. സത്യൻ, പ്ലീസ് കൺക്ലൂഡ്. അങ്ങ് പറയാനുള്ളതെല്ലാം പറഞ്ഞു, പ്ലീസ് കൺക്ലൂഡ്.

ശ്രീ. ബി. സത്യൻ: സർ, ഞാൻ അവസാനം പറഞ്ഞത് ഒന്നുകൂടി ആവർത്തിച്ച് പറഞ്ഞ് അവസാനിപ്പിക്കാൻ ശ്രമിക്കാം. എയ്ഡഡ് സ്ഥാപനങ്ങൾ, എയ്ഡഡ് കോളേജുകൾ, എയ്ഡഡ് സ്കൂൾ എന്നുപറഞ്ഞാൽ ദേവസ്വംബോർഡിന്റെ കീഴിൽവരുന്ന സ്ഥാപനങ്ങൾകൂടി ഉൾപ്പെടുന്ന നിലയിലും, അതുപോലെതന്നെ, പബ്ലിക് സർവ്വീസ് കമ്മീഷൻ തന്നെ റിക്രൂട്ട്മെന്റ് നടത്തണമെന്ന് പഴയ ഗവൺമെന്റ് തീരുമാനിച്ചപ്രകാരം, ഇവിടെ റൊട്ടേഷൻ വ്യവസ്ഥയും സംവരണ തത്വവും പാലിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ പാലിക്കണമെങ്കിൽ ഇപ്പോൾ സഭയിൽ ലേ ചെയ്തിട്ടുള്ള, അല്ലെങ്കിൽ ഇതിനോടനുബന്ധമായി തന്നിട്ടുള്ള ഓർഡിനൻസിൽ പറഞ്ഞിട്ടുള്ള റൊട്ടേഷൻ വ്യവസ്ഥയും നിയമനത്തെ സംബന്ധിച്ച് പറയുന്ന കാര്യങ്ങളൊക്കെ മാറ്റേണ്ടതായിട്ടുണ്ട്. ഇതുപ്രകാരമാണെങ്കിൽ വലിയ ഒരു അനീതിയാണ് കാണിക്കുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത് ശരിയാണ്, ഇങ്ങനെയൊരു ബിൽ ആദ്യമായിട്ടുതന്നെയാണ് വരുന്നത്. കേരളം പിറവികൊണ്ടതിനുശേഷം ദേവസ്വംബോർഡുകളാകെ ഇങ്ങനെ ഏകോപിപ്പിച്ച് അടക്കിഭരിക്കാൻ ഏതാനും ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും കൈകളിൽ അധികാരം നൽകി ഭരണനേതൃത്വത്തിന് ഇഷ്ടമുള്ള നിലയിൽ നിയമനങ്ങൾ നടത്താനും അതുവഴി സാമൂഹിക നീതിയും ഈ നാട്ടിലെ പാവപ്പെട്ടവർക്കും

സാധാരണക്കാർക്കും ദുർബ്ബല വിഭാഗങ്ങൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ലഭിക്കപ്പെടേണ്ട അർഹമായ സാമൂഹിക നീതിയിൽ നിക്ഷിപ്തമായ നിലയിലേയ്ക്കുള്ള നിയമനിർമ്മാണമാണ് ആഗ്രഹിക്കുന്നതെങ്കിൽ ഇന്ന് ഈ റിക്രൂട്ട്മെന്റ് സംബന്ധിച്ച് ഇറക്കിയിരിക്കുന്ന ഈ ഓർഡിനൻസും അതിനോടനുബന്ധിച്ച് വന്നിട്ടുള്ള ആക്ടും പിൻവലിക്കണമെന്നും ഇത് പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കണമെന്നുമുള്ള നിരാകരണ പ്രമേയം ഞാൻ മൂവ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അങ്ങ് കുറച്ച് സമയമെടുത്ത് സംസാരിച്ച് മാതൃക കാണിക്കണം.

ശ്രീ. വി. ഡി. സതീശൻ : സർ, കേരളപ്പിറവിക്കുശേഷം ദേവസ്വംബോർഡുമായി ബന്ധപ്പെട്ട് നമ്മുടെ നിയമനിർമ്മാണ സഭയിലുണ്ടായ ഏറ്റവും വിപ്ലവകരമായ ഒരു നിയമം എന്ന് ഞാൻ ഇതിനെ വിശേഷിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഈ വിപ്ലവകരമായ നിയമം പൈലറ്റ് ചെയ്യുന്ന ദേവസ്വം വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ശ്രീ. വി. എസ്. ശിവകുമാറിനെയും യു.ഡി.എഫ് സർക്കാരിനെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇവിടെ വൈക്കം സത്യാഗ്രഹത്തെയും ഗുരുവായൂർ സത്യാഗ്രഹത്തെയുമൊക്കെക്കുറിച്ച് സൂചിപ്പിച്ചു.

വൈക്കം സത്യാഗ്രഹത്തിലും ഗുരുവായൂർ സത്യാഗ്രഹത്തിലും മഹാത്മാഗാന്ധി പങ്കെടുക്കുകയുണ്ടായി. ഈ രണ്ട് സത്യാഗ്രഹങ്ങളുടെയും പ്രാധാന്യമെന്നുപറയുന്നത് നൂറ്റാണ്ടുകളോളം ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽമാത്രം ജീവിക്കാൻ വിധിക്കപ്പെട്ട ജനസമൂഹങ്ങളെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുകൊണ്ടുവരാൻ നടത്തിയ ഏറ്റവും വലിയ ശ്രമങ്ങളിലൊന്നായിരുന്നു ഈ സത്യാഗ്രഹങ്ങളെന്നതായിരുന്നു. അതിന്റെ ഫലമായി ക്ഷേത്രപ്രവേശന വിളംബരമുണ്ടായി. ക്ഷേത്രങ്ങളുടെ അടുത്തുപോലും പോകാൻ നിവൃത്തിയില്ലാതിരുന്ന, കിണറുകളിൽനിന്ന് വെള്ളംകോരാൻ അനുവാദമില്ലായിരുന്ന, വഴിനടക്കാൻ അവകാശമില്ലാതിരുന്ന, മാറ് മറയ്ക്കാൻ അവകാശമില്ലാതിരുന്ന പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും കേരളത്തിലെ ക്ഷേത്രങ്ങളിൽ പ്രവേശനം ലഭിച്ചു. ക്ഷേത്രപ്രവേശന വിളംബരത്തിനു ശേഷം കേരളത്തിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ഒരുപാട് പ്രസംഗങ്ങൾ നടന്നിട്ടുണ്ടെങ്കിലും ആ ക്ഷേത്രങ്ങളിലേയ്ക്കും ദേവസ്വം ബോർഡുകളിലേയ്ക്കും കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും ആദ്യമായി സംവരണം ഏർപ്പെടുത്തുന്നൊരു നിയമമാണ് ഈ നിയമസഭയിൽ പൈലറ്റ് ചെയ്യുന്നതെന്നത് എന്തുകൊണ്ടാണ്

ഇതിനെ വിമർശിച്ച ആളുകൾ മറന്നുപോയത്? നിങ്ങൾ അറിയേണ്ട ഒരു കാര്യം, ഗുരുവായൂർ ക്ഷേത്രത്തിൽ പട്ടികജാതിക്കാർക്ക് പത്ത് ശതമാനം സംവരണമുണ്ടായിരുന്നു. അതല്ലാതെ കേരളത്തിൽ തിരുവിതാംകൂറിലോ, കൊച്ചി ദേവസ്വം ബോർഡിലോ, മലബാർ ദേവസ്വം ബോർഡിലോ, കൂടൽ മാണിക്യ ക്ഷേത്രത്തിലോ ഉൾപ്പെടെയുള്ള കേരളത്തിലെ ഒരു ദേവസ്വം ബോർഡിലും ഇതുവരെ ഒരു ശതമാനംപോലും സംവരണമുണ്ടായിരുന്നില്ല. ഈ ഓർഡിനൻസിന്റെ ഭാഗമായി ഉണ്ടാക്കിയ ചട്ടങ്ങളിലൂടെയാണ് കേരളത്തിൽ ആദ്യമായി ദേവസ്വം ബോർഡിലേയ്ക്ക് സംവരണം വരുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ക്ഷേത്രപ്രവേശന വിളംബരത്തിനുശേഷം കേരളത്തിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ വിപ്ലവകരമായ ഒരു നിയമ നിർമ്മാണമാണിതെന്ന്. ഇത് സവർണ്ണ മേധാവികളുടെ നിയമമാണെന്നാണ് മുൻ ദേവസ്വം വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ പറഞ്ഞത്. അദ്ദേഹം അഞ്ചുകൊല്ലം ദേവസ്വം ബോർഡിന്റെ ചുമതല വഹിച്ചല്ലോ; കേരളത്തിലെ ഏതെങ്കിലും ക്ഷേത്രത്തിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും ഒരു ശതമാനമെങ്കിലും സംവരണം ഏർപ്പെടുത്താൻ അദ്ദേഹത്തിന് സാധിച്ചോ? ഗുരുവായൂരപ്പൻ എഴുന്നേറ്റ് പോകുമോ, വൈക്കത്തപ്പൻ എഴുന്നേറ്റ് പോകുമോ എന്നെല്ലാം ശ്രീ. വി. എസ്.

സുനിൽ കുമാർ ഇവിടെ വലിയ വാചാടോപം നടത്തിയല്ലോ; പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ശാന്തിക്കാരനുവരെ ക്ഷേത്രത്തിനകത്ത് ശ്രീകോവിലിൽപോയി പൂജ നടത്താൻ അവകാശം ലഭിക്കുന്ന ഒരു ബിൽ ആണിവിടെ പാസ്സാക്കുന്നത്. അത് നിങ്ങൾ മറന്നുപോയോ? ചില ക്ഷേത്രങ്ങളിൽ മേൽശാന്തിമാരും തന്ത്രികളുമായി വരുന്നത് പരമ്പരാഗതമായ അവകാശമുള്ളവരാണ്. അവരെയാണ് കാരായ്മക്കാർ എന്നുപറയുന്നത്. അവരും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരും ഒഴിച്ച് ബാക്കി മുഴുവൻപേരും ഇതിന്റെ പരിധിയിൽ വരും. എന്റെ വ്യക്തിപരമായ അഭിപ്രായം, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ളവരെക്കൂടി ഈ സംവരണത്തിന്റെ പരിധിയിൽകൊണ്ടുവരണമെന്നാണ്. കാരായ്മ എന്നുപറയുന്നത് പരമ്പരാഗതമായി ഓരോ കുടുംബക്കാരുടെ അവകാശമാണ്. അവരെ ഇതിനകത്ത് കൊണ്ടുവരേണ്ടതില്ല. അവർ പത്ത് ശതമാനത്തിൽ താഴെയാണ്. ബാക്കി 90 ശതമാനത്തോളം ആളുകളും ഈ സംവരണത്തിന്റെ പരിധിയിൽ വരികയാണ്. കൊച്ചി ദേവസ്വംബോർഡ്, തിരുവിതാംകൂർ ദേവസ്വംബോർഡ്, മലബാർ ദേവസ്വംബോർഡ്, ഗുരുവായൂർ മാനേജിംഗ് കമ്മിറ്റി, കൂടൽ മാണിക്യം മാനേജിംഗ് കമ്മിറ്റി തുടങ്ങി കേരളത്തിലെ എല്ലാ ക്ഷേത്രങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ

വരികയാണ്. എവിടെയാണ് മാറ്റി നിർത്തിയിട്ടുള്ളത്? എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരെക്കൂടി ഇതിനകത്ത് കൊണ്ടുവന്നാൽ കേരളത്തിലെ ക്ഷേത്രങ്ങളിലെ നിയമനത്തിൽ 90 ശതമാനവും ഈ നിയമത്തിന്റെ പരിധിയിൽ വരികയാണ്. അതാണോ സവർണ്ണ മേധാവികൾക്കുവേണ്ടി ഉണ്ടാക്കുന്ന നിയമം എന്നുപറയുന്നത്? 50 ശതമാനം മെരിറ്റ്, 50 ശതമാനം സംവരണം എന്നതാണ് കേരളത്തിലെ സംവരണത്തിന്റെ തോത്. ഈ 50 ശതമാനം സംവരണത്തിൽ 18 ശതമാനം നോൺ ഹിന്ദുസിനാണ്. മുസ്ലീം-ക്രിസ്റ്റ്യൻ വിഭാഗമാണ് ഈ പറഞ്ഞ 18 ശതമാനം. അവരെ ക്ഷേത്രങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കാൻ കഴിയില്ല. അതുകൊണ്ട് ആ 18 ശതമാനത്തെ 50 ശതമാനം മെരിറ്റിലേയ്ക്ക് കൂട്ടിച്ചേർത്തുള്ള 68 ശതമാനം കഴിച്ച് ബാക്കിയുള്ള 32 ശതമാനം സംവരണമായി കൊടുത്തിരിക്കുകയാണ്. ഈ ബില്ലിനെ സവർണ്ണ ഹിന്ദുക്കൾക്കുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന നിയമമെന്ന് ശ്രീ. ജി. സുധാകരനെപ്പോലെ പരിണിതപ്രജ്ഞനായ ഒരാൾ ആക്ഷേപിച്ചു. ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ, ഓപ്പൺ മെരിറ്റിൽ 68 ശതമാനം വന്നുകഴിഞ്ഞാൽ എസ്.സി. - 8 ശതമാനം, ഹിന്ദു ഷെഡ്യൂൾഡ് ട്രൈബ് - 2 ശതമാനം, ഈഴവ, തിയ്യ 14- ശതമാനം, വിശ്വകർമ്മ -3 ശതമാനം, ഒ.ബി.എച്ച്.-3 ശതമാനം, ധീവര – ഒരു ശതമാനം, ഹിന്ദു നാടാർ - ഒരു ശതമാനം എന്നനിലയിൽ ദേവസ്വം ബോർഡിലേയ്ക്ക്

എല്ലാ വിഭാഗത്തിൽപ്പെട്ടവരും വരികയാണ്. നാലായിരത്തിലധികം ജീവനക്കാരുള്ള തിരുവിതാംകൂർ ദേവസ്വംബോർഡിൽ 85 പേരാണ് എസ്.സി.യിൽനിന്നുള്ളത്. എസ്.സി./എസ്.ടി-ക്ക് പത്ത് ശതമാനം സംവരണം വന്നാൽ നാലായി അഞ്ഞൂറോളം ജീവനക്കാരുള്ള ദേവസ്വംബോർഡിന്റെ കീഴിൽ ഏകദേശം 450 പേരാണ് എസ്.സി./എസ്.ടി യിൽനിന്ന് വരാൻ പോകുന്നത്. അങ്ങനെ എല്ലാ ദേവസ്വംബോർഡിലേയ്ക്കും വരും. ശ്രീ. ജി. സുധാകരൻ മന്ത്രിയായിരുന്നപ്പോൾ എത്രപേരെ കൊണ്ടുവന്നു? 20 ശതമാനം വരുന്ന മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനം മാത്രമാണ് പി.എസ്.സി-ക്ക് വിടാൻ തീരുമാനിച്ചത്. എന്നിട്ടിപ്പോൾ പി.എസ്.സി.-ക്ക് വിട്ടില്ലായെന്നതാണ് പരാതി. പി.എസ്.സി-ക്ക് വിടണമെന്ന് പറയാൻ നല്ല എളുപ്പമാണ്. ദേവസ്വംബോർഡ് എന്നുപറയുന്നത് സർക്കാരിന്റെ ഡിപ്പാർട്ട്മെന്റാണോ ? ദേവസ്വംബോർഡ് സർക്കാരിന്റെ ഡിപ്പാർട്ട്മെന്റൊന്നുമല്ല. ഇവിടെ കവനന്റ് മുഖേന നിയമസഭ നിയമമുണ്ടാക്കി കേരളത്തിലെ ക്ഷേത്രങ്ങൾ ദേവസ്വംബോർഡുവഴി സംരക്ഷിച്ചുവരുന്നു. ദേവസ്വംബോർഡുകൾക്ക് ഒരു ഓട്ടോണമസ് സ്വഭാവമുണ്ട്. ആ സ്വയംഭരണ അവകാശത്തിൽ സർക്കാർ കൈകടത്തുന്നത് തെറ്റാണ് എന്നാണ് എന്റെ അഭിപ്രായം. ഇക്കാര്യത്തിൽ അനാവശ്യമായി സർക്കാർ കൈകടത്തേണ്ടതില്ലെന്ന് ഞാൻ ഈ സഭയിൽ

ഇതിനുമുമ്പും പറഞ്ഞിട്ടുണ്ട്. പി.എസ്.സി.ക്ക് വിടണമെന്നതിന് നിങ്ങൾ പറയുന്ന കാരണം അവിടെ ഭയങ്കര അഴിമതിയാണെന്നാണ്. റിക്രൂട്ട്മെന്റ് ബോർഡുണ്ടാക്കിയാലും അഴിമതിയുണ്ടാകും, ദേവസ്വംബോർഡ് ഉണ്ടാക്കിയാലും അഴിമതിയുണ്ടാകും. ആ അഴിമതി നടത്തുന്ന ദേവസ്വംബോർഡ് അംഗങ്ങളെയും റിക്രൂട്ട്മെന്റ് ബോർഡിലെ അംഗങ്ങളെയും നിയമിക്കുന്നത് കേരളത്തിലെ രാഷ്ട്രീയ നേതൃത്വമാണ്. യു.ഡി.എഫ്. വന്നാൽ കോൺഗ്രസ്, ആർ.എസ്.പി.; എൽ.ഡി.എഫ്. വന്നാൽ സി.പി.ഐ(എം), സി.പി.ഐ തുടങ്ങിയ മൂന്നുനാല് പാർട്ടികളുടെ നേതാക്കന്മാർ ചേർന്നല്ലേ ദേവസ്വംബോർഡിലേയ്ക്ക് ആളെ നിയമിക്കുന്നത്? അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന പാർട്ടികളിലെല്ലാം സത്യസന്ധരായ, ഒരു രൂപ കൈക്കൂലി വാങ്ങാത്ത, ഹിന്ദുമത വിശ്വാസികളായ, ക്ഷേത്രാരാധനയിൽ വിശ്വസിക്കുന്ന ആയിരക്കണക്കിന് നേതാക്കന്മാരും പ്രവർത്തകരുമില്ലേ; അതിൽനിന്ന് ആളുകളെ തെരഞ്ഞെടുക്കാതെ ചക്കരക്കുടം കണ്ടാൽ കയ്യിട്ടുവാരുന്ന ആളുകളെ തെരഞ്ഞെടുക്കുന്ന നമ്മളാണോ കുറ്റക്കാർ അതോ ദേവസ്വംബോർഡിലിരുന്ന് അഴിമതികാണിക്കുന്ന നമ്മൾ തെരഞ്ഞെടുത്തവരാണോ കുറ്റക്കാർ? ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ അഴിമതിയുണ്ടെങ്കിൽ അതിനുത്തരവാദികൾ കേരളത്തിലെ രാഷ്ട്രീയ നേതൃത്വമാണ് എന്നുപറയാൻ ഞാൻ

ആഗ്രഹിക്കുന്നു. ഇത്തരം സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾ സത്യസന്ധരായിരിക്കണം, നല്ല പശ്ചാത്തലമുള്ളവരായിരിക്കണം, ഏത് സമ്മർദ്ദത്തിനും കീഴടങ്ങാത്തവരായിരിക്കണം എന്ന് തീരുമാനിക്കണമെന്നാണ് എനിക്ക് രാഷ്ട്രീയ നേതൃത്വത്തോടുള്ള അഭ്യർത്ഥന. ഇവിടെ എല്ലാവരും പ്രസംഗിച്ചപ്പോൾ പറഞ്ഞു, 'സവർണ്ണ ഹിന്ദു'. ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് സവർണ്ണ ഹിന്ദു എന്ന് പറഞ്ഞത്. എന്തു പുച്ഛത്തിലാണ് സംസാരിച്ചത്. ആരാണ് സവർണ്ണ ഹിന്ദു; പാവം അമ്പലവാസികളെയാണോ സവർണ്ണഹിന്ദുവെന്ന് പറഞ്ഞ് ആക്ഷേപിക്കുന്നത്; ഓരോ വീടുകളിലും നടന്ന് പൂക്കൾ ഇറുത്ത് മാലകെട്ടി അമ്പലത്തിൽ വന്ന് പാത്രം കഴുകി അടിച്ചുതളിച്ച് കരിപുരണ്ട മുണ്ടുടുത്ത് ഉടുതുണിക്ക് മറുതുണിയില്ലാതെ ജീവിക്കുന്ന, അമ്പലത്തിലെ നേദ്യം കഴിയാൻ കാത്തുനിന്ന് അതിൽ നിന്ന് കിട്ടുന്ന കുറച്ച് ഓഹരി തോളത്ത് വച്ച് ഒരു ഇലക്കീറുകൊണ്ട് മൂടി വേഗത്തിൽ വീട്ടിലേക്ക് പോകുന്ന, ഇവർ വരുന്നതും കാത്തിരിക്കുന്ന വീട്ടിലുള്ള പാവപ്പെട്ട കുട്ടികൾക്ക് ഭക്ഷണവുമായിപോകുന്ന പാവപ്പെട്ട സ്ത്രീകളാണോ നിങ്ങൾക്ക് ഇഷ്ടമില്ലാത്ത സവർണ്ണ ഹിന്ദുക്കൾ? അമ്പലവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന പാവങ്ങൾ. കണ്ടിട്ടില്ലേ ക്ഷേത്രങ്ങളിൽ പോകുമ്പോൾ ഭഗവാന്റെ മുന്നിൽ നിന്ന് 'കരുണ ചെയ്‌വാനെന്തു താമസം കൃഷ്ണാ' യെന്ന് പറഞ്ഞ് ഇടയ്ക്ക കൊട്ടിപ്പാടി

അതിനിടയിൽ വീട്ടിലെ പ്രാരാബ്ധങ്ങളോർത്ത് കണ്ണുനീർ വാർക്കുന്നവരെ? നമ്മൾ വിചാരിക്കും ഭക്തി കൊണ്ടാണ് കരയുന്നതെന്ന്. വീട്ടിലെ സങ്കടങ്ങളോർത്ത് കരയുന്ന, കൊട്ടിപ്പാടുന്ന പാവം മനുഷ്യനാണോ സവർണ്ണ ഹിന്ദു; നിങ്ങൾ ആരെങ്കിലും അവരുടെ വീടുകളിൽ പോയിട്ടുണ്ടോ; ആ വീടുകളിലെ ദൈന്യാവസ്ഥ കണ്ടിട്ടുണ്ടോ? ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ വേണ്ടി പ്രയാസപ്പെടുന്ന അടിച്ചുതളിക്കാരികൾ, പാത്രം കഴുകാൻ വരുന്നവർ, കഴകക്കാർ ആ പാവങ്ങളെയാണോ ഇവിടെ പൂച്ചത്തിൽ സവർണ്ണ ഹിന്ദുവെന്ന് വിളിക്കുന്നത്? ശ്രീ. വിഷ്ണുനാഥ് ഇവിടെ വളരെ മനോഹരമായി സംസാരിച്ചു. ചില സംഘടനകൾ ക്ഷേത്രങ്ങളിൽ വർഗ്ഗീയത വളർത്തുകയാണ്. വർഗ്ഗീയതയുടെ വിഷവിത്തുകൾ പാകുന്നവരുടെ കൈകളിലേക്ക് ഈ പാവങ്ങളെ വലിച്ചെറിയാനാണോ പൂച്ചത്തിൽ സവർണ്ണ ഹിന്ദുക്കൾ എന്ന് പറയുന്നത്? അതാണ് കാപട്യം. അത് മതേതരത്വമല്ല, സെക്കുലറിസമല്ല, കപടമതേതരത്വമാണത്. ഇതുവരെ കേരളത്തിന്റെ മണ്ണിൽ വേരുപിടിപ്പിക്കാൻ നമ്മുടെ മുൻഗാമികൾ സമ്മതിക്കാതിരുന്ന വർഗ്ഗീയ വിഷവിത്തുകൾ വളർന്നു വലുതാകാനുള്ള വഴി നമ്മൾ ഒരുക്കിക്കൊടുക്കരുത്. സംസാരിക്കുമ്പോൾ സാമൂഹ്യ യാഥാർത്ഥ്യങ്ങളറിഞ്ഞ്, ജീവിത യാഥാർത്ഥ്യങ്ങളറിഞ്ഞ് സംസാരിക്കാൻ ശ്രമിക്കണമെന്നുമാത്രമാണ് എന്റെ

അഭ്യർത്ഥന. രണ്ടു കാര്യം മാത്രം പറഞ്ഞ് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു. ഇവിടെ റിക്രൂട്ട്മെന്റ് ബോർഡിലേക്കുള്ള അംഗത്വത്തിനുള്ള അയോഗ്യത പറഞ്ഞിട്ടുണ്ട്. ഒന്നുകിൽ ബുദ്ധിസ്ഥിരതയില്ലാത്തയാളാകണം അല്ലെങ്കിൽ പാപ്പരാകണം അല്ലെങ്കിൽ ദേവസ്വം ബോർഡുമായി കരാറിലേർപ്പെട്ടിട്ടുള്ള ആളാകണം അല്ലെങ്കിൽ സാൻമാർഗ്ഗിക ദൂഷ്യമുള്ളയാളായിരിക്കണം അല്ലെങ്കിൽ ഏതെങ്കിലും കോടതി ഉത്തരവുമൂലം കൊള്ളരുതാത്തവനായി ഏതെങ്കിലും സ്ഥാനത്തുനിന്ന് നീക്കം ചെയ്തവനാകണം അല്ലെങ്കിൽ മദ്യത്തിന്റെ ഉൽപ്പാദനം നടത്തുന്നവനാകണം അല്ലെങ്കിൽ 'എം.എൽ.എ.യോ എം.പി.യോ' ആകണം. അതാണ് ഈ നിയമത്തിൽ എഴുതിയിരിക്കുന്നത്. ഈ പറയുന്ന ആളുകളുടെ കൂട്ടത്തിലാണോ ഞങ്ങളെ ഉൾപ്പെടുത്തുന്നത്? ബഹുമാനപ്പെട്ട മന്ത്രിയോടുള്ള എന്റെ അപേക്ഷ കേരളത്തിലുള്ള ഒരു എം.പി.യും എം.എൽ.എ.യും റിക്രൂട്ട്മെന്റ് ബോർഡിൽ അംഗമാകാൻ വരില്ല, ദയവുചെയ്ത് ഞങ്ങളെ ആ പട്ടികയിൽ നിന്ന് മാറ്റിത്തരണം. ഞാൻ ഈ ബിൽ വെറ്റ് ചെയ്ത നിയമ വകുപ്പിലെ ആളുകളെയും നമിക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ ഇതിലേറെ അപമാനിക്കാനുള്ള ശ്രമം ഞാൻ മറ്റൊരിടത്തും കണ്ടിട്ടില്ല. കൂട്ടിച്ചേർത്ത് എഴുതിയിരിക്കുന്നത് നമ്മൾ ശ്രദ്ധിക്കാതെ പോകുന്നതുകൊണ്ടാണ്. നേരത്തെ

പറഞ്ഞത് ഒരിക്കൽകൂടി ആവർത്തിക്കുന്നു. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരണം. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല, ഒരു രാഷ്ട്രീയവും പറയുന്നില്ല. ഒറ്റകാര്യം മാത്രം പറയുന്നു, കോൺഗ്രസ് വിട്ട് ആരും ഒരു പാർട്ടിയിലേക്കും പോകില്ല, ബി.ജെ.പി.യിലേക്കും മാർക്സിസ്റ്റ് പാർട്ടിയിലേക്കും പോകില്ല. ചിലപ്പോൾ ഒരു ഗ്രൂപ്പ് വിട്ട് മറ്റൊരു ഗ്രൂപ്പിലേക്കു പോകും. പക്ഷെ മറ്റൊരു പാർട്ടിയിലേക്ക് പോകില്ല. അതാണ് കോൺഗ്രസ്. ഞങ്ങളുടെ പാർട്ടിവിട്ട് ബി.ജെ.പി.യിലേക്ക് പോകുമെന്ന് ആരും പ്രത്യാശിക്കണ്ട. ഞങ്ങൾക്ക് അതിനുള്ള മെക്കാനിസം ഉണ്ട്. ഞങ്ങൾ എല്ലാവരെയും അക്കോമഡേറ്റ് ചെയ്യും. ഇവിടെ ആർക്കും ഒരു സങ്കടവുമുണ്ടാകില്ല. ആരെങ്കിലുമൊരാൾ ദേഷ്യത്തിൽ ഒന്ന് നോക്കിയാൽ തൊട്ടപ്പുറത്തുനിൽക്കുന്ന ആൾ ചേർത്തുപിടിക്കും. അതുകൊണ്ട് ഒരു കോൺഗ്രസ്സുകാരനും ബി.ജെ.പി.യിലേക്ക് പോകുമെന്ന് തെറ്റിദ്ധരിക്കണ്ട. ഇവിടെയുള്ളത് സ്നേഹമാണ്, ബന്ധങ്ങളാണ്, ഇവിടെനിന്ന് ആരും എങ്ങോട്ടും പോകില്ല. പക്ഷെ, നിങ്ങൾ സൂക്ഷിച്ചുകൊള്ളണം, ഇല്ലെങ്കിൽ നിങ്ങൾ അപകടത്തിലെത്തുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. വി. ശശി: സർ, ഞാൻ ശ്രീ. ബി. സത്യൻ അവതരിപ്പിച്ച ഭേദഗതിയെ

പിന്താങ്ങുകയാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ശ്രീ. വി. ഡി. സതീശൻ പഴയകാല സംഭവങ്ങൾ പരാമർശിക്കുകയുണ്ടായി. 1936-ന് മുമ്പ്, ക്ഷേത്ര പ്രവേശനം ലഭിക്കുന്നതിനു മുമ്പുള്ള നമ്മുടെ സമൂഹത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക സമുദായങ്ങളിലെ സാമൂഹ്യ സ്ഥിതിവിശേഷം അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. 1936-നവംബർ മാസം 12-ാം തീയതിയാണ് കേരളത്തിൽ, പ്രത്യേകിച്ച് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായത്. തിരുവിതാംകൂറിന്റെ ചരിത്രത്തിൽ, ഒരുപക്ഷെ ഇന്ത്യയുടെതന്നെ ചരിത്രത്തിൽ വളരെയേറെ പ്രശംസിക്കപ്പെടുന്ന സാമൂഹ്യമാറ്റത്തിനുവേണ്ടി നടത്തിയ ഒരു ചരിത്ര സംഭവമായിട്ടാണ്, വളരെയേറെ ആദരിക്കപ്പെടുന്ന ഒരു സംഭവമായിട്ടാണ് 1936 നവംബർ 12-ാം തീയതി നമ്മളെല്ലാം പരിഗണിച്ചുപോരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഈ ദിവസത്തെ വളരെ പ്രാധാന്യത്തോടെ സ്മരിക്കാറുണ്ട്. പല ചടങ്ങുകളും അതുമായി ബന്ധപ്പെട്ട് നടത്തിവരുന്നുമുണ്ട്. Temple Entry Proclamation-ന് ശേഷമുള്ള ഒരു പ്രധാന സംഭവമായി ശ്രീ. സതീശൻ ഇവിടെ ചൂണ്ടികാണിച്ചത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡാണ്. എന്നാൽ അതല്ല. യഥാർത്ഥത്തിൽ, 2007- ലെ നിയമനിർമ്മാണമാണ് ക്ഷേത്ര പ്രവേശന വിളംബരത്തിനുശേഷം

ശ്രദ്ധേയമായിട്ടുള്ളതെന്നാണ് എന്റെ അഭിപ്രായം. 2007-ൽ സംഭവിച്ചത് ക്ഷേത്രത്തിൽ പ്രവേശിക്കുവാൻ അനുവാദം കിട്ടിയ ജനവിഭാഗങ്ങളെ കൈപിടിച്ച് ക്ഷേത്രത്തിന്റെ ഭരണം കയ്യാളുന്നവരാക്കി മാറ്റിയെന്നതാണ്. 2007-ൽ ഇടതുപക്ഷ സർക്കാരിന്റെ കാലത്തുകൊണ്ടുവന്ന തീരുമാനം. ഭരണതലത്തിൽകൂടി പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക സമുദായക്കാർക്കും മാത്രമല്ല അതോടൊപ്പം ഹിന്ദു സമൂഹത്തിൽ പീഡനമനുഭവിച്ചിരുന്ന സ്ത്രീ ജനവിഭാഗങ്ങളെയും കൂടി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണതലത്തിലേക്ക് കൊണ്ടുവന്നുവെന്ന അതിവിപ്ലവകരമായ ഒരു തീരുമാനമാണ് 2007-ൽ ഉണ്ടായത്. ക്ഷേത്രപ്രവേശന വിളംബരത്തിനുശേഷം ഉണ്ടായ രണ്ടാമത്തെ ക്ഷേത്ര പ്രവേശന വിളംബരമായിരുന്നു 2007- ൽ നടന്നതെന്ന് തീർച്ചയായും ചരിത്രം രേഖപ്പെടുത്തുമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. രണ്ടാമതു നടന്ന ക്ഷേത്ര പ്രവേശന വിളംബരവുമായി ബന്ധപ്പെട്ട് അതിന്റെ ഒരു ഗുണഭോക്താവായി, തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പറായി പ്രവർത്തിക്കുവാൻ ഭാഗ്യംകിട്ടിയ ഒരാളാണ് ഞാൻ. അതുകൊണ്ടുതന്നെ ആ ചരിത്ര സംഭവത്തിന്റെ ഗുണഫലമനുഭവിച്ച വ്യക്തിയെന്ന നിലയിൽ വളരെ ആദരവോടുകൂടിയാണ് അന്നത്തെ ഗവൺമെന്റിന്റെ ആ തീരുമാനത്തെ ഞാൻ നോക്കിക്കാണുന്നത്. അതിനുശേഷം റിക്രൂട്ട്മെന്റ്

ബോർഡ് വന്നു, അതാണ് ഏറ്റവും പ്രാധാനമെന്ന് ചിത്രീകരിക്കുന്നതിൽ യാതൊരർത്ഥവുമില്ല. 2007-ൽ തന്നെ പട്ടികജാതിക്കാർക്ക് സംവരണം അനുവദിച്ചുകൊണ്ടുള്ള ഒരു നിയമന തീരുമാനമാണുണ്ടായത്. വാസ്തവത്തിൽ എല്ലാവരും ആദരിച്ച, എല്ലാവരും അംഗീകരിച്ച ഒരു തീരുമാനമായിരുന്നു പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തണമെന്നത്. ആ തീരുമാനത്തെ അത്ര ചെറുതായി വിലയിരുത്തുവാൻ കഴിയില്ല. ക്ഷേത്ര പ്രവേശന വിളംബരം പോലെതന്നെ 2007-ലെ ഈ നിയമനിർമ്മാണ ത്തെയും ചരിത്രത്തിന്റെ ഭാഗമായി കാണണമെന്ന് ഞാൻ സൂചിപ്പിച്ചത് അതുകൊണ്ടാണ്. എന്നാൽ സാമൂഹിക മാറ്റത്തിനു വഴിതെളിയിച്ച 2007-ലെ നിയമനിർമ്മാണത്തെ അപ്പാടെ തകിടം മറിക്കാനുള്ള തീരുമാനമാണ് ഈ സർക്കാർ സ്വീകരിച്ചത്. 50 ശതമാനത്തിൽ കൂടുതൽ വരുന്ന സ്ത്രീ സമൂഹത്തെ നിയമനത്തിൽനിന്ന് പൂർണ്ണമായും ഒഴിവാക്കി. പി.എസ്.സി. വഴി നിയമനം നടത്തണമെന്ന വ്യവസ്ഥയും അട്ടിമറിച്ച് പകരം റിക്രൂട്ട്മെന്റ് ബോർഡിനെ കൊണ്ടുവന്നിരിക്കുകയാണ്. ദേവസ്വം ബോർഡ് ഭരണത്തെക്കുറിച്ച് ആലോചിക്കുമ്പോഴെല്ലാം ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിലെ ദേവസ്വം ബോർഡ് ഭരണത്തെക്കുറിച്ചുള്ള ശുപാർശകളെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കാറുണ്ട്. സമൂഹത്തിൽ വ്യക്തിത്വവും സത്യസന്ധതയും

തെളിയിച്ചിട്ടുള്ള, ഉന്നതതലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവരുടെ ഒരു കമ്മിറ്റിയായിരിക്കണം ബോർഡിലെ നിയമനങ്ങൾ നടത്തേണ്ടതെന്നാണ് ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ സൂചിപ്പിച്ചിട്ടുള്ളത്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചപ്പോൾ ഏറ്റവും കൂടുതൽ സന്തോഷിച്ചത് അദ്ദേഹമായിരുന്നു. ഈ വിഷയത്തിൽ അന്നത്തെ മന്ത്രിയെ അദ്ദേഹം അഭിനന്ദിച്ച മുഹൂർത്തത്തിൽ ഞാനും അവിടെയുണ്ടായിരുന്നു. പി.എസ്.സി.-ക്കു പകരം ഇപ്പോൾ റിക്രൂട്ട്മെന്റ് ബോർഡിനെ നിയോഗിച്ചിരിക്കുന്നത് എന്തുകൊണ്ടാണ്? എന്തെങ്കിലും ഒരു കാരണമുണ്ടാകുമല്ലോ; ആ കാരണമെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കണം. ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയാക്കിയിരുന്നു. നിയമാനുസൃതം സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി.-യുടെ അംഗീകാരവും ലഭിച്ചു. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനിരിക്കെയാണ് റിക്രൂട്ട്മെന്റ് ബോർഡ് വരുന്നത്. എന്തിനുവേണ്ടിയാണ് ഈയൊരു മാറ്റമുണ്ടായതെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ വ്യക്തമാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇവിടെ റിക്രൂട്ട്മെന്റ് ബോർഡിന് പി.എസ്.സി.-യുടെ റോളാണ്. ഈ ബില്ലിലെ 18(2) (എഫ്) പരിശോധിച്ചാൽ, സ്പെഷ്യൽ റൂൾസ് തയ്യാറാക്കേണ്ടതിന്റെ

ഉത്തരവാദിത്വം റിക്രൂട്ട്മെന്റ് ബോർഡിനാണോ? അത് തയ്യാറാക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർവ്വഹിക്കേണ്ട ഒരു ഉത്തരവാദിത്വമാണ് ഇപ്പോൾ റിക്രൂട്ട്മെന്റ് ബോർഡ് നിർവ്വഹിച്ചിരിക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർവ്വഹിക്കേണ്ട ഈ നിയമനിർമ്മാണം ഒരു കാരണവശാലും ഈ റിക്രൂട്ട്മെന്റ് ബോർഡ് നിർവ്വഹിക്കാൻ പാടില്ല. റിക്രൂട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം മാത്രമേ റിക്രൂട്ട്മെന്റ് ബോർഡിനുള്ളൂ. അങ്ങനെ റിക്രൂട്ട് ചെയ്യപ്പെടുന്ന വിധം, സംവരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ, ക്വാളിഫിക്കേഷൻ, നിയമനരീതി ഇതൊക്കെ നിർവ്വഹിക്കേണ്ടത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ റൂൾ പ്രകാരമായിരിക്കണം. തിരുവിതാംകൂർ ദേവസ്വം ബോർഡിനെ നോക്കുകുത്തിയാക്കി മാറ്റി സർക്കാർ നിയോഗിക്കുന്ന ആറുപേരുള്ള റിക്രൂട്ട്മെന്റ് ബോർഡിനെക്കൊണ്ട് ഈ നിയമനങ്ങളെല്ലാം നടത്തിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. സർക്കാരിന്റെ ഈ തീരുമാനം അംഗീകരിക്കുവാൻ പോകുന്നില്ല. ഇത് കോടതിയിൽ ചോദ്യം ചെയ്യപ്പെടും. കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടുകഴിഞ്ഞാൽ ഒരു കാരണവശാലും ഇത് പ്രാബല്യത്തിൽ കൊണ്ടുവരുവാൻ സർക്കാരിന് കഴിയില്ലെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുവാൻ ഞാൻ

ആഗ്രഹിക്കുകയാണ്.

ഇവിടെ പരമ്പരാഗത തസ്തികകളെക്കുറിച്ച് സൂചിപ്പിച്ചു. ഈ പരാമ്പരാഗത തസ്തികകളിൽ എങ്ങനെ നിയമനം നടത്തണം, അവർ ആരൊക്കെയായിരിക്കണം എന്നതിനെ സംബന്ധിച്ച് ഈ റിക്രൂട്ട്മെന്റ് ബോർഡിന് എങ്ങനെയാണ് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുക? 1950-ലെ Travancore-Cochin Hindu Religious Institution Act പ്രകാരം പരമ്പരാഗത തസ്തികകൾ ഏതൊക്കെയാണെന്നും അതിൽ എങ്ങനെയാണ് നിയമനങ്ങൾ നടത്തേണ്ടതെന്നും വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. 1950-ലെ Principal Act നിലനിൽക്കുമ്പോൾ എങ്ങനെയാണ് ഒരു റിക്രൂട്ട്മെന്റ് ബോർഡിന് ചട്ടങ്ങളിൽ കടന്നുവരാൻ സാധിക്കുന്നത്?

കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് 121 A വകുപ്പനുസരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തണമെന്ന തീരുമാനമെടുത്തത്. അതിനുശേഷം വന്ന യു.ഡി.എഫ്. ഗവൺമെന്റ് 121 A വകുപ്പ് റദ്ദാക്കി, പി.എസ്.സി. വഴി നിയമനം നടത്തേണ്ടെന്ന് തീരുമാനിച്ചു. ദേവസ്വം ബോർഡിന്റെ 122-ാം വകുപ്പനുസരിച്ച് ഇത്തരം കാര്യങ്ങളിലെല്ലാം ചട്ടങ്ങളുണ്ടാക്കേണ്ടതിന്റെ ഉത്തരവാദിത്വം തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ്. അങ്ങനെ തിരുവിതാംകൂർ ദേവസ്വം

ബോർഡിൽ നിക്ഷിപ്തമായിരുന്ന അധികാരങ്ങളാണ് ഇപ്പോൾ റിക്രൂട്ട്മെന്റ് ബോർഡ് നിർവ്വഹിക്കുന്നത്. റിക്രൂട്ട്മെന്റ് ബോർഡിനെ സംബന്ധിച്ചിടത്തോളം സാധാരണ ഗതിയിൽ പി.എസ്.സി. നിർവ്വഹിക്കുന്നതുപോലെ നിയമനങ്ങൾ നടത്തുക എന്നുള്ളതാണ്. പി.എസ്.സി. യും ഗവൺമെന്റും ആക്ട് ചെയ്യുന്നതുപോലെയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡും റിക്രൂട്ട്മെന്റ് ബോർഡും കാര്യങ്ങൾ നിർവ്വഹിക്കേണ്ടത്. തിരുവിതാം കൂർ ദേവസ്വം ബോർഡിനെ പൂർണ്ണമായും മാറ്റിനിർത്തിക്കൊണ്ട് റിക്രൂട്ട്മെന്റ് ബോർഡ് എല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഈ മാറ്റങ്ങളിലൂടെ കാണാൻ സാധിക്കുന്നത്. ഇത് നിലനിൽക്കുന്നതല്ലെന്ന് ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

ഭരണഘടനയുടെ 366-ാം അനുച്ഛേദപ്രകാരം പട്ടികവർഗ്ഗ ഗോത്രവർഗ്ഗം (ഷെഡ്യൂൾഡ് ട്രൈബ്) ആരാണെന്ന് ഭരണഘടനയിൽത്തന്നെ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. അങ്ങനെയുള്ളപ്പോൾ അതിലെ ഒരു വിഭാഗത്തെ മാത്രം പട്ടികവർഗ്ഗമായി ചിത്രീകരിച്ചുകൊണ്ടാണ് ഇതിനകത്ത് ഉൾപ്പെടുത്തി യിരിക്കുന്നത്. ഒരു പ്രത്യേക നിയമനിർമ്മാണത്തിലൂടെ നമ്മുടെ സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തെ എങ്ങനെയാണ് വിഭജിക്കാൻ സാധിക്കുക? ഇന്ത്യൻ ഭരണഘടനയിൽ പട്ടികവർഗ്ഗക്കാർ ആരാണെന്ന് വ്യക്തായി നിർവ്വചിച്ചിട്ടുണ്ട്. യാതൊരു

കാരണവശാലും ആ നിർവ്വചനം മാറ്റാൻ സംസ്ഥാന ഗവൺമെന്റിനോ കേന്ദ്ര ഗവൺമെന്റിനോ ഇതുപോലൊരു നിയമനിർമ്മാണത്തിലൂടെ കഴിയില്ല. വസ്തുതയിതായിരിക്കെ പട്ടികവർഗ്ഗക്കാരിലെ ഹിന്ദു വിഭാഗത്തെ മാത്രം ഒരു നിയമനിർമ്മാണത്തിലൂടെ സംസ്ഥാന ഗവൺമെന്റിന് കൊണ്ടുവരുവാൻ സാധിക്കുമോ എന്നുള്ള വിഷയം കൂടി വളരെ ഗൗരവപൂർവ്വം സർക്കാർ പരിശോധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. പരമ്പരാഗത തസ്തികകൾ എന്താണെന്ന് TCHRI ആക്ടിൽ നിർവ്വചിച്ചിട്ടുണ്ട്. ഇവിടെ നിർമ്മിക്കുന്ന ആക്ടിൽ അത് വീണ്ടും കൊണ്ടുവരേണ്ടതില്ല. എന്നാൽ വീണ്ടും കൊണ്ടുവന്നതായിട്ടാണ് കാണുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ കരായ്മ സർവ്വീസ് എന്നു പറഞ്ഞ് സെക്ഷൻ 28, TCHRI ആക്ടിനകത്ത് വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. റിക്രൂട്ട്മെന്റ് ബോർഡ് ആക്ടിനകത്ത് അത് വീണ്ടും കൊണ്ടുവരേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. വളരെ ഗൗരവപൂർവ്വം അതും തിരുത്തേണ്ടതാണെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ബാക്കി കാര്യങ്ങൾ ഇതിന്റെ വകുപ്പുതിരിച്ചുള്ള ചർച്ചയിൽ സംസാരിക്കുവാൻ അവസരം കിട്ടുമെന്നുള്ളതുകൊണ്ട് ഞാൻ ആ വിഷയങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ ബില്ലിനോടുള്ള വിയോജനം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ

അവസാനിപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരും വളരെ വിശദമായ ചർച്ചയാണ് റിക്രൂട്ട്മെന്റ് ബോർഡ് ബില്ലുമായി ബന്ധപ്പെട്ട് ഇന്നിവിടെ നടത്തിയത്. തീർച്ചയായും ഈ ചർച്ചയിൽ പങ്കെടുത്ത് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ എല്ലാവരെയും ആദ്യമായി പ്രത്യേകമായ നന്ദി ഈ അവസരത്തിൽ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർമാർ നേരത്തെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്ത് ഏകീകൃതമായ ഒരു സ്വഭാവം ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾക്ക് ഉണ്ടാകണമെന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശം. കാലാകാലങ്ങളായി ദേവസ്വം ബോർഡുകളിൽ നിയമനങ്ങൾ നടക്കുന്നതുമായി ബന്ധപ്പെട്ട് പല വിമർശനങ്ങളും ആരോപണങ്ങളും ഉണ്ടായതിന്റെ പശ്ചാത്തലത്തിൽ അതിനൊരു ശാശ്വത പരിഹാരം കണ്ടെത്തുകയെന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. റിക്രൂട്ട്മെന്റ് ബോർഡിലെ നിയമനങ്ങൾ സ്പീഡ് അപ് ചെയ്യണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഇതുസംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് നേരത്തെ ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ്

സൂചിപ്പിക്കുകയുണ്ടായി. ദേവസ്വം ബോർഡിലെ നിയമനങ്ങൾ സുതാര്യമായി നടപ്പിലാക്കുന്നതിന് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണമെന്ന് 2008-ൽ ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ നേതൃത്വത്തിലുള്ള റിപ്പോർട്ടുണ്ടായിരുന്നു. നേരത്തെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ജി. സുധാകരൻ അങ്ങനെയൊരു റിപ്പോർട്ട് ഇവിടെ ഇല്ലായെന്ന് പറഞ്ഞതുകൊണ്ടാണ് ഞാൻ അതിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. അതിൽ പറയുന്നത്, 'A high power Recruitment Board headed by a retired judge of the High Court or administrator of high efficiency and integrity may be appointed to select the right people for various posts' എന്നാണ്. ആ ഒരു സാഹചര്യത്തിൽ 2008-ൽ തന്നെ ഉണ്ടായ ഹൈക്കോടതിയുടെ ജഡ്ജ്മെന്റിൽ പറഞ്ഞിട്ടുള്ളത്, 'The First Respondent- Board and the Second Respondent- Government have accepted the report, the suggestions and the recommendations contain in it' എന്നാണ്. എന്നു പറഞ്ഞാൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുവേണ്ടി അന്നത്തെ ദേവസ്വം ബോർഡും അതുപോലെ തന്നെ അന്നത്തെ ഗവൺമെന്റും അതിന് സമ്മതിച്ചിരുന്നുവെന്നുള്ളത് ഹൈക്കോടതിയുടെ ജഡ്ജ്മെന്റിൽ തന്നെ പറഞ്ഞിട്ടുണ്ട്. ആ ഒരു സാഹചര്യത്തിലാണ് സംസ്ഥാനത്ത് ഗവൺമെന്റ് ഒരു

റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള നടപടികളുമായി മുന്നോട്ട് പോയത്. അതുമായി മുന്നോട്ടുപോയ പശ്ചാത്തലത്തെക്കുറിച്ച് ഇവിടെ വിശദീകരിക്കുകയുണ്ടായി. പി.എസ്.സി.വഴി മുഴുവൻ ദേവസ്വം ബോർഡിലേയ്ക്കും നിയമനം നടത്തുന്നതിന് കഴിഞ്ഞ ഗവൺമെന്റ് നടപടികൾ ആരംഭിച്ചിരുന്നു. 2008-ൽ പി.എസ്.സി.ക്ക് വിട്ടുവെങ്കിലും 2011-ൽ ആ ഗവൺമെന്റ് അധികാരം ഒഴിയുന്നതുവരെ ഒരാളിനെപോലും പി.എസ്.സി.വഴി നിയമിച്ചില്ല. അതിന് കാരണം, സ്പെഷ്യൽ റൂൾസിന്റെ ക്ലാരിഫിക്കേഷൻ നൽകിയില്ലായെന്ന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട പാലോട് രവി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ ഗവൺമെന്റ് തന്നെ അക്കാര്യത്തിൽ ഒരു ആത്മാർത്ഥത കാണിച്ചില്ലായെന്നുള്ളതാണ് ഇത് സൂചിപ്പിക്കുന്നത്. അതോടൊപ്പം തന്നെ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചതിനുശേഷം....ഇവിടെ സൂചിപ്പിച്ചതുപോലെ ഈ ബിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ വളരെ അഭിമാനത്തോടുകൂടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്. 1950-51 ലുള്ള ആക്ട് അനുസരിച്ചാണ് എത്രയോ കാലമായി മലബാർ, തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾ പ്രവർത്തിക്കുന്നത്. ഇതുവരെ ഈ നിയമനങ്ങളിൽ ദേവസ്വം ബോർഡിൽ സംവരണം ഉണ്ടായിരുന്നില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 4735 ജീവനക്കാരുള്ളതിൽ പട്ടികജാതി/

പട്ടികവർഗ്ഗകാർക്ക് 1.5 ശതമാനം മാത്രമാണ് നിയമനം ലഭിച്ചതെന്ന് ശ്രീ. വി. എസ്. സുനിൽകുമാർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുപോലെ മലബാർ ദേവസ്വം ബോർഡുകളിൽ വളരെ ചുരുങ്ങിയ ശതമാനം നിയമനം മാത്രമാണ് നടന്നിട്ടുള്ളത്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി യഥാർത്ഥത്തിൽ 32 ശതമാനം സംവരണം പിന്നോക്ക വിഭാഗങ്ങൾക്ക് ലഭ്യമാകുന്നുവെന്നുള്ളതുകൊണ്ട് ഇതിനെ ഏറ്റവും വലിയ ചരിത്രപരമായ നിയമമായി മാറ്റേണ്ടതുണ്ട്. അത് ഈ നിയമത്തിലൂടെ പ്രഖ്യാപിക്കാൻ കഴിഞ്ഞുവെന്നുള്ളത് അഭിമാനകരമായ കാര്യമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ 50 ശതമാനം മെരിറ്റും നോൺ ഹിന്ദുവായി വരുന്ന ആളുകൾക്ക് 18 ശതമാനവും ഉൾപ്പെടെ 68 ശതമാനം മെരിറ്റടിസ്ഥാനത്തിലാണ് നിയമനം നടക്കുന്നത്. വിവിധ വിഭാഗം ആളുകൾക്ക് 32 ശതമാനം സംവരണത്തിലൂടെ നിയമനം ലഭിക്കുകയാണ്. ഇപ്പോൾ ഓപ്പൺ കോമ്പറ്റീഷനിലൂടെ 68 ശതമാനം, ഷെഡ്യൂൾഡ് കാസ്റ്റിൽ 8 ശതമാനം, ഹിന്ദു ഷെഡ്യൂൾഡ് ട്രൈബ്സ് 2 ശതമാനം, ഈഴവ/ തിയ്യ/ ബില്ലവ 14, വിശ്വകർമ്മ 3, ഒ.ബി.സി.-ഹിന്ദു 3, ധീവര 1, ഹിന്ദു നാടാർ 1 ഈ രീതിയിലാണ് നിയമനങ്ങൾ നടക്കുന്നത്. ഇതുവരെ നിയമനങ്ങളിൽ സംവരണം ലഭ്യമാകാതിരുന്ന ജനവിഭാഗങ്ങൾക്ക് ഈ വിപ്ലവകരമായിട്ടുള്ള ഒരു നടപടിയിലൂടെ സംവരണം

ലഭ്യമാകുന്നുവെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച ബില്ലിൽ അഡ്മിനിസ്ട്രേറ്റീവ് കേഡറിന്റെ നിയമനം മാത്രമാണ് പി.എസ്.സി. വഴി കൊണ്ടുവന്നത്. അത് മൊത്തത്തിൽ ദേവസ്വം ബോർഡുകളിൽ ഉണ്ടായിട്ടുള്ള 20 ശതമാനത്തിന്റെ മാത്രം പ്രാതിനിധ്യമാണ് കൊണ്ടുവന്നത്. ഇന്ന് പരമ്പരാഗതമായി ജോലി ചെയ്യുന്ന വിഭാഗങ്ങൾ ഒഴിച്ചാൽ ഏകദേശം 90 ശതമാനത്തിന് മുകളിൽ കേരളത്തിലെ 5 ദേവസ്വം ബോർഡുകളിലെയും നിയമനങ്ങൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനകത്ത് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമായി പ്രത്യേകം ഈ അവസരത്തിൽ എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപേലെ ഇവിടെ ദീർഘമായി കാര്യങ്ങൾ പറഞ്ഞു പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ എല്ലാവരും ഓരോ കാര്യങ്ങളെക്കുറിച്ച് വളരെ വിശദമായി സൂചിപ്പിക്കുകയുണ്ടായി. ഇവിടെ ഓരോ മെമ്പർമാരും സൂചിപ്പിച്ചിട്ടുള്ള പ്രധാനപ്പെട്ട കാര്യം, കേരളത്തിലെ ക്ഷേത്രങ്ങളിലെ സ്വത്തുക്കൾ അല്ലെങ്കിൽ ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം മുഴവൻ നമ്മുടെ സംസ്ഥാനത്തെ ഗവൺമെന്റിന്റെ മറ്റു വിവിധങ്ങളായിട്ടുള്ള ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നുവെന്ന പല പ്രചരണങ്ങളും നടക്കുന്നുവെന്നതാണ്.

യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം സംസ്ഥാനത്ത് ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ട് അതുപോലെ തന്നെ ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏറ്റവും ശക്തമായ പിന്തുണയാണ് ക്ഷേത്രങ്ങളുടെ ഭരണത്തിനും ഭരണനിർവ്വഹണത്തിനും ക്ഷേത്രങ്ങളുടെ നടത്തിപ്പിനുവേണ്ടി നമ്മൾ നൽകുന്നത്. വ്യാപകമായ പ്രചരണം കേരളത്തിൽ ഇങ്ങനെ നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ളത് എല്ലാ മെമ്പർമാരും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കോടിക്കണക്കിന് രൂപയാണ് സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽ നിന്നും സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങളുടെ പുരോഗതിക്കും പ്രവർത്തനങ്ങൾക്കും വേണ്ടി നൽകികൊണ്ടിരിക്കുന്നത്. ഉദാഹരണമായി, ശബരിമല ക്ഷേത്രത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാലു വർഷമായി 450 കോടി രൂപയാണ് അവിടത്തെ റോഡുകളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് അനുവദിച്ചതെന്ന് ഈ അവസരത്തിൽ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യമായി ശബരിമലയുടെ വികസനത്തിനുവേണ്ടി ബഡ്ജറ്റിൽ തുക അനുവദിച്ചു. നാലുവർഷത്തിനുള്ളിൽ 65 കോടി രൂപയാണ് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത്. എന്നിട്ടും ഈ വർഷത്തെ ബഡ്ജറ്റിൽ 25 കോടി രൂപ വീണ്ടും

അനുവദിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ വളരെയധികം സമഗ്രമായ വികസന പ്രവർത്തനങ്ങൾ ശബരിമലയിൽ നടക്കുന്നുണ്ട്. അരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പമ്പയിൽ 15 കോടി രൂപയുടെ ആശുപത്രി, സന്നിധാനത്ത് ആശുപത്രി, പുതിയ ക്യൂ കോംപ്ലക്സുകൾ, മറ്റ് പല സംവിധാനങ്ങൾ അതിനെക്കുറിച്ച് വിശദമായി ഞാൻ പറയുന്നില്ല. ഡ്രെയിനേജ് സംവിധാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട ബാബു. എം. പാലിശ്ശേരി സൂചിപ്പിക്കുകയുണ്ടായി. ദീർഘകാലത്തെ ആവശ്യമായ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം 25 കോടി രൂപ മുതൽ മുടക്കിൽ പൂർത്തീകരിച്ചു കഴിഞ്ഞു. നമ്മുടെ ക്ഷേത്രങ്ങളുടെ പുരോഗതിക്കുവേണ്ടി സാമ്പത്തികമായ അത്തരത്തിലുള്ള വളരെയധികം പ്രവർത്തനങ്ങൾ സംസ്ഥാന ഗവൺമെന്റ് തന്നെ ഏറ്റെടുത്ത് മുന്നോട്ടുപോകുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് നമ്മൾ നേരത്തെ കേന്ദ്ര ഗവൺമെന്റുമായി ഉണ്ടാക്കിയിരുന്ന കരാറിന്റെ അടിസ്ഥാനത്തിൽ 20 ലക്ഷം രൂപ കൊടുത്തുകൊണ്ടിരുന്നത് 80 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞു. പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സ്വത്തുക്കൾ കണ്ടെത്തിയതിന്റെ ഫലമായി അവ സംരക്ഷിക്കുന്നതിനുവേണ്ടി സെക്യൂരിറ്റി നൽകുന്നതിനായി ഏകദേശം 55 കോടി

രൂപയാണ് സംസ്ഥാന ഗവൺമെന്റ് കൊടുത്തത്. അതോടൊപ്പം 242 പോസ്റ്റുകൾ ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വത്തുക്കൾ സുരക്ഷിതമായി സംരക്ഷിക്കുന്നതിനുവേണ്ടി ക്രിയേറ്റ് ചെയ്യുവാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുകയും പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തുകൊണ്ട് പോലീസ് ഉദ്യോഗസ്ഥന്മാരെ അവിടെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതുപോലെ ഞാൻ വിശദമായി പറയുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആറ്റുകാൽ ക്ഷേത്രത്തിൽ 5 കോടി രൂപ, പത്ത് കോടി രൂപ എന്നിങ്ങനെ ഓരോ വർഷത്തെ ഉത്സവ സീസണുകളിലും അനുവദിച്ചുകൊണ്ടിരിക്കുകയാണ്. സാധാരണഗതിയിൽ ഇത്തരത്തിലുള്ള പ്രചരണങ്ങൾ അടിസ്ഥാനരഹിതമാണ്. സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ പുരോഗതിക്കുവേണ്ടി ഇത്രയേറെ പ്രവർത്തനങ്ങൾ ചെയ്ത ഒരു കാലഘട്ടം ഉണ്ടായിട്ടില്ലായെന്നുകൂടി ഈ അവസരത്തിൽ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം ഇവിടെ ചൂണ്ടിക്കാണിച്ച മറ്റു ചില കാര്യങ്ങൾ കൂടി സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഗുരുവായൂർ ക്ഷേത്രത്തിലെ ക്യൂ കോംപ്ലക്സിന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഗുരുവായൂർ ക്യൂ കോംപ്ലക്സ് സ്ഥാപിക്കേണ്ടത് ദീർഘകാലത്തെ ആവശ്യമാണ്. അവിടത്തെ വ്യാപാരികളുമായി സംസാരിച്ചതിനുശേഷം മാത്രമേ തീരുമാനിക്കുകയുള്ളൂ. മൂന്നാം തീയതി

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുസംബന്ധിച്ചുള്ള മീറ്റിംഗ് വിളിച്ചുചേർത്തിട്ടുണ്ട്. എന്തായാലും ദീർഘമായി പറഞ്ഞുപോകാൻ ആഗ്രഹിക്കുന്നില്ല. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതോടുകൂടി കഴിഞ്ഞ കാലഘട്ടങ്ങളിൽ ദേവസ്വം ബോർഡിലുണ്ടായിട്ടുള്ള അഴിമതി ആരോപണങ്ങൾ, ക്രമക്കേടുകൾ എന്നിവയ്ക്ക് ശാശ്വതമായ പരിഹാരം ഉണ്ടാക്കാൻ കഴിയും. ഇത് പി.എസ്.സി. പോലെ സ്വയംഭരണ സ്ഥാപനമായിട്ടാണ് കൊണ്ടുവന്നിട്ടുള്ളത്. തീർച്ചയായും സംവരണ തത്വം പാലിച്ചുകൊണ്ട് ഏറ്റവും ഭംഗിയായി കേരളത്തിലെ ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾ നടത്താൻ കഴിയും എന്നുള്ളതാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. ഈ ബിൽ ഈ ഒരു കാലഘട്ടത്തിലെ ഏറ്റവും വിപ്ലവകരമായിട്ടുള്ള ഒരു ബില്ലാണ്. അതുകൊണ്ട് ഈ ബിൽ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. പി. സി. വിഷ്ണുനാഥ് അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ  പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

136 2-ാം ഖണ്ഡത്തിൽ,-

(i) (ഡി) ഉപഖണ്ഡത്തിൽ "ഹിന്ദു ഗോത്രവർഗ്ഗം" എന്ന വാക്കുകൾക്കു പകരം "ഹിന്ദു പട്ടിക ഗോത്രവർഗ്ഗം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ജി) ഉപഖണ്ഡത്തിൽ "ചട്ടങ്ങളാൽ" എന്ന വാക്കിനു പകരം "ചട്ടങ്ങളാലോ റെഗുലേഷനുകളാലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

136-ാം നമ്പർ ഭേദഗതിയിൽ 2-ാം ഖണ്ഡത്തിൽ, (i) (ഡി) ഉപഖണ്ഡത്തിൽ "ഹിന്ദു ഗോത്രവർഗ്ഗം" എന്ന വാക്കുകൾക്കു പകരം "ഹിന്ദു പട്ടിക ഗോത്രവർഗ്ഗം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ജി) ഉപഖണ്ഡത്തിൽ "ചട്ടങ്ങളാൽ" എന്ന വാക്കിനു പകരം "ചട്ടങ്ങളാലോ റെഗുലേഷനുകളാലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ശ്രീമതി കെ.എസ്.സലീഖ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

137. ഖണ്ഡം 2(എ)-യിൽ, "കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് " എന്നീ വാക്കുകൾക്ക് പകരം "കേരള സംസ്ഥാന ദേവസ്വം നിയമന ബോർഡ്" എന്നീ വാക്കുകൾ ചേർക്കുക.

145. ഖണ്ഡം 2(ബി) താഴെപ്പറയും പ്രകാരം മാറ്റുക:-

“ (ബി) ദേവസ്വം ബോർഡ്" എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ദേവസ്വങ്ങളുടെ ബോർഡുകളും മാനേജിംഗ് കമ്മിറ്റികളും എന്നർത്ഥമാകുന്നു;"

156. ഖണ്ഡം 2 (ഇ)-യിൽ, "അങ്ങനെയുള്ള തസ്തികകൾ" എന്നീ വാക്കുകൾക്ക് പകരം "അങ്ങനെയുള്ള എല്ലാ തസ്തികകളും" എന്നീ വാക്കുകൾ ചേർക്കുക.

157. ഖണ്ഡം 2 (എഫ്)-ൽ, "ചെയർപേഴ്സൺ" എന്ന വാക്കിന് പകരം "ചെയർപേഴ്സൺ/ചെയർമാൻ" എന്നീ വാക്കുകൾ ചേർക്കുക.

159. ഖണ്ഡം 2(ജി) ഒഴിവാക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 2(എ)-ക്ക് ശേഷം താഴെ പറയുന്നത് ചേർത്ത് ശേഷിക്കുന്നവ (ബി)

പുനക്രമീകരിക്കുക:-

"(ബി) ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ" എന്നാൽ വകുപ്പ് 3 അനുസരിച്ച് നിയമിക്കപ്പെടുന്ന ഒരാൾ എന്നർത്ഥമാകുന്നു".

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

142. ഖണ്ഡം 2(ബി)-യിൽ, "ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി" എന്നീ വാക്കുകൾക്ക് പകരം "ഗുരുവായൂർ ദേവസ്വം" എന്നീ വാക്കുകൾ ചേർക്കുക.

143. ഖണ്ഡം 2(ബി)-യിൽ, "കൂടൽ മാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി"എന്നതിനു പകരം "കൂടൽ മാണിക്യം ദേവസ്വം"എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

144. ഖണ്ഡം 2(ബി)-യിൽ, "കൂടൽ മാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി" എന്നീ വാക്കുകൾക്കുശേഷം "അല്ലെങ്കിൽ ദേവസ്വം കൈകാര്യം ചെയ്യുന്നതിന് പുതിയതായി രൂപീകരിക്കുന്ന മറ്റ് ബോർഡുകൾ"എന്നീ വാക്കുകൾ ചേർക്കുക.

151. ഖണ്ഡം 2(ഡി)-യിൽ, "വിഭാഗത്തിൽപ്പെടുന്ന ആൾ" എന്നീ വാക്കുകൾക്ക് പകരം "വിഭാഗം"എന്ന വാക്ക് ചേർക്കുക.

144-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 2(ബി)-യിൽ, "കൂടൽ മാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി" എന്നീ വാക്കുകൾക്കുശേഷം പുതിയതായി ഏതെങ്കിലും ദേവസ്വം രൂപീകരിക്കുകയാണെങ്കിൽ അതും കൂടി ഇതിനകത്ത് വരാൻ

വേണ്ടി "അല്ലെങ്കിൽ ദേവസ്വം കൈകാര്യം ചെയ്യുന്നതിന് പുതിയതായി രൂപീകരിക്കുന്ന മറ്റ് ബോർഡുകൾ"എന്ന വാക്ക് ചേർക്കണമെന്നാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

146. ഖണ്ഡം 2(ബി) താഴെപ്പറയും പ്രകാരം മാറ്റുക:-

" (ബി) "ദേവസ്വം ബോർഡ്" എന്നാൽ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചി ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി, കൂടൽ മാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു"

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 2(ബി) -ക്ക് ശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനക്രമീകരിക്കുക:-

" (സി) " ഗസറ്റ്" എന്നാൽ കേരള സർക്കാരിന്റെ ഗസറ്റ് എന്നർത്ഥമാകുന്നു."

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

150. ഖണ്ഡം 2(ഡി)-യിൽ, "ഹിന്ദുവിഭാഗത്തിൽപ്പെടുന്ന" എന്ന വാക്കിനു ശേഷം "ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്ന"എന്നീ വാക്കുകൾ ചേർക്കുക.

162. ഖണ്ഡം 2(ജി)യ്ക്ക് ശേഷം താഴെ പറയുന്ന പുതിയ ഉപഖണ്ഡങ്ങൾ ചേർക്കുക. :

"(എച്ച്) "പട്ടികജാതി" "പട്ടികവർഗ്ഗം" എന്നീ പ്രയോഗങ്ങൾക്ക് അവയ്ക്ക് യഥാക്രമം ഇന്ത്യൻ ഭരണഘടനയിൽ നൽകിയിരിക്കുന്ന അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ് ".

"(ഐ) "ഹിന്ദു" എന്നാൽ ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വാസമുള്ള വ്യക്തിയോ മതപരമായി ഹിന്ദുമതത്തിലോ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഒരാളോ എന്നർത്ഥമാകുന്നു".

162-ാം നമ്പർ ഭേദഗതിയിൽ "(എച്ച്) "പട്ടികജാതി" "പട്ടികവർഗ്ഗം" എന്നീ പ്രയോഗങ്ങൾക്ക് യഥാക്രമം ഇന്ത്യൻ ഭരണഘടനയിൽ നൽകിയിരിക്കുന്ന അർത്ഥങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് ". എല്ലാ ആക്ടിലും എസ്.സി./എസ്.ടി. എന്നുപറഞ്ഞാൽ പ്രത്യേകമായി ഡിഫൈൻ ചെയ്യുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗം എന്ന പ്രയോഗങ്ങൾക്ക് ഡെഫനിഷ്യനിൽ ഡിഫൈൻ ചെയ്യാത്തതുകൊണ്ട് ഇന്ത്യൻ ഭരണഘടന നൽകിയിരിക്കുന്ന അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നു.

<u>ശ്രീ. വി. ശശി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

153. ഖണ്ഡം 2(ഡി)താഴെപ്പറയും പ്രകാരം മാറ്റുക'.-

"(ഡി) "പട്ടികഗോത്രവർഗ്ഗക്കാർ" എന്നതിന് ഭാരതത്തിന്റെ

ഭരണഘടനയുടെ 366-ാം അനുച്ഛേദം (25)-ാം ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്."

154. ഖണ്ഡം 2(ഇ)-യിൽ, "എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാകുന്ന ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള തസ്തികകൾ"എന്നീ വാക്കുകൾക്ക പകരം "എന്നാൽ ട്രാവൻകൂർ കൊച്ചിൻ ഹിന്ദു റിലീജിയസ് ആക്റ്റ് ആന്റ് റൂൾസ് 1950 പ്രകാരം വിവക്ഷിച്ചിട്ടുള്ള തസ്തികകൾ " എന്നീ വാക്കുകൾ ചേർക്കുക.

"പട്ടികഗോത്രവർഗ്ഗക്കാർ" എന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 366-ാം അനുച്ഛേദം (25)-ാം ഖണ്ഡത്തിൽ അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കേണ്ടതാണ്. പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം എന്ത് തടസ്സമുണ്ടെങ്കിലും നമുക്ക് അത് മാറ്റാൻ പറ്റില്ല.

<u>ശ്രീ. പാലോട് രവി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 2 (എഫ്)-ന് ശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുന:ക്രമീകരിക്കുക:-

"(ജി) റഗുലേഷൻ എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ റഗുലേഷൻ എന്ന് അർത്ഥമാകുന്നു."

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

161. ഖണ്ഡം 2(ജി)-യ്ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുക:-

"(എച്ച്) "സെലക്ട് ലിസ്റ്റ്" എന്നാൽ വകുപ്പ് 9(1) അനുസരിച്ചുള്ള സെലക്ട് ലിസ്റ്റ് എന്ന് അർത്ഥമാകുന്നു".

മി. സ്പീക്കർ: ബാക്കിയുള്ള ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി(ശ്രീ. വി. എസ്. ശിവകുമാർ):സർ, ഒരു ഔദ്യോഗിക ഭേദഗതിയുണ്ട്. 2-ാം ഖണ്ഡത്തിൽ,-

(i) (ഡി) ഉപഖണ്ഡത്തിൽ "ഹിന്ദു ഗോത്രവർഗ്ഗം" എന്ന വാക്കുകൾക്കു പകരം "ഹിന്ദു പട്ടിക ഗോത്രവർഗ്ഗം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ജി) ഉപഖണ്ഡത്തിൽ "ചട്ടങ്ങളാൽ" എന്ന വാക്കിനു പകരം "ചട്ടങ്ങളാലോ റെഗുലേഷനുകളാലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 136-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങൾ മറ്റ് ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ പ്രസ്സ് ചെയ്തില്ല)

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 137, 145, 156, 157, 159 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബാബു.എം. പാലിശ്ശേരി അവതരിപ്പിച്ച 142, 143 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 144, 151 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 150, 162 എന്നീ നമ്പർ ഭേദഗതികൾ

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശശി അവതരിപ്പിച്ച 153, 154 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

163. ഖണ്ഡം 3(1)-ൽ, "അധികാരങ്ങൾ വിനിയോഗിക്കുന്നതിനും" എന്നീ വാക്കുകൾക്കു പകരം "ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

164. ഖണ്ഡം 3(1)-ൽ, "കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്" എന്നീ വാക്കുകൾക്കു പകരം "കേരള സംസ്ഥാന ദേവസ്വം നിയമന ബോർഡ്" എന്നീ വാക്കുകൾ ചേർക്കുക.

167. ഖണ്ഡം 3(1)-ൽ, "ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്" എന്നീ വാക്കുകൾക്കു പകരം "ബോർഡ് രൂപീകരിക്കേണ്ടതും രണ്ട് വർഷക്കാലം ഉള്ള നിയമനങ്ങളുടെ ഉത്തരവാദിത്വം സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

170. ഖണ്ഡം 3(2)-ൽ, "ചെയ്യേണ്ടതുമാകുന്നു" എന്ന വാക്കിനു പകരം "ചെയ്യേണ്ടതും നിയമനങ്ങളിൽ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ തുടർന്ന് വരുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാകുന്നു" എന്നീ വാക്കുകൾ ചേർക്കുക.

171. ഖണ്ഡം 3(3)-ൽ, "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾക്ക് പകരം " മുഖ്യമന്ത്രിയും, പ്രതിപക്ഷ നേതാവും,

ദേവസ്വം വകുപ്പുമന്ത്രിയും അടങ്ങുന്ന പാനൽ തീരുമാനിക്കപ്പെടുന്ന" എന്നീ വാക്കുകൾ ചേർക്കുക.

188. ഖണ്ഡം 3 (3) – ൽ, "ആയ ഒരാൾ ചെയർപേഴ്സൺ" എന്നീ വാക്കുകൾക്ക് പകരം " ആയ ഒരംഗം ചെയർപേഴ്സണോ/ചെയർമാനോ ആയിരിക്കേണ്ടതും ഒന്നിടവിട്ട വനിതാ അംഗത്തിന് ചെയർപേഴ്സൺ പദവി നല്കേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

192. ഖണ്ഡം 3 (3)– ൽ, "ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്ര വർഗ്ഗത്തിലോ ഉള്ള" എന്നീ വാക്കുകൾക്ക് പകരം "ഒരാൾ പിന്നോക്ക ജാതിയിൽപ്പെട്ട ആൾ ആയിരിക്കേണ്ടതും ഒരാൾ പട്ടികജാതിയിൽപ്പെട്ട ആൾ ആയിരിക്കേണ്ടതും ഒരാൾ പട്ടിക ഗോത്രവർഗ്ഗത്തിൽ ഉള്ള" എന്നീ വാക്കുകൾ ചേർക്കുക.

196. ഖണ്ഡം 3(4)-ൽ, "അഡീഷണൽ സെക്രട്ടറിയുടെ" എന്ന വാക്കിന് പകരം "സെക്രട്ടറിയുടെ"എന്ന വാക്ക് ചേർക്കുക.

208. ഖണ്ഡം 3(5) താഴെപ്പറയും പ്രകാരം മാറ്റുക.

" (5):- ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കേണ്ടതും സംസ്ഥാനത്തെ എല്ലാ ദേവസ്വം ബോർഡുകളുടെയും ആസ്ഥാനങ്ങളിൽ റീജിയണൽ ഓഫീസുകൾ പ്രവർത്തിക്കേണ്ടതുമാണ്".

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

165. ഖണ്ഡം 3(1)-ൽ, "കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്" എന്നീ വാക്കുകൾക്ക് പകരം "കേരള സംസ്ഥാന ദേവസ്വം സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ്" എന്നീ വാക്കുകൾ ചേർക്കുക.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് എന്നതിനേക്കാൾ കേരള സംസ്ഥാന ദേവസ്വം സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് എന്നാക്കുന്നതാണ് ഏറ്റവും നല്ലത്. നിയമനിർമ്മാണത്തിന്റെ അർത്ഥം പ്രതിഫലിപ്പിക്കുന്ന രീതിയിൽ ഇതിന്റെ പേര് മാറ്റണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

166. ഖണ്ഡം 3(1)-ൽ, "ദേവസ്വം" എന്ന വാക്കിനു ശേഷം "സർവ്വീസ്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

168. ഖണ്ഡം 3(1)-ൽ, "രൂപീകരിക്കേണ്ടതാണ്" എന്ന വാക്കിനു പകരം "രൂപീകരിച്ച് പ്രവർത്തനമാരംഭിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

174. ഖണ്ഡം 3(3)-ൽ, "നാമനിർദ്ദേശം ചെയ്യുന്ന," എന്നീ വാക്കുകൾക്ക് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

203. ഖണ്ഡം 3(4)-ൽ, "പദവിയിൽ " എന്ന വാക്കിന് പകരം "പദവിയിലോ തത്തുല്യപദവിയിലോ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

169. ഖണ്ഡം 3(2)-ൽ, "ഏകാംഗീകൃത നികായം" എന്ന വാക്കിനു പകരം "നിയമാനുസൃതം അംഗീകരിക്കപ്പെട്ട നിയമനാധികാര സ്ഥാപനം" എന്നീ വാക്കുകൾ ചേർക്കുക.

177. ഖണ്ഡം 3 (3)- ൽ, "ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരുമായ" എന്നീ വാക്കുകൾ ഒഴിവാക്കുക.

187. ഖണ്ഡം 3 (3) – ൽ, " വഹിച്ചിരുന്നതോ" - എന്ന വാക്ക് ഒഴിവാക്കുക.

197. ഖണ്ഡം 3(4)-ൽ, "അഡീഷണൽ" എന്ന വാക്കിനു പകരം "ജോയിന്റ്"എന്ന വാക്ക് ചേർക്കുക.

169-ൽ ഖണ്ഡം 3(2)-ൽ ഏകാംഗീകൃത നികായം എന്ന വാക്ക് മനസ്സിലാകാത്ത വാക്കാണ്. അതിനുപകരം നിയമാനുസൃതം അംഗീകരിക്കപ്പെട്ട നിയമനാധികാര സ്ഥാപനം എന്നാക്കുന്നതാണ് നല്ലതെന്ന് തോന്നുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

172. ഖണ്ഡം 3(3)-ൽ, "ഹിന്ദുമതത്തിൽപ്പെട്ടതും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരുമായ" എന്നീ വാക്കുകൾക്ക് പകരം "ഹിന്ദുമതത്തിൽപ്പെട്ട" എന്ന വാക്ക് ചേർക്കുക.

184. ഖണ്ഡം 3(3)ൽ, "ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാൾ ചെയർപേഴ്സൺ ആയിരിക്കേണ്ടതും മറ്റ് അംഗങ്ങളിൽ ഒരാൾ വനിതയും" എന്നീ വാക്കുകൾക്കു പകരം "അവരിൽ ഒരാൾ ചെയർ പേഴ്സൺ ആയിരിക്കേണ്ടതും ചെയർ പേഴ്സൺ ഉൾപ്പെടെയുള്ളവരിൽ രണ്ടുപേർ വനിതകളും" എന്നീ വാക്കുകൾ ചേർക്കുക.

172-ൽ ഖണ്ഡം 3(3)-ൽ, ഹിന്ദുമതത്തിൽപ്പെട്ട ആളായാൽ മതി. ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവർ എന്ന് പറയുമ്പോൾ ഇത് ആരാണ് തീരുമാനിക്കുക. ദൈവ വിശ്വാസിയാണോ ക്ഷേത്രാരാധനയുണ്ടോ എന്ന് ചോദിക്കുന്നതിൽ എന്താണ് ക്രൈറ്റീരിയ. അത് utter confusion- ആണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഹിന്ദുവാണ്. ഹിന്ദു അല്ലായെന്ന് ആരും പറയില്ല. ഹിന്ദുമതത്തിലും നിരീശ്വര വാദികളുമുണ്ട്, അല്ലാത്തവരുമുണ്ട്. അതുകൊണ്ട് ഹിന്ദുമതത്തിൽപ്പെട്ട എന്ന് പറഞ്ഞാൽ മതി.

<u>ശ്രീ. വി. ശശി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

175. ഖണ്ഡം 3 (3)-ൽ, "ഹിന്ദുമതത്തിൽപ്പെട്ടതും" എന്ന വാക്കിനു പകരം

"ഹിന്ദുമതത്തിൽപ്പെട്ട" എന്ന വാക്കു ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

178. ഖണ്ഡം 3 (3)- ൽ, "ആറ് " എന്ന വാക്കിനു പകരം "ഏഴ്" എന്ന വാക്ക് ചേർക്കുക.

191. ഖണ്ഡം 3 (3)-ൽ, " ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്ര വർഗ്ഗത്തിലോ" എന്നീ വാക്കുകൾക്ക് പകരം "ഒരാൾ പട്ടികജാതിയിലും ഒരാൾ പട്ടിക വർഗ്ഗത്തിലും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

181. ഖണ്ഡം 3(3)ൽ,

(i) "ആറ് " എന്ന വാക്കിനുപകരം "ഏഴ്" എന്ന വാക്ക് ചേർക്കുക.

(ii) "പട്ടിക ജാതിയിലോ പട്ടിക ഗോത്ര വർഗ്ഗത്തിലോ ഉള്ള ആൾ ആയിരിക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്ക് പകരം "ഒരാൾ പട്ടിക ജാതിയിൽ നിന്നും ഒരാൾ പട്ടിക ഗോത്ര വർഗ്ഗത്തിൽ നിന്നും ആയിരിക്കേണ്ടതാണ് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

185. ഖണ്ഡം 3(3)-ൽ, "വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ" എന്നീ

വാക്കുകൾക്കു പകരം "വഹിച്ചിരുന്ന" എന്ന വാക്ക് ചേർക്കുക.

193. ഖണ്ഡം 3(3)-ൽ, "ഉള്ള" എന്ന വാക്കിന് പകരം "ഉൾപ്പെട്ട" എന്ന വാക്ക് ചേർക്കുക.

194. ഖണ്ഡം 3(3)-ന ശേഷം താഴെപറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, ബോർഡിലെ അംഗങ്ങളുടെ പരമാവധി പ്രായ പരിധി 65 വയസ്സിൽ കവിയാൻ പാടില്ലാത്തതാകുന്നു."

205. ഖണ്ഡം 3(4)-ന് ശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ, ബോർഡിലെ ചെയർപേഴ്സണും മറ്റ് അംഗങ്ങളും സെക്രട്ടറിയും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലുമുള്ള അവരുടെ വിശ്വാസം സംബന്ധിച്ച് ഒരു സത്യപ്രസ്താവന നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനത്തിനു മുൻപാകെ സമർപ്പിക്കേണ്ടതാണ്. "

193-ലെ ഖണ്ഡം 3(3)-ൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്ര വർഗ്ഗത്തിലോ ഉള്ള ആൾ ആയിരിക്കേണ്ടതുമാണ്. അതിന്റെ പ്രയോഗം ശരിയല്ല. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെട്ട ആൾ ആയിരിക്കേണ്ടതുമാണ് എന്ന് ചേർക്കണം.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

186. ഖണ്ഡം 3(3)-ൽ, "സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാൾ" എന്നീ വാക്കുകൾക്കു പകരം "സ്ഥാനം വഹിക്കുന്ന ഒരാൾ"

എന്നീ വാക്കുകൾ ചേർക്കുക.

200. ഖണ്ഡം 3(4)ൽ, "ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ " എന്നീ വാക്കുകൾക്ക് പകരം "അഡീഷണൽ സെക്രട്ടറിയുടെയോ ഇതര വകുപ്പുകളിലെ തത്തുല്യപദവിയിലോ " എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

189. ഖണ്ഡം 3 (3) - ൽ, " ഒരാൾ പിന്നോക്ക വിഭാഗത്തിൽ പെട്ടതും" എന്നീ വാക്കുകൾ "ഒരാൾ വനിതയും" എന്നീ വാക്കുകൾക്കു മുൻപായി ചേർക്കുക.

195. ഖണ്ഡം 3(4)-ൽ, "ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്ക് മുമ്പായി, "ഹിന്ദുമതത്തിൽപ്പെട്ടതും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നതുമായ"എന്നീ വാക്കുകൾ ചേർക്കുക.

201. ഖണ്ഡം 3(4)ൽ, "ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്ക് പകരം "ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയോ സമാന തസ്തികകളിലുള്ള സർക്കാരിന്റെ ഇതര വകുപ്പുകളിലെ ഉദ്യോഗസ്ഥന്റെയോ/ ഉദ്യോഗസ്ഥയുടെയോ " എന്നീ വാക്കുകൾ ചേർക്കുക.

207. ഖണ്ഡം 3(5)ൽ, "ആയിരിക്കുന്നതാണ്" എന്ന വാക്കിനു പകരം "ആയിരിക്കും" എന്ന വാക്ക് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

204. ഖണ്ഡം 3(4)ൽ, "അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും" എന്നീ വാക്കുകൾക്ക് പകരം "ഏല്പിക്കുന്ന ഉത്തരവാദിത്ത്വങ്ങൾ നിറവേറ്റേണ്ടതും മറ്റു " എന്നീ വാക്കുകൾ ചേർക്കുക.

ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്ന ഒരാളെ ബോർഡിന്റെ സെക്രട്ടറിയായി സർക്കാരിന് നിയമിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ അധികാരം പറയുന്നിടത്ത്, അദ്ദേഹത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയിരിക്കണം. ബോർഡിന്റെ 'അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും' എന്നിടത്ത് 'ഏല്പിക്കുന്ന ഉത്തരവാദിത്ത്വങ്ങൾ നിറവേറ്റേണ്ടതും മറ്റും' എന്നുകൂടി ചേർക്കണം. കാരണം അധികാരങ്ങൾ മാത്രമല്ല ഒരു ഉത്തരവാദിത്തം കിട്ടിയാൽ അത് നിർവ്വഹിക്കാൻ കൂടി അദ്ദേഹം തയ്യാറാകുന്ന

വിധത്തിൽ ഒരു ഭേദഗതി വേണം.

ശ്രീമതി കെ. കെ. ലതിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 3(5)ൽ, "തിരുവനന്തപുരം" എന്ന വാക്കിനു പകരം "കോഴിക്കോട്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബാക്കിയുള്ള ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇതിൽ ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ എന്റെ 172-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ 191-ാം നമ്പർ പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 172-ാം നമ്പർ ഭേദതിയെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ ............

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. ബാബു എം. പാലിശ്ശേരി
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീമതി ഇ. എസ്. ബിജിമോൾ
5. ശ്രീ. വി. ചെന്താമരാക്ഷൻ
6. ശ്രീ. കെ. ദാസൻ
7. ശ്രീ. സി. ദിവാകരൻ
8. ശ്രീമതി ഗീതാ ഗോപി
9. ശ്രീ. പി. കെ. ഗുരുദാസൻ
10. ശ്രീ. ജെയിംസ് മാത്യു
11. ശ്രീ. ജി. എസ്. ജയലാൽ
12. ശ്രീ. സി. കൃഷ്ണൻ
13. ശ്രീ. കെ കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

14. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

15. ശ്രീമതി കെ. കെ. ലതിക

16. ശ്രീ. മാത്യു റ്റി. തോമസ്

17. ശ്രീ. എ. പ്രദീപ്കുമാർ

18. ശ്രീ. കെ. രാധാകൃഷ്ണൻ

19. ശ്രീ. ആർ. രാജേഷ്

20. ശ്രീ. റ്റി. വി. രാജേഷ്

21. ശ്രീ. രാജു എബ്രഹാം

22. ശ്രീ. സാജു പോൾ

23. ശ്രീമതി കെ. എസ്. സലീഖ

24. ശ്രീ. വി. ശശി

25. ശ്രീ. ബി. സത്യൻ

26. ശ്രീ. വി. ശിവൻകുട്ടി

27. ശ്രീ. വി. എസ്. സുനിൽ കുമാർ

28. ശ്രീ. ഇ. കെ. വിജയൻ

29. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ :</u>

1. ശ്രീ. എ. പി.അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. വി. റ്റി. ബൽറാം
15. ശ്രീ. ബെന്നി ബെഹനാൻ

16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

18. ശ്രീ. എ. റ്റി. ജോർജ്

19. ശ്രീ. പി.സി. ജോർജ്

20. ശ്രീ. ഹൈബി ഈഡൻ

21. ശ്രീമതി പി. കെ. ജയലക്ഷ്മി

22. ഡോ. എൻ. ജയരാജ്

23. ശ്രീ. ജോസഫ് വാഴക്കൻ

24. ശ്രീ. വർക്കല കഹാർ

25. ശ്രീ. കെ.എൻ.എ. ഖാദർ

26. ശ്രീ. കോവൂർ കുഞ്ഞുമോൻ

27. ശ്രീ. റ്റി. യു. കുരുവിള

28. ശ്രീ. ലൂഡി ലൂയിസ്

29. ശ്രീ. പി. എ. മാധവൻ

30. ശ്രീ. സി. മമ്മൂട്ടി

31. ശ്രീ. കെ. എം. മാണി

32. ശ്രീ. സി. പി. മുഹമ്മദ്

33. ശ്രീ. കെ. പി. മോഹനൻ

34. ശ്രീ. മോൻസ് ജോസഫ്

35. ശ്രീ. ആര്യാടൻ മുഹമ്മദ്

36. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

37. ശ്രീ. കെ. മുരളീധരൻ

38. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

39. ശ്രീ. ടി. എൻ. പ്രതാപൻ

40. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

41. ശ്രീ. രമേശ് ചെന്നിത്തല

42. ശ്രീ. പാലോട് രവി

43. ശ്രീ. റോഷി അഗസ്റ്റിൻ

44. ശ്രീ. കെ. എസ്. ശബരിനാഥൻ

45. ശ്രീ. വി. പി. സജീന്ദ്രൻ

46. ശ്രീ. വി.ഡി. സതീശൻ

47. ശ്രീ. ആർ. സെൽവരാജ്

48. ശ്രീ. ഷാഫി പറമ്പിൽ

49. ശ്രീ. കെ. എം. ഷാജി

50. ശ്രീ. എൻ. ഷംസുദ്ദീൻ

51. ശ്രീ. ഷിബു ബേബി ജോൺ

52. ശ്രീ. കെ. ശിവദാസൻ നായർ

53. ശ്രീ. വി. എസ്. ശിവകുമാർ

54. ശ്രീ. സണ്ണി ജോസഫ്

55. ശ്രീ. സി. എഫ്. തോമസ്

56. ശ്രീ. തോമസ് ഉണ്ണിയാടൻ

57. ശ്രീ. പി. ഉബൈദുള്ള

58. ശ്രീ. എം. ഉമ്മർ

59. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

60. ശ്രീ. എം. എ. വാഹീദ്

61. ശ്രീ. എം. പി. വിൻസെന്റ്

62. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ - 29

പ്രതികൂലിക്കുന്നവർ - 62

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 191-ാം നമ്പർ ഭേദതിയെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ ............

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. ബാബു എം. പാലിശ്ശേരി
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീമതി ഇ. എസ്. ബിജിമോൾ
5. ശ്രീ. വി. ചെന്താമരാക്ഷൻ

6. ശ്രീ. കെ. ദാസൻ

7. ശ്രീ. സി. ദിവാകരൻ

8. ശ്രീമതി ഗീതാ ഗോപി

9. ശ്രീ. പി. കെ. ഗുരുദാസൻ

10. ശ്രീ. ജെയിംസ് മാത്യു

11. ശ്രീ. ജി. എസ്. ജയലാൽ

12. ശ്രീ. സി. കൃഷ്ണൻ

13. ശ്രീ. കെ കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

14. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

15. ശ്രീമതി കെ. കെ. ലതിക

16. ശ്രീ. മാത്യു റ്റി. തോമസ്

17. ശ്രീ. എ. പ്രദീപ്കുമാർ

18. ശ്രീ. കെ. രാധാകൃഷ്ണൻ

19. ശ്രീ. ആർ. രാജേഷ്

20. ശ്രീ. റ്റി. വി. രാജേഷ്

21. ശ്രീ. രാജു എബ്രഹാം

22. ശ്രീ. സാജു പോൾ

23. ശ്രീമതി കെ. എസ്. സലീഖ

24. ശ്രീ. വി. ശശി

25. ശ്രീ. ബി. സത്യൻ

26. ശ്രീ. വി. ശിവൻകുട്ടി

27. ശ്രീ. വി. എസ്. സുനിൽ കുമാർ

28. ശ്രീ. ഇ. കെ. വിജയൻ

29. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി.ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ

8. ശ്രീ. മഞ്ഞളാംകുഴി അലി

9. ശ്രീ. എ. പി. അനിൽകുമാർ

10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. കെ. ബാബു

13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. വി. റ്റി. ബൽറാം

15. ശ്രീ. ബെന്നി ബെഹനാൻ

16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

18. ശ്രീ. എ. റ്റി. ജോർജ്

19. ശ്രീ. പി.സി. ജോർജ്

20. ശ്രീ. ഹൈബി ഈഡൻ

21. ശ്രീമതി പി. കെ. ജയലക്ഷ്മി

22. ഡോ. എൻ. ജയരാജ്

23. ശ്രീ. ജോസഫ് വാഴക്കൻ

24. ശ്രീ. വർക്കല കഹാർ

25. ശ്രീ. കെ.എൻ.എ. ഖാദർ

26. ശ്രീ. കോവൂർ കുഞ്ഞുമോൻ

27. ശ്രീ. റ്റി. യു. കുരുവിള

28. ശ്രീ. ലൂഡി ലൂയിസ്

29. ശ്രീ. പി. എ. മാധവൻ

30. ശ്രീ. സി. മമ്മൂട്ടി

31.ശ്രീ. കെ. എം. മാണി

32. ശ്രീ. സി. പി. മുഹമ്മദ്

33. ശ്രീ. കെ. പി. മോഹനൻ

34. ശ്രീ. മോൻസ് ജോസഫ്

35. ശ്രീ. ആര്യാടൻ മുഹമ്മദ്

36. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

37. ശ്രീ. കെ. മുരളീധരൻ

38. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

39. ശ്രീ. ടി.എൻ. പ്രതാപൻ

40. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

41. ശ്രീ. രമേശ് ചെന്നിത്തല

42. ശ്രീ. പാലോട് രവി

43. ശ്രീ. റോഷി അഗസ്റ്റിൻ

44. ശ്രീ. കെ. എസ്. ശബരിനാഥൻ

45. ശ്രീ. വി. പി. സജീന്ദ്രൻ

46. ശ്രീ. വി.ഡി. സതീശൻ

47. ശ്രീ. ആർ. സെൽവരാജ്

48. ശ്രീ. ഷാഫി പറമ്പിൽ

49. ശ്രീ. കെ. എം. ഷാജി

50. ശ്രീ. എൻ. ഷംസുദ്ദീൻ

51. ശ്രീ. ഷിബു ബേബി ജോൺ

52. ശ്രീ. കെ. ശിവദാസൻ നായർ

53. ശ്രീ. വി. എസ്. ശിവകുമാർ

54. ശ്രീ. സണ്ണി ജോസഫ്

55. ശ്രീ. സി. എഫ്. തോമസ്

56. ശ്രീ. തോമസ് ഉണ്ണിയാടൻ

57. ശ്രീ. പി. ഉബൈദുള്ള

58. ശ്രീ. എം. ഉമ്മർ

59. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

60. ശ്രീ. എം. എ. വാഹീദ്

61. ശ്രീ. എം. പി. വിൻസെന്റ്

62. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 191-ാം നമ്പർ ഭേദതിയെ

അനുകൂലിക്കുന്നവർ - 29

പ്രതികൂലിക്കുന്നവർ - 62

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ മറ്റ് ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ പ്രസ്സ് ചെയ്തില്ല)

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 164, 167, 170, 171, 188, 192, 196, 208 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 168, 174, 203 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 169, 177, 187, 197 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 172, 184 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ശശി അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 178, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 185, 193, 194, 205 നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 186, 200 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 189, 195, 201, 207 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ

നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാലാം വകുപ്പ്

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

209. ഖണ്ഡം 4-ൽ, "അഗംമാകുന്നതിന്" എന്ന വാക്കിന് പകരം "അംഗമായ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

210. ഖണ്ഡം 4(i)-ൽ, "ബുദ്ധിസ്ഥിരതയില്ലാത്ത ആളോ" എന്ന വാക്കിനു ശേഷം "അധികാരമുള്ള കോടതി അപ്രകാരം പ്രഖ്യാപിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുമ്പോഴോ;" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

212. ഖണ്ഡം 4(iii)-ൽ, "തദ്ദേശാധികാരസ്ഥാനത്തിന്റെയോ" എന്ന വാക്കിന് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയോ" എന്ന വാക്ക് ചേർക്കുക.

228. ഖണ്ഡം 4 (vi)-ൽ, "അംഗമായിട്ടുള്ള" എന്ന വാക്കിനു മുൻപ് "നിലവിൽ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 4 (vi)-ൽ, "അംഗമായിട്ടുള്ള" എന്ന വാക്കിനു മുൻപ് "നിലവിൽ" എന്ന വാക്ക് ചേർക്കുക.

212-ൽ "തദ്ദേശാധികാരസ്ഥാനത്തിന്റെയോ" എന്നുള്ളതല്ല ശരി "തദ്ദേശസ്വയംഭരണ സ്ഥാപനം" എന്നുള്ളതാണ് ശരി. തദ്ദേശാധികാരസ്ഥാനം എന്ന ഒരു സ്ഥാപനം ഇല്ല. തദ്ദേശസ്വയംഭരണ സ്ഥാപനമാണ്.

228-ൽ പാർലമെന്റിലോ ഏതെങ്കിലും സംസ്ഥാന നിയമസഭയിലോ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലോ 'നിലവിൽ അംഗമായിട്ടുള്ള ആളോ' എന്നതാണ്. 'എക്സ് ' ആണെങ്കിൽ പ്രശ്നമില്ല. ' നിലവിൽ അംഗമായിട്ടുള്ള ആളോ' എന്നുള്ളത് ബുദ്ധിമുട്ടാണ്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

211. ഖണ്ഡം 4(iii)-ൽ, "ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഒരു ദേവസ്വം ബോർഡിന്റെയോ ഒരു ഔദ്യോഗിക സ്ഥാനം വഹിക്കുന്നയാളോ" എന്നീ വാക്കുകൾക്ക് പകരം " ഒരു

തദ്ദേശാധികാര സ്ഥാനത്തിന്റെയോ ഒരു ദേവസ്വം ബോർഡിന്റെയോ ഒരു ഔദ്യോഗിക സ്ഥാനം വഹിച്ചിരുന്നതോ, വഹിക്കുന്നതോ ആയ ആളോ" എന്നീ വാക്കുകൾ ചേർക്കുക.

217. ഖണ്ഡം 4(iv)-ൽ, " ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളോ"എന്നീ വാക്കുകൾക്ക് ശേഷം "ബോർഡുമായി മറ്റേതൊരു വിധത്തിലും ബന്ധപ്പെട്ടിട്ടുള്ള ആളോ"എന്നീ വാക്കുകൾ ചേർക്കുക.

220. ഖണ്ഡം 4(v) -ൽ, "സന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന"എന്നീ വാക്കുകൾക്ക് പകരം "സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടെയുള്ള"എന്നീ വാക്കുകൾ ചേർക്കുക.

230. ഖണ്ഡം 4 (viii)-ൽ, "മദ്യത്തിന്റെ ഉൽപാദനത്തിലോ വിപണനത്തിലോ ഏർപ്പെട്ടിരിക്കുന്നതോ" എന്നീ വാക്കുകൾക്ക് പകരം "മദ്യത്തിന്റെ ഉത്പാദനം, വിപണനം എന്നിവയുൾപ്പടെയുള്ള മറ്റേതൊരു വ്യാപാരത്തിലോ ഏർപ്പെട്ടിരിക്കുന്നതോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

214. ഖണ്ഡം 4(iii)-ൽ, "ഒരു ദേവസ്വം ബോർഡിന്റെയോ" എന്നീ വാക്കുകൾക്ക് ശേഷം "ഇതിനു സമാനമായ ഏതെങ്കിലും റിക്രൂട്ടിംഗ് ബോർഡിലോ" എന്ന് ചേർക്കുക.

222. ഖണ്ഡം 4(v)ൽ, " കുറ്റത്തിന് " "ഒരു" എന്നീ വാക്കുകൾക്കിടയിൽ "ക്രിമിനൽ കോടതിയിൽ ഏതെങ്കിലും കേസിൽ നിലവിൽ

ഉൾപ്പെട്ടിട്ടുള്ളതോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 4(iii)-ൽ, " സ്ഥാനം വഹിക്കുന്നയാളോ" എന്നീ വാക്കുകൾക്കു ശേഷം "ദേവസ്വം സർവ്വീസിലെ "എന്നീ വാക്കുകൾ ചേർക്കുക.

ഒരു തദ്ദേശാധികാരസ്ഥാനത്തിന്റെയോ ഒരു ദേവസ്വം ബോർഡിന്റെയോ ഔദ്യോഗികസ്ഥാനം വഹിക്കുന്നയാളോ ഒരു ജീവനക്കാരനോ എന്നാണ് ഇതിൽപ്പറയുന്നത്. അതിൽ ഒരു 'ഔദ്യോഗികസ്ഥാനം വഹിക്കുന്നയാളോ' എന്ന് കഴിഞ്ഞിട്ട് 'ദേവസ്വം സർവ്വീസിലെ ഒരു ജീവനക്കാരനോ' എന്നുകൂടി ചേർക്കണം എന്നാണ് എന്റെ ഭേദഗതി.

ശ്രീമതി കെ.എസ്.സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

218. ഖണ്ഡം 4(iv)-ൽ, " ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളോ" എന്നതിനുശേഷം "ഇതിനുമുമ്പ് ബോർഡിൽ അംഗമായിരുന്ന ആളോ" എന്നീ വാക്കുകൾ ചേർക്കുക.

223. ഖണ്ഡം 4(v)ന് ശേഷം ഇനം (vi) ആയി താഴെപറയുന്നത് ചേർക്കുകയും തുടർന്നുള്ളവ പുനർ ക്രമീകരിക്കുകയും ചെയ്യുക:-

"(vi)ഓപ്പറേഷൻ കുബേരയിലോ, സ്ത്രീപീഡനങ്ങളിലോ മറ്റ് മാഫിയ

പ്രവർത്തനങ്ങളിലോ ഉൾപ്പെട്ട ഏതെങ്കിലും കുറ്റത്തിന് സംസ്ഥാനത്തെ വിവിധ ജില്ല, സെഷൻസ് കോടതികളാൽ ശിക്ഷിക്കപ്പെട്ട ആളോ;"

231. ഖണ്ഡം 4 (viii)-ൽ, "വിപണനത്തിലോ" എന്ന വാക്കിനു ശേഷം "ഉപയോഗത്തിലോ" എന്ന വാക്ക് ചേർക്കുക.

223-ൽ ഖണ്ഡം 4(v)-ന് ശേഷം അതിന്റെ ശിക്ഷ

ആർക്കൊക്കെയാണെന്ന് ഡെഫനിഷൻ ഉണ്ടാകുന്നത് നന്നായിരിക്കും.

'ഓപ്പറേഷൻ കുബേരയിലോ സ്ത്രീപീഡനങ്ങളിലോ മറ്റു മാഫിയ പ്രവർത്തനങ്ങളിലോ ഉൾപ്പെട്ട ഏതെങ്കിലും കുറ്റത്തിന് സംസ്ഥാനത്തെ വിവിധ ജില്ല, സെഷൻസ് കോടതികളിൽ ശിക്ഷിക്കപ്പെട്ട ആളോ' എന്നുകൂടി ചേർക്കണം എന്നാണ്.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

219. ഖണ്ഡം 4(iv) താഴെപ്പറയും പ്രകാരം മാറ്റുക:-

" (iv) ബോർഡ് ഉൾപ്പെട്ടിട്ടുള്ളതും നിലവിലുള്ളതുമായ ഏതെങ്കിലും കരാറിൽ താത്പര്യമുള്ളതോ, ഉൾപ്പെട്ടിട്ടുള്ളതോ ബോർഡിനു വേണ്ടി ഏതെങ്കിലും ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളോ;"

235. ഖണ്ഡം4(viii)-നുശേഷം താഴെപറയുന്ന ഇനം ചേർക്കുക:-

"(ix) ദേവസ്വം ബോർഡുകളുമായി ബന്ധപ്പെട്ട ഏതെങ്കിലും

വിഷയത്തിൽ ശിക്ഷ ലഭിക്കുകയോ അന്വേഷണ വിധേയനാകുകയോ ചെയ്തിട്ടുള്ള ആളോ,"

236. ഖണ്ഡം4-ൽ ഇനം (ix) ആയി താഴെ പറയുന്നത് ചേർക്കുക:- "(ix) സ്വയം ദൈവവിശ്വാസി അല്ലായെന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ആളോ,"

235-ൽദേവസ്വം ബോർഡുകളുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിൽ ശിക്ഷ ലഭിക്കുകയോ അന്വേഷണവിധേയനായിട്ടുള്ള ഒരാളോ ഉണ്ടെങ്കിൽ അയാൾ അർഹനല്ല എന്നുള്ളതാണ്. രണ്ടാമത്, ദൈവ വിശ്വാസിയല്ലായെന്ന് സ്വയം പ്രഖ്യാപിക്കുന്ന ഒരാളെ ഈ റിക്രൂട്ട്മെന്റ് ബോർഡിലേക്ക് നോമിനേറ്റ് ചെയ്യുന്നതും ഭേദഗതി ചെയ്യണം എന്നുള്ളതാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

221. ഖണ്ഡം 4(v) -ൽ ,

(i)"സാന്മാർഗ്ഗിക ദൂഷ്യം "എന്നീ വാക്കുകൾക്ക് പകരം "അസാന്മാർഗ്ഗികത " എന്ന വാക്ക് ചേർക്കുക.

(ii) " കുറ്റത്തിന്"എന്ന വാക്കിനു പകരം "കുറ്റത്തിനോ മറ്റേതെങ്കിലും ക്രിമിനൽ കുറ്റകൃത്യങ്ങൾക്കോ" എന്നീ വാക്കുകൾ ചേർക്കുക.

233. ഖണ്ഡം 4(viii)-ൽ, "ഏർപ്പെട്ടിട്ടുള്ളതോ" എന്ന വാക്കിന് പകരം "മദ്യപാനിയോ" എന്ന വാക്ക് ചേർക്കുക.

234. ഖണ്ഡം 4(viii)-ന ശേഷം വരുന്ന "ആണെങ്കിൽ അയോഗ്യനാക്കപ്പെടുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "ആണെങ്കിൽ അയോഗ്യനാണ്" എന്നീ വാക്കുകൾ ചേർക്കുക.

233-ൽ അംഗത്വത്തിനുള്ള യോഗ്യതകൾ പറയുന്ന കൂട്ടത്തിൽ

മദ്യത്തിന്റെ ഉല്പാദനത്തിലോ വിപണനത്തിലോ 'ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിട്ടുള്ളതോ' ആയ ആൾ എന്നു പറയുന്നുണ്ട്; പക്ഷെ, മദ്യപാനിക്ക് ഒരു തടസ്സവുമില്ല. അതുകൊണ്ട് 'മദ്യപാനിയോ' എന്നുകൂടി അതിനകത്ത് ചേർക്കണം; ഉണ്ടാക്കാനും വില്ക്കാനും പാടില്ലായെന്നുമാത്രം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

224. ഖണ്ഡം 4(vi) ഒഴിവാക്കുക

ഞാൻ നേരത്തെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കേസാണ്. അയോഗ്യതയുള്ള ആളുകളുടെ കൂട്ടത്തിൽ എം.പി, എം.എൽ.എ. യുമൊക്കെ വച്ചിരിക്കുകയാണ്. ഇവരാരും ഇതൊന്നും ആകാൻ പോകുന്നില്ല. ഏതെങ്കിലും എം.പി.യോ എം.എൽ.എ.യോ ഏതെങ്കിലും കാലത്ത് ഇതിനകത്ത് മെമ്പർ ആകുമ്പോൾ അതിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തി അപമാനിക്കാതെ നീക്കം ചെയ്യണം.

ശ്രീ. വി. ശിവൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

229. ഖണ്ഡം 4 (viii)ഒഴിവാക്കുക.

മി. സ്പീക്കർ: മറ്റു ഭേദഗതികൾ മൂവ് ചെയ്യേണ്ട ആവശ്യമില്ല.

ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇതിൽ ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഞാൻ ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ മറ്റ് ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ പ്രസ്സ് ചെയ്തില്ല)

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 210, 212, 228 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 211, 217, 220, 230 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 214, 222 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 218, 223, 231 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 219, 235, 236 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 221, 233, 234 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**അഞ്ചാം വകുപ്പ്**

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

239. ഖണ്ഡം 5(1)ൽ, "ചെയർപേഴ്സണറും" എന്ന വാക്കിനു പകരം "ചെയർപേഴ്സണും" എന്ന വാക്ക് ചേർക്കുക.

'ചെയർപേഴ്സണറും എന്ന വാക്കിനുപകരം ചെയർപേഴ്സണും എന്ന വാക്ക് ചേർക്കണം എന്നതാണ് എന്റെ ഭേദഗതി. ഭാഷാപരമായി അത് തെറ്റാണ്.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

240. ഖണ്ഡം 5(1)ൽ, "ചെയർപേഴ്സണറും മറ്റ് അംഗങ്ങൾക്കും" എന്നീ

വാക്കുകൾക്കു പകരം "ചെയർമാൻ/ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും" എന്നും "അഞ്ച് വർഷക്കാലം" എന്നീ വാക്കുകൾക്കു പകരം "രണ്ട് വർഷക്കാലം" എന്നും "65 വയസ്സ് തികയുകയോ" എന്നീ വാക്കുകൾക്കു പകരം "ചെയർമാൻ/ചെയർപേഴ്സൺ എന്നിവർക്ക് 65 വയസ്സ് തികയുകയോ മറ്റ് അംഗങ്ങൾക്ക് 60 വയസ്സ് തികയുകയോ " എന്നീ വാക്കുകൾ ചേർക്കുക.

247. ഖണ്ഡം 5(2)-ൽ, "ചെയർപേഴ്സണോ" എന്ന വാക്കിനു പകരം "ചെയർമാൻ/ചെയർപേഴ്സണോ" എന്നത് ചേർക്കുക.

257. ഖണ്ഡം 5(4)-ൽ, "ചെയർ പേഴ്സണെയോ" എന്ന വാക്കിനുപകരം "ചെയർമാൻ/ചെയർപേഴ്സണെയോ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

271. ഖണ്ഡം 5(4)(എഫ്) -നു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(ജി) ഓപ്പറേഷൻ കുബേരയിലോ, സ്ത്രീപീഡനങ്ങളിലോ, മറ്റ് മാഫിയ പ്രവർത്തനങ്ങളിലോ ഏർപ്പെടുകയോ, ബോർഡിന്റെ ഏതെങ്കിലും കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളതായി പരാതി ഉണ്ടാകുകയോ പ്രകാരം ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായി കണക്കാക്കപ്പെടുകയോ,"

277. ഖണ്ഡം 5 (6)-ൽ, "ചെയർമാനായോ അംഗമായോ" എന്നീ വാക്കുകൾക്ക് പകരം "ചെയർമാൻ /ചെയർപേഴ്സൺ ആയോ അംഗമോ " എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

280. ഖണ്ഡം 5 (7)-ൽ, "ചെയർപേഴ്സണും അംഗങ്ങളും" എന്നീ വാക്കുകൾക്ക് പകരം "ചെയർപേഴ്സൺ/ചെയർമാനും അംഗങ്ങളും" എന്നും "ബത്തകൾക്കും" എന്ന വാക്കിനു പകരം "ബത്തകൾക്കും സർക്കാർ അനുമതിയോടുകൂടി മാത്രം" എന്നീ വാക്കുകൾ ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

241. ഖണ്ഡം 5(1)ൽ, "അഞ്ച് വർഷക്കാലം" എന്നതിനു പകരം "മൂന്നു വർഷക്കാലം" എന്ന് ചേർക്കുക.

ദേവസ്വം ബോർഡുകളുടെ കാലാവധിയെക്കാൾ കൂടുതൽ സമയമാണ് യഥാർത്ഥത്തിൽ റിക്രൂട്ട്മെന്റ് ബോർഡുകൾക്ക് കൊടുത്തിരിക്കുന്നത്. അത് മൂന്നുവർഷമായി കുറയ്ക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

245. ഖണ്ഡം 5(1)-ൽ, "65" എന്നതിനു പകരം " 70" എന്നു ചേർക്കുക.

279. ഖണ്ഡം 5 (6)-ൽ, "ഉണ്ടായിരിക്കുന്നതല്ല" എന്നതിനു പകരം "ഉണ്ടായിരിക്കുന്നതാണ്" എന്നു ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

246. ഖണ്ഡം 5(1)-ൽ, "സംഭവിക്കുന്നത്" എന്ന വാക്കിനു പകരം "പൂർത്തിയാകുന്നത്" എന്ന വാക്ക് ചേർക്കുക.

250. ഖണ്ഡം 5 (3)- ൽ, "ഒരു താൽക്കാലിക" എന്നീ വാക്കുകൾക്കു പകരം "ആകസ്മികമായി ഉണ്ടാകുന്ന" എന്നീ വാക്കുകൾ ചേർക്കുക.

252. ഖണ്ഡം 5 (3)- ൽ, "ഉദ്യോഗകാലാവധി" എന്ന വാക്കിനു പകരം "ഔദ്യോഗിക കാലാവധി" എന്ന വാക്ക് ചേർക്കുക.

253. ഖണ്ഡം 5 (3)- ൽ, "ഉദ്യോഗം" എന്ന വാക്കിനു പകരം "ഔദ്യോഗിക സ്ഥാനം" എന്ന വാക്ക് ചേർക്കുക.

258. ഖണ്ഡം 5(4)(ബി)-യിൽ, " സർക്കാരിന്റെ അഭിപ്രായത്തിൽ' എന്നീ വാക്കുകൾ ഒഴിവാക്കുക.

264. ഖണ്ഡം 5 (4) (ഇ) - യിൽ, " അനുമതി " എന്ന വാക്കിനു മുൻപ് "മുൻകൂർ" എന്ന വാക്ക് ചേർക്കുക.

266. ഖണ്ഡം 5 (4) (ഇ) - യിൽ, " പങ്കെടുക്കാതിരിക്കുകയോ " എന്ന വാക്കിന് പകരം " ഹാജരാകാതിരിക്കുകയും, അപ്രകാരം ഹാജരാകാതിരിക്കുന്നതിന് ബോർഡിന് ബോധ്യമാകുംവിധം വിശദീകരണം നൽകാൻ അയാൾക്ക് കഴിയാതിരിക്കുമ്പോഴോ" എന്നീ വാക്കുകൾ ചേർക്കുക.

270. ഖണ്ഡം 5(4)(എഫ്) -നു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.
"(ജി) അയാൾ ഹിന്ദുമത വിശ്വാസി അല്ലാതായിത്തീരുകയോ ക്ഷേത്രാരാധനയിൽ അദ്ദേഹത്തിന് വിശ്വാസം ഇല്ലാതായി തീരുകയോ ചെയ്യുമ്പോഴോ",

272. ഖണ്ഡം 5(4) -ന്റെ നിലവിലെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നിരുന്നാലും, (4)-ാം ഉപ വകുപ്പ് പ്രകാരം നീക്കം ചെയ്യപ്പെട്ട ഒരംഗത്തിന്, നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ് അയാൾ കൈപ്പറ്റിയ തീയതിമുതൽ ഒരു മാസത്തിനകം ഉത്തരവ് അസ്ഥിരപ്പെടുത്തുന്നതിനുവേണ്ടി കോടതിയിൽ വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്."

273. ഖണ്ഡം 5 (5)-ൽ, "നികത്തേണ്ടതാണ്" എന്ന വാക്കിനു മുൻപ്

"ആറുമാസത്തിനുള്ളിൽ " എന്ന വാക്ക് ചേർക്കുക.

274. ഖണ്ഡം 5 (6)-ൽ, "ചെയർമാനായോ " എന്ന വാക്കിനു പകരം "ചെയർപേഴ്സണായോ " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 5(1)-ൽ, 65 വയസ്സ് തികയുകയോ 5 വർഷക്കാലം പൂത്തിയാകുകയോ ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് അതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് സംഭവിക്കലല്ല, പൂർത്തിയാകലാണ്. 'ഇതിലേതാണ് ആദ്യം പൂർത്തിയാകുന്നത്' എന്നുപറഞ്ഞാൽ കൂടുതൽ നന്നായിരിക്കും എന്നതാണ് 246-ാം നമ്പർ ഭേദഗതി.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

248. ഖണ്ഡം 5(2)-ൽ,

(i) "ഏതു സമയത്തും" എന്നീ വാക്കുകൾക്ക് പകരം "14 ദിവസം മുൻകൂട്ടിയുള്ള അറിയിപ്പ്" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

(ii) “ രേഖാമൂലം” എന്ന വാക്കിനു ശേഷമുള്ള "അറിയിപ്പ്" എന്ന വാക്ക് ഒഴിവാക്കുക.

254. ഖണ്ഡം 5 (3)- ൽ, "കാലയളവിലേയ്ക്ക്" എന്ന വാക്കിനു പകരം "കാലയളവിലേയ്ക്കോ താൽക്കാലിക അംഗത്തിന് 65 വയസ്സ് തികയുന്നതുവരെയോ, ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത്, അതുവരെ" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക

260. ഖണ്ഡം 5(4) (ബി)-യിൽ, (i) "സാന്മാർഗ്ഗിക ദൂഷ്യം" എന്നീ വാക്കുകൾക്കു പകരം "അസാന്മാർഗ്ഗികത" എന്ന വാക്ക് ചേർക്കുക. (ii) "കുറ്റത്തിന്" എന്ന വാക്കിനു പകരം "കുറ്റത്തിനോ മറ്റേതെങ്കിലും ക്രിമിനൽ കുറ്റകൃത്യങ്ങളിലോ" എന്നീ വാക്കുകൾ ചേർക്കുക.

267. ഖണ്ഡം 5(4)(എഫ്) -ൽ, "തൽസ്ഥാനത്ത് തുടരുന്നത്" എന്നീ വാക്കുകൾ ഒഴിവാക്കുക.

278. ഖണ്ഡം 5 (6)ൽ, "ഒരാൾക്ക്" എന്ന വാക്കിനു പകരം "ഏതൊരാൾക്കും" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

255. ഖണ്ഡം 5(3)ന് ശേഷം താഴെപറയുന്ന ഉപഖണ്ഡം ചേർത്ത് തുടർന്നു വരുന്നവ പുനരക്കം ചെയ്യുക.

"(4) ഒരു വനിതാ അംഗത്തിന്റെ താൽക്കാലിക ഒഴിവിലേയ്ക്ക് ഒരു വനിതയെ നാമനിർദ്ദേശം ചെയ്യേണ്ടതാണ്".

259. ഖണ്ഡം 5(4) (ബി) യിൽ, "സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന" എന്നീ വാക്കുകൾക്ക് പകരം "സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

261. ഖണ്ഡം 5 (4) (ബി) യിൽ, "കുറ്റത്തിന് " എന്ന വാക്കിനുശേഷം "കോടതിയിൽ ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്യപ്പെടുകയോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

265. ഖണ്ഡം 5 (4) (ഇ) - യിൽ, "മൂന്ന് യോഗങ്ങളിൽ" എന്നതിന് പകരം "നാല് യോഗങ്ങളിൽ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

268. ഖണ്ഡം 5(4)(എഫ്) -നു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(ജി) യഥാവിധിയുള്ള അനുമതി വാങ്ങാതെ പതിനഞ്ചു ദിവസത്തിലധികം കാലം മറ്റ് ഔദ്യോഗിക ചുമതലകളിൽ നിന്നു വിട്ടു നിൽക്കുകയോ",

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):സർ, ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതിയും സ്വീകരിക്കാവുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ മറ്റ് ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(അംഗങ്ങളാരും ഭേദഗതികൾ പ്രസ്സ് ചെയ്തില്ല)

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 240, 247, 257, 271, 277, 280 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 245, 279 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 250, 252, 253, 258, 264, 266, 270, 272, 273, 274 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 248, 254, 260, 267, 278 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 255, 259 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 261-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതിചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ആറാം വകുപ്പ്**

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

281. ഖണ്ഡം 6(1)-ൽ, "ശരിയായ" എന്ന വാക്കിനു പകരം "കാര്യക്ഷമമായ" എന്ന വാക്ക് ചേർക്കുക.

297. ഖണ്ഡം 6(2)-നു ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

" എന്നാൽ, പ്രസ്തുത വിശ്വാസം സംബന്ധിച്ച് ഉദ്യോഗസ്ഥരും ജീവനക്കാരും ഒരു സത്യപ്രസ്താവന ബോർഡിന് മുൻപാകെ രേഖാമൂലം നൽകേണ്ടതാണ് ".

302. ഖണ്ഡം 6(4)ൽ, "റെഗുലേഷനുകളാൽ" എന്ന വാക്കിനു പകരം "ചട്ടങ്ങളാൽ" എന്ന വാക്ക് ചേർക്കുക.

310. ഖണ്ഡം 6 (6)-ൽ, "അച്ചടക്കവും" എന്ന വാക്കിനു പകരം "അച്ചടക്ക നടപടികളും" എന്ന വാക്ക് ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

282. ഖണ്ഡം 6(1) താഴെ പറയും പ്രകാരം മാറ്റുക:-

"(1) ബോർഡിന്റെ ശരിയായ നടത്തിപ്പിനാവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേന നിയമിക്കേണ്ടതാണ്."

313. ഖണ്ഡം 6(6)-ന്, ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക:-

"(7) ബോർഡിനുകീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉദ്യോഗാർത്ഥികളുടെ നിയമനം കേരള

പി.എസ്.സി മുഖേന നടത്തേണ്ടതാണ് ."

ശ്രീ. വി. ശശി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

285. ഖണ്ഡം 6(1)(എ)-യിൽ, "പദവിയിൽ കുറയാത്ത" എന്നതിനു പകരം "തസ്തികയിൽ ജോലി ചെയ്തുവരുന്ന" എന്നത് ചേർക്കുക.

290. ഖണ്ഡം 6(1)-(ബി)-യിൽ, "പദവിയിൽ കുറയാത്ത" എന്നതിന് പകരം "തസ്തികയിൽ ജോലി ചെയ്തു വരുന്ന" എന്നത് ചേർക്കുക.

294. ഖണ്ഡം 6(2)-ൽ, " ഹിന്ദു മതത്തിൽപ്പെട്ടുന്നവരും ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരും" എന്നീ വാക്കുകൾക്ക് പകരം "ഹിന്ദുമതത്തിൽപെടുന്നവർ"എന്ന വാക്ക് ചേർക്കുക.

299. ഖണ്ഡം 6(3)ൽ, "മുഖാന്തിരം" എന്ന വാക്കിനുശേഷം "50 ശതമാനം തസ്തികകൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും സംവരണം നൽകികൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

304. ഖണ്ഡം 6(4)ൽ, "മുഖാന്തിരമോ" എന്ന വാക്കിനുശേഷം "50 ശതമാനം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും സംവരണം നൽകികൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

286. ഖണ്ഡം 6(1)(എ) താഴെ പറയും പ്രകാരം മാറ്റുക:-

"(എ) സംസ്ഥാനത്തെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിൽ നിന്നും ഒരാളെ;"

287. ഖണ്ഡം 6(1)-(ബി)-യിൽ, "ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്ക് പകരം "ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

291. ഖണ്ഡം 6(1)-(ബി)-യ്ക്ക് ശേഷം (സി) എന്ന പുതിയ ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനക്രമീകരിക്കുകയും ചെയ്യുക;-

"(സി) ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശരിയായ നിയമനത്തിന് സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷനിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഒരു നിയമന അധികാരി;".

296. ഖണ്ഡം 6(2)-ൽ, "ആയിരിക്കേണ്ടതാണ് " എന്ന വാക്കിനു പകരം "ആയിരിക്കേണ്ടതും ഇത്തരം നിയമനങ്ങളിൽ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ അനുവർത്തിച്ചു വരുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്"എന്നീ വാക്കുകൾ ചേർക്കുക.

300. ഖണ്ഡം 6(3)ൽ, "നിയമനം" എന്ന വാക്കിനുശേഷം "നിർദ്ദിഷ്ട കാലയളവിലേയ്ക്ക്" എന്നീ വാക്കുകൾ ചേർക്കുക.

305. ഖണ്ഡം 6 (4)-ൽ, "ജീവനക്കാരുടെയും" എന്ന വാക്കിനു ശേഷം "നിർദ്ദിഷ്ട കാലയളവിലേയ്ക്ക്" എന്നീ വാക്കുകൾ ചേർക്കുക.

307. ഖണ്ഡം 6 (5)-ൽ, "നിബന്ധനകളും വ്യവസ്ഥകളും" എന്നീ വാക്കുകൾക്ക് ശേഷം "സർക്കാർ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 6(3)ൽ പറയുന്നത് ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. അതിൽ 'നിയമനം' എന്ന വാക്കിനുശേഷം നിർദ്ദിഷ്ട കാലയളവിലേയ്ക്ക് എന്നുകൂടി ചേർക്കണമെന്നതാണ് എന്റെ 300-ാം നമ്പർ

ഭേദഗതി. അതുപോലെ ഉദ്യോഗസ്ഥന്മാരുടെ നിയമനത്തിൽ പറയുന്നത് 'മുഖാന്തിരം അതിലെ ജീവനക്കാരുടെയും' എന്ന വാക്കിനുശേഷം 'നിർദ്ദിഷ്ട കാലയളവിലേയ്ക്ക് ജീവനക്കാരുടെ നിയമനവും നടത്താവുന്നതാണ്' എന്ന് ചേർക്കണമെന്നതാണ് 305-ാം നമ്പർ ഭേദഗതി.

<u>ശ്രീ. കെ. അച്ചുതൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

292. ഖണ്ഡം 6(2)ൽ, "ബോർഡിലെ" എന്ന വാക്കിന് ശേഷം "ഡെപ്യൂട്ടേഷൻ ഉൾപ്പെടെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

295. ഖണ്ഡം 6(2)-ൽ, "ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വസിക്കുന്നവരും" എന്നീ വാക്കുകൾ ഒഴിവാക്കുക.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

298. ഖണ്ഡം 6(2)-ന ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (3) ആയി ചേർക്കുകയും, ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" (3) ദേവസ്വം ജീവനക്കാരുടെ നിയമനത്തിൽ കെ.എസ്.ആന്റ് എസ്.എസ്.ആർ പ്രകാരമുള്ള സംവരണ തത്വം പട്ടിക ഗോത്രവിഭാഗക്കാർക്കുള്ള സംവരണത്തിലും പിന്നോക്ക ജാതിക്കാർക്കുള്ള സംവരണത്തിലും, മറ്റു മതസ്ഥരെ ഒഴിവാക്കുന്ന സാഹചര്യത്തിൽ ഉചിതമായ മാറ്റത്തോടെ പാലിക്കേണ്ടതാണ്.

ദേവസ്വം ബോർഡുകളിലെ പരമ്പരാഗത ട്രസ്റ്റികളിലേക്കുള്ള നിയമനത്തിൽ ജാതിയുടെ അടിസ്ഥാനത്തിൽ ആർക്കും അവസരം നിഷേധിക്കാൻ പാടുള്ളതല്ല. "

301. ഖണ്ഡം 6(4)ൽ, "ബോർഡിന് റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം" എന്നീ വാക്കുകൾക്കു പകരം "ചട്ടങ്ങൾക്കു വിധേയമായി ബോർഡിന്" എന്നീ വാക്കുകൾ ചേർക്കുക.

ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ എല്ലാ ഹിന്ദുക്കൾക്കും അവകാശമുണ്ടായിരിക്കണം. ഒരാൾക്ക് ദൈവവിശ്വാസം ഉണ്ടോ ഇല്ലയോ എന്ന് നോക്കാൻ കഴിയാത്തതുകൊണ്ട് നിയമനം നിഷേധിക്കാനോ ജാതി അടിസ്ഥാനത്തിൽ നിയമനങ്ങൾ തടയാനോ പാടില്ല. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നിർബന്ധമായും സംവരണമുണ്ടാകണം. ആക്ടിൽതന്നെ സംവരണവ്യവസ്ഥയുണ്ടാകണം. ഇല്ലെങ്കിൽ റൂളിൽ ഇത് കൊണ്ടുവരാൻ സാധിക്കില്ല. ഇതാണ് 296-ാം നമ്പർ ഭേദഗതി. ചട്ടങ്ങൾ ഗവൺമെന്റും റെഗുലേഷൻ ബോർഡുമാണ് തയ്യാറാക്കുന്നത്. ബോർഡ് തയ്യാറാക്കുന്ന റെഗുലേഷനും ഗവൺമെന്റ് ഉണ്ടാക്കുന്ന ചട്ടങ്ങളും തമ്മിൽ വൈരുദ്ധ്യമുണ്ടാകും. അതുകൊണ്ട് ഗവൺമെന്റ് ഉണ്ടാക്കുന്ന ചട്ടങ്ങളായിരിക്കണം ഇതിന്റെ ബയന്റിംഗായിട്ടുള്ളത്. അതിനാണ് 301-ാം നമ്പർ ഭേദഗതി.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

303. ഖണ്ഡം 6(4)ൽ, "മുഖാന്തിരമോ" എന്ന വാക്കിനുശേഷം "കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അനുശാസിക്കുന്ന സംവരണ ചട്ടങ്ങൾക്ക് വിധേയമായി" എന്നീ വാക്കുകൾ ചേർക്കുക.

308. ഖണ്ഡം 6 (5)-ൽ, "വ്യവസ്ഥകളും" എന്ന വാക്കിനു ശേഷം "സർക്കാർ ജീവനക്കാർക്ക് ബാധകമായ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബി. സത്യൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

306. ഖണ്ഡം 6 (4)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (5) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനക്രമീകരിക്കുകയും ചെയ്യുക:-

"(5)ദേവസ്വം ജീവനക്കാരുടെ നിയമനത്തിൽ നിലവിലുള്ള സംവരണ തത്വം പട്ടിക ഗോത്ര വിഭാഗക്കാർക്കുള്ള സംവരണത്തിലും പിന്നോക്ക ജാതിക്കാർക്കുള്ള സംവരണത്തിലും, സംവരണാർഹരായ മറ്റ് മതസ്ഥരെ ഒഴിവാക്കുന്ന സാഹചര്യത്തിൽ, ഉചിതമായ മാറ്റത്തോടെ പാലിക്കേണ്ടതാണ്."

ഖണ്ഡം 6 (4)-നു ശേഷം "ദേവസ്വം ജീവനക്കാരുടെ നിയമനത്തിൽ നിലവിലുള്ള സംവരണ തത്വം പട്ടികജാതി-പട്ടികവർഗ്ഗ ഗോത്ര വിഭാഗക്കാർക്കുള്ള സംവരണത്തിലും പിന്നോക്ക ജാതിക്കാർക്കുള്ള സംവരണത്തിലും സംവരണാർഹരായ മറ്റ് മതസ്ഥരെ ഒഴിവാക്കുന്ന സാഹചര്യത്തിൽ, ഉചിതമായ മാറ്റത്തോടെ പാലിക്കേണ്ടതാണ്" എന്ന് കൂടി ഉൾപ്പെടുത്തണം എന്നതാണ് എന്റെ ഭേദഗതി.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

311. ഖണ്ഡം 6(6)-ൽ, "മറ്റ് സേവന" എന്നീ വാക്കുകൾക്കുശേഷം "വേതന" എന്ന വാക്ക് ചേർക്കുക.

6-ാം വകുപ്പിലെ 6-ാം ഉപവകുപ്പിൽ 'ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനരീതിയും ശമ്പളവും അലവൻസുകളും അച്ചടക്കവും മറ്റ് സേവന വ്യവസ്ഥകളും' എന്ന് പറഞ്ഞിട്ടുള്ളിടത്ത് 'വേതനം' എന്ന ഒരു വാക്ക് കൂടി ചേർത്ത് 'സേവന വേതന' എന്നാക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

312. ഖണ്ഡം 6(6)-ൽ, "സർക്കാർ ജീവനക്കാർക്ക്" എന്നീ വാക്കുകൾക്ക് മുമ്പിൽ "കേരള " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 6(6)-ൽ, സർക്കാർ ജീവനക്കാർക്ക് എന്നുപറഞ്ഞാൽ അത് കേന്ദ്ര സർക്കാരാണോ കേരള സർക്കാരാണോ എന്ന് അറിയാൻ കഴിയാത്തതിനാൽ 'കേരള സർക്കാർ' എന്ന വാക്കുകൾകൂടി ചേർക്കണം.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്.

<u>ശിവകുമാർ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(അംഗങ്ങളാരും ഭേദഗതികൾ പ്രസ്സ് ചെയ്തില്ല)

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 281, 297, 302, 310 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 282, 313 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ശശി അവതരിപ്പിച്ച 285, 290, 294, 299, 304 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 286, 287, 291, 296, 300, 305, 307 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. അച്ചുതൻ അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 295-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 298, 301 എന്നീ നമ്പർ ഭേദഗതികൾ

സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 303, 308 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 306-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 311- ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 312- ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ......

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഏഴാം വകുപ്പ്**

(ഭേദഗതിയില്ല)

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ......

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എട്ടാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

314. ഖണ്ഡം 8(1)-ൽ,

(i) "സ്ഥലത്തും സമയത്തും" എന്നീ വാക്കുകൾക്ക് ശേഷം "ഏറ്റവും കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലും മറ്റ് സന്ദർഭങ്ങളിൽ" എന്നീ വാക്കുകൾ ചേർക്കുക.

(ii) "ആവശ്യമായി വരുമ്പോഴെല്ലാം" എന്നീ വാക്കുകൾക്ക് പകരം "ആവശ്യമായി വരുമ്പോഴെല്ലാമും" എന്നീ വാക്കുകൾ ചേർക്കുക.

328. ഖണ്ഡം 8(5)-ൽ, "അല്ലെങ്കിൽ" എന്ന വാക്കിനു ശേഷമുള്ള വാക്കുകൾ ഒഴിവാക്കുകയും പകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുകയും ചെയ്യുക.

"അംഗത്തിനുള്ള കാസ്റ്റിംഗ് വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതുമാണ്"

329. ഖണ്ഡം 8(5)-ൽ, "അംഗത്തിന്" എന്ന വാക്കിനു ശേഷമുള്ള "ഒരു" എന്ന വാക്ക് നീക്കം ചെയ്യുക.

<u>ശ്രീമതി കെ. എസ്. സലീഖ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

315. ഖണ്ഡം 8(1)-ൽ, "ബോർഡിന്റെ യോഗം ചേരേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "ബോർഡിന്റെ യോഗം ചേരേണ്ടതും അല്ലാത്തപക്ഷം മാസത്തിൽ ഒരു യോഗം കൃത്യമായി ചേരേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

317. ഖണ്ഡം 8(2)-ൽ, "ചെയർപേഴ്സന്റെ ശിപാർശയിൻമേൽ" എന്നീ വാക്കുകൾക്ക് പകരം "ചെയർമാൻ/ചെയർപേഴ്സന്റെ നിർദ്ദേശങ്ങൾ പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

334. ഖണ്ഡം 8(6)-ൽ, "ഒപ്പുവയ്ക്കേണ്ടതുമാണ്" എന്ന വാക്കിനു പകരം "ഒപ്പുവയ്ക്കേണ്ടതും അല്ലാത്ത പക്ഷം പ്രസ്തുത യോഗം നിയമവിധേയ മല്ലാത്തതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 8(6)-ൽ, സെക്രട്ടറി ഓരോ യോഗത്തിന്റെയും നടപടിക്രമങ്ങളുടെ മിനിട്ട്സ് ഈ ആവശ്യത്തിലേയ്ക്കായുള്ള ഒരു ബുക്കിൽ സൂക്ഷിക്കേണ്ടതും അതിൽ ചെയർപേഴ്സണും അല്ലെങ്കിൽ അദ്ധ്യക്ഷത വഹിക്കുന്ന ആളുകളും ഇതിൽ ഒപ്പുവയ്ക്കേണ്ടതാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. ഇതൊരു ബില്ലായതിനാൽ ഒപ്പുവച്ചില്ലെങ്കിൽ എന്താണ് എന്നുകൂടി അറിയണം. അതുകൊണ്ട് 'ഒപ്പുവയ്ക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത യോഗം നിയമവിധേയമല്ലാത്തതുമാണ് എന്നുകൂടി

ചേർക്കണം എന്നതാണ് 334-ാം നമ്പർ ഭേദഗതി.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

316. ഖണ്ഡം 8(1) ന ശേഷം താഴെപറയുന്ന ക്ലിപ്ത നിബന്ധനകൾ ചേർക്കുക:
"എന്നാൽ, രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള ആറുമാസത്തിൽ കൂടുതൽ അധികരിക്കാൻ പാടുള്ളതല്ല."
എന്നിരുന്നാലും, അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ ചെയർപേഴ്സൺ യോഗം ചേരുന്നതിന് ശിപാർശ നൽകേണ്ടതാണ്".

321. ഖണ്ഡം 8(3)-ൽ, "ചെയർപേഴ്സണും" എന്നീ വാക്കിനു പകരം "ചെയർപേഴ്സൺ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്." എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

330. ഖണ്ഡം 8(5)-ൽ, "അംഗത്തിന് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾക്ക് പകരം "അംഗത്തിന് ആ സംഗതിയിന്മേൽ തീരുമാനം എടുക്കാവുന്നതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

332. ഖണ്ഡം 8(6) "നടപടിക്രമങ്ങളുടെ മിനിട്സ്" എന്നീ വാക്കുകൾക്ക് പകരം "നടപടിക്രമങ്ങൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

324. ഖണ്ഡം 8(4)-ൽ, "ചെയർപേഴ്സൺ" എന്ന വാക്കിനു പകരം "അദ്ധ്യക്ഷൻ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

325. ഖണ്ഡം 8(4)-ൽ, "നാല്" എന്ന വാക്കിനു പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

327. ഖണ്ഡം 8(5)-ൽ, "ചെയർപേഴ്സൺ അല്ലെങ്കിൽ അംഗത്തിന്" എന്നീ വാക്കുകൾക്കു പകരം "ചെയർപേഴ്സണോ അല്ലെങ്കിൽ അംഗത്തിനോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

333. ഖണ്ഡം 8(6)-ൽ,

(i) "ബുക്കിൽ" എന്ന വാക്കിനു ശേഷം "തയാറാക്കി" എന്നും;

(ii) " അല്ലെങ്കിൽ" എന്ന വാക്കിനു പകരം "അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ആദ്ധ്യക്ഷം വഹിക്കുന്ന അംഗവും" എന്നും;

(iii) "എല്ലാ" എന്ന വാക്കിന് പകരം "മറ്റ്" എന്നും ചേർക്കുക.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

335. ഖണ്ഡം 8(6) നു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക:

" (7) ബോർഡിന്റെ യോഗങ്ങൾ മൂന്നു മാസത്തിലൊരിക്കൽ

ചേരേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(അംഗങ്ങളാരും ഭേദഗതികൾ പ്രസ്സ് ചെയ്തില്ല)

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 314, 328, 329 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 315, 317, 334 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 316, 321, 330, 332 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 325ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 327-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 333-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 335-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ......

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഒൻപതാം വകുപ്പ്**

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

339. ഖണ്ഡം 9 (1)(i)-ൽ, -"എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

353. ഖണ്ഡം 9 (1) (ii)- ൽ, " പരമ്പരാഗത തസ്തികകൾ ഒഴികെയുള്ള"

എന്നീ വാക്കുകൾക്ക് പകരം "എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

357. ഖണ്ഡം 9(i)(ii)-ൽ, "ഉദ്യോഗാർത്ഥികളുടെ എഴുത്തു പരീക്ഷ അല്ലെങ്കിൽ ഇന്റർവ്യൂ അല്ലെങ്കിൽ " എന്നീ വാക്കുകൾ ഒഴിവാക്കുക.

386. ഖണ്ഡം 9(3)(i)-ൽ, "ബോർഡ് എഴുത്തുപരീക്ഷ അല്ലെങ്കിൽ ഇന്റർവ്യൂ അല്ലെങ്കിൽ എഴുത്തുപരീക്ഷയും ഇന്റർവ്യൂവും" എന്നീ വാക്കുകൾക്കു പകരം "എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തി ലിസ്റ്റുകൾ തയ്യാറാക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

387. ഖണ്ഡം 9(3)(i)-ൽ, " എഴുത്തുപരീക്ഷ അല്ലെങ്കിൽ ഇന്റർവ്യൂ അല്ലെങ്കിൽ " എന്നീ വാക്കുകൾ ഒഴിവാക്കുക.

407. ഖണ്ഡം 9(5)-ന് ശേഷം താഴെപറയുന്നത് ഉപഖണ്ഡം (6) ആയി ചേർക്കുകയും ശേഷിക്കുന്നവ പുന:ക്രമീകരിക്കുകയും ചെയ്യുക.

"(6) നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്."

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

340. ഖണ്ഡം 9 (1)(i)-ൽ,- "പരമ്പരാഗത ട്രസ്റ്റികളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ട്രസ്റ്റികളും ഒഴികെയുള്ള മറ്റ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

408. ഖണ്ഡം 9(6)-ൽ, "സെലക്ട് ലിസ്റ്റിന്" എന്നീ വാക്കുകൾക്കു ശേഷം "യഥാസമയം" എന്ന വാക്ക് ചേർക്കുക.

<u>ശ്രീമതി കെ. എസ്. സലീഖ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

341. ഖണ്ഡം 9 (1)(i)-ൽ,- "പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെയുള്ള മറ്റു വിവിധ തസ്തികകളിലേയ്ക്ക് "എന്നീ വാക്കുകൾക്കു പകരം "ബോർഡിന്റെ കീഴിൽ വരുന്ന സ്ഥിര നിയമനത്തിനുള്ള എല്ലാ തസ്തികകളിലേയ്ക്കും" എന്നീ വാക്കുകൾ ചേർക്കുക.

354. ഖണ്ഡം 9(i)(ii)-ൽ, "പരമ്പരാഗത തസ്തികകൾ ഒഴികെയുള്ള വിവിധ തസ്തികകളിലേക്ക്" എന്നീ വാക്കുകൾക്കു പകരം "സ്ഥിരം തസ്തികകളിലേക്ക് ഉള്ള എല്ലാ നിയമനങ്ങൾക്കും വേണ്ടിയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

366. ഖണ്ഡം 9(1) (iii)-ൽ, "സെലക്ട് ലിസ്റ്റിൻെറ" എന്നീ വാക്കുകൾക്കു പകരം "റാങ്ക് ലിസ്റ്റിൻെറ" എന്നീ വാക്കുകൾ ചേർക്കുക.

372. ഖണ്ഡം 9(i)(iv)-ൽ, "മറ്റേതെങ്കിലും പരീക്ഷ" എന്നീ വാക്കുകൾക്ക് പകരം "എല്ലാ പരീക്ഷകളും" എന്നീ വാക്കുകൾ ചേർക്കുക.

375. ഖണ്ഡം 9(i)(v)-ൽ, "ബോർഡുകളിൽ നിന്നും പരീക്ഷയുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ ആവശ്യപ്പെടുകയും കരസ്ഥമാക്കുയും ചെയ്യുക" എന്നീ വാക്കുകൾക്ക് പകരം "ബോർഡുകളിൽ ഒഴിവു വരുന്ന തസ്തികകൾ തുടങ്ങി പുതിയ തസ്തികകൾ വരെയുള്ള ബന്ധപ്പെട്ട വിശദാംശങ്ങൾ ആരായുകയും അവ കരസ്ഥമാക്കുകയും യഥാസമയം പരീക്ഷയുടെ നോട്ടിഫിക്കേഷനുകൾ നൽകുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കുക.

380. ഖണ്ഡം 9(2)-ൽ, " അന്തിമ സെലക്റ്റ് ലിസ്റ്റ്"എന്നീ വാക്കുകൾക്കു പകരം "റാങ്ക് ലിസ്റ്റ്"എന്നീ വാക്കുകളും "പരീക്ഷയുടെ രേഖകൾ സൂക്ഷിക്കുന്നതിനും" എന്നീ വാക്കുകൾക്കു പകരം "പരീക്ഷയുടെ രേഖകൾ ഭാഗികമായി സൂക്ഷിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തുടർന്നു വരുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രം നടപടികൾ

സ്വീകരിക്കാൻ"എന്നീ വാക്കുകളും ചേർക്കുക.

393. ഖണ്ഡം 9 (3)(i) താഴെപറയും പ്രകാരം മാറ്റുക:-

"(i) ബോർഡ് നടത്തുന്ന പരീക്ഷകളിൽ എല്ലാ തസ്തികകളിലേയ്ക്കും എഴുത്തു പരീക്ഷ നിർബന്ധമാക്കുകയും ഏതെല്ലാം തസ്തികകളിൽ ഇന്റർവ്യൂ വേണ്ടതെന്ന് തീരുമാനം എടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എഴുത്തുപരീക്ഷ വേണ്ടതിന് എഴുത്തുപരീക്ഷയും, എഴുത്തുപരീക്ഷയും ഇന്റർവ്യൂവും വേണ്ടതിന് ആയതും നടത്തി റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കേണ്ടതുമാണ്;"

396. ഖണ്ഡം 9 (3)(ii) താഴെപറയും പ്രകാരം മാറ്റുക:-

"(ii) ബോർഡിന്റെ കീഴിലെ എല്ലാ ദേവസ്വം ബോർഡുകൾക്കുവേണ്ടിയും ഓരോ തസ്തികകൾക്കും വേണ്ടി ഒരു പൊതു പരീക്ഷയും അതിന്റെ അടിസ്ഥാനത്തിൽ പൊതു ലിസ്റ്റ് ഉണ്ടാക്കുകയും വരുന്ന ഒഴിവുകളിലേയ്ക്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്തുകയും അവർക്ക് വിവിധ ദേവസ്വം ബോർഡുകളിലേയ്ക്ക് പരസ്പര ബോർഡ് മാറ്റം നൽകുകയും ചെയ്യാവുന്നതാണ്;"

403. ഖണ്ഡം 9(4)-ൽ, "സെലക്ട് ലിസ്റ്റ്" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം "റാങ്ക് ലിസ്റ്റ്" എന്നീ വാക്കുകൾ ചേർക്കുക.

413. ഖണ്ഡം 9(6)-ൽ "നൽകേണ്ടത്" എന്ന വാക്കിനു പകരം " നൽകേണ്ടതും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മാനദണ്ഡങ്ങൾ പ്രകാരം ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

343. ഖണ്ഡം 9(1)(i)-ൽ "എയിഡഡ്" എന്ന വാക്കിന് മുൻപ് "ദേവസ്വം ബോർഡിനു കീഴിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

374. ഖണ്ഡം 9(i)(v)-ൽ, "ബന്ധപ്പെട്ട" എന്ന വാക്കിനു പകരം "ഈ ആക്റ്റിന്റെ പരിധിയിൽ വരുന്ന" എന്നീ വാക്കുകൾ ചേർക്കുക.

378. ഖണ്ഡം 9(2)-ൽ, "ശരിയായ" എന്ന വാക്കിനു പകരം "കാര്യക്ഷമമായ" എന്ന വാക്ക് ചേർക്കുക.

385. ഖണ്ഡം 9(3)(i)-ൽ, "അപേക്ഷകൾ " എന്നതിനു പകരം " അപേക്ഷ" എന്ന് ചേർക്കുക.

397. ഖണ്ഡം 9(3)(iii)ൽ, "അപേക്ഷകൻ "എന്നതിനു പകരം "ഉദ്യോഗാർത്ഥി" എന്ന് ചേർക്കുക.

399. ഖണ്ഡം 9(3)(iii)ൽ,"അപേക്ഷകന് "എന്നതിനു പകരം "ഉദ്യോഗാർത്ഥിക്ക് " എന്ന് ചേർക്കുക.

400. ഖണ്ഡം 9(3)(iii)-നുശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക: "എന്നാൽ, ഉദ്യോഗാർത്ഥി ബോർഡ് നടത്തുന്ന പരീക്ഷകളിൽ വിവിധ തസ്തികകളിലേക്ക് അപേക്ഷിക്കുകയും അതിൽ ഒന്നിൽ കൂടുതൽ തസ്തികകൾക്ക് ഒരേ ദിവസം ബോർഡ് പരീക്ഷ നടത്തുന്ന സാഹചര്യമുണ്ടായാൽ 3(iii)-ൽ സൂചിപ്പിച്ച അവകാശം നിലനിൽക്കുന്നതല്ല."

410. ഖണ്ഡം 9(6)-ൽ, "അഡ്വൈസ്" എന്ന വാക്കിനു പകരം "നിയമനശുപാർശ ലിസ്റ്റിൽ ഉൾപ്പെട്ട" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 9(1)(i)-ൽ 'എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ' എന്നത് ബോർഡിനു കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നാണ് വരേണ്ടത്. നിർവ്വചനത്തിലും പീഠികയിലും ഇത്തരത്തിൽ ഭേദഗതി ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ദേവസ്വം ബോർഡിന്റെ കീഴിലുള്ള എന്നുകൂടി

ചേർക്കണം എന്നതാണ് 343-ാം നമ്പർ ഭേദഗതി.

400-ാം നമ്പർ ഭേദഗതി വളരെ പ്രധാനപ്പെട്ടതാണ്. അതിൽ ഒരു വാക്ക് പറയാനുണ്ടായിരുന്നു. 'അപേക്ഷകൻ ഒന്നിൽ കൂടതൽ തസ്തികളിലേയ്ക്കോ ഒന്നിൽ കൂടുതൽ ദേവസ്വം ബോർഡിലേയ്ക്കോ അപേക്ഷിക്കുന്ന പക്ഷം അങ്ങനെയുള്ള അപേക്ഷകന് ഒന്നിൽ കൂടുതൽ പരീക്ഷകളിൽ ഹാജരാകുന്നതിനുള്ള അവകാശം നിഷേധിക്കുവാൻ പാടില്ല' എന്നാണ് പറഞ്ഞിട്ടുള്ളത്. അതായത് ഒന്നിൽ കൂടുതൽ അവസരം കൊടുക്കാമെന്നാണ് അതിന്റെ അർത്ഥം. അതിൽ ഒരു പ്രൊവിസോ ചേർക്കണമെന്നാണ് എന്റെ ഭേദഗതി. "എന്നാൽ, ഉദ്യോഗാർത്ഥി ബോർഡ് നടത്തുന്ന പരീക്ഷകളിൽ വിവിധ തസ്തികകളിലേയ്ക്ക് അപേക്ഷിക്കുകയും അതിൽ ഒന്നിൽ കൂടുതൽ തസ്തികകളിലേയ്ക്ക് ഒരേ ദിവസം ബോർഡ് പരീക്ഷ നടത്തുന്ന സാഹചര്യമുണ്ടായാൽ 3 (iii)-ൽ സൂചിപ്പിക്കുന്ന അവകാശം നിലനിൽക്കുന്നതല്ല" എന്ന് ചേർക്കണം. അങ്ങനെ ഇല്ലാതിരുന്നുവെങ്കിൽ ഒരേ സമയത്ത് രണ്ടോ മൂന്നോ സ്ഥലത്ത് പരീക്ഷ നടത്തുമ്പോൾ ഇങ്ങനെയൊരു അവകാശം നിൽക്കുമ്പോൾ പല ആളുകളും പരീക്ഷ എഴുതി കാണും. ഈ ഒരു അവകാശത്തിന്റെ അടിസ്ഥാനത്തിൽ ഒരാൾക്ക് ഒരു സ്ഥലത്തേ പരീക്ഷ എഴുതാൻ സാധിക്കുകയുള്ളൂ. പക്ഷേ അദ്ദേഹത്തിന് ആ അർഹത വച്ചുകൊണ്ട് മറ്റ് പരീക്ഷ

നടത്തിയവരോട് തനിക്ക് ഇങ്ങനെയൊരു അവസരമുണ്ട് എന്ന് പറഞ്ഞ്, നടത്തിയ പരീക്ഷകൾ റദ്ദാക്കേണ്ട സാഹചര്യമുണ്ടാകുമ്പോൾ ആ ലിസ്റ്റ് ക്യാൻസൽ ചെയ്യേണ്ടി വരും. അത് വളരെ പ്രധാനപ്പെട്ടതാണ്. ബോർഡിന്റെ പ്രവർത്തനത്തിനും ഉദ്യോഗാർത്ഥികൾക്കും ബുദ്ധിമുട്ടുണ്ടാകും. ഒരാൾക്ക് ഒന്നിൽ കൂടുതൽ അവസരം നൽകുകയെന്നുള്ളത് നല്ലതാണെങ്കിലും ഒരേദിവസം ഗുരുവായൂർ ദേവസ്വത്തിന്റെയോ അതുപോലുള്ള മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് ഒരേ സമയം അപേക്ഷ കൊടുക്കുകയാണെങ്കിൽ ആയിരക്കണക്കിന് അപേക്ഷകർ പരീക്ഷ എഴുതിയിട്ടുണ്ടാകാം. പക്ഷേ ഒരാൾക്ക് വേണമെങ്കിൽപ്പറയാം, അവിടെ കിട്ടിയില്ലെങ്കിൽ 'ഞാൻ അവിടെ അപേക്ഷ കൊടുത്തിരുന്നു, ഈ ആക്ടിന്റെ 3 പ്രകാരം എനിക്ക് അവിടെയും കൊടുക്കാമായിരുന്നു 'അതുകൊണ്ട് ലിസ്റ്റ് ക്യാൻസൽ ചെയ്യണം' എന്നുപറഞ്ഞാൽ പരീക്ഷ എഴുതിയ അപേക്ഷകർ വഴിയാധാരമാകുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് ഈ പ്രൊവിസോ ഉൾപ്പെടുത്തുന്നത് നല്ലതാണ്. അത് ബോർഡിന്റെയും ഉദ്യോഗാർത്ഥികളുടെയും താൽപ്പര്യം സംരക്ഷിക്കാൻ ഇടയാകും. അതിൽ ഞാൻ പറഞ്ഞിട്ടുള്ളത് ഖണ്ഡം 9 (3) (iii) നുശേഷം പ്രസ്തുത പ്രൊവിസോ കൂടി ഉൾപ്പെടുത്തിയാൽ എല്ലാം ക്ലിയർ ആകും.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

344. ഖണ്ഡം 9(1)(i)-ൽ "ഒഴികെയുള്ള"- എന്നതിനു പകരം "ഉൾപ്പെടെയുള്ള" എന്നു ചേർക്കുക.

368. ഖണ്ഡം 9(1) (iii)-ൽ, "ക്രമീകരണങ്ങളും" എന്ന വാക്കിനുശേഷം "പബ്ലിക് സർവ്വീസ് കമ്മീഷൻ മാതൃകയിൽ" എന്നീ വാക്കുകൾ ചേർക്കുക.

369. ഖണ്ഡം 9(1) (iv)-ൽ, "ഭരമേൽപ്പിച്ച" എന്നതിനു പകരം "ചുമതല ഏൽപ്പിച്ച" എന്നത് ചേർക്കുക.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

345. ഖണ്ഡം 9(1)(i)-ൽ "ഒഴികെയുള്ള മറ്റു" എന്നീ വാക്കുകൾക്കു പകരം "ഉൾപ്പെടെയുള്ള" എന്ന വാക്ക് ചേർക്കുക.

349. ഖണ്ഡം 9 (1) (i) – ൽ, " റെഗുലേഷനുകളിലേയും " എന്ന വാക്കിന് ശേഷം "കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അനുശാസിക്കുന്ന സംവരണ നിയമന" എന്നീ വാക്കുകൾ കൂട്ടിചേർക്കുക.

352. ഖണ്ഡം 9 (1) (ii)– ൽ, " പരമ്പരാഗത ട്രസ്റ്റികകൾ ഒഴികെയുള്ള" എന്നീ വാക്കുകൾ ഒഴിവാക്കുക.

358. ഖണ്ഡം 9(i)(ii)-ൽ, " എഴുത്തു പരീക്ഷ അല്ലെങ്കിൽ ഇന്റർവ്യൂ അല്ലെങ്കിൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

362. ഖണ്ഡം 9 (1)(ii)-ൽ " നടത്തുകയും" എന്ന വാക്കിന് ശേഷം "കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അനുശാസിക്കുന്ന സംവരണ നിയമന ചട്ടങ്ങൾക്ക് വിധേയമായി " എന്നീ വാക്കുകൾ ചേർക്കുക.

388. ഖണ്ഡം 9(3)(i)-ൽ, " എഴുത്തുപരീക്ഷ അല്ലെങ്കിൽ ഇന്റർവ്യൂ അല്ലെങ്കിൽ " എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീമതി കെ. കെ. ലതിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

347. ഖണ്ഡം 9(1)(i)-ൽ, "ഈ ആക്റ്റിലേയും" എന്നീ വാക്കുകൾക്ക് ശേഷം "ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ" എന്നീ വാക്കുകൾ ചേർക്കുക.

381. ഖണ്ഡം 9(2)-ൽ, “ ഉത്തരവാദിയായിരിക്കുന്നതാണ്." എന്ന വാക്കിനുശേഷം "ഇതിൽ വീഴ്ച വരുത്തുന്നവരെ നിർണ്ണയിക്കപ്പെടാവുന്ന വിധം ശിക്ഷിക്കേണ്ടതാണ്"എന്നീ വാക്കുകൾ ചേർക്കുക.

401. ഖണ്ഡം 9(3)(iii)-നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കുക: "എന്നാൽ, തെറ്റായ വിവരങ്ങൾ നൽകുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരാക്കുവാൻ ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്. "

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

348. ഖണ്ഡം 9 (1) (i) - ൽ, “ റെഗുലേഷനുകളിലേയും " എന്ന വാക്ക് ഒഴിവാക്കുക.

392. ഖണ്ഡം 9 (3)(i) താഴെപറയും പ്രകാരം മാറ്റുക:-
"(i) ബോർഡ് അപേക്ഷകരായ ഉദ്യോഗാർത്ഥികളെ എഴുത്തുപരീക്ഷ യുടെയോ, എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയുമോ അടിസ്ഥാനത്തിൽ സെലക്ട് ലിസ്റ്റ് റാങ്കിന്റെ ക്രമത്തിൽ

തയ്യാറാക്കേണ്ടതാണ്;."

സ്വാഭാവികമായും ദേവസ്വം ബോർഡ് ആയിരിക്കും റെഗുലേഷൻ കൊണ്ടുവരുന്നത്. അതിനാൽ റിക്രൂട്ട്മെന്റ് ബോർഡിൽ കൈകടത്തുന്നതിന് എല്ലാ സാഹചര്യവും ഉണ്ടാകും. ബോർഡിന്റെ ചുമതലകൾ, ജീവനക്കാരുടെ നിയമനം, സംവരണം എല്ലാം സർക്കാർ ചട്ടങ്ങൾ പ്രകാരം ആയിരിക്കണം. അല്ലാതെ ദേവസ്വം ബോർഡിന്റെ ഏതെങ്കിലും റെഗുലേഷൻ പ്രകാരം ആകരുത്. അതിനാണ് 348-ാം നമ്പർ ഭേദഗതി. അതുപോലെ നിയമനങ്ങളിൽ ഇന്റർവ്യൂ മാത്രം ഏർപ്പെടുത്തുന്നത് അഴിമതിക്ക് ഇടയാക്കും. അതിനാൽ എക്സാമും ഇന്റർവ്യൂവും നടത്തി സെലക്ട് ചെയ്യണമെന്ന് പറയുന്നുണ്ട്. അതിൽ ഇന്റർവ്യൂ എന്നു മാത്രം പറയുന്നത് എടുത്തുകളയണം.

<u>ഡോ. എൻ. ജയരാജ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

350. ഖണ്ഡം 9 (1) (i)- ൽ, " വ്യവസ്ഥകൾ പ്രകാരം ബോർഡ് തയ്യാറാക്കേണ്ടതാണ് " എന്നതിന് പകരം "വ്യവസ്ഥകൾ പ്രകാരം അതാത് ബോർഡുകളിലേക്ക് പ്രത്യേകമായി തയ്യാറാക്കേണ്ടതാണ് "എന്ന് ചേർക്കുക.

402. ഖണ്ഡം 9(3)ൽ ഇനം (iv) ആയി താഴെപറയുന്നത് ചേർക്കുക.

" (iv) ബന്ധപ്പെട്ട ദേവസ്വം ബോർഡുകൾ, കാലാകാലങ്ങളിൽ

ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ അറിയിക്കേണ്ടതും, കഴിവതും ഭാവിയിൽ ഉണ്ടാകുവാൻ ഇടയുള്ള ഒഴിവുകളുടെ ലിസ്റ്റ് ആറുമാസം കൂടുമ്പോൾ റിക്രൂട്ട്മെന്റ് ബോർഡിനു നൽകേണ്ടതുമാണ്. "

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

355. ഖണ്ഡം 9(i)(ii)-ൽ

(i)"ബന്ധപ്പെട്ട" "അങ്ങനെയുള്ള പരീക്ഷയ്ക്കു വേണ്ടിയുള്ള"എന്നീ വാക്കുകൾ നീക്കം ചെയ്യുക.

(ii)"എഴുത്തു പരീക്ഷയും, ഇന്റർവ്യൂവും"എന്നീ വാക്കുകൾക്കു പകരം " രണ്ടുംകൂടി" എന്നു ചേർക്കുക.

`373. ഖണ്ഡം 9(i)(v)-ൽ, "ബന്ധപ്പെട്ട" എന്ന വാക്ക് നീക്കം ചെയ്യുക.

<u>ശ്രീ. കെ. വി. വിജയദാസ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

359. ഖണ്ഡം 9(i)(ii)-ൽ, "അല്ലെങ്കിൽ" "ഇന്റർവ്യൂ" എന്നീ വാക്കുകൾ ഒഴിവാക്കുക.

389. ഖണ്ഡം 9(3)(i)-ൽ, " അല്ലെങ്കിൽ ഇന്റർവ്യൂ" എന്ന വാക്ക് ഒഴിവാക്കുക.

414. ഖണ്ഡം 9(6) ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക.

"(7) നിയമനങ്ങളിൽ ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്ന

സംവരണതത്വങ്ങൾ പാലിക്കേണ്ടതാണ്.

(8) ഉദ്യോഗാർത്ഥികളുടെ യോഗ്യത, വയസ്സ് തുടങ്ങിയ കാര്യങ്ങൾ അതേ നോട്ടിഫിക്കേഷന മുൻപ് ബോർഡ് നിർണ്ണയിക്കേണ്ടതാണ്."

ശ്രീ. ബി. സത്യൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

361. ഖണ്ഡം 9 (1)(ii)-ൽ, "ഇന്റർവ്യൂ നടത്തുകയും" എന്നീ വാക്കുകൾക്ക് ശേഷം "മറ്റു മതസ്ഥരുടെ അഭാവത്തിൽ ഹിന്ദുമതത്തിൽപ്പെട്ട സംവരണാർഹരായുള്ള വിഭാഗങ്ങൾക്ക് യഥാവിധിയുള്ള സംവരണതത്വം പാലിച്ച് " എന്നീ വാക്കുകൾ ചേർക്കുക.

391. ഖണ്ഡം 9 (3)(i)-ൽ, "ഇന്റർവ്യൂവും നടത്തി" എന്നീ വാക്കുകൾക്ക് ശേഷം "മറ്റ് മതസ്ഥരുടെ അഭാവത്തിൽ ഹിന്ദു മതത്തിൽപ്പെട്ട സംവരണാർഹതയുള്ള വിഭാഗങ്ങൾക്ക് യഥാവിധിയുള്ള സംവരണ തത്വം പാലിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

365. ഖണ്ഡം 9 (1)(iii)-ൽ, "പരീക്ഷയുടെ" എന്നതിന് പകരം "എഴുത്ത് പരീക്ഷയുടെ നടത്തിപ്പും " എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

367. ഖണ്ഡം 9(1) (iii)-ൽ, "ബന്ധപ്പെട്ട" എന്ന വാക്കിനു പകരം "ബന്ധപ്പെട്ടതോ മറ്റ് ആവശ്യമുള്ളതോ ആയ " എന്നീ വാക്കുകൾ ചേർക്കുക.

384. ഖണ്ഡം 9(3)(i)-ൽ, "അപേക്ഷകൾ നൽകിയ ഉദ്യോഗാർത്ഥികൾക്ക്" എന്നീ വാക്കുകൾക്കു പകരം "യോഗ്യരായ അപേക്ഷകർക്ക്" എന്നീ വാക്കുകൾ ചേർക്കുക.

405. ഖണ്ഡം 9(5)-ൽ, "പരീക്ഷയുടെ നടത്തിപ്പിന്" എന്നീ വാക്കുകൾക്കു പകരം "പരീക്ഷയുടെ നടത്തിപ്പിനും മൂല്യനിർണ്ണയത്തിനും ഇന്റർവ്യൂവിനും സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

406. ഖണ്ഡം 9(5)-ൽ, "ബോർഡുകൾക്കുള്ള" എന്ന വാക്കിനു പകരം "ബോർഡുകൾക്കും ഉദ്യോഗാർത്ഥികൾക്കുമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

411. ഖണ്ഡം 9(6)-ൽ, "അഡ്വൈസ്" എന്ന വാക്കിനു പകരം "നിയമനശുപാർശ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

371. ഖണ്ഡം 9(1) (iv)-ൽ, "ബോർഡുമായി" എന്നതിനു പകരം "ബോർഡുകളുമായി" എന്ന് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

377. ഖണ്ഡം 9(2)-ൽ,

(i) "പരീക്ഷയുടെ" എന്ന വാക്കിനു ശേഷം "നിയമ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള" എന്നീ വാക്കുകൾ ചേർക്കുക.

(ii) "മറ്റ് ബന്ധപ്പെട്ട വിഷയങ്ങളിലും" എന്നതിനു ശേഷം "ആവശ്യമായിടത്തോളം" എന്ന് ചേർക്കുക.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

382. ഖണ്ഡം 9(3)(i)-ൽ, " അപേക്ഷകൾ നല്കിയ" എന്നീ വാക്കുകൾക്ക് മുമ്പായി "ബോർഡ് പുറപ്പെടുവിക്കുന്ന വിജ്ഞാനപ്രകാരം"എന്ന് ചേർക്കുക.

<u>ശ്രീ. കെ. അച്ചുതൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

383. ഖണ്ഡം 9(3)(i)-ൽ, " അപേക്ഷകൾ" എന്നതിന് മുമ്പ് "അർഹമായ"എന്ന് ചേർക്കുക.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

390. ഖണ്ഡം 9 (3)(i)-ൽ, "എഴുത്തു പരീക്ഷയും ഇൻറർവ്യൂവും" എന്നീ വാക്കുകൾക്ക് പകരം "ഇവ രണ്ടും കൂടിയോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

395. ഖണ്ഡം 9 (3)(ii)-ൽ, "പരീക്ഷ" എന്ന വാക്കിനു പകരം "പൊതു പരീക്ഷയോ, ഇന്റർവ്യൂവോ അല്ലെങ്കിൽ പരീക്ഷയും, ഇന്റർവ്യൂവും" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

398. ഖണ്ഡം 9(3)(iii)ൽ,-

(i)"അപേക്ഷകൻ "എന്ന വാക്കിനുശേഷം" ഒരേ ദേവസ്വം ബോർഡിലെ" എന്നീ വാക്കുകൾ ചേർക്കുക.

(ii)"ദേവസ്വം ബോർഡുകളിലേക്കോ" എന്നതിനു പകരം "ദേവസ്വം ബോർഡുകളിലെ തസ്തികകളിലേക്കോ " എന്ന് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

412. ഖണ്ഡം 9(6)-ൽ, "അഡ്വൈസ് ഉദ്യോഗാർത്ഥികൾക്കും" എന്നതിനു പകരം "നിയമനശുപാർശ സെലക്ട് ലിസ്റ്റിലെ അർഹരായ ഉദ്യോഗാർത്ഥികൾക്കും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി.സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ മറ്റ് ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(അംഗങ്ങളാരും ഭേദഗതികൾ പ്രസ്സ് ചെയ്തില്ല)

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 339, 353, 357, 386, 387, 407 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 340, 408 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 341, 354, 366, 372, 375, 380, 393, 396, 403, 413 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 343, 374, 378, 385, 397, 399, 410 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 344, 368, 369 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 345, 349, 352, 358, 362, 388 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച 347, 381, 401 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 348, 392 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 350, 402 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 355, 373 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 359, 389, 414 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 361, 391 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 365 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 367, 384, 405, 406, 411 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 382 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. അച്ചുതൻ അവതരിപ്പിച്ച 383-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 398-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 412-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഒൻപതാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പ്**

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

**പത്താം വകുപ്പ്**

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

416. ഖണ്ഡം 10-ൽ, "സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും" എന്നീ വാക്കുകൾക്ക് പകരം "ലാഭകരമായി പ്രവർത്തിക്കുന്ന ദേവസ്വം ബോർഡുകളിൽ നിന്നും ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിൽ സർക്കാർ കാലാകാലങ്ങളിൽ ഒരു നിശ്ചിത തുക നിയമസഭയുടെ അനുമതിയോടുകൂടി കൈമാറുകയും ആ തുകയിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീമതി കെ.എസ്.സലീഖ</u> : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ............

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>പതിനൊന്നാം വകുപ്പ്</u>

<u>മി. സ്പീക്കർ</u>: ശ്രീ. എ. കെ. ബാലൻ തന്നിട്ടുള്ള 417-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലുള്ളതായതുകൊണ്ട് അവതരിപ്പിക്കേണ്ടതില്ല.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ............

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പന്ത്രണ്ടാം വകുപ്പ്**

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

418. ഖണ്ഡം 12-ൽ, "അടുത്ത സാമ്പത്തിക വർഷത്തേക്ക്" എന്നീ വാക്കുകൾക്ക് മുൻപ് "മാർച്ച് 31-ാം തീയതിക്ക് മുൻപ്" എന്നീ വാക്കുകൾ ചേർക്കുക.

419. ഖണ്ഡം 12-ൽ, "പ്രതീക്ഷിക്കാവുന്ന വരവ് ചെലവുകളെ സംബന്ധിച്ച്" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

മി. സ്പീക്കർ:  ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :  ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ:  സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 418, 419 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ  ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിമൂന്നാം വകുപ്പ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

421. ഖണ്ഡം 13(1)-ൽ "ഒരു വാർഷിക സ്റ്റേറ്റ്മെന്റ്" എന്നീ വാക്കുകൾക്ക് പകരം "പ്രതിമാസ സ്റ്റേറ്റ്മെന്റും ഒരു വാർഷിക സ്റ്റേറ്റ്മെന്റും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

422. ഖണ്ഡം 13(1)നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക;

“ (2) ബോർഡിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ ഫിനാൻസ് ഓഫീസർ തയ്യാറാക്കേണ്ടതും, വർഷത്തിലൊരിക്കൽ, ഏറ്റവും ചുരുങ്ങിയത് സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസത്തിനകം, ബോർഡിന്റെ കാര്യങ്ങളിൽ തത്പരരല്ലാത്ത ഏതെങ്കിലും ചാർട്ടേഡ് അക്കൗണ്ടന്റിന്റെ നേതൃത്വത്തിൽ ആഭ്യന്തര ആഡിറ്റ് നടത്തിക്കേണ്ടതാണ്.

(3) ഇപ്രകാരം ആഡിറ്റ് ചെയ്ത കണക്കുകൾ ബോർഡിന്റെ ഏറ്റവും അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതും ബോർഡ് അംഗീകരിച്ച ആഡിറ്റ് റിപ്പോർട്ട് സർക്കാരിലേക്ക് അയച്ച് കൊടുക്കേണ്ടതുമാണ്.

(4) ബോർഡിന്റെ വാർഷിക കണക്കുകളും, ഏതെങ്കിലും പ്രത്യേക ഇടപാടോ ഇടപാടുകളുമോ സർക്കാരിന് സർക്കാർ നിശ്ചയിക്കുന്ന ആഡിറ്റർമാരെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കാവുന്നതാണ്. ഇപ്രകാരം ആഡിറ്റ് ചെയ്ത കണക്കുകൾ ആഡിറ്റർമാർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(5) ഉപവകുപ്പ് (4) പ്രകാരമുള്ള വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻ, നിയമസഭ സമ്മേളനത്തിലാണെങ്കിൽ ആ സമ്മേളനത്തിലും, അല്ലാത്ത പക്ഷം തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിലും സഭയിൽ സമർപ്പിക്കുന്നതിന് സർക്കാർ നടപടിയെടുക്കേണ്ടതാണ്."

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

423. ഖണ്ഡം 13(3)-ൽ, "അധികാരങ്ങളും" എന്ന വാക്കിന് പകരം "ഉത്തരവാദിത്തങ്ങളും" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

424. ഖണ്ഡം 13(4)-ൽ, "വയ്പിക്കേണ്ടതുമാണ്" എന്ന വാക്കിന് പകരം "വയ്ക്കേണ്ടതുമാണ്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി.സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(അംഗങ്ങളാരും ഭേദഗതികൾ പ്രസ്സ് ചെയ്തില്ല)

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 421-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 422-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 423-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 424-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ............

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാലാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

425. ഖണ്ഡം 14-ൽ, "മുൻ സാമ്പത്തിക വർഷത്തിലെ" എന്നീ വാക്കുകൾക്കു പകരം "ഓരോ സാമ്പത്തിക വർഷത്തിലെയും" എന്നീ വാക്കുകൾ ചേർക്കുക.

അക്കൗണ്ടിംഗിനെ സംബന്ധിച്ചാണ്, മുൻസാമ്പത്തിക വർഷത്തെ കണക്കല്ല അതാത് സാമ്പത്തിക വർഷത്തിലെ കണക്കാണ് ഓഡിറ്റ് ചെയ്യേണ്ടതെന്നാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ ഭേദഗതി പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 425-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ............

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനഞ്ചാം വകുപ്പ്

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ തന്നിട്ടുള്ള 426-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിലുള്ളതായതുകൊണ്ട് അവതരിപ്പിക്കേണ്ടതില്ല.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ............

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാറാം വകുപ്പ്

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

428. ഖണ്ഡം 16 (1)- ൽ, "വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്"എന്നീ വാക്കുകൾക്ക് പകരം " നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

429. ഖണ്ഡം 16 (2)- ൽ, " കഴിയുന്നത്ര വേഗം"എന്നീ വാക്കുകൾക്ക് പകരം "തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽത്തന്നെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

430. ഖണ്ഡം 16 (1) ന്റെ ക്ലിപ്തനിബന്ധനയിൽ, "പ്രാരംഭ തീയതി" എന്നീ വാക്കുകൾക്ക് പകരം "പ്രാബല്യ തീയതി" എന്നീ വാക്കുകൾ ചേർക്കുക.

431. ഖണ്ഡം 16 (1) ന്റെ ക്ലിപ്തനിബന്ധനയിൽ "രണ്ടു" എന്ന വാക്കിനു പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 16 (1)-ന്റെ ക്ലിപ്തനിബന്ധനയിൽ 'പ്രാരംഭ തീയതി' എന്നതിനുപകരം 'പ്രാബല്യ തീയതി' എന്നാണ് വരേണ്ടത് എന്നുള്ളതാണ് 430-ാം നമ്പർ ഭേദഗതി. ഖണ്ഡം 16 (1) ന്റെ ക്ലിപ്തനിബന്ധനയിൽ "ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഏതെങ്കിലും വൈഷമ്യങ്ങളുണ്ടാകുന്ന പക്ഷം സർക്കാരിന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം അങ്ങനെയുള്ള വൈഷമ്യം നീക്കം

ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകളുണ്ടാക്കാവുന്നതാണ്. എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്ടിന്റെ പ്രാരംഭ തീയതിമുതൽ രണ്ട് വർഷത്തിനുശേഷം പുറപ്പെടുവിക്കാൻ പാടുള്ളതല്ല" എന്ന് പറഞ്ഞിട്ടുണ്ട്. രണ്ട് വർഷത്തിനുള്ളിൽ റൂൾസുണ്ടാക്കാനുള്ള ഗവൺമെന്റിന്റെ അധികാരത്തെ സംബന്ധിച്ചാണ് പറഞ്ഞിട്ടുള്ളത്. ഇവിടെ പറഞ്ഞിരിക്കുന്ന തീയതി 2014 മാർച്ചാണ് എന്നുപറഞ്ഞാൽ, ചട്ടമുണ്ടാക്കാൻ രണ്ടുവർഷമെന്ന രീതിയിൽ പറയുന്നുണ്ടെങ്കിലും, in effect നമുക്ക് കിട്ടുന്നത് ഏഴ് മാസമാണ്. അതുകൊണ്ട് രണ്ട് വർഷമെന്നുവച്ചതുകൊണ്ട് അതിന്റെ പ്രയോജനം ഏഴ് മാസമേ കിട്ടുകയുള്ളൂ. അതിൽ ഗവൺമെന്റിന് ഭേദഗതി വരുത്താൻ ഏഴ് മാസമേ സമയം കിട്ടുകയുള്ളൂ. അതുകൊണ്ട് രണ്ട് വർഷക്കാലത്തേയ്ക്ക് എന്നുള്ളത് മൂന്ന് വർഷം എന്നാക്കുകയാണെങ്കിൽ ഒരു വർഷവും ഏഴ് മാസവും ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റിന് അധികാരമുണ്ടാകും. ഗവൺമെന്റിന് പുനർചിന്തിക്കാനും പരിശോധിക്കാനും അവകാശമുണ്ടാകും. അതുകൊണ്ട് മൂന്ന് എന്നാക്കണമെന്നാണ് എന്റെ ഭേദഗതി. ഗവൺമെന്റിന് ഇടപെടാനുള്ള അവസരമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(അംഗങ്ങളാരും ഭേദഗതികൾ പ്രസ്സ് ചെയ്തില്ല)

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 428-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 429-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 430, 431 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...........

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനേഴാം വകുപ്പ്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

432. 17-ാം ഖണ്ഡത്തിൽ, " നടത്തിപ്പിനും" എന്ന വാക്കിനു പകരം "നടത്തിപ്പ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. കെ. എൻ. എ ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

433. ഖണ്ഡം 17-ൽ,

"പരീക്ഷയുടെ ശരിയായ നടത്തിപ്പിനും" എന്നീ വാക്കുകൾക്കു പകരം "ബോർഡിനെ അധികാരപ്പെടുത്തിയിട്ടുള്ള പരീക്ഷയുടെ ശരിയായ നടത്തിപ്പിനും മൂല്യ നിർണ്ണയത്തിനും ഇന്റർവ്യൂനും സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും " എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ ഖാദർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 432-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 433-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനെട്ടാം വകുപ്പ്

ശ്രീ. കെ. വി. വിജയദാസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

434. ഖണ്ഡം 18 (1)-ൽ,

"മുൻകാലപ്രാബല്യത്തോടുകൂടിയോ" എന്നതിനു പകരം "ഗസറ്റ് വിജ്ഞാപന തീയതി മുതൽക്ക്" എന്ന് ചേർക്കുക.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

435. ഖണ്ഡം 18 (2) (എ) യ്ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക:-
"(ബി) പരീക്ഷ, ഇന്റർവ്യൂ ഇവയുടെ നടത്തിപ്പ് "

436. ഖണ്ഡം 18 (2) (സി)-യിൽ, " പരീക്ഷയുടെ" എന്ന വാക്കിനു പകരം "പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

438. ഖണ്ഡം 18(2) (എഫ്)-ൽ, "പാലിക്കേണ്ട" എന്ന വാക്കിനുശേഷം "കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ അനുശാസിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ശശി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

439. ഖണ്ഡം 18(2)-ൽ ഇനം (എഫ്) ഒഴിവാക്കി ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുക.

440. ഖണ്ഡം 18(2) ന് ശേഷം താഴെ പറയുന്നത് ചേർത്ത് ശേഷിക്കുന്നത് പുനരക്കം ചെയ്യുകഃ-

" (3) ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ സ്പെഷ്യൽ റൂൾസും പാലിക്കേണ്ട സംവരണവും സംബന്ധിച്ച ചട്ടങ്ങൾ ദേവസ്വം ആക്ടിലെ വ്യവസ്ഥകൾ പാലിച്ച് ഉണ്ടാക്കി നടപ്പാക്കേണ്ടതാണ്".

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

441. ഖണ്ഡം 18(3)-ൽ,

(i) "ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന്" എന്നീ വാക്കുകൾക്ക് പകരം "ചട്ടം ആവശ്യമില്ലെന്ന് "എന്നീ വാക്കുകൾ ചേർക്കുക.

(ii) "അതതു സംഗതി പോലെ" എന്നീ വാക്കുകൾക്ക് പകരം "യഥാവിധി" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(അംഗങ്ങളാരും ഭേദഗതികൾ പ്രസ്സ് ചെയ്തില്ല)

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 434-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 435, 436 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ഗുരുദാസൻ അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ശശി അവതരിപ്പിച്ച 439, 440 എന്നീ നമ്പർ ഭേദഗതികൾ സഭ

നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 441-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ............

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പത്തൊൻപതാം വകുപ്പ്

(ഭേദഗതിയില്ല)

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ............

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചിരിക്കുന്നു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

(ഒന്നാം വകുപ്പും പീഠികയും പേരും)

പി. 30-07-2015 ജെ.എം-എസ്.ഡി.-3 5.30-5.40

## ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ശീർഷകത്തിൽ, "ദേവസ്വം" എന്ന വാക്കിന് ശേഷം " സർവ്വീസ്" എന്ന വാക്ക് ചേർക്കുക.

115. ദീർഘശീർഷകത്തിൽ, പരമ്പരാഗത എന്ന വാക്കിന് ശേഷം;

(1) "തസ്തികകളും" എന്നതിനു പകരം "തസ്തികകൾ" എന്ന് ചേർക്കുക.

(2) "എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും" എന്നീ വാക്കുകൾ ഒഴിവാക്കുക.

109-ൽ 'സർവ്വീസ്' എന്ന വാക്ക് ചേർക്കണം. എന്നാൽ മാത്രമേ ഇതിന്റെ പൂർണ്ണമായ അർത്ഥം പ്രതിഫലിക്കുകയുള്ളൂ.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:-

"2015-ലെ കേരള സംസ്ഥാന ദേവസ്വം നിയമന ബോർഡ് ബിൽ".

118. ദീർഘ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:-

" കേരള സംസ്ഥാനത്തുള്ള എല്ലാ ദേവസ്വം ബോർഡുകളിലേയും പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ എല്ലാ തസ്തികകളും ഉൾപ്പെടെ പ്രസ്തുത മേഖലയിലെ എല്ലാ തസ്തികകളിലേക്കും നിയമനങ്ങൾക്കായിട്ടുള്ള ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കാനായി റാങ്ക് ലിസ്റ്റ് തയ്യാറാക്കാനും അഡ്വൈസ് നൽകാനും ആയത് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മിഷൻ നിയമനങ്ങൾക്കായി അനുവർത്തിച്ചുവരുന്ന മാനദണ്ഡങ്ങൾക്കനുസൃതമായിട്ടും 2007 - ലെ ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ കണ്ടെത്തലുകൾക്കും ശുപാർശകൾക്കും അനുസൃതമായിട്ടും നിയമനതത്വങ്ങൾ സുതാര്യവത്കരിക്കാനായി സ്വയംഭരണാ വകാശത്തോടുകൂടിയ ഒരു സംസ്ഥാന ദേവസ്വം

റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ" .

129. പീഠിക താഴെപ്പറയും പ്രകാരം മാറ്റുക:-

"പീഠിക.- കേരള സംസ്ഥാനത്ത് എല്ലാ ദേവസ്വം ബോർഡുകളിലെയും പരമ്പരാഗത തസ്തികകൾ, എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾക്കും വേണ്ടി ഒരു സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും അതിൽ പ്രസ്തുത നിയമന ലിസ്റ്റ് തയ്യാറാക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മാനദണ്ഡങ്ങൾക്ക് വിധേയമായി നടത്തുന്നതിന് ഒരു ദേവസ്വം നിയമന ബോർഡ് രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ".

133. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക:-

" (1) ഈ ആക്ടിന് 2015-ലെ കേരള സംസ്ഥാന ദേവസ്വം നിയമ ബോർഡ് ആക്റ്റ് " എന്ന പേര് പറയാം".

135. ഖണ്ഡം 1(2)ൽ, "2014 മാർച്ച് 1-ാം തീയതി" എന്നതിനുപകരം "ബിൽ നിയമസഭ പാസ്സാക്കുന്ന തീയതി മുതൽ" എന്നത് ചേർക്കുക.

135-ൽ '2014 മാർച്ച് ഒന്നാം തീയതി' പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ് എന്നാണ് ഇതിനകത്തുള്ളത്. അതിനുപകരം ബിൽ നിയമസഭ പാസ്സാക്കുന്ന തീയതി മുതൽ എന്ന് ചേർക്കണം.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. ദീർഘശീർഷകത്തിൽ, " ബോർഡുകളിലെ" എന്ന വാക്കിനുപകരം "ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ" എന്നീ വാക്കുകൾ ചേർക്കുക.

116. ദീർഘ ശീർഷകത്തിൽ, " എയിഡഡ് " എന്ന വാക്കിനു മുൻപ് " ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള " എന്നീ വാക്കുകൾ ചേർക്കുക.

119. പീഠികയിൽ "ബോർഡുകളിലെ" എന്ന വാക്കിന് പകരം "ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ" എന്നീ വാക്കുകൾ ചേർക്കുക.

125. പീഠികയിൽ, "എയിഡഡ്" എന്ന വാക്കിനു മുൻപ് "ദേവസ്വം

ബോർഡുകൾക്ക് കീഴിലുള്ള" എന്നീ വാക്കുകൾ

ചേർക്കുക.

112-ൽ കേരള സംസ്ഥാനത്തിലെ 'ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും' എന്നുള്ളതാണ്. 'ബോർഡുകളിലെ' എന്ന വാക്കിനുപകരം 'ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ' എന്നാക്കണം. 'കേരള സംസ്ഥാന ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ' എന്ന് ചേർത്തിട്ട് പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും' എന്നാക്കിയാൽ മാത്രമേ അത് പൂർണ്ണമാകുകയുള്ളൂ. കൃത്യതയുണ്ടാകുകയുള്ളൂ. എയ്ഡഡ് സ്ഥാപനങ്ങൾ എന്നുപറയുമ്പോൾ കുറേയുണ്ട്. ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള എന്നുതന്നെ വരണം. അത് വളരെ അത്യാവശ്യമാണെന്നാണ് എനിക്ക് തോന്നുന്നത്. എയ്ഡഡ് സ്ഥാപനം എന്നുപറഞ്ഞാൽ കുറേ സ്ഥാപനങ്ങളുടെ നിർവ്വചനത്തിൽ വരാത്തതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ, "തസ്തികകളും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ" എന്നീ വാക്കുകൾക്കു പകരം

"തസ്തികകൾ ഒഴികെ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും" എന്നീ വാക്കുകൾ ചേർക്കുക.

ഈ ബില്ലിൽ ദേവസ്വം ബോർഡിലെ ഭൂരിപക്ഷം തസ്തികകളും റിക്രൂട്ട്മെന്റ് ബോർഡിന് പുറത്താണ്. പരമ്പരാഗത തസ്തികകളാണ് ദേവസ്വം ബോർഡിലെ 80 ശതമാനം തസ്തികകളും. പരമ്പരാഗത തസ്തികകളായ ശാന്തി, കഴകം, തളി, പഞ്ചവാദ്യം, തകിൽ, നാദസ്വരം, ആനശേവുഖം, പുറംതളിപ്പ്, പാത്രംതേപ്പ് തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിൽ വരുന്നതാണ്. പരമ്പരാഗത തസ്തികകളിൽ ദേവസ്വം ബോർഡിലെ 80 ശതമാനത്തിന് പുറമേ ദേവസ്വം ബോർഡിലെ നാല് എയ്ഡഡ് കോളേജ്, ഒരു അൺഎയ്ഡഡ് കോളേജ്, 21 സ്കൂളുകൾ, ഒരു കലാപീഠം ഈ സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഈ ബില്ലിൽ വരുന്നില്ല. ചുരുക്കത്തിൽ ദേവസ്വം ബോർഡിലെ ക്ലർക്കിനെയും പ്യൂണിനെയും മാത്രം നിയമിക്കാനാണ് ഈ ബിൽ. ഇതുകൊണ്ട് പ്രത്യേകിച്ച് ഒരു പ്രയോജനവുമില്ല. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം വേണമെന്ന് ഹൈക്കോടതി വിധി നിലനിൽക്കുന്ന ഒരു ഘട്ടത്തിൽപ്പോലും ആ നിയമം ബഹുമാനപ്പെട്ട നിയമസഭയ്ക്ക് ഹൈക്കോടതി വിധിയുടെ ഇന്റൻഷൻ മനസ്സിലാക്കി ആ വിധിക്ക് ശേഷം വരുന്ന ഒരു പ്രധാനപ്പെട്ട ബിൽ എന്ന നിലയിൽ ഇതിനോട് എങ്കിലും നീതി ചെയ്യാൻ നമുക്ക് കഴിയണ്ടേ;

എൻ.എസ്.എസ്., എസ്.എൻ.ഡി.പി., മൈനോറിറ്റി അവിടെയൊക്കെ ചിലപ്പോൾ പ്രശ്നം ഉണ്ടാകാം. ഇത് നമ്മുടെ നിയന്ത്രണത്തിലുള്ളതല്ലേ; ഒരു നിയമത്തിന് നമ്മൾ ഇപ്പോൾ രൂപം കൊടുക്കുകയാണ്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ആദ്യമായി രൂപം കൊള്ളുന്ന ഒരു നിയമം അടിസ്ഥാനവിഭാഗത്തിന് സംവരണം കൊടുത്തുവെന്ന് പറയുമ്പോൾ നമുക്ക് ഒരഭിമാനമല്ലേ; ഇതിനകത്തുനിന്നും ഒഴിവാക്കുകയാണ്. ആർക്കുവേണ്ടിയാണ് ഈ നിയമം ഉണ്ടാക്കുന്നത്; ഇവിടെ കൃത്യമായി പറഞ്ഞിട്ടുണ്ടല്ലോ; തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 4735 ജീവനക്കാരിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ 85 പേർ മാത്രമാണ്. 1.5 ശതമാനം. ദേവസ്വം ബോർഡിലെ 1434 ജീവനക്കാരിൽ 73 പേരാണ് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ. മലബാർ ദേവസ്വം ബോർഡിലെ 6320 പേരിൽ എത്ര പേർ പട്ടികജാതിയിൽപ്പെട്ടവരുണ്ട് എന്ന് സർക്കാരിന്റെ കയ്യിൽ കണക്കില്ല. കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വം എന്നിവിടങ്ങളിലെ സ്ഥിതി ഇതിലും മോശമായിരിക്കും. ഇത്തരം ഒരു സാഹചര്യത്തിൽ എന്ത് സാമൂഹ്യ നീതിയാണ് അടിസ്ഥാനവർഗ്ഗത്തിന് നമ്മൾ ഈ നിയമത്തിന്റെ ഭാഗമായി കൊടുക്കുന്നത്; എന്റെ ഭേദഗതി, 'കേരള സംസ്ഥാനത്തിലെ ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ

സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ' എന്നുള്ളതിൽ 'ഒഴികെ' എന്നുള്ളത് മാത്രം മാറ്റിയാൽ മതിയാകും.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

117. ദീർഘ ശീർഷകത്തിൽ, " ദേവസ്വം റിക്രൂട്ട്മെന്റ് " എന്നതിനു പകരം " ദേവസ്വം സർവ്വീസ് റിക്രൂട്ട്മെന്റ്" എന്ന് ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

122. പീഠികയിൽ, "പരമ്പരാഗത തസ്തികകളും എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികളും ഒഴികെ മറ്റ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

126. പീഠികയിൽ, "എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

127. പീഠികയിൽ, 'ഒഴികെ' എന്ന വാക്കിനു പകരം 'ഉൾപ്പെടെ' എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. ഖണ്ഡം 1(1)ൽ, "കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്" എന്നതിനുപകരം "കേരള സംസ്ഥാന ദേവസ്വം സർവ്വീസ് റിക്രൂട്ട്മെൻറ് ബോർഡ്" എന്ന് ചേർക്കുക.

132. ഖണ്ഡം 1(1)ൽ, "ദേവസ്വം" എന്ന വാക്കിനുശേഷം "സർവ്വീസ്" എന്ന വാക്ക് ചേർക്കുക.

'കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്' എന്നതിനുപകരം 'കേരള സംസ്ഥാന ദേവസ്വം സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ്' എന്നാക്കിമാറ്റണം എന്നാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല. ബഹുമാനപ്പെട്ട അംഗം

എ.കെ. ബാലൻ പറഞ്ഞ പാരമ്പര്യക്കാർ എന്നുപറയുന്നത് 90 ശതമാനം അല്ല. പാരമ്പര്യക്കാർ എന്നുപറയുന്ന കാരായ്മ വിഭാഗം 10 ശതമാനത്തിൽ താഴെ മാത്രമേയുള്ളൂ. കുടുംബപരമായി അവകാശം ലഭിക്കുന്ന ഉദ്യോഗസ്ഥരാണ്. അവർക്ക് സംവരണം കൊടുക്കാൻ പറ്റില്ല. അത് അദ്ദേഹം മനസ്സിലാക്കാതെ പറഞ്ഞതാണ്.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 109, 115 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 111, 118, 129, 133, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 112, 116, 119, 125 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 130, 132 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വായന**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. ദിവാകരൻ: സർ, നമ്മുടെ നിയമസഭയുടെ നിമയനിർമ്മാണ ചരിത്രത്തിൽ മുൻ ഗവൺമെന്റുകൾ പുരോഗമനപരമായി ചർച്ച ചെയ്തു, ജനാധിപത്യപരമായി നിയമസഭയിൽ പാസ്സാക്കിയ നിയമങ്ങൾ ഓരോന്നായി അരിഞ്ഞ് വീഴുകയോ തിരിച്ചുപോകുകയോ ചെയ്യുന്ന ഒരു നിയമനടപടിയാണ് ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഈ റിക്രൂട്ട്മെന്റ് നിയമത്തിൽ കേരളത്തിന് മാതൃകാപരമായ ഇന്ത്യൻ ഭരണഘടനയുടെ ഒരു സ്ഥാപനമായ, പബ്ലിക് സർവ്വീസ് കമ്മീഷനാണ് കഴിഞ്ഞ ഗവൺമെന്റ് നിയമം കൊണ്ടുവന്ന ദേവസ്വം ബോർഡിലെ നിയമനങ്ങൾ വിട്ടത്. അതിനാവശ്യമായ ചട്ടവുമുണ്ടാക്കി. ഇപ്പോൾ ആ നിയമത്തെ റദ്ദാക്കുകയാണ്. ഇന്ന് പാസ്സാക്കാൻ പോകുന്ന ഈ നിയമത്തിന് ഇഷ്ടംപോലെ ഒരു റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടാക്കാം. ഇന്നുവരെ ഉണ്ടായിട്ടുള്ള എല്ലാ റിക്രൂട്ട്മെന്റ് ബോർഡുകളും അഴിമതിയുടെ കേന്ദ്രങ്ങളാണ്. ആ റിക്രൂട്ട്മെന്റ് ബോർഡിൽ കയറുന്നവർ മുതൽ പിന്നീട് യാതൊരു നിയന്ത്രണവുമില്ല. ഇവർ ആരോടും ആൻസറബിളല്ല. പബ്ലിക് സർവ്വീസ് കമ്മീഷനെപോലെയല്ല. ഇത്രയും നിരുത്തരവാദപരമായ, കേരളത്തിലെ ദേവസ്വം ബോർഡിലെ

നിയമനങ്ങളെ സംബന്ധിച്ച് ഇത്രയും ലജ്ജാകരമായൊരു നിയമം ഈ സഭ ഇനി പാസ്സാക്കാനില്ല. ഇതുമാത്രമല്ല, നിങ്ങൾ ഓരോ നിയമങ്ങളും കൊണ്ടുവരുമ്പോൾ എന്താണ് ഉദ്ദേശിക്കുന്നത്? ഞങ്ങളുടെ കാലത്ത് ദേവസ്വം ബോർഡിലെ റിക്രൂട്ട്മെന്റ് നിയമനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള സംവരണത്തിൽ രണ്ട് ഒഴിവുകളുണ്ടായിരുന്നു. അതിൽ ഒന്ന് വനിതയും മറ്റൊന്ന് പുരുഷനുമായിരുന്നു. ഈ രണ്ട് ഒഴിവുകളുംകൂടി ചേർത്ത് ഇപ്പോൾ പട്ടികജാതിക്കാരെ കുളിപ്പിച്ച് കിടത്തിയിരിക്കുകയാണ്. ഒരു ഒഴിവാണ് നിങ്ങൾ അവർക്കായി നൽകിയത്. ഇങ്ങനെയാണോ നിങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സേവനം നടത്താൻ ആവിഷ്കരിച്ചിരിക്കുന്നത്? നിങ്ങൾ ഓരോ നിയമങ്ങളും കൈകാര്യം ചെയ്യുന്നത് എങ്ങനെയാണ്; നിങ്ങളുടെ വീക്ഷണം എന്താണ്? ഈ രാജ്യം മുന്നോട്ടുപോകാനല്ലേ നിങ്ങൾ നോക്കേണ്ടത്? നെൽവയൽ-തണ്ണീർത്തട നികത്തൽ നിരോധന നിയമം ഞങ്ങൾ കൊണ്ടുവന്നു. നിങ്ങൾ എന്തുചെയ്തു? നിങ്ങൾ ആ നിയമത്തെ വെള്ളം ചേർത്ത്, 2008-നുമുകളിലുള്ള എല്ലാവർക്കും സന്തതി പരമ്പരയെ ഫൈൻ അടിച്ചാൽ നിങ്ങൾക്ക് ഭൂമി മുഴുവനും നികത്തി റിയൽ എസ്റ്റേറ്റിന് കൊടുക്കാം. നിങ്ങൾ ഒരിക്കലും അങ്ങനെ ചെയ്യാൻ പാടില്ല. കേരളത്തിലെ കൃഷിവകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്ക് ഇതിനകത്ത് ഒരു അഭിപ്രായവും പറയാനില്ല. ഞങ്ങൾ

നെൽവയൽ നിയമം കൃഷിക്കാർക്കുവേണ്ടിയാണ് കൊണ്ടുവന്നത്. നിങ്ങൾ അതിനെ അരിഞ്ഞ് തകർത്തുകളഞ്ഞു, നിർഭാഗ്യകരമാണ്. ഇനിയും നിങ്ങളുടെ രണ്ടുനിയമങ്ങൾ. നിങ്ങൾ കരുതിയിരിക്കണം, നിങ്ങളുടെ കയ്യിൽ നിൽക്കാൻ പോകുന്നില്ല. വൈദ്യുതി ബോർഡിലെ അവസ്ഥയെ സംബന്ധിച്ച് ഇന്ന് മന്ത്രി പറയുകയുണ്ടായി. എന്താണ് അവിടത്തെ അവസ്ഥ? റിലയൻസ് വരികയാണ്. റിലയൻസിനെതിരായി നിങ്ങൾ ഒരു പ്രമേയം പാസ്സാക്കി. റിലയൻസുകാർ നിങ്ങളെ വിഴുങ്ങാൻ പോകുകയാണ്? ഈ ഇന്ത്യയെ, ഈ കേരളത്തെ, ഇപ്പോൾ പുതിയ ഭരണാധികാരികളുടെ സ്വാധീനത്തിൽ കോർപ്പറേറ്റുകൾ വരികയാണ്. നിങ്ങൾക്ക് അവരെ ചെറുത്തുനിൽക്കാൻ കഴിയില്ല. ഈ ദേവസ്വം ബോർഡിന്റെ സംഭവവികാസങ്ങളിൽ നാളെ റിലയൻസ് ഇടപെടില്ലായെന്നതിന് എന്താണ് ഉറപ്പ്; അതിനെതിരായി എന്തെങ്കിലും നിയമങ്ങൾ ഉണ്ടോ; കേരളത്തിൽ കുത്തകക്കാരും കോർപ്പറേറ്റുകളും കയറി ദേവസ്വം ബോർഡ് പോലുള്ള വളരെ വികാരപരമായ സ്ഥാപനങ്ങളിൽ കൈകടത്താൻ പാടില്ല. ഇത് അതീവ ഗുരുതരമായ നടപടിക്രമങ്ങളാണ്. അപ്പുറത്തിരിക്കുന്ന ഒരാൾ നേരത്തെ എന്നെ ജാതി പറഞ്ഞ് ആക്ഷേപിച്ചു. ഇതൊക്കെയാണല്ലോ നിങ്ങളുടെ മനസ്സിലിരിക്കുന്നത്. ഏതോ ഒരു ജാതിയിൽപ്പെട്ട നാല് മന്ത്രിമാർ പണ്ട് ഉണ്ടായിരുന്നുവെന്നാണ് ഈ ദേവസ്വം

ബില്ലിന്റെ ചർച്ചയിൽ അദ്ദേഹം പറഞ്ഞത്. ഏത് ജാതിയെന്ന് എനിക്കറിയില്ല. നിങ്ങൾക്ക് അറിയാമെങ്കിൽ പറഞ്ഞോളൂ. അങ്ങനെയുള്ള ഒരു സംസ്കാരത്തിന്റെ പ്രതിഫലനമാണ് ഈ ബിൽ. നിങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ഇക്കാലമത്രയും........ ഇവിടെ ഒരുപാട് ആളുകൾ കണക്ക് പറഞ്ഞു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഇൻഡ്യാ മഹാരാജ്യത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാർ എവിടെയെത്തി; നിങ്ങളുടെ 62 കൊല്ലത്തെ ഭരണത്തിൽ എവിടെയാണ് എത്തിയത്, നിങ്ങളുടെ മതന്യൂനപക്ഷങ്ങൾ എവിടെയെത്തി, സച്ചാർ കമ്മീഷനിൽ നിങ്ങൾ എവിടെയാണ് എത്തിയത്. നിങ്ങൾ ആ റിപ്പോർട്ട് വായിച്ചോ; എന്നിട്ടാണ് പുതിയ ബിൽ കൊണ്ടുവന്ന് പട്ടികജാതി-പട്ടികവർഗ്ഗക്കാരെ നിയമിക്കാൻ പോകുന്നത്. ഇത് എന്ത് അപഹാസ്യമായ കാര്യമാണ്; ഈ ബിൽ കേരള നിയമസഭയുടെ നടപടിക്രമങ്ങളിൽ നിന്ന് റദ്ദാക്കേണ്ടതാണ്. ഇത് തിരിച്ചുപോക്കാണ്, കുഴിയാന യാത്രയാണ്. നിങ്ങൾക്ക് എന്തുകൊണ്ടോ സാമൂഹ്യനീതി ചെയ്യാൻ കഴിയുന്നില്ല. ഇത് നിർഭാഗ്യകരമാണ്. സ്വാതന്ത്ര്യസമരവും ഒരുപാട് ആളുകളുടെ പേരും ഒരുപാട് വർത്തമാനവും പറയും. കയ്യിലിരുപ്പ് ഇതാണ്. ഈ ബില്ലിന്റെ ഉദ്ദേശ്യമെന്താണ്; നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടത് നിർവ്വീര്യമാക്കിയില്ലേ; ഇത് ആട്ടോണമസ് ആണെന്ന് ഇവിടെ ശ്രീ. വി. ഡി.

സതീശൻ പറഞ്ഞു. അത് ശരിയാണ്. ആട്ടോണമസ് എത്രയോ എണ്ണം പി.എസ്.സി. വിട്ടിട്ടുണ്ട്. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന സഹകരണ മേഖലയിലെ നിയമനം വരെ പി.എസ്.സി.-ക്ക് വിട്ടു. യൂണിവേഴ്സിറ്റിയുടെ നിയമനങ്ങളും പി.എസ്.സി.-ക്ക് വിട്ടു. ഗവൺമെന്റ്, ക്യാബിനറ്റ് തീരുമാനിച്ചാൽ വിടാം. ഗവൺമെന്റ് എല്ലാത്തിനും മുകളിലാണ്. അതുകൊണ്ട് നിങ്ങൾ ഇതിൽ തൊടാൻ പാടില്ല. നിങ്ങൾ ആരെയോ കണ്ടുവച്ചിട്ടുണ്ട്. നേരത്തെ ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബില്ലിൽ 1000 കോടി രൂപയുടെ കാര്യം പറഞ്ഞതുപോലെ 60-61 വയസ്സ് തട്ടിക്കളിക്കുന്നത് എന്തിനാണ്. എന്താണ് ഇതിന്റെ ഉദ്ദേശ്യം? നഗ്നമായ അഴിമതിയുടെ flood gate ഓപ്പൺ ചെയ്യുകയാണ് നിങ്ങൾ. ദേവസ്വം ബോർഡിലും അഴിമതിയായി. ബാക്കി എല്ലായിടത്തുമായി. ഈ ബില്ലോടുകൂടി നിങ്ങൾ അഴിമതി സാർവ്വത്രികമാക്കിത്തീർക്കാൻ പോകുകയാണ്. ഈ ബിൽ ഞങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. ശ്രീ. മഞ്ഞളാംകുഴി അലി, അങ്ങയുടെ മനസ്സ് എനിക്കറിയാം. ഈ ബില്ലിന് എതിരാണെന്നും അറിയാം. പാവപ്പെട്ടവർക്ക് എതിരായിട്ടുള്ളതാണ് ഈ ബിൽ. ഇത് കയ്യിട്ടുവാരാനുള്ള ബില്ലാണ്. കോഴ മേടിക്കാനുള്ള ബില്ലാണ്. ഈ ബിൽ അംഗീകരിക്കില്ല. അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ ബഹുമാന്യനായ സി. ദിവാകരന്റെ അസാധാരണമായ തരത്തിലുള്ള ഒരു വികാരപ്രകടനം കണ്ടു. ഈ നിയമം നിശ്ചയമായും നമ്മുടെ സംസ്ഥാനത്തിന്റേയും സമൂഹത്തിന്റേയും നന്മയ്ക്ക് മാത്രമേ വിനിയോഗിക്കുകയുള്ളൂ. ഞാൻ ഈ നിയമത്തിന്റെ അഗാധതയിൽ പോകുന്നില്ല. ബിൽ പാസ്സായതിനുശേഷം ഇത് നടപ്പാക്കുമ്പോൾ എടുക്കേണ്ട പ്രിക്വേഷൻസിനെ കുറിച്ചാണ് മൂന്നാം വായനയിൽ സംസാരിക്കേണ്ടത്. അതുകൊണ്ട് ഞാൻ എന്റെ ലിമിറ്റിനകത്ത് നിന്നുകൊണ്ട് സംസാരിക്കാൻ ആഗ്രഹിക്കുകയാണ്. എങ്കിലും അദ്ദേഹം ഇവിടെ സൂചിപ്പിച്ച ഒന്നുരണ്ട് കാര്യങ്ങളെക്കുറിച്ച് ഞാൻ പിന്നീട് പറഞ്ഞുകൊള്ളാം. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം മാറ്റണമെന്ന് പറഞ്ഞ് ബഡ്ജറ്റിൽ എഴുതിയത് ഞങ്ങളല്ല. അങ്ങ് പ്രകോപിതനാകാൻവേണ്ടി ഞാൻ പറയുകയല്ല, അങ്ങ് മന്ത്രിയായിരുന്ന സന്ദർഭത്തിൽ 2009-ലും 2010-ലും ക്യാബിനറ്റ് അംഗീകരിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ വച്ചിരുന്നതാണ്. ആ കാര്യം മാത്രമാണ് ഇപ്പോൾ ടേക്കപ്പ് ചെയ്യുന്നത്. ആ കാര്യത്തിൽ അങ്ങ് പ്രകോപിതനായതിൽ വലിയ ദു:ഖമുണ്ട്. അങ്ങയോടുള്ള ബഹുമാനംകൊണ്ട് ഞാൻ മറ്റൊന്നും പറയുന്നില്ല. ഈ നിയമം ആർക്കാണ് പ്രയോജനം ചെയ്യുന്നത്? പട്ടിണി

പാവങ്ങളായ ആളുകൾക്ക് റിസർവേഷൻ നിലനിർത്തുക, ആ റിസർവേഷനിൽ അവർക്ക് കൂടുതൽ പോസിബിലിറ്റി ഉണ്ടാകുക എന്നുള്ളതാണ്. 1963-ൽ ഭൂപരിഷ്കരണ ഭേദഗതി നിയമത്തിലൂടെ സ്വന്തം ഭൂമി നഷ്ടപ്പെട്ട് അന്യാധീനപ്പെട്ട് നടക്കുന്ന പാവങ്ങളായ പരശതം ആളുകൾ ഈ കേരളത്തിൽ നിൽക്കുകയാണ്. അവരുടെ ആ തലമുറ ഭൂമിക്ക് വേണ്ടി പ്രതിഫലം ചോദിച്ചിട്ടില്ല. ഗവൺമെന്റ് അത് വാഗ്ദാനം ചെയ്തിരുന്നു. അന്ന് ഭൂമി നഷ്ടപ്പെടുന്ന ആളുകൾക്ക് പിന്നീട് അതിന് പ്രതിഫലമായി തുക കൊടുക്കുമെന്ന് ഗവൺമെന്റ് വാഗ്ദാനം ചെയ്തിരുന്നു. പത്ത് നയാപൈസ ഒരു ഗവൺമെന്റുകളും കൊടുത്തിട്ടില്ല. അവസാനം പത്ത് സെന്റ് ഭൂമിക്ക് പോലും ഉടമസ്ഥാവകാശമില്ലാതെ തെരുവിലിറങ്ങേണ്ടി വന്ന പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിയമമാണ്. അതുകൊണ്ട് ഈ നിയമം കാലഘട്ടത്തിന്റെ ശബ്ദം ഉൾക്കൊള്ളുന്നതാ ണെന്നാണ് ഞാൻ പറഞ്ഞത്. അക്കാര്യം എന്റെ സ്നേഹിതൻ ശ്രീ. വി. ഡി. സതീശൻ ഇവിടെ സൂചിപ്പിച്ചതാണ്. അമ്പലത്തിനകത്ത് കഷ്ടപ്പെട്ട് ജീവിക്കുന്ന പാവങ്ങൾ മനുഷ്യരല്ലേ; പൗരാവകാശമില്ലേ; ജീവിക്കുന്നതിനുള്ള അവകാശമില്ലേ; അവരുടെ ജീവിതം ഏറ്റവും കഷ്ടപ്പാടിലാണ്. അവരെല്ലാം പ്രമുഖന്മാരാണെന്ന് പണ്ടുമതലേ മാമൂലനുസരിച്ച് അവർക്ക് പതിച്ചുനൽകിയ പേരുണ്ട്. അവരെല്ലാം

ഉന്നതകുലജാതരാണെന്ന നാമകരണത്തിൽ നിൽക്കുകയാണ്. അവരുടെ പട്ടിണി കാണണ്ടേ; ആ പട്ടിണിക്ക് വ്യത്യാസമുണ്ടോ; അവരുടെ കുഞ്ഞുങ്ങൾക്ക് പഠിക്കാൻ പറ്റുന്നുണ്ടോ; അവർക്ക് എന്തെങ്കിലും ഫീസാനുകൂല്യമുണ്ടോ; അവർക്ക് ഗുണകരമായ എന്തെങ്കിലും സാമ്പത്തിക സഹായം കൊടുക്കുന്നുണ്ടോ; അങ്ങനെയുള്ള ജനവിഭാഗത്തെക്കൂടി പരിഗണിച്ച് കൊണ്ടുവന്ന ഈ നിയമം നടപ്പാക്കുന്ന സന്ദർഭത്തിൽ അതിന്റെ സ്പിരിറ്റ് 100% ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകണം. അതിന് രണ്ടുവശത്തുള്ള ആളുകളും ഒരുപോലെ സഹായിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

<u>മി. സ്പീക്കർ:</u> 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

**<u>അനുകൂലിക്കുന്നവർ:</u>**

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

2. ശ്രീ. പി. ബി. അബ്ദുൾ റസാക്

3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

4. ശ്രീ. കെ. അച്ചുതൻ

5. ശ്രീ. മഞ്ഞളാംകുഴി അലി

6. ശ്രീ. എ. പി. അനിൽകുമാർ

7. ശ്രീ. അൻവർ സാദത്ത്

8. ശ്രീ. കെ. ബാബു

9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

10. ശ്രീ. വി. ടി. ബൽറാം

11. ശ്രീ. പി. കെ. ബഷീർ

12. ശ്രീ. ബെന്നി ബെഹനാൻ

13. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

15. ശ്രീ. എ. റ്റി. ജോർജ്

16. ശ്രീ. പി. സി. ജോർജ്

17. ശ്രീമതി പി. കെ. ജയലക്ഷ്മി

18. ഡോ. എൻ. ജയരാജ്

19. ശ്രീ. ജോസഫ് വാഴയ്ക്കൻ

20. ശ്രീ. വർക്കല കഹാർ

21. ശ്രീ. കെ. എൻ. എ. ഖാദർ

22. ശ്രീ. കോവൂർ കുഞ്ഞുമോൻ

23. ശ്രീ. റ്റി. യു. കുരുവിള

24. ശ്രീ. ലൂഡി ലൂയിസ്

25. ശ്രീ. സി. മമ്മൂട്ടി

26. ശ്രീ. കെ. എം. മാണി

27. ശ്രീ. കെ. പി. മോഹനൻ

28. ശ്രീ. മോൻസ് ജോസഫ്

29. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

30. ശ്രീ. കെ. മുരളീധരൻ

31. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

32. ശ്രീ. അടൂർ പ്രകാശ്

33. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

34. ശ്രീ. പാലോട് രവി

35. ശ്രീ. റോഷി അഗസ്റ്റിൻ

36. ശ്രീ. കെ. എസ്. ശബരീനാഥൻ

37. ശ്രീ. വി. പി. സജീന്ദ്രൻ

38. ശ്രീ. വി. ഡി. സതീശൻ

39. ശ്രീ.  ആർ. സെൽവരാജ്

40. ശ്രീ. ഷാഫി പറമ്പിൽ

41. ശ്രീ. കെ. എം. ഷാജി

42. ശ്രീ. എൻ. ഷംസുദ്ദീൻ

43. ശ്രീ. കെ. ശിവദാസൻ നായർ

44. ശ്രീ. വി. എസ്. ശിവകുമാർ

45. ശ്രീ. സണ്ണി ജോസഫ്

46. ശ്രീ. സി. എഫ്. തോമസ്

47. ശ്രീ. തോമസ് ഉണ്ണിയാടൻ

48. ശ്രീ. പി. ഉബൈദുള്ള

49. ശ്രീ. എം. ഉമ്മർ

50. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

51. ശ്രീ. എം. എ. വാഹീദ്

52. ശ്രീ. എം. പി. വിൻസെന്റ്

53. ശ്രീ. പി. സി. വിഷ്ണുനാഥ്

**പ്രതികൂലിക്കുന്നവർ:**

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീ. ബാബു എം. പാലിശ്ശേരി

3. ശ്രീ. എ. കെ. ബാലൻ

4. ശ്രീമതി ഇ. എസ്. ബിജിമോൾ

5. ശ്രീ. എം. ചന്ദ്രൻ

6. ശ്രീ. വി. ചെന്താമരാക്ഷൻ

7. ശ്രീ. കെ. ദാസൻ

8. ശ്രീ. സി. ദിവാകരൻ

9. ശ്രീ. ജി. എസ്. ജയലാൽ

10. ശ്രീ. മാത്യു റ്റി. തോമസ്

11. ശ്രീ. കെ. രാധാകൃഷ്ണൻ

12. ശ്രീ. ആർ. രാജേഷ്

13. ശ്രീ. റ്റി. വി. രാജേഷ്

14. ശ്രീ. രാജു എബ്രഹാം

15. ശ്രീ. സാജു പോൾ

16. ശ്രീമതി കെ. എസ്. സലീഖ

17. ശ്രീ. വി. ശശി

18. ശ്രീ. ബി. സത്യൻ

19. ശ്രീ. വി. ശിവൻകുട്ടി

20. ശ്രീ. വി. എസ്. സുനിൽകുമാർ

21. ശ്രീ. ഇ. കെ. വിജയൻ

22. ശ്രീ. കെ. വി. വിജയദാസ്

| | | | |
|---|---|---|---|
| മി. സ്പീക്കർ: | അനുകൂലിക്കുന്നവർ | - | 53 |
| | പ്രതികൂലിക്കുന്നവർ | - | 22 |
| | നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ധനവിനിയോഗ ബിൽ)

പി. 30.07.2015 ആർ.പി/എസ്.ഡി- 3 5.50- 6.00

## 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ ബഹിഷ്ക്കരിച്ച് പുറത്തുപോയി)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നുണ്ടോ?

ശ്രീ. കെ. എം. മാണി: സർ, ഞാൻ സംസാരിക്കുന്നില്ല.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ വികസന പ്രവർത്തനങ്ങൾക്കോ ക്ഷേമ പ്രവർത്തനങ്ങൾക്കോ തടസ്സമുണ്ടാകാത്ത തരത്തിൽ നല്ല രീതിയിൽ കൈകാര്യം ചെയ്ത് മുന്നോട്ട് പോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് പി.ഡബ്ല്യൂ.ഡി. വകുപ്പിൽ കോൺട്രാക്ടർമാർക്ക് കൊടുക്കുവാനുള്ള പണം ഘട്ടംഘട്ടമായി കൊടുത്തു. ഇപ്പോഴതിന്റെ പണി ഒന്നൊന്നായി മുന്നോട്ട് പോകുന്നു. തസ്തികകൾ സൃഷ്ടിക്കാനുള്ള വകുപ്പുകളിൽ തസ്തികകൾ സൃഷ്ടിക്കാൻ കഴിയുന്നു. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലുമൊക്കെ പണമില്ല എന്നൊരു പല്ലവി നമുക്കില്ല. എല്ലാ കാര്യങ്ങളിലും ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ ധീരമായിട്ട് മുന്നോട്ടുപോകുവാനുള്ള ഒരു സാമ്പത്തിക ചുറ്റുപാട് ഇവിടെയുണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളതാണ് സത്യം. ഇവിടെ സാധാരണ ഗതിയിൽ മുദ്രാവാക്യം

വിളിച്ചുകൊണ്ടായിരുന്നു രാവിലെ പ്രതിഷേധം തുടങ്ങിയിരുന്നത്. പിന്നീടത് വേണ്ടെന്നുവച്ചു. അതിനുശേഷം ചർച്ചയിൽ പങ്കെടുക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് വന്നു. ഇന്നു രാവിലെ ശ്രീ. കെ. എം. മാണി സാർ ക്രമപ്രശ്നത്തിന് മറുപടി പറഞ്ഞപ്പോൾ ആ ക്രമപ്രശ്നത്തിൽ പങ്കെടുത്ത് ചർച്ച ചെയ്യുവാനും സദയം അത് കേൾക്കുവാനുമുള്ള ഒരു സാമാന്യ മര്യാദയും പ്രതിപക്ഷം കാണിച്ചു. നല്ല സൗഹൃദമാണ്. ഞങ്ങളവരെ കുറ്റപ്പെടുത്തുന്നില്ല. ഇന്നൊരു പത്രം പറഞ്ഞിട്ടുള്ളതുപോലെ, 'എണ്ണയിട്ട ചൂരലുപോലെ എങ്ങോട്ടും വളയുന്നൊരു പ്രതിപക്ഷം' എന്ന നിലയിലേയ്ക്ക് അവർ പോയെന്ന് ഞാൻ ആക്ഷേപിക്കുന്നില്ല. അവർ ഏറ്റെടുത്ത സമരങ്ങൾ മുഴുവൻ പരാജയപ്പെട്ടു എന്നും പറയുന്നില്ല. പക്ഷേ ഒരു സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ ഈ വൈകിയ വേളയിലെങ്കിലും അവർക്ക് മനംമാറ്റമുണ്ടായി. തുടർന്നും അത്തരത്തിലുള്ള ഒരു നല്ല അന്തരീക്ഷത്തിൽ ഈ നിയമസഭയുടെ പ്രവർത്തനവും സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളും മുന്നോട്ടു കൊണ്ടുപോകുവാനുള്ള സഹകരണം അവരുടെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്നാണ് എനിക്ക് പറയുവാനുള്ളത്. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ജനങ്ങൾക്കുവേണ്ടി ജനകീയമായി ജനങ്ങൾക്കിടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരുടെ പ്രയാസങ്ങൾ തീർക്കുന്നൊരു

ഭരണം കാഴ്ചവച്ച ഈ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. തീർച്ചയായും മാനുഷികമുഖമുള്ള, പാവങ്ങൾക്കുവേണ്ടി ശക്തമായി നിലകൊള്ളുകയും അവരുടെ ഇടയിലേയ്ക്ക് ചെന്ന് അവരുടെ ആവശ്യങ്ങൾ നോക്കി മനസ്സിലാക്കി അതിനനുസരിച്ച് നിയമനിർമ്മാണവും വികസന പ്രവർത്തനങ്ങളും നൽകി കേരള ചരിത്രത്തിൽ ഒരിക്കലുമില്ലാത്ത വിധം ജനങ്ങൾക്കുവേണ്ടി ഒരു മാനുഷിക മുഖത്തോടുകൂടി ഭരിക്കുന്ന ഗവൺമെന്റാണ് ഇവിടെ നിലനിൽക്കുന്നത്. മുമ്പൊക്കെ രോഗം വന്നാൽ ചികിത്സിക്കാൻ സഹായമില്ലാതെ കഷ്ടപ്പെടുന്ന പാവങ്ങളാണെങ്കിൽ ഇപ്പോൾ ഏത് പാവപ്പെട്ട രോഗിക്കും ചികിത്സിക്കാൻ സൗകര്യമുള്ള 'കാരുണ്യ ബെനവലന്റ് സ്കീം' ഉൾപ്പെടെയുള്ള ഒട്ടേറെ നല്ല പരിപാടികളുമായി മുന്നോട്ടുപോകുന്ന ഈ സർക്കാരിനുള്ള ജനങ്ങളുടെ അഭിപ്രായമാണ് ഏറ്റവും അവസാനം നടന്ന തെരഞ്ഞെടുപ്പുപോലും തെളിയിച്ചത്. ഇവിടെ ഒരുകാര്യം മാത്രമേ പറയുവാനുള്ളൂ. നമ്മുടെ ആരോഗ്യ മേഖലയിൽ ഇനിയും പല ആശുപത്രികളിലും ചികിത്സയ്ക്കുവേണ്ടി ഡോക്ടർമാരില്ലാത്ത പ്രശ്നം പരിഹരിക്കാൻ അങ്ങ് നടപടിയെടുക്കണം. അക്കൂട്ടത്തിൽ അങ്ങ് ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് തിരൂരിൽ വന്നപ്പോൾ വാഗ്ദാനം നൽകിയതാണ്, മലബാറിൽ കാൻസർ രോഗ ചികിത്സ വളരെ കുറവാണ്. തിരൂരിൽ

ഒരു വർഷം അയ്യായിരത്തോളം കാൻസർ രോഗികൾ വരുന്നതാണ്. അവിടെ അവർക്കൊരു ഓങ്കോളജി ബ്ലോക്ക് സ്ഥാപിക്കാൻ അങ്ങ് സഹായിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അക്കാര്യത്തിൽ അങ്ങ് നടപടി സ്വീകരിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ഗവൺമെന്റിന്റെ മുന്നോട്ടുള്ള നല്ല പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ടും ഒരിക്കൽകൂടി ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. സി. എഫ്. തോമസ്: സർ, വളരെ സന്തോഷത്തോടുകൂടിയാണ് ഈ ധനവിനിയോഗ ബില്ലിനെ ഞങ്ങൾ പിന്താങ്ങുന്നത്. 4 വർഷം മുൻപ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നമ്മുടെ മുഖ്യമന്ത്രി ഈ ഗവൺമെന്റിന്റെ നയപരിപാടി പ്രഖ്യാപിച്ചു, വികസനവും കരുതലും. ആ മുദ്രാവാക്യം പൂർണ്ണമായിട്ടും പ്രാവർത്തികമാക്കുവാൻ സമർപ്പിതമായ ശൈലിയിൽ പ്രവർത്തിച്ച ഒരു ഗവൺമെന്റിനുവേണ്ടിയാണ് ഇപ്പോൾ വീണ്ടും ഇതുപോലൊരു ധനവിനിയോഗ ബില്ല് അവതരിപ്പിക്കുന്നത്. കടന്നുപോയ വർഷങ്ങളിൽ ധനം വിനിയോഗിച്ചത് എങ്ങനെയെന്ന് നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ മുഴുവൻ കൃത്യമായി ശ്രദ്ധിക്കുകയായിരുന്നു. ജനങ്ങൾ ഏൽപ്പിച്ച ചുമതലകൾ ഭംഗിയായി അവരുടെ താൽപര്യത്തിനനുസരിച്ച് നിർവ്വഹിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ്

മുന്നോട്ടുപോയത്. അതിനുള്ള അംഗീകാരമായാണ് ജനങ്ങൾ ഓരോ തെരഞ്ഞെടുപ്പിലും ഈ മന്ത്രിസഭയ്ക്ക് അനുകൂലമായി പിന്തുണ നൽകിക്കൊണ്ട് മുന്നോട്ടു വരുന്നത്. ഈ കഴിഞ്ഞുപോയ നാല് വർഷങ്ങളിൽ ഒരു ചടങ്ങു ഭരണമല്ല ഗവൺമെന്റ് കാഴ്ച വച്ചത്. നാല് വർഷംകൊണ്ട് സുപ്രധാനമായ നേട്ടങ്ങൾ നമ്മുടെ സംസ്ഥാനത്തിന് നേടിക്കൊടുക്കുവാൻ ഈ ഗവൺമെന്റിന് സാധിക്കുകയുണ്ടായി. സാമ്പത്തികമായ വളർച്ചയുടെ കാര്യത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് ദേശീയമായിട്ടുള്ള നിരക്ക് 18.66 ശതമാനമായിരുന്നുവെങ്കിൽ അന്ന് ഈ സംസ്ഥാനം നേടിയത് 13.70 ശതമാനം മാത്രമായിരുന്നു എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത്. അതിനുശേഷം ഓരോ വർഷങ്ങളിലും വന്ന കൃത്യമായ പുരോഗതി 2011-12-ൽ ദേശീയ നിരക്ക് 15.70 ശതമാനമായിരുന്നുവെങ്കിൽ ഈ സംസ്ഥാനം നേടിയത് 16.73 ശതമാനമാണ്. 2012-13-ൽ ഇൻഡ്യയുടെ ദേശീയ നിരക്ക് 11.88 ശതമാനമായിരുന്നുവെങ്കിൽ കേരളത്തിന്റെ നിരക്ക് 13.46 ശതമാനമായിരുന്നു. വീണ്ടും 2013-14-ൽ ദേശീയ നിരക്ക് 11.54 ശതമാനമായിരുന്നപ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ നിരക്ക് 15.35 ശതമാനമായിരുന്നു. അപ്പോൾ എങ്ങനെ ധനം വിനിയോഗിച്ചു എന്നുള്ളതിന്റെ ജീവിക്കുന്ന തെളിവുകളാണ് ഈ കണക്കുകൾ. ഇൻഡ്യയിൽ ഈ സംസ്ഥാനത്തെ മുൻപന്തിയിൽ കൊണ്ടെത്തിക്കു വാനായിട്ടാണ്

ഓരോ വകുപ്പുകളും ശ്രദ്ധിച്ചത്. റെക്കോർഡ് നേട്ടങ്ങളാണ് ഓരോ വകുപ്പിലും ഉണ്ടാക്കാൻ സാധിച്ചിട്ടുള്ളത്. അടിസ്ഥാന മേഖലകളിൽ, കാർഷിക മേഖലയിലും വ്യവസായ മേഖലയിലും അതോടൊപ്പം തന്നെ സാമൂഹ്യ രംഗത്ത് കരുതൽ എന്നുള്ള മുദ്രാവാക്യം യാഥാർത്ഥ്യമാക്കുവാനും സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പരിഗണന കൊടുക്കേണ്ട ശരാശരി ആളുകൾ, സാധാരണക്കാർ, പാവപ്പെട്ടവർ, അടിസ്ഥാന ജനവിഭാഗങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെയൊക്കെ താൽപര്യങ്ങൾ സംരക്ഷിക്കുവാനും അവരുടെ പുരോഗതിക്കായി കൃത്യമായി പണം ചെലവഴിച്ചുകൊണ്ട്, അതിന് റിസൾട്ട് ഉണ്ടാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന ഈ ധനവിനിയോഗ ബില്ലിനെ സന്തോഷത്തോടെ ഞാൻ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇവിടെ ആകെ 816 കോടി രൂപയാണ്. ഉപധനാഭ്യർത്ഥന 216 കോടി രൂപയും, പദ്ധതിവിഹിതം 625 കോടിരൂപയുടേയും, പദ്ധതിയേതരവിഹിതം, 190 കോടി രൂപയുമാണ്. സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നുള്ള ഫ്രെഷ് ക്യാഷ് ഔട്ട് ഫ്ലോ 789 കോടി രൂപയാണ്. ആർ.ഐ.ഡി.എഫ് പദ്ധതി ചെലവ് 17.20 കോടി രൂപയാണ്. അധികതുക വകയിരുത്തിയത് ക്രമീകരിച്ച ഇനത്തിൽ

26 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഈ ഉപധനാഭ്യർത്ഥനയിൽ സംസ്ഥാനത്തിന്റെ നേരിട്ടുള്ള ബാധ്യത 733 കോടി രൂപയാണ്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് ആകസ്മിക നിധിയിൽ നിന്നും അനുവദിച്ച അഡ്വാൻസ് തുക ക്രമീകരിക്കുന്നതിന് 42 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നേരിട്ടുള്ള ബാധ്യതയിൽ വരുന്ന മറ്റ് പ്രധാനപ്പെട്ട ഇനങ്ങളിലേക്കുള്ള ചെലവുകൾ നിരവധിയുണ്ട് അതെല്ലാം ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. സമയലാഭത്തിനുവേണ്ടി,.... അതിനെക്കുറിച്ച് കൂടുതൽ പ്രതിപാദിക്കുന്നില്ല. ഈ നിലയ്ക്കുള്ള ഉപധനാഭ്യർത്ഥന പാസ്സാക്കി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. ചെയർമാൻ</u>: 2015 ലെ കേരളാ ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

<u>2-ഉം, 3-ഉം വകുപ്പുകൾ</u>

(ഭേദഗതി ഇല്ല)

2-ഉം, 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

2-ഉം, 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല).

പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>1-ാം വകുപ്പും, പീഠികയും, പേരും</u>

(ഭേദഗതിയില്ല).

1-ാം വകുപ്പും, പീഠികയും, പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

1-ാം വകുപ്പും, പീഠികയും, പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. കെ. എം. മാണി: സാർ, 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി (ശ്രീ. അനൂപ് ജേക്കബ്ബ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ചെയർമാൻ: 2015 -ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള

## 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015 -ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഗാരണ്ടി ബില്ല് സംസ്ഥാനങ്ങളുടെ കടമെടുപ്പ് വ്യവസ്ഥ ചെയ്യുന്നത് ഭരണഘടനയുടെ 293-ാം അനുച്ഛേദ പ്രകാരമാണ്. പ്രസ്തുത അനുച്ഛേദത്തിലെ 1-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നത് നിയമസഭ അപ്പപ്പോൾ നിയമം വഴി നിജപ്പെടുത്തുന്ന പരിധി ഏതെങ്കിലും ഉണ്ടെങ്കിൽ അങ്ങനെയുള്ള പരിധിക്കുള്ളിൽ നിന്നുകൊണ്ടു മാത്രമേ ഒരു സംസ്ഥാനത്തിലെ എക്സിക്യൂട്ടീവിന് കടമെടുക്കാനും അതിനുള്ളിൽ നിന്നുകൊണ്ടു ഗ്യാരന്റി നൽകാനും അധികാരം നൽകുന്നുള്ളൂ. 2003-ൽ മാത്രമാണ് നിയമസഭ ഗ്യാരന്റി നൽകുന്നത് സംബന്ധിച്ച് പരിധി നിശ്ചയിച്ചുകൊണ്ട് നിയമം കൊണ്ടുവന്നത്. സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, സ്റ്റ്യാറ്റ്യൂട്ടറി ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി ധനകാര്യ ഏജൻസികളിൽനിന്നും ബാങ്കുകളിൽനിന്നും വായ്പയെടുക്കാനായി ഗവൺമെന്റ് ഗ്യാരന്റി നൽകി വരുന്നു. 2003-ലെ ഗ്യാരന്റി നിയമം അനുസരിച്ച് ഏതൊരു വർഷവും ഏപ്രിൽ 1-ാം തീയതി ബാക്കി നിൽക്കുന്ന മൊത്തം ഗവൺമെന്റ് ഗ്യാരന്റികൾ 14,000 കോടി രൂപയിൽ കവിയാൻ പാടില്ലെന്നാണ്

വ്യവസ്ഥ. അതാണ് ഇപ്പോഴത്തെ സീലിംഗ്. അതാണ് നമ്മൾ ഉയർത്താൻ ഉദ്ദേശിക്കുന്നത്. 31-3-2013-ൽ ബാക്കി നിന്നിരുന്ന ആകെ ഗവൺമെന്റ് ഗ്യാരന്റി 9763 കോടി രൂപയായിരുന്നു. 2014-15-ൽ വനിതാ വികസന കോർപ്പറേഷന് 50 കോടി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിക്ക് 1910 കോടി, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 1000 കോടി, കെ.എസ്.ആർ.ടി.സി-ക്ക് 200 കോടി, സഹകരണ കാർഷിക ഗ്രാമ വികസന ബോർഡിന് 350 കോടി, പിന്നോക്ക വികസന കോർപ്പറേഷന് 250 കോടി നൽകിയിട്ടുണ്ട്. മൊത്തം 13,523 കോടി രൂപ ഗ്യാരന്റി നൽകിയിട്ടുണ്ട്. മെട്രോ റെയിൽ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ എയർപോർട്ട്, ലൈറ്റ് മെട്രോ എന്നീ പ്രമുഖ പദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കാൻ സർക്കാർ ഗ്യാരന്റി നൽകേണ്ടതുണ്ട്. ഇതിലേക്ക് ഗ്യാരന്റിയുടെ പരിധി ഉയർത്തേണ്ടതാണ്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഗവൺമെന്റ് ഗ്യാരന്റിയുടെ പരിധി നിർണ്ണയിക്കുന്നതിന് പ്രതിപാദിച്ചുള്ള വ്യവസ്ഥയനുസരിച്ച് ഗ്യാരന്റിയുടെ പരിധി 21,000 കോടി രൂപയായി ഉയർത്താവുന്നതാണ്. ഇതിലേക്കാണ്

ഈ ബിൽ കൊണ്ടു വന്നിരിക്കുന്നത്.

<u>ശ്രീ. എ. റ്റി. ജോർജ്</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ

കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1400 കോടി രൂപയിൽ നിന്നും 21,000 കോടി രൂപയായി വർദ്ധിപ്പിക്കുവാൻ വേണ്ടി അവതരിപ്പിച്ചിട്ടുള്ള ഈ ബില്ല് ഒരു ധനകാര്യവകുപ്പുമന്ത്രിയുടെ ഉത്തരവാദിത്തത്തിന്റെ ഉത്തമ ഉദാഹരണമായി മാറിയിരിക്കുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

തുക വർദ്ധിപ്പിക്കുന്നതിനുവേണ്ടി എടുക്കുന്ന തീരുമാനങ്ങൾ തീർച്ചയായും ഗുണപരമാണ്. അതേസമയം കേരളത്തിൽ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടേത് ഏകദേശം 12538 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് എന്നാണ് സി ആന്റ് എ.ജി റിപ്പോർട്ടിൽ അടുത്ത കാലത്ത് വന്നിട്ടുള്ളത്. കാരണം പല പൊതുമേഖ സ്ഥാപനങ്ങളും ഇത്തരം തുക വിനിയോഗിച്ചുകൊണ്ട് അത്

കാര്യക്ഷമമായി വിനിയോഗിക്കുന്നിടത്ത് സൂക്ഷമത അനിവാര്യതയാണ്. തീർച്ചയായും പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്ന ഈ തുക അതിന്റെ ഗുണഫലം ലഭ്യമാകുന്ന രീതിയിലാകണം. ഇപ്പോൾ തന്നെ ധനകാര്യ സ്ഥാപനങ്ങൾ പണം പരിച്ചെടുക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾപോലും വഴിവിട്ടതാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിപോലും ഇന്നലെ നിയമസഭയ്ക്കകത്ത് പറഞ്ഞത്. ഈ സാഹചര്യത്തിൽ ഒരു പൊതുമേഖലാ സ്ഥാപനത്തിനുവേണ്ടി സർക്കാർ ഗ്യാരന്റി നിൽക്കുമ്പോൾ അനുവദിക്കുന്ന തുകയുടെ വിനിയോഗം പൂർണ്ണമായും പരിശോധിക്കപ്പെടേണ്ടതുണ്ട്. തീർച്ചയായും ഈ രീതിയിലുള്ള ഒരു മുന്നേറ്റത്തിന് ലാഭകരമായി പ്രവർത്തിക്കുന്ന ഒട്ടേറെ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ കെ.എസ്.ഐ.ഡി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഒട്ടേറെയുണ്ട്. ഈ സ്ഥാപനങ്ങൾക്കൊക്കെ നല്ല പ്രവർത്തനം കാഴ്ചവെയ്ക്കാൻ തീച്ചയായും സർക്കാർ എടുക്കുന്ന ഈ തീരുമാനങ്ങൾക്ക് കഴിയുമെന്നാണ് വിശ്വസിക്കുന്നത്. ഈ ബില്ലിനെ ഞാൻ പിൻതുണയ്ക്കുന്നു.

<u>മി. സ്പീക്കർ:</u> ശ്രീ. എ. റ്റി ജോർജ് അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

<u>ശ്രീ. എ. റ്റി. ജോർജ് :</u> പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. എ.റ്റി. ജോർജ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

<u>മി. സ്പീക്കർ:</u> ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :</u> പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ :</u> ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പ് തിരിച്ചുള്ള പരിഗണന

### രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

### 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

1-ാം വകുപ്പും പീഠികയും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.കെ.എം.മാണി) : സർ, 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.അനൂപ് ജേക്കബ്) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.